## ആന്തൂർ ഗ്രാമ പഞ്ചായത്ത്

# ജനകീയാസൂത്രണം




## വികസന റിപ്പോർട്ട്

## 1996


ആന്തൂർ ഗ്രാമ പഞ്ചായത്ത്
കുറുമാത്തൂർ
തളിപ്പറമ്പ് മുൻസിപ്പാലിറ്റി
പട്ടുവം
വാർഡ്-6
മയ്യിൽ
വാർഡ്-10
വാർഡ്-5
വാർഡ്-4
വാർഡ്-1
വാർഡ്-8
വാർഡ്-3
വാർഡ്-7
കണ്ണപുരം
വാർഡ്-9
വാർഡ്-2
കല്ല്യാശ്ശേരി
പാപ്പിനിശ്ശേരി
കൊളച്ചേരി

3

ആന്തൂർ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

## വികസന റിപ്പോർട്ട് - 96

## ***ആന്തൂർ ഗ്രാമപഞ്ചായത്ത്***
## ***ഭരണ സമിതി***

***1996–2000***

1 ടി.വി. ദാമോദരൻ മാസ്റ്റർ (പ്രസിഡൻറ്)
2 കെ.ജാനകി ടീച്ചർ (വൈസ് പ്രസിഡൻറ്)
3 യം.വി. ഗോപാലൻ മാസ്റ്റർ (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)
4 കെ.ഗൗരി
5 ഒ.ടി. ചിണ്ടൻ
6 എം.കെ. അബൂബക്കർ
7 ടി.പി. ഓമന
8 പോള കരുണാകരൻ
9 കെ. രേണുക
10 കെ.വി. കുഞ്ഞിക്കേളു

**റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ**

1 ശ്രീ. പി. മോഹൻദാസ്
2 ശ്രീ. കെ.ദാമോദരൻ മാസ്റ്റർ
3 ശ്രീ. എം.വി. ഗോപാലൻ മാസ്റ്റർ
4 ശ്രീ. പി. വാസുദേവൻ
5 ശ്രീ. കെ.വി. പ്രേമരാജൻ മാസ്റ്റർ
6 ശ്രീ. പി.വി.കെ. കടമ്പേരി
7 ശ്രീ. ഒ. ബാലകൃഷ്ണൻ
8 ശ്രീ. ടി. സുരേഷ്ബാബു
9 ശ്രീ. ഇ. നാരായണൻ മാസ്റ്റർ
10 ശ്രീ. കെ.വി. ജാനകി ടീച്ചർ
11 ശ്രീ. കെ. പവിത്രൻ മാസ്റ്റർ
12 ശ്രീ. എ.വി. മാധവൻ
13 ശ്രീ. പ്രഭാകരൻ മാസ്റ്റർ
14 ശ്രീ. എസ്സ്.പി. ശ്രീധരൻ
15 ശ്രീ. കെ. വാസു
16 ശ്രീ. കെ. കുഞ്ഞപ്പ
17 ശ്രീ. പി. മുകുന്ദൻ
18 ശ്രീ. കെ.പി. ശ്യാമള
19 ശ്രീ. പി.കെ. ശ്യാമള ടീച്ചർ
20 ശ്രീ. കെ.വി. ജയശ്രീ
21 ശ്രീ. കെ. നാരായണൻ മാസ്റ്റർ
22 ശ്രീ. എം. കുഞ്ഞിരാമൻ
23 ശ്രീ. സി. കുമാരൻ
24 ശ്രീ. ടി.വി. ദാമോദരൻ മാസ്റ്റർ

## *വിഷയ വിവരം*

ആമുഖം

ചരിത്രം

ഭൂപ്രകൃതി - ജനപ്രകൃതി

സാമൂഹിക സാമ്പത്തിക മേഖലകൾ

1 *കൃഷി - ജലസേചനം*
2 *മൃഗസംരക്ഷണം, മത്സ്യബന്ധനം*
3 *വ്യവസായം*
4 *വിദ്യാഭ്യാസം*
5 *കുടിവെള്ളം, പൊതുജനാരോഗ്യം*
6 *ഗതാഗതം, ഊർജ്ജം, മാർക്കറ്റ്*
7 *പാർപ്പിടം, സാമൂഹ്യക്ഷേമം*
8 *സംസ്കാരം*
9 *വനിതാക്ഷേമം*
10 *സഹകരണം*
11 *പട്ടികജാതി-പട്ടികവർഗ ക്ഷേമം*
12 *വിഭവ സമാഹരണം*

## ആമുഖം

സ്വാതന്ത്ര്യത്തിനു ശേഷമുള്ള കാലഘട്ടം ആസൂത്രിത വികസനത്തിൻെറ കാലഘട്ടമായിരുന്നുവെങ്കിലും ജനപങ്കാളിത്തത്തിൻെറയും കൃത്യമായ ലക്ഷ്യബോധത്തിൻെറയും അഭാവം മൂലം അത് കേവലം ഡിപ്പാർട്ട്മെൻറലിസം മാത്രമായി അധ:പതിക്കുകയാണുണ്ടായത്. അധികാരത്തിൻെറ അമിത കേന്ദ്രീകരണവും ബ്യൂറോക്രസിയുടെ മേധാവിത്വവും കൂടിയാവുമ്പോൾ ജനങ്ങളുടെ താൽപര്യത്തിനും അഭിലാഷങ്ങൾക്കും യാതൊരു പ്രസക്തിയുമില്ലാതായി. പരിപാടികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുന്നത് യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലല്ലാതെയുമായി.

73,74 ഭരണഘടനാ ഭേദഗതികൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. ഈ ഭേദഗതികളുടെ ഫലമായി കേവലം മാർഗ്ഗനിർദ്ദേശക തത്വങ്ങൾ എന്ന നിലയിൽ നിന്നും പഞ്ചായത്ത് നഗരപാലികാസ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണക്രമത്തിൻെറ അവിഭാജ്യവും അനിവാര്യവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു. എല്ലാ വോട്ടർമാർക്കും പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമസഭകൾ, കാലാകാലങ്ങളിൽ കൃത്യ സമയത്ത് തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത്-മുനിസിപ്പൽ ഭരണസമിതികൾ, സ്ത്രീകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും തുടങ്ങിയ സവിശേഷതകൾ ഈ ഭേദഗതി മൂലം ഉണ്ടായവയാണ്.

ഈ പഞ്ചായത്തിലാണ് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം കൊള്ളുന്നത്. ബഹുജനപ്രവർത്തകരെയും വിദഗ്ദരേയും ഉദ്യോഗസ്ഥരേയും പ്രാദേശികമായി കോർത്തിണക്കിക്കൊണ്ടുള്ള ഒരു പ്രവർത്തന ശൈലിയുടെ വെളിച്ചത്തിലാണ് 9ാം പദ്ധതിയെ നാം സമീപിക്കുന്നത്. ഇത് ആസൂത്രണപ്രക്രിയയിൽ തന്നെ ഒരു പുതുയുഗപ്പിറവിയാണ്. അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടാണ് 9ാം പദ്ധതിയുടെ 35 - 40 ശതമാനം പഞ്ചായത്തുകളിൽ ആസൂത്രണം ചെയ്യാൻ പോവുന്നത്. പഴയ മാമൂൽ രീതികളിൽ നിന്നു മാറി ചിന്തിച്ചാലല്ലാതെ ലക്ഷ്യം നിറവേറ്റാൻ നമുക്ക് സാധ്യമല്ല. അധികാര വികേന്ദ്രീകരണത്തിന് തടസ്സം നിൽക്കുന്ന നിക്ഷിപ്ത താൽപര്യങ്ങളോടും ഭൂതകാല ജഡഭാരങ്ങളെയും തകർക്കുന്നതിന് ജനകീയ ആസൂത്രണ പ്രസ്ഥാനം പോലുള്ള ഒരു ജനകീയ മുന്നേറ്റത്തിനു മാത്രമേ കഴിയൂ.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി ആവേശകരമായ പ്രവർത്തനങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ നടന്നത്. യഥാർത്ഥത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് ആലോചിക്കുന്നതിനു മുമ്പാണ് നാം വിഭവ ഭൂപട നിർമ്മാണവും സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രവർത്തനവും ആരംഭിച്ചത്. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ജനകീയ പ്രസ്ഥാനം അതോടൊപ്പം രൂപം കൊണ്ട് കഴിഞ്ഞിരുന്നു. എല്ലാ വാർഡുകളിൽ നിന്നും സന്നദ്ധ പ്രവർത്തകർ പങ്കെടുത്തുകൊണ്ടു നടത്തിയ ഈ ശ്രമകരമായ പ്രവർത്തനം റെക്കോർഡ് സമയത്തിനകം പൂർത്തിയാക്കുവാൻ പഞ്ചായത്തിന് സാധിച്ചു. നൂറ്റിയിരുപതോളം സന്നദ്ധ പ്രവർത്തകർ ഇരുപതോളം ദിവസം കഠിനാദ്ധ്വാനം ചെയ്തതിൻെറ ഫലമായാണ് അത്തരമൊരു പ്രവർത്തനത്തിൻേറ ആദ്യഘട്ടം ലക്ഷ്യത്തിലെത്തിക്കാൻ സാധിച്ചത്. ചെലവ് കണക്കാക്കിയാൽ ലക്ഷക്കണക്കിന് രൂപ വേണ്ടി വരുന്ന ഈ പ്രവർത്തനം സന്നദ്ധ പ്രവർത്തനത്തിലൂടെ നാമമാത്രമായ തുക ചെലവാക്കി ചെയ്യാൻ സാധിച്ചത് എല്ലാ അർത്ഥത്തിലും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ വിജയത്തിന് പശ്ചാത്തലമൊരുക്കി.

അഭൂതപൂർവമായ ജനകീയ കൂട്ടായ്മയുടെ വേദികളായിരുന്നു നമ്മുടെ ഗ്രാമസഭകൾ. സപ്തമ്പർ 21ന് ആരംഭിച്ച ഗ്രാമസഭകൾ ഒക്ടോബർ 2ന് പൂർത്തിയായി. 2400-ൽ പരം പേർ നമ്മുടെ ഗ്രാമസഭകളിലെ ചർച്ചകളിൽ പങ്കെടുത്തു. പന്ത്രണ്ടു വിഷയങ്ങളും വിശദമായ ചർച്ചക്ക് വിഷയീഭവിച്ച സഭകളിൽ നിന്ന് അനുഭവങ്ങളുടെയും അറിവിൻെറയും വെളിച്ചത്തിൽ നിരവധി പ്രശ്നങ്ങളും നിർദ്ദേശങ്ങളുമാണ് ഉയർന്നുവന്നത്. ഈ വിവരങ്ങളോടൊപ്പം ശേഖരിക്കപ്പെട്ട ദ്വിതീയ വിവരങ്ങളും വിഭവഭൂപട നിർമ്മാണത്തിൽ നിന്ന് ലഭിച്ച വസ്തുതകളും അടിസ്ഥാനമാക്കിയ റിപ്പോർട്ടാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്.

## ആന്തൂർ പഞ്ചായത്ത് - പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1 | പഞ്ചായത്തിൻെറ പേര് | - ആന്തൂർ ഗ്രാമ പഞ്ചായത്ത് |
| 2 | അതിലുൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | - ആന്തൂർ, മൊറാഴ |
| 3 | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - ആന്തൂർ |
| 4 | ബ്ലോക്ക് പഞ്ചായത്ത് | - തളിപ്പറമ്പ് |
| 5 | താലൂക്ക് | - തളിപ്പറമ്പ് |
| 6 | ജില്ല | - കണ്ണൂർ |
| 7 | അസംബ്ലി മണ്ഡലം | - തളിപ്പറമ്പ് |
| 8 | വിസ്തീർണ്ണം | - 25.15 ച. കി. മീ. |
| 9 | ജനസംഖ്യ | - 22,375 (പു : 10647/സ്ത്രീ : 11748) |
| 10 | വാർഡുകളുടെ എണ്ണം | - 10 |
| 11 | പ്രസിഡൻറിൻെറ പേര് | - ടി.വി. ദാമോദരൻ മാസ്റ്റർ |
| 12 | വൈസ് പ്രസിഡൻറിൻെറ പേര് | - കെ. ജാനകി ടീച്ചർ |

## ഭരണ പരമ്പരാ ചരിത്രം

1954-ൽ രണ്ടു വില്ലേജ് പഞ്ചായത്തുകൾ

| | | |
|---|---|---|
| ആന്തൂർ | - പ്രസിഡൻറ് | : പി.എം. കുഞ്ഞിക്കണ്ണൻ തുടർന്ന് സി. കോരൻ മാസ്റ്റർ |
| | വൈസ് പ്രസിഡൻറ് | : കാപ്പാടൻ കൃഷ്ണൻ/ പി.എം. കൂരി കുഞ്ഞമ്പു |
| മോറാഴ | - പ്രസിഡൻറ് | : കെ. രാഘവൻ മാസ്റ്റർ |
| | വൈസ് പ്രസിഡൻറ് | : വി. ഒതേനൻ വൈദ്യർ |

1963-ൽ തെരഞ്ഞെടുപ്പ് നടന്നതിനെ തുടർന്ന് 1954-ൽ സംയോജിത ആന്തൂർ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. 1979 വരെ നീണ്ടു നിന്നു.

| | | |
|---|---|---|
| | - പ്രസിഡൻറ് | : പി.പി. അച്യുതൻ മാസ്റ്റർ തുടർന്ന് പി.ഐ.വി. ചാത്തുക്കുട്ടി മാസ്റ്റർ |
| | - വൈസ് പ്രസിഡൻറ് | : കെ. രാഘവൻ മാസ്റ്റർ |
| 1979 മുതൽ 84 വരെ | - പ്രസിഡൻറ് | : പി. വാസുദേവൻ |
| | - വൈസ് പ്രസിഡൻറ് | : സി.എച്ച്. നാരായണൻ നമ്പ്യാർ |
| 1984 മുതൽ '88 വരെ | ഉദ്യോഗസ്ഥ ഭരണം | |
| 1988 മുതൽ '90 വരെ | - പ്രസിഡൻറ് | : പി. വാസുദേവൻ |
| | - വൈസ് പ്രസിഡൻറ് | : കെ. ജാനകി ടീച്ചർ |

1990 മുതൽ '93

തളിപ്പറമ്പ് മുനിസിപ്പാലിറ്റി ഉപദേശക സമിതി ചെയർമാൻ - പി. വാസുദേവൻ

1993 ഏപ്രിൽ 1 : മുനിസിപ്പാലിറ്റിയിൽ നിന്ന് ആന്തൂരിനെ വേർപെടുത്തി.

1995 തെരഞ്ഞെടുപ്പ് - ഒക്ടോബർ 2 - പുതിയ ഭരണ സമിതി.

## നിലവിലുള്ള അതിർത്തി

| | | |
|---|---|---|
| 1 | കിഴക്ക് തെക്ക് | വളപട്ടണം പുഴ |
| 2 | വടക്ക് | കുറ്റിക്കോൽ പുഴ |
| 3 | കിഴക്ക് | കുറുമാത്തൂർ പഞ്ചായത്ത് |
| 4 | പടിഞ്ഞാറ് | കണ്ണപുരം പഞ്ചായത്ത് |
| 5 | തെക്ക് | കല്യാശ്ശേരി പഞ്ചായത്ത് |
| 6 | തെക്ക് പടിഞ്ഞാറ് | പാപ്പിനിശ്ശേരി പഞ്ചായത്ത് |

## പഞ്ചായത്ത് അതിർത്തിയിലെ സർക്കാർ ഓഫീസുകൾ

കൃഷി ഭവൻ, വില്ലേജ് ഓഫീസുകൾ, പി.എച്ച്.സി., പഞ്ചായത്ത് ഓഫീസ്, മൃഗാശുപത്രി, ഗ്രാമവികസന ഓഫീസ്, ഗോസംവർദ്ധക ഉപകേന്ദ്രം, കുടുംബ ക്ഷേമ കേന്ദ്രങ്ങൾ.


ആന്തൂർ ഗ്രാമ പഞ്ചായത്ത്
(പൊതു സ്ഥാപനങ്ങൾ)
കുറുമാത്തൂർ
തളിപ്പറമ്പ് മുൻസിപ്പാലിറ്റി
പട്ടുവം
മയ്യിൽ
കണ്ണപുരം
കല്യാശ്ശേരി
പാപ്പിനിശ്ശേരി
കൊളച്ചേരി
വാർഡ് - 1
വാർഡ് - 3
വാർഡ് - 4
വാർഡ് - 5
വാർഡ് - 6
വാർഡ് - 7
വാർഡ് - 8
വാർഡ് - 9
വാർഡ് - 10
വാർഡ് - 12
സൂചിക
1 മൊറാഴ പോസ്റ്റാഫീസ്
2 ആന്തൂർ കൃഷിഭവൻ
5 മൊറാഴ വില്ലേജ് ഓഫീസ്
6 ആന്തൂർ പഞ്ചായത്ത് ഓഫീസ്
7 ആന്തൂർ വില്ലേജ് ഓഫീസ്
8 പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക്
10 പറശ്ശിനിക്കടവ് പോസ്റ്റാഫീസ്
11 പറശ്ശിനിക്കടവ് ബസ്സ്റ്റാന്റ്
12 പ്രൈമറി ഹെൽത്ത് സെന്റർ

## ചരിത്രം

ചിരപുരാതനമായ ചരിത്ര സംഭവങ്ങൾക്ക് സാക്ഷിയാണ് ആന്തൂർ പഞ്ചായത്ത്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് കണ്ടുകിട്ടിയ മഹാശിലാ സംസ്കാരാവശിഷ്ടങ്ങൾ സഹസ്രാബ്ദങ്ങൾക്ക് പിറകിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. പുരാതന കാലം മുതൽക്കു തന്നെ ഈ പ്രദേശവുമായി തുളു നാട്ടിന് സാംസ്കാരിക ബന്ധമുണ്ടായിരുന്നതായി അനുമാനിക്കാൻ തെളിവുകളുണ്ട്. ജൈന-ബൗദ്ധ സാംസ്കാരിക പാരമ്പര്യവും നമ്മുടെ മണ്ണിന്റെ സവിശേഷതയാണ്. സ്ഥലനാമങ്ങൾ, ഐതീഹ്യങ്ങൾ, വാമൊഴി വഴക്കങ്ങൾ തുടങ്ങിയവ ഈ പ്രാചീന സംസ്കാരത്തിന്റെയ നിദർശനങ്ങളായി സ്വീകരിക്കാവുന്നവയാണ്.

ടിപ്പുവിന്റെ പടയോട്ടത്തോടെ മൈസൂർ രാജ്യത്തിന്റെ കീഴിലായ ഈ ഭൂഭാഗം 1702-ൽ ബ്രിട്ടീഷുകാർ പിടിച്ചടക്കിയപ്പോൾ അത് മലബാർ ജില്ലയുടെ ഭാഗമായിത്തീർന്നു. ബ്രിട്ടീഷുകാർ ഭരണപരമായ താൽപര്യം മുൻനിർത്തി നടത്തിയ പഠനങ്ങളിൽ ആന്തൂർ, മൊറാഴ എന്നീ വില്ലേജുകളെ പരാമർശിക്കുന്നുണ്ട്. പഴയ ചിറക്കൽ താലൂക്കിന്റെ ഭാഗമായ ഈ വില്ലേജുകളിൽ മറ്റെല്ലായിടത്തുമെന്നപോലെ ഭൂബന്ധങ്ങളിൽ സവർണ്ണ മേൽക്കോയ്മയും അവർക്ക് സർക്കാർ പരിരക്ഷയും നൽകിപ്പോന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഭൂവുടമാവകാശത്തെക്കുറിച്ചുള്ള കണക്കുകൾ കാണിക്കുന്നത് ഉയർന്ന ജാതികളിൽ പെട്ടവർ ഭൂമിയുടെ ഭൂരിഭാഗവും കൈയടക്കിയിരുന്നു എന്നതാണ്. (പട്ടിക 1 കാണുക) 85% ഭൂമിയും സവർണ്ണർ കയ്യടക്കിയപ്പോൾ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന അവർണ്ണർക്ക് 15% മാത്രമാണുണ്ടായത്.

പട്ടിക - 1

| | ദേവസ്വം | നമ്പൂതിരി | നായർ | തീയ്യ | മുസ്ലീം | മറ്റുള്ളവർ |
|---|---|---|---|---|---|---|
| ഭൂമി (ഏക്കറിൽ) | 1214.66 | 971.30 | 1392.74 | 176.55 | 356.63 | 112.63 |
| ശതമാനം | 28.75 | 22.99 | 32.96 | 4.18 | 8.44 | 2.66 |

അതിൽതന്നെ മുസ്ലീംകളുടെ പങ്ക് കഴിഞ്ഞാൽ ബാക്കി നാമമാത്രമായിരുന്നു.

മുപ്പതുകളോടെ ഉയർന്നുവന്ന ദേശീയ പ്രസ്ഥാനത്തിന്റേ മുന്നേറ്റം ഇവിടെയും മാറ്റത്തിന്റെ അലകളുയർത്തി. 1930-ലെ സിവിൽ നിയമലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായാണ് നിരവധി ചെറുപ്പക്കാർ ദേശീയ പ്രസ്ഥാനത്തിന്റെ ധാരയിലേക്ക് കടന്നുവന്നത്. പറശ്ശിനിക്കടവിലേയും മോറാഴയിലെയും നിരവധി യുവാക്കൾ തളിപ്പറമ്പിൽ നടന്ന കള്ള് ഷാപ്പ് പിക്കറ്റിങ്ങിലും മറ്റും പങ്കെടുത്തിരുന്നു.

1935-ൽ കൊളച്ചേരി കർഷക സംഘം രൂപീകരണത്തെ തുടർന്ന് മലബാറിൽ, വിശേഷിച്ച് ചിറക്കൽ താലൂക്കിൽ നിരവധി കർഷക സംഘങ്ങൾ രൂപം കൊണ്ടപ്പോൾ അതിന്റെ സിരാകേന്ദ്രമായി പ്രവർത്തിച്ചത് നമ്മുടെ തൊട്ടടുത്ത ഗ്രാമമായ കലപ്പ്യാശ്ശേരിയാണെങ്കിൽ, സംഘത്തിന്റെ ഒന്നാം സമ്മേളനം നടന്നത് പറശ്ശിനിക്കടവിലായിരുന്നു. 1936 നവംബർ 1-ാം തീയ്യതി നടന്ന ഈ സമ്മേളനത്തിന്റെ മുഖ്യ സംഘാടകർ പി.എം. ഗോപാലൻ, പി.എം. കുഞ്ഞിക്കണ്ണൻ, കെ.വി. നാരായണൻ നമ്പ്യാർ, സി.കോരൻ മാസ്റ്റർ എന്നിവരായിരുന്നു. 5000-ൽ അധികം കർഷകർ ഒത്തുചേർന്ന ഈ സമ്മേളനം കേരളത്തിലെ കർഷക പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ വമ്പിച്ച വഴിത്തിരിവായി. ഫ്യൂഡൽ പദപ്രയോഗങ്ങളായ അടിയൻ, കരിക്കാടി തുടങ്ങിയവ ഉപേക്ഷിക്കാൻ ഈ സമ്മേളനത്തിലാണ് കർഷകർ തീരുമാനിച്ചത്.

സംഘടിത തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളുടെ വളർച്ചക്ക് മുമ്പേ തന്നെ ഇവിടെയുള്ള കർഷകർ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമരം ആരംഭിച്ചിരുന്നു. പാവപ്പെട്ട കർഷകർ ഒരു ഉപതൊഴിൽ എന്ന നിലയിൽ മാങ്ങാട്ട് പറമ്പിൽ നിന്ന് കല്ല്കൊത്തി വിൽക്കാറുണ്ടായിരുന്നു. അതുപോലെ വിശാലമായ ഈ പറമ്പിലെ പുല്ല് പറിച്ചെടുത്താണ് ചുറ്റുപാടുമുള്ള ജനങ്ങൾ തങ്ങളുടെ കുടിലുകൾ മേഞ്ഞിരുന്നത്. ഈ പ്രദേശം മുഴുവൻ കടമ്പേരി ദേവസ്വത്തിന്റെ സ്വത്താണെന്ന്

കരക്കാട്ടിടം നായനാർ വാദിച്ചു. സർക്കാറിനെതിരെ അദ്ദേഹം ഹൈക്കോടതിയിൽ പോയെങ്കിലും കല്ല് കൊത്ത് തൊഴിലാളികൾ കോടതിയിൽ നൽകിയ മൊഴിയെ തുടർന്ന് മാങ്ങാട്ട് പറമ്പ് പുറമ്പോക്കാണെന്ന് സ്ഥാപിക്കപ്പെട്ടു. സംഘടനയൊന്നും ഇല്ലാതിരുന്ന ഈ കാലഘട്ടത്തിൽ കൃഷിക്കാർ നേടിയ ഈ നേട്ടം പിന്നിടുള്ള രാഷ്ട്രീയ സംഘടനാ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതിൽ വലിയ പങ്കുവഹിച്ചു.

1936-ൽ എ.കെ.ജി. യുടെ നേതൃത്വത്തിൽ മദിരാശിയിലേക്ക് പോയ പട്ടിണി ജാഥയിൽ പറശ്ശിനിക്കടവിലെ പി.എം. ഗോപാലൻ അംഗമായിരുന്നു. തുടർന്ന് ചിറക്കൽ താലൂക്കിലെ നിരവധി ജൻമി കുടുംബങ്ങളിലേക്ക് നടന്ന മാർച്ചുകളിൽ ഈ പ്രദേശത്തുള്ള കർഷകർ സംഘടിതമായി പങ്കെടുത്തിരുന്നു. വാശി, നുരി, തുടങ്ങിയ അക്രമ പിരിവുകളെ കർഷകർ ശക്തമായി എതിർത്തു.

1937-ൽ ബക്കളത്ത് നടന്ന സംയുക്ത രാഷ്ട്രീയ സമ്മേളനവും നാടിൻെറ രാഷ്ട്രീയ ദിശാഗതിയിൽ പുതിയ ചുവടുവെപ്പായിരുന്നു. കല്ല്യാശ്ശേരി, കീച്ചേരി, ബക്കളം, പറശ്ശിനിക്കടവ് എന്നീ പ്രാദേശിക കോൺഗ്രസ്സ് കമ്മറ്റികളുടെ സംയുക്ത സമ്മേളനമായിരുന്നു അത്. ഈ സമ്മേളനത്തോടനുബന്ധിച്ചാണ് ആദ്യമായി ചിറക്കൽ താലൂക്കിലെ വായനശാലകളുടെ സംയുക്ത സമ്മേളനം നടന്നത്. 42 വായനശാലകളുടെ പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു.

1938-ൽ കൃഷ്ണപ്പിള്ള, കേരളീയൻ, തുടങ്ങിയവരുടെ നേതൃത്വത്തിൽ ബക്കളത്തുനിന്ന് ജൻമിയായ കരക്കാട്ടിടം നായനാരുടെ എള്ളെരിഞ്ഞിയിലേക്കു പോയ കർഷക ജാഥ നാടാകെ ഇളക്കി മറിച്ച സംഭവമായിരുന്നു. കൃഷിക്കാരെ ഭയപ്പെടുത്താനുള്ള നായനാരുടെ ശ്രമം പരാജയപ്പെടുകയും അക്രമപ്പിരിവുകൾ നടത്തില്ലെന്ന് ഉറപ്പ് വാങ്ങുകയും ചെയ്തു.

കർഷക പ്രസ്ഥാനത്തിൻെറ വളർച്ചയോടെ കോൺഗ്രസ് നേതൃത്വത്തിലുള്ള ദേശീയ പ്രസ്ഥാനത്തിൽ നിന്ന് സോഷ്യലിസ്റ്റ് നേതൃത്വത്തിലുള്ള പ്രസ്ഥാനത്തിലേക്കുള്ള മാറ്റം ദൃശ്യമായി. മലബാറിലെ കോൺഗ്രസ്സ് പ്രസ്ഥാനം തന്നെ ഇടത്-വലത് ചേരിയായി പിരിഞ്ഞ ഘട്ടത്തിൽ, 1939 ഏപ്രിൽ മാസത്തിൽ കെ.പി.സി.സി. യുടെ രാഷ്ട്രീല സമ്മേളനത്തിന് ആതിഥ്യമരുളിയത് മാങ്ങാട്ടുപറമ്പിലായിരുന്നു. 'ബക്കളം സമ്മേളനം' എന്നറിയപ്പെട്ട ഈ പത്താം കേരള രാഷ്ട്രീയ സമ്മേളനം, കെ.പി.സി.സി. യുടെ ചരിത്രത്തിൽ തന്നെ അഭൂത പൂർവ്വമായ സംഭവമായി. മാങ്ങാട്ട് പറമ്പിലെ സംഘടിത കല്ല്കൊത്ത് തൊഴിലാളികളും, മോറാഴ, ആന്തൂർ, കല്യാശ്ശേരി തുടങ്ങിയ വില്ലേജുകളിലെ കർഷകർ, തൊഴിലാളികൾ, അദ്ധ്യാപകർ തുടങ്ങി വിവിധ മേഖലകളിലെ ജന വിഭാഗങ്ങൾ ഒന്നടങ്കം സമ്മേളന വിജയത്തിനായി രംഗത്തിറങ്ങി. കെ.പി.ആർ. ഗോപാലൻ, പി.എം. കുഞ്ഞിരാമൻ നമ്പ്യാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ രൂപം കൊണ്ട സ്വാഗതസംഘം അങ്ങിനെ കോൺഗ്രസ്സ് സമ്മേളന ചരിത്രത്തിൽ ഒരു പുതു മാതൃക സൃഷ്ടിച്ചു. ഈ സമ്മേളനം ഈ പ്രദേശത്തുമാത്രമല്ല, മലബാറിലുടനീളം പുതിയ രാഷ്ട്രീയ മാറ്റങ്ങളുടെ ചാലകശക്തിയായി. തുടർന്ന് മലബാറിൽ നടന്ന നിരവധി സമര വേലിയേറ്റങ്ങൾ ഈ പശ്ചാത്തലത്തിലാണ് പ്രസക്തമാകുന്നത്. ആറോൺ മിൽ തൊഴിലാളി സമരം ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്.

1940-ലെ മോറാഴ സംഭവം ഈ നാടിനെ ദേശീയ ശ്രദ്ധയിലെത്തിച്ച ഒരു രാഷ്ട്രീയ മുന്നേറ്റമായിരുന്നു. സാമ്രാജ്യത്വ ഗവൺമെൻറിൻെറ വിലക്കുകൾ ലംഘിച്ച് കൊണ്ട് സംഘടിതരായ സാമാന്യ ജനത നടത്തിയ ഈ മുന്നേറ്റം ബ്രിട്ടീഷ് പാർലിമെൻറിൽ പോലും അലയൊലികൾ സൃഷ്ടിച്ചു. കെ.പി.സി.സി. ആഹ്വാനം ചെയ്ത സപ്തംബർ 15ൻെറ ദിനാചരണം രണ്ട് പോലീസുകാരുടെ മരണത്തിൽ കലാശിച്ചപ്പോൾ, തുടർന്നുള്ള മാസങ്ങളിൽ നാടാകെ ഭീകരാന്തരീക്ഷം സൃഷ്ടിക്കാൻ സാമ്രാജ്യത്വ ഗവൺമെൻറ് തുനിഞ്ഞു. 38 പേരെ പ്രതി ചേർത്തുകൊണ്ടുള്ള കേസ് രജിസ്റ്റർ ചെയ്തെങ്കിലും നാലുപേരെ പിടികൂടാൻ കഴിഞ്ഞില്ല. തുടർന്ന് സമര നേതാവായ കെ.പി.ആർ. ഗോപാലനെ തൂക്കിലേറ്റാൻ ഹൈക്കോടതി വിധിച്ചപ്പോൾ മലബാറിലാകമാനം ഉയർന്നുവന്ന ജനകീയ പ്രക്ഷോഭത്തിൻെറ ഫലമായി സാമ്രാജ്യത്വ ഭരണകൂടത്തിന് വധശിക്ഷ ഇളവു ചെയ്യേണ്ടി വന്നു. ഗാന്ധിജി അടക്കമുള്ള ദേശീയ നേതാക്കൻമാർ കെ.പി. ആറിൻെറ ജീവൻ രക്ഷിക്കാൻ മുന്നോട്ടുവന്നു. മലബാറിൻെറ രാഷ്ട്രീയ രംഗത്ത് വഴിത്തിരിവായിത്തീർന്ന ഈ സംഭവം നമ്മുടെ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഉജ്ജ്വലമായ ഒരദ്ധ്യായമാണ്.

കമ്യൂണിസ്റ്റു പാർട്ടിയുടെ രൂപീകരണത്തിലും വളർച്ചയിലും ഈ ഗ്രാമങ്ങൾ വഹിച്ച പങ്ക് അദ്വിതീയമാണ്. 1939 ഡിസംബറിൽ പിണറായിയിൽ ചേർന്ന യോഗത്തിലാണ് പാർട്ടി ജൻമമെടുത്തതെങ്കിലും അതിൻെറ പ്രാരംഭ ചർച്ചകൾ നടന്ന സ്ഥലങ്ങളിലൊന്ന് ബക്കളത്തിനടുത്തുള്ള പുന്നക്കുളങ്ങരയാണ്. ഈ കാലത്തുതന്നെ വായനശാലകളും മറ്റും ആരംഭിക്കുന്നതിലൂടെ സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റാശയങ്ങൾ ജനങ്ങളിലെത്തിക്കാൻ തൊഴിലാളി-കർഷക പ്രസ്ഥാനങ്ങൾക്ക് സാധിച്ചു.

1940-നു ശേഷം രണ്ടാം ലോകമഹായുദ്ധത്തിൻെറ പശ്ചാത്തലങ്ങളിലുണ്ടായ രൂക്ഷമായ പട്ടിണിയും, രോഗങ്ങളും ദുരിതങ്ങളുമകറ്റാൻ, സംഘടിതരായ ബഹുജന പ്രസ്ഥാനങ്ങളാണ് നാട്ടിൽ മുന്നോട്ടുവന്നത്. കോളറ ബാധിച്ചവരെ മാറ്റിപ്പാർപ്പിക്കുക, അവർക്ക് വൈദ്യ സഹായമെത്തിക്കുക എന്ന് മാത്രമല്ല; കൂടുതൽ ഭക്ഷ്യോൽപാദനമെന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് വിശാലമായ മാങ്ങാട്ട് പറമ്പിലെ 50 ഏക്കർ സ്ഥലത്ത് കിഴങ്ങ് കൃഷി ചെയ്യാൻ ജനങ്ങൾ തയ്യാറായി. ഒരു പക്ഷേ നമ്മുടെ പ്രദേശം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ സന്നദ്ധ പ്രവർത്തനമായിരിക്കാം അത്. ജനങ്ങൾ ആവേശത്തോടെ നടത്തിയ ഈ പ്രവർത്തനം വമ്പിച്ച വിജയമായിരുന്നു എന്നതിനാൽ ബ്രിട്ടീഷ് ഗവൺമെൻറ് ഇടപെടുകയും പോലീസിനെ ഉപയോഗിച്ച് രാത്രിസമയത്ത് മുഴുവൻ വിളകളും നശിപ്പിക്കുകയും ചെയ്തു.

സ്വാതന്ത്ര്യ ലബ്ധിയെത്തുടർന്നുള്ള വർഷങ്ങളും നമ്മുടെ പഞ്ചായത്തിൽ ശാന്തമായല്ല കടന്നുപോയത്. പ്രസിദ്ധമായ കൽക്കത്താ തീസീസിനെ തുടർന്ന് 1948-ൽ കമ്യൂണിസ്റ്റുകാരെ വേട്ടയാടാൻ തുനിഞ്ഞ ഭരണകൂടം സൃഷ്ടിച്ച ഭീകരാന്തരീക്ഷം ഈ പഞ്ചായത്തിൻെറ ചരിത്രത്തിൽ സഹനത്തിൻെറയും ചെറുത്തുനിൽപ്പിൻെറയും മറ്റൊരദ്ധ്യായം എഴുതിച്ചേർത്തു. സ്ത്രീകളടക്കം നിരന്തരമായി പീഢിപ്പിക്കപ്പെടുകയും വീടുകൾ തല്ലിത്തകർക്കപ്പെടുകയും ചെയ്തു.

നമ്മുടെ സാമൂഹ്യ-സാംസ്കാരി ചരിത്രത്തിൽ അഭൂതപൂർവ്വമായ മാറ്റമാണ് ഈ നൂറ്റാണ്ടിലുണ്ടായത്. അയിത്തവും, ജന്മി മേധാവിത്വവും, കൊളോണിയൽ ഭരണവും അവസാനിക്കുകയും ജീവിതത്തിൻെറ തുറകളിൽ പുതിയ മാറ്റങ്ങൾ ദൃശ്യമാവുകയും ചെയ്തു.

ജാതിക്കെതിരായ പോരാട്ടങ്ങളിൽ കർഷക പ്രസ്ഥാനങ്ങളുടെ പങ്ക് പളരെ വലുതാണ്. അതോടൊപ്പം തന്നെ സ്വാമി ആനന്ദതീർത്ഥനെപ്പോലുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. 1933-ൽ പറശ്ശിനിക്കടവിലും 34-ൽ ബക്കളത്തും ആരംഭിച്ച ആദ്യ വായനശാല മുതൽ അനൗപചാരിക ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഒരു ശക്തമായ ശൃംഖല തന്നെ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. എഴുത്താശാൻമാരിൽ നിന്നാരംഭിച്ച നമ്മുടെ വിദ്യാഭ്യാസ ചരിത്രം സാർവ്വത്രിക വിദ്യാഭ്യാസത്തിലെത്തി നിൽക്കുമ്പോൾ 1892-ൽ ആരംഭിച്ച പാന്തോട്ടം സ്കൂൾ മുതൽ രണ്ട് ഹൈസ്കൂളടക്കം 15 സ്കൂളുകൾ നമുക്ക് ഈ പഞ്ചായത്തിലുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ നിന്നാരംഭിച്ച് 80 ഓളം ചെറുകിട ആധുനിക വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടു. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഉന്നത സ്ഥാപനമായ കണ്ണൂർ എഞ്ചിനീയറിങ് കോളേജ് സ്ഥിതിചെയ്യുന്നത് ഈ പഞ്ചായത്തിലാണ്. ദക്ഷിണേന്ത്യയുടെ വിനോദ സഞ്ചാര ഭൂപടത്തിൽ സ്ഥാനം നേടിയ തീർത്ഥാടക കേന്ദ്രമാണ് പറശ്ശിനിക്കടവ് ക്ഷേത്രം. ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ഈ ക്ഷേത്രം സാഹോദര്യത്തിന്റെയും ഗൃഹ സമാനമായ ആഥിത്യ മര്യാദയുടെയും വിളനിലമായി കരുതപ്പെടുന്നു.

ഈ നൂറ്റാണ്ടിന്റെ നേട്ടങ്ങളുടെ പട്ടിക നിരത്തുമ്പോൾ കാർഷിക-വ്യായസായിക രംഗത്ത് നാം എത്തിനിൽക്കുന്ന അവസ്ഥ അവഗണിക്കാനാവില്ല. വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്ന കാർഷിക മേഖല, മുരടിപ്പിനെ നേരിടുന്ന വ്യാവസായിക മേഖല, ഗുണനിലവാരം പുലർത്താൻ കഴിയാത്ത സേവനരംഗം ഇതെല്ലാം നാം നേരിടേണ്ട വെല്ലുവിളികളാണ്. സാമ്രാജ്യ ശക്തികളെ മുട്ടുകുത്തിച്ച ജനമുന്നേറ്റത്തിന്റെ ചരിത്രവും, കൊളോണിയൽ ഭരണാധികാരികളെ അമ്പരപ്പിച്ച സന്നദ്ധ പ്രവർത്തന പാരമ്പര്യവും, കൈ മുതലായുള്ള നമുക്ക് കൂട്ടായ്മയിലൂടെ പുതിയ വെല്ലുവിളികളെ നേരിടാനുള്ള മുന്നേറ്റത്തിന് നേതൃത്വം നൽകാൻ കഴിയുമെന്നതിൽ സംശയമില്ല.

# ഭൂപ്രകൃതി - ജനപ്രകൃതി

ആന്തൂർ പഞ്ചായത്ത് കുന്നുകളുടെയും താഴ്വരകളുടെയും വയലേലകളുടെയും നാടാണ്. രണ്ടോ മൂന്നോ കുന്നുകൾ, അവയുടെ ഇടയിൽ വയലുകളും തോടുകളും. ഈ രീതിയിലുള്ള പ്രകൃതിയാണ് പലേടത്തും. വയലുകളെ തൊട്ടുകൊണ്ട് സമതലപ്രദേശങ്ങളും തൊട്ടുപിന്നിൽ ചെറിയൊരു ചരിവും തുടർന്ന് ഉയർന്ന ചെരിവുകളും ഉൾപ്പെടുന്ന പ്രദേശമാണ് ഒട്ടുമിക്കതും. കിഴക്കു നിന്ന് പടിഞ്ഞാറോട്ടേക്കാണ് മൊത്തത്തിൽ പഞ്ചായത്തിന്റെ ചരിവ്. വടക്ക് കുറുമാത്തൂർ പഞ്ചായത്തും തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും തെക്ക് കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി പഞ്ചായത്തുകളും കിഴക്ക് മയ്യിൽ, കൊളച്ചേരി പഞ്ചായത്തുകളും പടിഞ്ഞാറ് കണ്ണപുരം പഞ്ചായത്തും സമീപ പ്രദേശങ്ങളാണ്. കിഴക്കും വടക്കുമുള്ള പ്രകൃതിദത്താതിർത്തികളായ വളപട്ടണം പുഴയും കുറ്റിക്കോൽ പുഴയും പഞ്ചായത്തിന് ആകർഷകത്വം നൽകുന്നു. 14.5 കി.മീ. നീളമുള്ള പുഴയോരം പഞ്ചായത്തിന്നുണ്ട്.

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും വിസ്താരമുള്ളതുമായ സമതലമൈതാനമാണ് മാങ്ങാട്ടുപറമ്പ്. ഇത് പഞ്ചായത്തിലെ മൊറാഴ, ആന്തൂർ വില്ലേജുകളിൽ പരന്നുകിടക്കുന്നു. ഇതിന്റെ പടിഞ്ഞാറ് വശത്ത് ബ്രിട്ടീഷ് ഭരണകാലത്ത് പട്ടാളക്കാർ തമ്പടിച്ചു താമസിച്ചിരുന്നു. 1939-ലെ ബക്കളം സമ്മേളനം നടന്നതും ഇവിടെത്തന്നെ. ഇതിന്നടുത്താണ് ജൈവവൈവിധ്യത്തിന്റെ കലവറയായ 'കോട്ടത്തിൻ കാട്' സ്ഥിതി ചെയ്യുന്നത്. ഇതിന്ന് 20 ഏക്കറും 18 സെൻറും വിസ്തൃതിയുണ്ട്. നരി തുടങ്ങിയ വന്യ മൃഗങ്ങൾ ഇവിടെ താമസിച്ചതിന് തെളിവുകളുണ്ട്.

പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ ആറായി തരം തിരിക്കാവുന്നതാണ്.

1) പുഴയോട് ചേർന്ന ചതുപ്പ് നിലം
2) എക്കൽ മണ്ണുള്ള വയൽ പ്രദേശം
3) വയലിനോടു ചേർന്നു നിൽക്കുന്ന താഴ്വരകൾ
4) ഇടത്തരം ചെരിവുകൾ
5) മേൽത്തട്ടിലെ ചെങ്കൽ പ്രദേശം
6) വനപ്രദേശം

താഴെ കൊടുത്ത പട്ടിക പരിശോധിക്കുക

| | ഭൂമിയുടെ തരം | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1 | 20 മീറ്ററിനു ചുവടെ ഉയരം | 67 | 2.68 |
| 2 | 20 മീറ്റർ | 1500 | 60.00 |
| 3 | 40 മീറ്റർ | 500 | 20.00 |
| 4 | 60 മീറ്റർ | 300 | 12.00 |
| 5 | 80 മീറ്റർ | 125 | 5.00 |
| 6 | വന പ്രദേശം | 8 | 0.32 |
| | ആകെ | 2500 | 100.00 |

ഇതിൽ നിന്നും സമതലമടക്കമുള്ള താഴ്ന്ന പ്രദേശം ഉയർന്ന പ്രദേശങ്ങളെക്കാൾ കൂടുതലാണെന്ന് കാണാം.

80 മീറ്ററിൽ കൂടുതൽ ഉയരമുള്ള കുന്നുകൾ ഈ പഞ്ചായത്തിലില്ല. പ്രധാന കുന്നുകൾ ഇവയാണ്.

| ക്രമ നമ്പർ | കുന്നുകൾ | ഉയരം മീറ്ററിൽ |
|---|---|---|
| 1 | കണിച്ചേരിക്കുന്ന് | 40 - 60 |
| 2 | മൂസാൻകുന്ന് | 40 - 60 |
| 3 | പൂവത്തും കുന്ന് | 40 - 60 |
| 4 | കുന്നും പാറക്കുന്ന് | 80 - 00 |
| 5 | കുറ്റിയിൽ കുന്ന് | 40 - 60 |
| 6 | ചമ്പലക്കുന്ന് (പറശ്ശിനി ബസ്സ്റ്റാൻറ്) | 40 - 60 |
| 7 | ആന്തൂർകുന്ന് | 40 - 60 |
| 8 | തലുവിൽ കുന്ന് | 40 - 60 |
| 9 | പാലോർകുന്ന് | 40 - 60 |
| 10 | മുതുവാനിക്കുന്ന് | 60 - 80 |
| 11 | കൂരോൻ കുന്ന് | 40 - 60 |
| 12 | പൂതപ്പാറക്കുന്ന് | 60 - 50 |
| 13 | മയിലാട്ട് കുന്ന് | 60 - 80 |
| 14 | ചുടലക്കുന്ന് | 40 - 60 |
| 15 | ഭീമൻ മൊട്ട | 60 - 80 |
| 16 | കീറക്കുന്ന് | 60 - 80 |

## *കാലാവസ്ഥ*

കേരളത്തിലെ 13 കാർഷിക കാലാവസ്ഥാ പ്രദേശങ്ങളായി തരം തിരിച്ചിട്ടുണ്ട്. അഞ്ചാമത്തെ വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ പ്രദേശത്താണ് ആന്തൂർ ഗ്രാമ പഞ്ചായത്ത്.

മഴയുടെ ലഭ്യത മില്ലീ മീറ്ററിൽ

| മഴ | ജനുവരി | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്ത് | സെപ്ത | ഒക്ടോ | നവ | ഡിസം | വാർഷിക വർഷപാതം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്തിൽ | 4 | 4 | 8 | 64 | 244 | 891 | 1085 | 570 | 249 | 226 | 99 | 23 | 3467 |
| സംസ്ഥാന ശരാശരി | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 | 3062 |

ഏറ്റവുമധികം മഴ ലഭിക്കുന്നത് ജൂൺ, ആഗസ്ത് മാസങ്ങളിലാണ്. മറ്റ് മാസങ്ങളിൽ താരതമ്യേന കുറവും. ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിൽ വെള്ളപ്പൊക്കവും നീർക്കെട്ടും മണ്ണൊലിപ്പും അനുഭവപ്പെടുന്നു. മറ്റ് മാസങ്ങളിൽ വരൾച്ചയും. സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴലഭിക്കുന്നുണ്ടെങ്കിലും അതുകൊണ്ടുള്ള മെച്ചം അനുഭവപ്പെടുന്നില്ല. മാർച്ച് ഏപ്രിൽ മാസമാവുമ്പോഴേക്കും കിണറുകളും കുളങ്ങളും തോടുകളും വറ്റിപ്പോകുന്നു.

പഞ്ചായത്തിൽ 21 തോടുകളുള്ളതിൽ മിക്കതും വറ്റിപ്പോകുന്നു. 54 കുളങ്ങളുള്ളതിൽ 14 എണ്ണവും വറ്റുന്നു.

താപനില - സെൽഷ്യസ്സിൽ

| താപം | ജനുവരി | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്ത് | സെപ്ത | ഒക്ടോ | നവ | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉയർന്ന താപനില | 22.0 | 22.9 | 24.7 | 25.2 | 25.6 | 23.4 | 22.7 | 23.1 | 23.3 | 23.2 | 23.6 | 21.4 |
| താഴ്ന്ന താപനില | 32.9 | 33.8 | 34.1 | 33.3 | 32.9 | 28.7 | 28.1 | 29.3 | 31.1 | 31.4 | 32.2 | 33.2 |

ഏറെച്ചൂട് അനുഭവപ്പെടുന്നത് ഫിബ്രവരി,മാർച്ച്, ഏപ്രിൽ, മാസങ്ങളിലും തണുപ്പ് നവമ്പർ, ഡിസംബർ, ജൂൺ, ജൂലായ് മാസങ്ങളിലുമാണ്.

## സസ്യസമ്പത്ത്

വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ പ്രദേശമായ ആന്തൂർ പഞ്ചായത്തിൽ തെങ്ങ്, നെല്ല്, കവുങ്ങ്, കുരുമുളക്, കശുമാവ്, എന്നിവയാണ് പ്രധാന കൃഷി. എന്നാൽ കൃഷിഭൂമി വർഷംപ്രതി കുറഞ്ഞുവരികയാണ്. 1931-ൽ നെൽകൃഷിക്ക് 1552.11 ഏക്കർ സ്ഥലം ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്നത് കേവലം 712 ഏക്കർ മാത്രമാണ്. മുതിര, എള്ള്, മുളക് എന്നിവ മുൻകാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്നുവെങ്കിലും എന്ന് നാമമാത്രമാണ്. 80 ഏക്കർ സ്ഥലം കൃഷി യോഗ്യമാണെങ്കിലും തരിശിട്ടിരിക്കുന്നു. ഇത് സസ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു.

## മനുഷ്യ വിഭവം

ജനസംഖ്യ - ഈ പഞ്ചായത്തിൽ കഴിഞ്ഞ 65 വർഷത്തിനിടയിൽ 262% ന്റെ വർദ്ധനവ് സൂചിപ്പിക്കുന്നു.

| വർഷം | സ്ത്രീ | പു | ആകെ | സ്ത്രീ പുരുഷ അനുപാതം |
|---|---|---|---|---|
| 1931 | 4403 | 4164 | 8567 | 1057 |
| 1996 | 11728 | 10647 | 22375 | 1117 |

സംസ്ഥാന തലത്തിൽ 1000 ന് 1036 ഉം കണ്ണൂർ ജില്ലയിൽ 1049ഉം ആണ് സ്ത്രീ പുരുഷ അനുപാതം.

പഞ്ചായത്തിലെ വാർഡ്തല ജനസംഖ്യയും
തൊഴിൽ രഹിതരും

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | തൊഴിൽ രഹിതർ | | | |
|---|---|---|---|---|---|---|---|
| | | | | ആൺ | % | പെൺ | % |
| I | 1040 | 1228 | 2268 | 119 | 11.4 | 218 | 17.75 |
| II | 1235 | 1349 | 2584 | 174 | 14.0 | 424 | 12.87 |
| III | 1228 | 1286 | 2514 | 94 | 7.0 | 279 | 21.6 |
| IV | 731 | 814 | 1545 | 76 | 13.9 | 140 | 17.2 |
| V | 1761 | 1870 | 3631 | 156 | 8.85 | 228 | 12.0 |
| VI | 1205 | 1305 | 2510 | 155 | 12.8 | 337 | 25.8 |
| VII | 1120 | 1280 | 2400 | 131 | 11.7 | 175 | 13.6 |
| VII | 792 | 889 | 1681 | 97 | 12.3 | 175 | 10.4 |
| IX | 599 | 693 | 1292 | 70 | 13.4 | 205 | 28.0 |
| X | 936 | 1014 | 1950 | 47 | 5.0 | 81 | 8.0 |
| ആകെ | 10647 | 11728 | 22375 | 1119 | | 2262 | |

1996-ൽ നടത്തിയ സാമൂഹിക- സാമ്പത്തിക സർവ്വേയിൽ നിന്ന്

പഞ്ചായത്തിൽ പുരുഷൻമാരിൽ 11% വും സ്ത്രീകളിൽ 16.7% വും തൊഴിൽ രഹിതരാണ്. അവർ തൊഴിൽ സഹിതരാവണം. വിഭവങ്ങളിൽ സർവ്വപ്രധാനം മനുഷ്യവിഭവം തന്നെ. മനുഷ്യന്റെ കായികവും മാനസികവുമായ കർമ്മശേഷി പ്രയോഗിക്കാനുള്ള സന്ദർഭം അവർക്കുണ്ടാകണം. നമ്മുടെ കാർഷിക-വ്യാവസായിക രംഗമാകട്ടെ ദുരബലമാണ്. ഈ രംഗത്ത് തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം. എങ്കിലേ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയൂ.

പഞ്ചായത്തിൽ 1996-ൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വേയിൽ നിന്ന്

ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം

| S.S.L.C.ക്ക് ചുവടെ | ആൺ 6118 | പെൺ 6319 | ആകെ 12437 |
|---|---|---|---|
| S.S.L.C. | 2750 | 2791 | 5541 |
| ബിരുദം നേടിയവർ | 387 | 390 | 777 |
| സാങ്കേതിക വിദ്യ | 240 | 165 | 405 |
| ബിരുദാനന്തര ബിരുദം | 76 | 83 | 159 |

വിവിധ പ്രായ പരിധിയിൽ പെട്ടവർ

| | |
|---|---|
| അഞ്ചു വയസ്സിന് ചുവടെ | 1656 |
| 6 - 15 വയസ്സ് | 3868 |
| 16 - 35 വയസ്സ് | 8934 |
| 36 - 55 വയസ്സ് | 5266 |
| 56 - 75 വയസ്സ് | 2504 |
| 75 വയസ്സിന് മുകളിൽ | 347 |

പ്രധാന കുടുംബവരുമാനങ്ങൾ

| | |
|---|---|
| സ്വയം തൊഴിൽ ചെയ്യുന്നവർ | 351 |
| സ്ഥിര ശമ്പളക്കാർ | 1451 |
| താൽക്കാലിക ശമ്പളക്കാർ | 1694 |
| വിദേശങ്ങളിൽ ജോലിയുള്ളവർ | 280 |
| മറ്റ് വരുമാനക്കാർ | 344 |

പഞ്ചായത്തിലെ കുടുംബങ്ങൾ

ആകെ വാർഡ് 10
കുടുംബം 4275
ശരാശരി കുടുംബാംഗങ്ങൾ 5.28
പട്ടിക കാണുക

ANTHUR PANCHAYAT HOUSE HOLDS

| WARD No. | TOTAL HOUSE HOLDS |
|---|---|
| 1 | 437 |
| 2 | 499 |
| 3 | 488 |
| 4 | 288 |
| 5 | 721 |
| 6 | 462 |
| 7 | 449 |
| 8 | 338 |
| 9 | 229 |
| 10 | 364 |
| *Total* | 4275 |

ആന്തൂർ പഞ്ചായത്ത്

മുഖ്യ കുടുംബ വരുമാന ശ്രോതസ്സ്

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | |
|---|---|---|---|---|---|---|
| 1 | 21 | 149 | 202 | 32 | 17 | 421 |
| 2 | 78 | 117 | 198 | 34 | 60 | 487 |
| 3 | 37 | 232 | 155 | 31 | 31 | 486 |
| 4 | 18 | 112 | 132 | 14 | 12 | 288 |
| 5 | 50 | 240 | 265 | 50 | 67 | 672 |
| 6 | 8 | 108 | 227 | 35 | 73 | 451 |
| 7 | 55 | 176 | 168 | 23 | 7 | 428 |
| 8 | 42 | 112 | 116 | 27 | 23 | 320 |
| 9 | 9 | 66 | 87 | 15 | 41 | 218 |
| 10 | 33 | 139 | 144 | 19 | 13 | 348 |
| ആകെ | 351 | 1451 | 1694 | 280 | 344 | 4120 |

1 സ്വയം തൊഴിൽ

2 സ്ഥിര ശമ്പളം/കൂലി

3 താൽക്കാലിക തൊഴിൽ/കൂലി

4 വിദേശം

5 മറ്റുള്ളവ



# കൃഷിയും ജലസേചനവും

ദേശീയ പ്രസ്ഥാനത്തിൻെറ ഈറ്റില്ലങ്ങളിൽ ഒന്നായിരുന്ന ആന്തൂർ ഗ്രാമപഞ്ചായത്ത്, അക്കാലത്ത് അക്ഷരാർത്ഥത്തിൽ തന്നെ ഒരു കാർഷികഗ്രാമമായിരുന്നു. വടക്ക് കുറ്റിക്കോൽ പുഴയും, കിഴക്കും തെക്കും വളപട്ടണം പുഴയും അതിരിടുന്നതും, തളിപ്പറമ്പ് മുൻസിപ്പാലിറ്റിയുടെയും, കുറുമാത്തൂർ, മയ്യിൽ, പാപ്പിനിശ്ശേരി, കല്യാശ്ശേരി, കണ്ണപുരം, പട്ടുവം ഗ്രാമ പഞ്ചായത്തുകളുടെയും ഇടയിലായി സ്ഥിതിചെയ്യുന്നതും, നദീതീരപ്രദേശങ്ങളും, വയലുകളും, താഴ്വരകളും കുന്നിൻ പ്രദേശങ്ങളും, ചരിവുകളും അടങ്ങിയതുമായ ഒരു ഭൂപ്രദേശമാണിത്. പുഴയോരങ്ങളിൽ നിറകുംഭങ്ങൾ തലയിലേറ്റി നിൽക്കുന്ന തെങ്ങുകളും, വയലുകളിൽ, നെല്ല്, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയും, പുരയിടങ്ങളിൽ തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, പുളി, വാഴ, കുരുമുളക് തുടങ്ങിയവയും, ചരിവുകളിലും കുന്നിൻപ്രദേശങ്ങളിലും ചെറിയതോതിൽ കശുമാവും ഇടവിളകളായി ചേന,ചേമ്പ്, മധുരക്കിഴങ്ങ്, മരച്ചീനി, മുളക്, മുതിര, എള്ള്, എന്നിവയും കൃഷി ചെയ്തുവന്നു. 1933 ലെ കൃഷി സംബന്ധിച്ച വിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1

| | വിസ്തീർണ്ണം (ഏക്കറിൽ) | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| നെല്ല് | | |
| ഒന്നാം വിള | 1551.48 | 625.59 |
| രണ്ടാം വിള | 486.82 | 196.29 |
| തെങ്ങ് | 1117.17 | 450.47 |
| കുരുമുളക് | 411.31 | 165.85 |
| കവുങ്ങ് | 171.59 | 69.19 |
| മുതിര | 115.33 | 46.50 |
| മാവ് | 111.32 | 44.88 |
| പ്ലാവ് | 229.48 | 92.50 |
| വാഴ | 75.97 | 30.63 |
| മുള | 202.43 | 81.63 |
| ആകെ കൃഷിസ്ഥലം | 3941.92 | 1589.11 |

പഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതും വളപട്ടണം പുഴയാൽ ചുറ്റപ്പെട്ടുകിടക്കുന്നതുമായ

കോൾതുരുത്തി, പച്ചക്കറി കൃഷിക്കും, കരിമ്പ് കൃഷിക്കും കേൾവികേട്ട സ്ഥലമാണ്.

പഴയ കാലത്ത് ഇവിടെ കൃഷിക്കാർക്ക് സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല. 1929-ലെ മലബാർ കുടിയായ്മ നിയമത്തോടുകൂടിയാണ് നാമമാത്രമായ അവകാശമെങ്കിലും കൈവന്നത്. കടമ്പേരി ദേവസ്വം, കാക്കാങ്കോൽ ദേവസ്വം, കോടല്ലൂർ ഇല്ലം, ഒഴക്രോം നെയ്യമൃത് സംഘം, ചിറക്കൽ കോവിലകം, ഏറുമ്പാലത്തറവാട്, തലശ്ശേരി കേയി കുടുംബം എന്നിവരുടെ അധീനതയിലായിരുന്നു ഭൂമി മുഴുവൻ. വയലുകൾ വെറും കൊഴു അവകാശത്തിലും, പറമ്പുകൾ കുഴിക്കാണം അവകാശത്തിലും, വാരം, പാട്ടം തുടങ്ങിയവ കൊടുത്ത് കുടിയാൻമാർക്ക് കൃഷിചെയ്യാമെങ്കിലും ഏത് സമയത്തും ഒഴിപ്പിക്കുവാനോ, മേൽ ചാർത്തുവഴി അവകാശം ഇല്ലാതാക്കുവാനോ ജൻമിമാർക്ക് കഴിയുമായിരുന്നു. അന്ന് കൃഷിക്കാരുടെ ഇടയിൽ ഒത്തൊരുമയും പരസ്പരസഹായവും ഉണ്ടായിരുന്നു. കളം ഒരുക്കൽ, പുരകെട്ടി മേയൽ, കിണർ കുളം വൃത്തിയാക്കൽ തുടങ്ങിയ പല പ്രവൃത്തികളും അന്ന് കൂലി ഇല്ലാതെ പരസ്പരം സഹായിച്ചാണ് ചെയ്തിരുന്നത്. കൃഷിക്കാരും കർഷക തൊഴിലാളികളും തമ്മിൽ ഒരാത്മ ബന്ധം നിലനിന്നിരുന്നു. ആധുനിക കൃഷിരീതികളൊന്നും ഇല്ലാതിരുന്ന ആ കാലത്ത് കാളകളെ ഉപയോഗിച്ച് നിലം ഉഴുത്, തോട്, കുളം എന്നിവയിൽ നിന്ന് ചാലുകൾ കീറി വെള്ളം തിരിച്ചും, ഡാവ്, ഏത്തം എന്നിവ ഉപയോഗിച്ച് ജലസേചനം ചെയ്തും പച്ചില വളങ്ങൾ, ചാണകം, വെണ്ണീർ എന്നീ ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ചുമാണ് കൃഷിചെയ്ത് വന്നിരുന്നത്. നിലം പല പ്രാവശ്യം ഉഴുത് മറിച്ചിരുന്നത് കൊണ്ടും, കാർഷിക മേഖലയിൽ ധാരാളം ആളുകളെ കിട്ടിയിരുന്നത് കൊണ്ടും നല്ല വിളവുണ്ടാക്കാൻ കഴിഞ്ഞിരുന്നു. പക്ഷേ വിളവിൻെറ സിംഹഭാഗവും വാരം, പാട്ട- മായി ജൻമിമാർ കൈക്കലാക്കി.

കേരളത്തെ 13 കാർഷിക കാലാവസ്ഥാ മേഖലകളായി തിരിച്ചതിൽ അഞ്ചാമത്തെ മേഖലയായ വടക്കൻ തുളുനാട് മേഖലയിൽ പെടുന്ന തളിപ്പറമ്പ് ബ്ലോക്ക് പ്രദേശത്താണ് ആന്തൂർ ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. മഴയെ മാത്രം ആശ്രയിച്ച് കൃഷിചെയ്തുവരുന്ന ഇവിടുത്തെ വയലുകൾ അധികവും നീരിറക്കമില്ലാത്തവയാണ്. മഴയുള്ളപ്പോൾ വെള്ളക്കെട്ടും, ഇല്ലാത്തപ്പോൾ വരൾച്ചയും ഇവിടുത്തെ ശാപമാണ്. അതുകൊണ്ട് സ്ഥലത്തിനനുസരിച്ച് വിത്തുപയോഗിക്കാൻ പഴയ കർഷകർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സാധാരണ വയലുകളിൽ കഴമ, വടക്കൻ നവര, വെളുത്തരിക്കഴമ, തവളക്കണ്ണൻ, പൊന്നാര്യൻ, ജീരകശാല, കുഞ്ഞിനെല്ല്, ഓക്ക കുഞ്ഞിനെല്ല്, ചിറോനി, വെള്ളരി തുടങ്ങിയവയും, പറമ്പുകളിൽ മോഡോൻ കൃഷിക്ക്, പൂത്താട, നവരപ്പുഞ്ച തുടങ്ങിയവയും, കൈപ്പാട് പ്രദേശങ്ങളിൽ, ഓർക്കഴമ, കുതിര് എന്നിവയുമാണ് കൃഷിചെയ്ത് വന്നിരുന്നത്. ഇന്ന് ഇവയിൽ പല വിത്തുകളും നാമാവശേഷമായിപ്പോയിരിക്കുന്നു. ഇപ്പോൾ ജ്യോതി, ജയ, മസൂരി, ഉണ്ട മസൂരി, ചുവന്ന ത്രിവേണി, ഒ.ടി.പി. തുടങ്ങിയ അത്യുൽപാദന ശേഷിയുള്ള വിത്തുകളും കൂടുതൽ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പഴയ വിത്തുകളും ഉപയോഗിച്ചുവരുന്നു.

കീടബാധ അന്ന് തുലോം കുറവായിരുന്നു. നെല്ലിനും മറ്റും ഉണ്ടാവുന്ന പുഴുബാധക്ക് വെണ്ണീർ പാറ്റൽ, ഈന്തപ്പനയോല കുത്തൽ എന്നിവയായിരുന്നു ചെയ്തിരുന്നത്.

എല്ല് മുറിയെ പണിയെടുത്ത് നൂറുമേനി വിളയിച്ചാലും ജന്മിമാരുടെ നീരാളിപ്പിടുത്തം മൂലം ഒഴിഞ്ഞ വയറുമായി കഴിയേണ്ടിവന്ന കൃഷിക്കാർക്ക് അല്പമെങ്കിലും ആശ്വാസം ലഭിച്ചത് പാട്ടക്കോടതി, ലാൻറ് ട്രിബ്യൂണൽ തുടങ്ങിയവയുടെ ആവിർഭാവത്തോട് കൂടിയാണ്. 1959-ലെ കാർഷിക പരിഷ്കരണ നിയമം നടപ്പിലായതോടെ കൃഷിഭൂമി കർഷകൻേറതായി മാറിയെങ്കിലും, പിന്നീട് കൃഷിയോടുള്ള ആഭിമുഖ്യക്കുറവും, തൊഴിലാളികളുടെ ദൗർലഭ്യവും, വളം, കൂലി, കീടനാശിനികൾ, എന്നിവയിലുണ്ടായ വിലവർദ്ധനവും കൃഷി ലാഭകരമല്ലാതാക്കിത്തീർത്തു. തദ്വാരാ കൃഷി കുറയുന്നതിനും ഭൂമി തരിശിടുന്നതിനും ഇടയാക്കിയിട്ടുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിന് 2486 ഹെക്ടർ ഭൂവിസ്തൃതിയുണ്ട്. ഇതിൽ 17% സ്ഥലത്ത് നെല്ലും 12% സ്ഥലത്ത് തെങ്ങുകളും 7% സ്ഥലത്ത് കശുമാവുകളും 43% സ്ഥലത്ത് മിശ്രിത വിളകളും കൃഷി ചെയ്തുവരുന്നു. 5 ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി ചെയ്യുന്നുണ്ട്. 8% കൃഷിയോഗ്യമല്ലാത്ത തരിശ് ഭൂമിയും 2% കൃഷിയോഗ്യമായ ഭൂമിയും ഉണ്ട്.

മണ്ണിൻെറ സ്ഥിതി താഴെ പറയും പ്രകാരമാണ്.

പട്ടിക - 2 (അവലംബം - വിഭവ ഭൂപടം)

| | |
|---|---|
| ചരൽ മണ്ണ് | 20% |
| ലാറ്ററേറ്റ് | 60% |
| ഏക്കൽ മണ്ണ് | 10% |
| മണൽ പ്രദേശം | 10% |

കേരളത്തിലെ ആളോഹരി ഭൂലഭ്യത 0.13 ഹെക്ടർ മാത്രമാണെങ്കിലും ആന്തൂർ പഞ്ചായത്തിൻേറത് 0.11 ഹെക്ടർ മാത്രമാണ്. ഇത് ദേശീയ ഭൂലഭ്യതയുടെ 23% മാത്രമേ വരുന്നുള്ളൂ. ഇത് ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കാൻ ഇടയാക്കി.

കെട്ടിട നിർമ്മാണത്തിനും, നാണ്യ വിളകൾക്കുമായി നെൽവയലുകൾ നികത്തപ്പെടുന്നത് കൊണ്ട് 15% ത്തോളം വയലുകൾ കുറഞ്ഞു പോയിട്ടുണ്ട്. കശുമാവ്, കവുങ്ങ്, വാഴ എന്നിവയുടെ കൃഷിയിട വിസ്തീർണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും പണി, വളം, ജലസേചനം ഇവയുടെ കുറവ് മൂലം ഇവയുടെ വിളവ് കാര്യമായി വർദ്ധിച്ചിട്ടില്ല. ഇന്നത്തെ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ - പ്രധാന വിളവുകൾ, അവയുടെ ഉൽപാദനം ഉൽപാദന ക്ഷമത ഇവ താഴെകൊടുക്കുന്നു..

പട്ടിക - 3 (അവലംബം - കൃഷിഭവൻ)

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്ത ഉൽപാദനം (ടൺ) | ഉൽപ്പാദന ക്ഷമത |
|---|---|---|---|
| നെല്ല് - ഒന്നാം വിള | 285 | 855 | 3000 കി/ഹെ. |
| രണ്ടാം വിള | 150 | 480 | 3200 കി./ഹെ |
| മൂന്നാം വിള | ഇല്ല | - | - |
| കുരുമുളക് | 60 | - | - |
| തെങ്ങ് | 208 | 13.31 ലക്ഷം | 40 എണ്ണം 1 തെങ്ങ് |
| കശുമാവ് | 163 | 210.8 | |
| കവുങ്ങ് | 150 | 36 | |
| വാഴ (ഇടവിള) | 125 | 312 | |
| പയർ | 100 | 13 | |
| റബ്ബർ | 5 | പൂർണ്ണമായും വിളവെടുപ്പ് ആരംഭിച്ചിട്ടില്ല | |
| മരച്ചീനി | 60 | - | - |
| എള്ള് | 5 | - | - |

പട്ടിക 1,3 ഇവ താരതമ്യപ്പെടുത്തിയാൽ 60 വർഷം കൊണ്ട് കാർഷികവിളകളിൽ വിളക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ വ്യക്തമാകും. ഒന്നാം വിള നെൽകൃഷി 625 ഹെക്ടറിൽ നിന്ന് 285 ഹെക്ടറായി കുറഞ്ഞു. രണ്ടാം വിള 196 ഹെക്ടറിൽ നിന്ന് 150 ഹെക്ടറായും കുറഞ്ഞിരിക്കുന്നു. നെല്ലിൻെറ വിള വിസ്തീർണ്ണത്തിലുണ്ടായ കുറവ്, കവുങ്ങ്, വാഴ കൃഷികളുടെ വർദ്ധനവിലേക്ക് നയിച്ചതായി കാണാം. 1933-ൽ 69 ഹെക്ടർ മാത്രമുണ്ടായിരുന്ന കവുങ്ങ് കൃഷി ഇപ്പോൾ 150 ഹെക്ടറായി വർദ്ധിച്ചിരിക്കുന്നു. വാഴ കൃഷി 30.6 ഹെക്ടറിൽ നിന്ന് 125 ഹെക്ടറായി ഉയർന്നിരിക്കുന്നു. ഈ രണ്ട് വിളകളുടെ വർദ്ധനവ് പരിഗണിച്ചാൽ തന്നെ നെൽ പാടങ്ങൾ മറ്റ് വിധത്തിലും ഇല്ലാതായിട്ടുണ്ടെന്ന് കാണാം. കാർഷികേതര ആവശ്യങ്ങൾക്കായി പാടങ്ങൾ നികത്തപ്പെടുന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. 15% ത്തോളം പാടങ്ങൾ നികത്തപ്പെട്ടതായി കണക്കാക്കുന്നു. കഴിഞ്ഞ 6 ദശകങ്ങൾക്കിടയിൽ പുതുതായി വന്നിട്ടുള്ള വിളകൾ മുഖ്യമായും, മരച്ചീനി, റബ്ബർ, ഇവയാണ്. 30 കളിൽ 81 ഹെക്ടർ വിസ്തൃതിയിലുണ്ടായിരുന്ന മുളങ്കാടുകൾ നാമാവശേഷമായിരിക്കുന്നു എന്നതാവാം ഭൂവിനിയോഗത്തിൽ വന്ന പ്രധാനപ്പെട്ട മറ്റൊരു മാറ്റം. നെൽപാടങ്ങൾ നികത്തി തെങ്ങിൻ തോപ്പാക്കി മാറ്റുന്ന പ്രവണതയാണ് കേരളത്തിൽ പൊതുവേ കണ്ട് വരുന്നതെങ്കിലും, കണക്കുകൾ കാണിക്കുന്നത്, ആന്തൂർ പഞ്ചായത്തിലെ തെങ്ങ് കൃഷി കുറഞ്ഞുവരുന്നു എന്നാണ്. 1933-ൽ 625.6 ഹെക്ടർ തെങ്ങ് കൃഷി ഉണ്ടായിരുന്നത് ഇപ്പോൾ 208 ഹെക്ടർ മാത്രമാണെന്ന് കൃഷിഭവൻ രേഖകൾ കാണിക്കുന്നു. ഇത് വിശദമായ പരിശോധന അർഹിക്കുന്ന പ്രശ്നമാണ്. കുരുമുളക് കൃഷി 165.85 ഹെക്ടറിൽ നിന്ന് 60 ഹെക്ടറായി കുറഞ്ഞു. നെൽവിള വിസ്തീർണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും, ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയുടെ 160% ആണെന്ന് കാണാം. തെങ്ങിൻെറ ഉൽപാദന ക്ഷമത സംസ്ഥാന ശരാശരിയോടൊപ്പം നിൽക്കുന്നു. കശുവണ്ടിയുടെ ഉൽപാദന ക്ഷമത സംസ്ഥാന ശരാശരിയുടെ ഇരട്ടിയിലധികമാണ്.

മേൽ കണക്കുകൾ നല്കുന്ന സൂചന മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് താരതമ്യേന ആകർഷകമായ ഉൽപാദന മേഖലയായി നിലനിൽക്കാൻ കാർഷിക മേഖലക്ക് കഴിയും എന്നാണ്.

ഭൂരിഭാഗം ഉടമസ്ഥരും 50 സെൻറിൽ താഴെ ഭൂമിയുള്ളവരാണ് എന്ന് കാണാം. വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 4

| 5 സെൻറിന് താഴെ | 6 -10 സെൻറ് | 11 - 15 സെൻറ് | 16 - 25 സെൻറ് | 26 - 50 സെൻറ് | 51 - 75 സെൻറ് | 76 - 100 സെൻറ് | 1 ഏക്കറിനു മുകളിൽ | ആകെ |
|---|---|---|---|---|---|---|---|---|
| 468 | 396 | 364 | 588 | 860 | 432 | 311 | 839 | 4258 |

കൃഷിഭൂമി തുണ്ട വൽക്കരിക്കപ്പെട്ടിരിക്കുന്നു. തന്മൂലം കൃഷി പ്രവൃത്തി ചെയ്യാൻ പ്രയാസം അനുഭവപ്പെടുന്നു.

## ജലസേചനം

പരിമിതമായ ജലസേചന സൗകര്യം മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. ജൂൺ മുതൽ ആഗസ്ത് മാസം വരെ ലഭിക്കുന്ന കാലവർഷവും, സപ്തമ്പർ, ഒക്ടോബർ, നവമ്പർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും ആണ് ജലലഭ്യതക്കാധാരം. കഴിഞ്ഞ അഞ്ചു വർഷത്തെ മഴയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക - 5

| വർഷം | ജന | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്ത് | സെപ്ത | ഒക്ടോ | നവ | ഡിസ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1986 | | | | 10 | 50 | 1106 | 1027 | 562 | 80 | 249 | 96 | 143 | 3323 |
| 1987 | | | | 14 | 64 | 1003 | 903 | 506 | 172 | 303 | 99 | 147 | 3211 |
| 1988 | | | | 7 | 139 | 901 | 807 | 288 | 60 | 412 | 22 | 38 | 2704 |
| 1989 | | | | 0 | 169 | 677 | 1205 | 918 | 83 | 218 | 8 | 60 | 3338 |
| 1990 | | | | 15 | 71 | 894 | 1073 | 453 | 24 | 230 | 123 | 190 | 3073 |
| 1991 | | | | | 128 | 803 | 1481 | 613 | 69 | 384 | 64 | 190 | 3732 |
| 1992 | | | | 15 | 114 | 916 | 1347 | 409 | 168 | 478 | 102 | 98 | 3647 |
| 1993 | | | | 7 | 131 | 1094 | 1201 | 396 | 173 | 502 | 180 | 20 | 3704 |
| 1994 | | | | 18 | 89 | 869 | 1248 | 515 | 47 | 308 | 201 | 278 | 3573 |
| 1995 | | | | 10 | 198 | 893 | 1145 | 494 | 62 | 397 | 169 | 41 | 3409 |

വളപട്ടണം പുഴയിൽ പതിക്കുന്ന 7 ഉം കുറ്റിക്കോൽ പുഴയിൽ പതിക്കുന്ന 5ഉം തോടുകളും അവയുടെ കൈത്തോടുകളും ഉൾപ്പെടുന്ന ചെറു നീർത്തടങ്ങൾ ചേർന്നതാണ് പഞ്ചായത്തിലെ നീരൊഴുക്ക്. ഈ തോടുകളുടെ ആകെ നീളം 21 കി.മീറ്ററോളം വരും. സംസ്ഥാന ശരാശരിയെക്കാൾ കൂടുതൽ മഴ ലഭിക്കുന്നുണ്ടെങ്കിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം മൂലം പെയ്യുന്ന മഴവെള്ളം മുഴുവൻ തോടുകളിലൂടെ ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. തോടുകൾക്ക് അകെ മൂന്ന് വി.സി.ബി.കളും 4 റഗുലേറ്ററുകളും നിലവിലുണ്ടെങ്കിലും ഒരു വി.സി.ബി.യും മൂന്ന് റഗുലേറ്ററുകളും തകർന്ന നിലയിലാണുള്ളത്. അത് സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 6

| തോടിന്റെ പേര് | വി.സി.ബി.കളുടെ എണ്ണം | റഗുലേറ്ററുകളുടെ എണ്ണം |
|---|---|---|
| പുന്നക്കുളങ്ങര തോട് | 1 (തകർന്ന നിലയിൽ) | |
| തലുവിൽ തോട് | 1 | |
| കടമ്പേരി | 1 | |
| കാനൂൽ | - | 1 (തകർന്നത്) |
| ഇടപ്പാറ തോട് | - | 1 (തകർന്നത്) |
| നരിയാടി തോട് | - | 1 (തകർന്നത്) |
| മുണ്ടയാട് വയൽ | - | 1 |

വേണ്ടത്ര ഫൗണ്ടേഷനില്ലാതെയും, അരികുകൾ കെട്ടാതെയും, ആവശ്യമായ ചേരുവ ഇല്ലാതെയും അശാസ്ത്രീയമായി നിർമ്മിക്കുന്നത് കൊണ്ടാണ് ഇവ വളരെ പെട്ടെന്ന് ഉപയോഗശൂന്യമാകുന്നത്. താൽക്കാലിക സംവിധാനങ്ങൾക്ക് പകരം സ്ഥിരം അടക്കാനും തുറക്കാനുമുള്ള സംവിധാനവും, സമീപസ്ഥ കുടുംബത്തിന്റെ സ്ഥിരം മേൽനോട്ടവും ഇതിന്റെ സംരക്ഷണത്തിന് ആവശ്യമാണ്. 75 ഓളം പമ്പുസെറ്റുകൾ ജലസേചനത്തിനായി പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നുണ്ട്. ജലസേചന പമ്പ്സെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത സ്ഥിതി 3, 4 വാർഡുകളിൽ നിലവിലുണ്ട്. 16 കുഴൽ കിണറുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവയിൽ പലതിലും ഏപ്രിൽ മാസത്തോടെ വെള്ളം കുറയുന്ന അവസ്ഥയുണ്ട്. ഏതാനും കുഴൽ കിണറുകളിൽ കലക്ക് വെള്ളമാണ് ലഭിക്കുന്നത്. നണിശ്ശേരിയിലെ കുഴൽ കിണർ തീർത്തും ഉപയോഗശൂന്യമാണ്. കുഴൽ കിണറുകൾക്ക് സമീപമുള്ള കിണറുകളിലെ വെള്ളം വറ്റുന്ന സ്ഥിതി കുഴിച്ചാൽ, ഓരിച്ചാൽ, കെ.എ.പി. ക്യാമ്പ് പരിസരം എന്നിവിടങ്ങളിൽ അനുഭവപ്പെടുന്നുണ്ട്. വേണ്ടത്ര ആഴത്തിൽ കുഴിക്കാത്തതുകൊണ്ടും ശാസ്ത്രീയമായി സ്ഥാപിക്കാത്തതുകൊണ്ടും ആണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഇത് തടയാൻ കുഴൽ കിണർ നിർമ്മാണ സമയ് ജനകീയ മേൽനോട്ടം ആവശ്യമാണ്. പഴശ്ശി കനാലിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ 9,07,73,800 രൂപ ചെലവഴിച്ചുകൊണ്ട് 3720 മീറ്റർ നീളത്തിൽ മെയിൻ കനാലുകളും 8050 മീ. നീളത്തിൽ ബ്രാഞ്ച് കനാലാകളും 335 മീറ്റർ നീളത്തിൽ ഭൂഗർഭ ടണലും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ കനാലുകളിൽ ഒരു തുള്ളി വെള്ളം പോലും ഇതുവരെ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. കാനൂൽ വയൽ, ആന്തൂർ വയൽ കണിച്ചേരി വയൽ, കോൾവയൽ, എന്നിവിടങ്ങളിൽ കനാൽ വ്യാപിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.

ജലവുമായി ബന്ധപ്പെട്ട ആസ്തികളുടെ വിവരം താഴെ ചേർക്കുന്നു

പട്ടിക - 7

| നമ്പർ | ആസ്തികൾ | നീളം കി.മീ./എണ്ണം |
|---|---|---|
| 1 | വളപട്ടണം പുഴ | 6.6 കി. മീ. |
| 2 | കുറ്റിക്കോൽ പുഴ | 6.4 കി.മീ. |
| 3 | കോൾത്തുരുത്തി പടിഞ്ഞാറേ പുഴ വളപട്ടണം പുഴയുടെ കൈവഴി | 1.5 കി.മീ. |
| 4 | തോടുകൾ | 21 കി.മീ. |
| 5 | കുളങ്ങൾ - വറ്റാത്തത് | 39 എണ്ണം |
| 6 | കുളങ്ങൾ വറ്റുന്നത് | 14 എണ്ണം |
| 7 | പഴശ്ശി കനാൽ | 12.555 കി.മീ. |

# മണ്ണ്-ജല സംരക്ഷണം

കുന്നിൻ പ്രദേശങ്ങളെ തട്ടുകളായി തിരിച്ചും, അതിർത്തികളിലും മറ്റും ധാരാളം മരങ്ങൾ വെച്ച് പിടിപ്പിച്ചും പഴയകാല് മണ്ണ് സംരക്ഷിച്ചുവന്നിരുന്നു. വയലുകൾ പല പ്രാവശ്യം ഉഴുത് മറിച്ചും, തൊടികളിൽ വരമ്പിട്ട് കിളച്ചും തട്ടി പൂലടക്കിയും മണ്ണ് സംരക്ഷണം നടത്തിയിരുന്നു. ഇന്ന് ഇതൊക്കെ നാമമാത്രമായി മാത്രമേ നടക്കുന്നുള്ളൂ. നീർത്തടം അടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനം കാര്യക്ഷമമായി നടക്കേണ്ടതുണ്ട്.

## നഴ്സറികൾ

കടമ്പേരിയിലെ ഗവ: അംഗീകൃത നഴ്സറിയും, പറശ്ശിനിക്കടവിലെ ഒരു സ്വകാര്യ നഴ്സറിയും, നടീൽ വസ്തുക്കളും പൂച്ചെടികളും ഉൽപാദിപ്പിക്കുന്നുണ്ട്. എന്നാൽ ഇവിടുത്തെ ഉൽപാദനം ആവശ്യത്തിന് തികയുന്നില്ല. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ ആവശ്യക്കാർക്ക് കിട്ടത്തക്കവിധം ക്രമീകരിക്കേണ്ടതുണ്ട്.

## വളം ഉപഭോഗം

തൊഴിലാളി ലഭ്യതക്കുറവും കൂലിവർദ്ധനവും മൂലം പച്ചിലവളങ്ങൾ ശേഖരിക്കാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. മറ്റ് ജൈവ വളങ്ങൾ ആവശ്യാനുസരണം കിട്ടാനുമില്ല. ഈ കാരണങ്ങളാൽ രാസ വളങ്ങൾ കൂടുതലായി ഉപയോഗിക്കേണ്ടി വരുന്നു. തന്മൂലം മണ്ണിൻെറ ഘടന തകരാറിലായി ഉൽപാദന ക്ഷമത കുറഞ്ഞുവരാൻ ഇടയായി. ശാസ്ത്രീയ രീതിയിൽ വളപ്രയോഗം നടത്തുന്നതിന് യഥാസമയം മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തതിർത്തിയിലെ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്ത വളം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു. ഇതിനും പുറമെ ഇവിടെ വേണ്ടത്ര ലഭിക്കാത്തതിനാൽ തളിപ്പറമ്പ്, പുതിയതെരു എന്നീ കേന്ദ്രങ്ങളിൽ നിന്നും ആളുകൾ രാസവളം വാങ്ങി ഉപയോഗിച്ചുവരുന്നുണ്ട്.

പട്ടിക - 8

| വർഷം | മെട്രിക് ടൺ നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാസ്യം | ആകെ |
|---|---|---|---|---|
| 1987 | 34.16 | 18,12 | 25,65 | 73.93 |
| 1988 | 46.65 | 19.25 | 80.50 | 146.40 |
| 1989 | 51.85 | 22.95 | 90.50 | 165.30 |
| 1990 | 53.80 | 25.90 | 91.50 | 171.20 |
| 1991 | 55.00 | 30.90 | 95 | 180.90 |
| 1992 | 60 | 40 | 105 | 205 |
| 1993 | 65 | 60.50 | 110 | 235.5 |
| 1994 | 85 | 80 | 120 | 285 |
| 1995 | 90 | 120 | 145 | 355 |

രാസവളം ഉപഭോഗത്തിൽ വർഷം തോറും ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട് എന്നാണ് ഈകണക്ക് സൂചിപ്പിക്കുന്നത്. ജൈവവളം ഉപഭോഗം വർദ്ധിപ്പിക്കാത്ത പക്ഷം ഇത് കാർഷിക രംഗത്ത് തിരിച്ചടിക്കിടയാക്കും.

## കാർഷിക രോഗങ്ങൾ

കാർഷികരോഗങ്ങൾ തുലോം കുറവായിരുന്ന കൃഷിയിടങ്ങളിൽ അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗവും ശാസ്ത്രീയ കൃഷി രീതിയുടെ അഭാവവും മൂലം നെല്ലിന് പുഴുബാധയും, പോളചീയൽ , കുലവാട്ടം എന്നീ രോഗങ്ങളും അനുഭവപ്പെടുന്നു. തെങ്ങിന് കറ്ചാട്ടം, കൂമ്പുചീയൽ, കവുങ്ങിന് മഹാളി, തിരിമുട്ടൽ, കുരുമുളകിന് ധ്രുതവാട്ടം, കശുമാവിന് പുഴുശല്യം മൂലമുള്ള ഉണക്കം എന്നിവ, വ്യാപകമായി കണ്ടുവരുന്നു. ഇവക്കെതിരെ കീടനാശിനികളും കുമിൾനാശിനികളും ഉപയോഗിച്ച് വരുന്നുണ്ടെങ്കിലും ശാസ്ത്രീയ രീതിയിലല്ലാത്തതിനാൽ വേണ്ട ഫലം ചെയ്യുന്നില്ല.

പഞ്ചായത്തതിർത്തിയിൽ വിതരണം ചെയ്യുന്ന കീടനാശിനികളുടെ വിവരം

പട്ടിക - 9

| വർഷം | ദ്രാവക കീടനാശിനി - ലിറ്റർ | ഖര കീടനാശിനി - കി.ഗ്രാം |
|---|---|---|
| 1987 | 180 | 130 |
| 1988 | 185 | 220 |
| 1989 | 195 | 324 |
| 1990 | 225 | 350 |
| 1991 | 250 | 600 |
| 1992 | 260 | 650 |
| 1993 | 212 | 600 |
| 1994 | 308 | 650 |
| 1995 | 368 | 750 |

കീടനാശിനികളുടെ ഉപയോഗവും വർഷം തോറും വർദ്ധിച്ചുവരുന്ന പ്രവണതയാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. ശാസ്ത്രീയ രീതിയിൽ ഉപയോഗിക്കാത്തത് കൊണ്ട്, മത്സ്യസമ്പത്തിനും ഉപകാരികളായ കീടങ്ങൾക്കും ഹാനികരമായിത്തീരുന്നുണ്ട്. പരിസരത്തിന്ന് ഹാനികരമാകാത്ത, കീട നിയന്ത്രണ മാർഗ്ഗങ്ങൾ വ്യാപകമാക്കേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

### കൃഷിഭവൻ

പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യത്തിലായി ബക്കളത്താണ് കൃഷിഭവൻ സ്ഥിതിചെയ്യുന്നത്. ഇവിടെ കൃഷി ആഫീസറും, മൂന്ന് കൃഷി അസിസ്റ്റൻറുമാരും പ്രവൃത്തിചെയ്യുന്നു. പരിശീലനം ലഭിച്ച കൃഷിഭവൻ സ്റ്റാഫിന്റെ സേവനം പൂർണ്ണമായി കൃഷിക്കാർക്ക് ലഭിക്കത്തക്ക ക്രമീകരണം ചെയ്യേണ്ടതുണ്ട്. കൃഷിഭവൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ എല്ലാ കൃഷിക്കാർക്കും കിട്ടേണ്ടതുണ്ട്.

### പാടശേഖര സമിതികൾ

ഈ പഞ്ചായത്തിൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ 8 പാടശേഖര സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. നെൽകൃഷി രംഗത്ത് മാത്രമാണ് ഇവ പ്രവർത്തിച്ചുവരുന്നത്. ഇവയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറഞ്ഞുകൂട. പാടശേഖര സമിതികളുടെ പേർ വിവരം ഇവിടെ പറയുന്നു.

1 മുതുവാനി പാടശേഖര സമിതി
2 മോറാഴ വയൽ " "
3 കാനൂൽ വെള്ളരിച്ചാൽ " "
4 പീലേരി വയൽ " "
5 ചേര, പാന്തോട്ടം " "
6 ആന്തൂർ വയൽ " "
7 കോടല്ലൂർ, നണിച്ചേരി " "
8 കണിച്ചേരി വയൽ " "

കൂടാതെ രജിസ്റ്റർ ചെയ്ത ഒരു കേര വികസന സമിതിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ കേരവികസന സമിതി രൂപം കൊണ്ടത് ഓരോ വാർഡിലും മുന്നേ ഉണ്ടായിരുന്ന റജിസ്റ്റർ ചെയ്ത കേര സംരക്ഷണ സമിതികളെ പാടേ അവഗണിച്ചുകൊണ്ടായിരുന്നു. അതുകൊണ്ട് മുന്നേ ഉണ്ടായിരുന്ന സംവിധാനം നിലച്ചുപോയി. പാടശേഖരസമിതികളുടെ പ്രവർത്തനം നെൽകൃഷിയിൽ മാത്രം ഒതുങ്ങാതെ വാഴ, പച്ചക്കറി, പയർ, കൃഷി രംഗങ്ങളിലും വ്യാപിക്കേണ്ടതുണ്ട്.

### കാർഷികോപകരണങ്ങൾ

1995 വരെ പാട ശേഖര സമിതികൾക്കായി കൃഷിഭവൻ മുഖേന 6 പവർ ട്രില്ലറുകളും ഒരു മെതിയന്ത്രവും വിതരണം ചെയ്തിട്ടുണ്ട്. കൃഷിക്കാർക്കായി 22 റോക്കർ സ്പ്രേയറുകൾ, 30 നാപ്സാക്ക് സ്പ്രേയറുകൾ, 2 പവർ സ്പ്രേയറുകൾ 8 തെങ്ങ് കയറ്റ യന്ത്രങ്ങൾ 132 മമ്മട്ടികൾ, 132 പിക്കാസുകൾ, 53 കത്തിവാളുകൾ, 106 അലൂമിനിയം പാത്രങ്ങൾ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. കൃഷിക്കാർക്ക് ആവശ്യമുള്ള യന്ത്രോപകരണങ്ങൾ കിട്ടാനും, അവയുടെ റിപ്പയറിങ്ങിനും സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

## കൂലിനിരക്ക് - സേവനവ്യവസ്ഥ

ഏകീകരിച്ച കൂലിനിരക്ക് ഈ പഞ്ചായത്തിൽ നിലവിലില്ല. ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു.

പട്ടിക - 10 - കൂലി

| തൊഴിൽ | ജോലിസമയം (മണിക്കൂറിൽ) | ശരാശരി കൂലി നിരക്ക് | |
|---|---|---|---|
| | | പു. രൂപ | സ്ത്രീ രൂപ |
| കിളക്കൽ | 8 | 80 | - |
| ഞാറുനടൽ | 7.5 | - | 35 |
| കളവറി | 7.5 | - | 35 |
| തേങ്ങയിടൽ | 4.5 | 100 | - |
| കൊയ്ത്ത് | 8 | - | 10 സേർ നെല്ല് |

ഇതിന് പുറമേ തൊഴിലാളികൾക്ക് ഭക്ഷണവും നൽകി വരുന്നു. മറ്റ് തൊഴിൽ മേഖലകളിൽ ലഭിക്കുന്ന കൂലിയുമായി താരതമ്യപ്പെടുത്തിയാൽ കാർഷിക മേഖലയിൽ താഴ്ന്ന കൂലി നിരക്കാണ് നിലവിലുള്ളത്. പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികൾക്ക് കൂലി വളരെ കുറവാണെന്ന് കാണാം. എന്നാൽ കൃഷിക്കാരെ സംബന്ധിച്ചേടത്തോളം ഇന്നുള്ള കൂലി നിരക്ക് തന്നെ താങ്ങാൻ കഴിയാത്തതാണ്.

## വിപണന സൗകര്യം

കാർഷിക മേഖലയിലെ ഉൽപന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൽ പ്രത്യേക സൗകര്യം ഒന്നും തന്നെയില്ല. അടുത്തുള്ള തളിപ്പറമ്പ് മുൻസിപ്പാലിറ്റി പ്രദേശത്തെയാണ് വിപണനത്തിന് പ്രധാനമായും ആശ്രയിക്കുന്നത്. മരച്ചീനി, കരിമ്പ്, കായ തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടുന്നതിനുതകുന്ന സഹകരണ സ്ഥാപനങ്ങൾ നിലവിലില്ല.

## വിത്ത് - വായ്പ

കൃഷിഭവൻ വഴി വിതരണം ചെയ്യപ്പെടുന്ന വിത്തുകളും, പ്രാദേശികമായി ലഭിക്കുന്ന വിത്തുകളും ഉപയോഗിച്ചാണ് കൃഷി നടക്കുന്നത്.

കാർഷിക വായ്പക്കായി പഞ്ചായത്തിനകത്തുള്ള മോറാഴ കല്ല്യാശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്, പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബേങ്കിൻെറ ബക്കളം, പാപ്പിനിശ്ശേരി ശാഖകൾ, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ ധർമ്മശാല ശാഖയും, സിൻഡിക്കേറ്റ് ബാങ്കിൻെറ മാങ്ങാട്ടുപറമ്പ് ശാഖ എന്നീ സ്ഥാപനങ്ങളേയാണ് കൃഷിക്കാർ ആശ്രയിക്കുന്നത്. ഉദാരമായ വ്യവസ്ഥകളിലും, ചുരുങ്ങിയ പലിശനിരക്കിലും കാർഷികവായ്പ ലഭ്യമാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ പുന്നക്കുളങ്ങര, കടമ്പേരി, തലവിൽ എന്നിവിടങ്ങളിലായി മൂന്ന് വെൻറഡ് ക്രോസ് ബാറുകൾ (വി.സി.ബി.) നിലവിലുണ്ട്. ഇതിൽ പുന്നക്കുളങ്ങര വി.സി.ബി. തകർന്ന നിലയിലാണുള്ളത്.

2 ഉപ്പുവെള്ളം തടയാൻ കാനൂൽ, ഇടപ്പാറ, നരിയാടി, മുണ്ടയാട് എന്നിവിടങ്ങളിലായി നാല് റഗുലേറ്ററുകൾ ഉണ്ട്. അതിൽ മുണ്ടയാട് റഗുലേറ്റർ മാത്രമാണ് ഉപയോഗത്തിലുള്ളത്. ബാക്കി എല്ലാം തകർന്ന നിലയിലാണ്.

3 ഇന്ന് കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. കൂലിക്കുറവും തൊഴിൽ ദിനങ്ങളുടെ കുറവും ആണ് ഇതിന് പ്രധാന കാരണം.

4 കൂലിയും വളത്തിൻെറ വിലയും അടിക്കടി വർദ്ധിച്ചുവരുന്നു.

5 മണ്ണ് വേണ്ടത്ര ഫലപുഷ്ടിയുള്ളതല്ല.

6 കൃഷി പ്രായേണ നഷ്ടമാണ്.

7 കൃഷി മുഖ്യതൊഴിലായുള്ളവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്.

8 ഭൂരിപക്ഷം കൃഷിക്കാരും ഉപതൊഴിൽ എന്ന നിലയിലാണ കൃഷി നടത്തുന്നത്.

9 സർക്കാർ കൃഷി അഭിവൃദ്ധിപ്പെടുത്താൻ പ്രഖ്യാപിക്കുന്ന മിക്ക പദ്ധതികളും പെട്ടെന്ന് നിലച്ചുപോകുന്നു. തുടർ പ്രവർത്തനം ഉണ്ടാകുന്നില്ല.

10 മണ്ണ് പരിശോധനയുടെ ആവശ്യകത എല്ലാ കൃഷിക്കാർക്കും ബോധ്യപ്പെട്ടിട്ടില്ല. മുൻ വർഷങ്ങളിൽ പരിശോധനക്ക് നൽകിയ മണ്ണ് സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

11 വിള ഇൻഷുറൻസിനെപ്പറ്റി കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.

12 നിലവിലുള്ള ഇൻഷുറൻസ് ആനുകൂല്യം കീടബാധ, രോഗം ഇവമൂലം നശിക്കുന്ന വിളകൾക്ക് കിട്ടുന്നില്ല.

13 എല്ലാ വാർഡുകളിലും കൃഷിഭൂമി തരിശിടുന്ന പ്രശ്നമുണ്ട്.

14 നെല്ലിന് കുലവാട്ടം, പോളചീയൽ, തെങ്ങിന് കൂമ്പുചീയൽ, കറചാട്ടം, കവുങ്ങിന് മഹാളി, തിരിമുട്ടൽ, കുരുമുളകിന് ദ്രുതവാട്ടം കശുമാവിന് പുഴുശല്യം മൂലമുള്ള ഉണക്കം എന്നിവ വ്യാപകമായി കാണപ്പെടുന്നു.

15 ഉഴവ് കാളകളുടെ എണ്ണം കുറഞ്ഞുവരുന്നു. പകരം ടില്ലർ ഉപയോഗിച്ചാണ് നിലം ഉഴുന്നത്. 2,3,4,8, വാർഡുകളിൽ ട്രില്ലറിൻെറ ലഭ്യതക്കുറവ് മൂലം വേണ്ട സമയത്ത് ഉഴാൻ സാധിക്കാതെ വരുന്നു. ഇത് കൃഷിപ്പണി വൈകാനും നഷ്ടം സംഭവിക്കാനും ഇടവരുത്തുന്നു.

16 കൃഷിഭവൻെറ പ്രവർത്തനം എല്ലാ കൃഷിക്കാരിലും എത്തുന്നില്ല.
17 സങ്കരയിനം വിത്തുകൾ, നടീൽ വസ്തുക്കൾ ഇവ വേണ്ട സമയത്ത് വേണ്ട അളവിൽ നൽകാൻ കൃഷിഭവന് സാധിക്കുന്നില്ല.
18 മുളക്കാത്ത പഴയ വത്തുകളാണ് പലപ്പോഴും വിതരണം ചെയ്യുന്നത്.
19 കർഷകന് ജൈവവളം, രാസവളം, കീടനാശിനി, ഇവയുടെ ശാസ്ത്രീയമായ ഉപയോഗത്തെക്കുറിച്ച് അറിവില്ല.
20 വേണ്ടത്ര ജൈവവളം കിട്ടാനില്ല.
21 വളപട്ടണം പുഴയിൽ നണിച്ചേരി, കോൾത്തുരുത്തി, കോടല്ലൂർ, കൊവ്വൽ, കമ്പിൽക്കടവ്, നരിയാടി ഭാഗങ്ങളിലും കുറ്റിക്കോൽ പുഴയിൽ പീലേരി, കാനൂൽ എന്നിവിടങ്ങളിലും കരയിടിച്ചിൽ രൂക്ഷമാണ്.
22 മണൽ വാരുന്നത് മൂലം 6ാം വാർഡിൽ പഞ്ചായത്ത് അധീനതയിലുള്ള നാല് ഏക്കറോളം പുറമ്പോക്ക് ഭൂമി ഇല്ലാതായിട്ടുണ്ട്.
23 ബക്കളം, പീലേരി, കാനൂൽ, ആന്തൂർ വയലുകളിൽ ട്രില്ലർ കൊണ്ടുപോകാൻ സൗകര്യമില്ല.
24 മുതുവാനി കുന്നിൻ പ്രദേശത്ത് നിന്ന് ചേടിമണ്ണ് എടുക്കുന്നതിനാൽ ശക്തിയായ മണ്ണൊലിപ്പ് മൂലം കൃഷി നശിക്കാൻ ഇടയാക്കുന്നു.
25 പാടശേഖര സമിതികൾ മിക്കതും സബ്സിഡി വിതരണ ഏജൻസികൾ മാത്രമായാണ് പ്രവർത്തിക്കുന്നത്.
26 കാർഷിക സബ്സിഡി നാമമാത്രമായതുകൊണ്ട് വർദ്ധിച്ചുവരുന്ന കൃഷിച്ചെലവ് താങ്ങാൻ കഴിയുന്നില്ല.
27 നെൽകൃഷിയുടെ 94-95, 95-96 വർഷങ്ങളിലെ രണ്ടാം വിള സബ്സിഡി ലഭിച്ചില്ല.
28 ബക്കളം, പീലേരി വയലുകളിലും, കോൾ വയലിൽ മൂസാൻകുന്ന് മുതൽ മുണ്ടയാട്ട് വരെയും ഒന്നാം വിളക്ക് നീർക്കെട്ട് പ്രശ്നമുണ്ട്.
29 പച്ചക്കറി കൃഷി കുറഞ്ഞുവരുന്നു.
30 തോട്ടിൽ നിന്ന് മണ്ണ് എടുത്ത് തെങ്ങിനും മറ്റും ഇടുന്നത് മൂലം ആന്തൂർ, വെള്ളരിച്ചാൽ വയലുകളിൽ വെള്ളം തോട്ടിലേക്ക് ഊർന്നിറങ്ങി രണ്ടാം വിള നെൽകൃഷി ഉണങ്ങിപ്പോകുന്നു.
31 പരമ്പരാഗത നെൽവിത്തുകൾ നാശോൻമുഖമായി വരികയാണ്.
32 കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ വില കിട്ടുന്നില്ല.
33 വിപണനത്തിന് പഞ്ചായത്തിൽ വേണ്ടത്ര സൗകര്യങ്ങളില്ല.
34 കെട്ടിട നിർമ്മാണത്തിന് വയലുകൾ നികത്തപ്പെടുന്ന സ്ഥിതിയുണ്ട്.
35 ഭൂമി തുണ്ടുകളായി കിടക്കുന്നതിനാൽ കൃഷിപ്പണി ചെയ്യാൻ പ്രയാസം നേരിടുന്നു.
36 കൂൺ കൃഷി, പൂക്കൃഷി, ഔഷധക്കൃഷി ഇവയെപ്പറ്റി കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.
37 6-ാം വാർഡിലെ നൂറിലധികം പുരയിടങ്ങളിൽ കാട്ടുകുരങ്ങുകളുടെ ശല്യം അനുഭവപ്പെടുന്നുണ്ട്.
38 വളം കൊണ്ടു പോകാനും കറ്റകൊണ്ടുവരാനും ആന്തൂർ വയലിലും കാനൂൽ വയലിലും റോഡ് സൗകര്യമില്ല.

## *സാദ്ധ്യതകൾ*

1 തകർന്ന നിലയിലുള്ള പുന്നക്കുളങ്ങര വി.സി.ബി. പുതുക്കിപ്പണിത് രണ്ടാം വിള നെൽകൃഷിക്ക് വെള്ളം ലഭ്യമാക്കണം.
2 ഉപ്പുവെള്ളം തടയാനായി നിർമ്മിച്ച തകർന്ന നിലയിലുള്ള കാനൂൽ, ഇടപ്പാറ, നരിയാടി, റഗുലേറ്ററുകൾ പുതുക്കിപ്പണിയണം. ഇടപ്പാറ റഗുലേറ്റർ വയലുകളിൽ ഉപ്പ് വെള്ളം തടയാൻ മാത്രമല്ല കിണറുകളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും പ്രയോജനപ്പെടും.
3 ഇടപ്പാറ തോട് കുട്ടഞ്ചേരി തോട്, മോറാഴ അമ്പലം കര തോട്, പുന്ന ക്കുളങ്ങര തോട് വെള്ളരിച്ചാൽ തോട്, കടമ്പേരി തോട്, പുന്നക്കുളങ്ങര തൊട്, വെള്ളരിച്ചാൽ തോട് കടമ്പേരി തോട്, കാനത്തിൽ നരിയാടി തോട്, എന്നിവയിൽ തുലാവർഷം തീരുന്നതിനു മുൻപായി താൽക്കാലിക തടയണകൾ കെട്ടി രണ്ടാം വിളക്ക് വെള്ളം ലഭ്യമാക്കണം.
4 ആന്തൂർ വയലിലെ തോട്, വെള്ളരിച്ചാൽ തോട് എന്നിവയിൽ നിന്ന് മണ്ണെടുത്ത് ആഴം കൂട്ടുന്നത് തടയണം.
5 2 ഏക്കർ 98 സെൻറ് വിസ്തൃതിയുള്ള കുഞ്ഞുകുളത്തിൻെറ തെക്ക് ഭാഗം ഉയരം കൂട്ടി ജലസംഭരണ ശേഷി കൂട്ടണം. ജലസേചനം നടത്താനും സമീപപ്രദേശങ്ങളിലെ കിണറുകളിൽ ജലവിതാനം ഉയരത്താനും ഉപകരിക്കും.
6 കുഞ്ഞുകുളത്തിൽ മത്സ്യം വളർത്താനുള്ള സാധ്യത പരിശോധിക്കണം.
7 പുഴയിൽ ഉപ്പുവെള്ളം കയറുന്നതിനു മുൻപേ വെള്ളം പമ്പ് ചെയ്ത് ആയിരം ചാലിൽ സംഭരിച്ച് ജലസേചന സൗകര്യം ഉണ്ടാക്കണം. പച്ചക്കറി കൃഷി വർദ്ധിപ്പിക്കാനും ഇത് സഹായകരമാണ്.
8 മണ്ണു നിറഞ്ഞു കിടക്കുന്ന അധികുളങ്ങര കുളം (87 സെൻറ്) മണ്ണ് മാറ്റി ജലസേചനത്തിനും മത്സ്യം വളർത്താനും പ്രയോജനപ്പെടുത്തണം.
9 ബക്കളം വയലിനു ചുറ്റുമുള്ള 3കുളങ്ങളും ജലസേചന സൗകര്യമുള്ളതാക്കി ഒന്നാം വിള നെൽകൃഷിക്കു ശേഷം പച്ചക്കറി കൃഷി ചെയ്യാൻ പ്രയോജനപ്പെടുത്തണം.
10 കല്ലിങ്കീൽ, പണ്ണേരി വയൽ, കുറ്റിപ്രത്ത് വയൽ, പീലേരി വയൽ (പടിഞ്ഞാറ്), കണിച്ചേരി വയൽ എന്നിവിടങ്ങളിൽ പുതുതായി കുളം കുഴിച്ച് പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കണം.
11 ചേര, കുമ്മനാട്ട്, കുട്ടഞ്ചേരി, നെകലേരി, നടകുറ്റ്യാടി (തൂപ്പിൽ), നണിച്ചേരി, കുറ്റിയിൽ എന്നിവിടങ്ങളിലെ കുളങ്ങൾ റിപ്പയർ ചെയ്ത് ജലസേചന സൗകര്യം ഉണ്ടാക്കണം.

12 കാർഷിക വൃത്തിയോടുള്ള ജനങ്ങളുടെ മനോഭാവം മാറ്റാൻ സംഘടിതമായി യുവജനങ്ങളെ വയലിലിറക്കാനുള്ള പദ്ധതി ഉണ്ടാകണം. തൊഴിൽ രഹിതരുടെ രജിസ്ട്രേഡ് സംഘം ഉണ്ടാക്കുകയും അവർക്ക് ശമ്പള വ്യവസ്ഥ ഏർപ്പെടുത്തുകയും വേണം. ഇവരുടെ വേതനത്തിനായി സർക്കാർ സഹായം നൽകണം.

13 കൃഷി തുടങ്ങിയ തൊഴിലുകളിൽ ആഭിമുഖ്യം വളർത്തുന്നതിനും പ്രായോഗിക പരിശീലനം നൽകുന്നതിനും ആവശ്യമായ പാഠഭാഗങ്ങൾ പ്രൈമറി തലം തൊട്ട് സ്കൂൾ സിലബസിൽ ഉൾപ്പെടുത്തണം.

14 എല്ലാ കൃഷി സ്ഥലങ്ങളിലെയും മണ്ണ് പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗത്തിന് സൗകര്യം ഉണ്ടാക്കണം

15 വിള ഇൻഷുറൻസ് പദ്ധതി എല്ലാ വിധത്തിലുമുള്ള വിള നാശത്തിനും ബാധകമാക്കണം.

16 സസ്യസംരക്ഷണ നടപടിയും വളപ്രയോഗവും ഗ്രൂപ്പ് ഫാമിംഗ് വഴി നടപ്പിലാക്കി അധികച്ചെലവ് ഒഴിവാക്കണം.

17 തരിശിടുന്ന നെൽവയൽ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ പാടശേഖര സമിതിക്കാരെ കൃഷിചെയ്യാൻ ഏൽപ്പിക്കണം.

18 ഒന്നാം വിളക്ക് ശേഷം ബക്കളം, കുറ്റിക്കോൽ, പുലിയേങ്ങ വയലുകളിലും രണ്ടാം വിളക്കശേഷം ആന്തൂർ വയലിൽ കുറ്റിയിലും കണിച്ചേരി വയലിലും പച്ചക്കറി കൃഷിക്കുള്ള സാധ്യത ഉപയോഗപ്പെടുത്തണം.

19 പവർടില്ലറുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ടും 2,3,4,5, വാർഡുകളിൽ പാടശേഖര സമിതിക്ക് ഓരോ ടില്ലറുകൾ കൂടി സബ്സിഡി നിരക്കിൽ പുതതായി അനുവദിക്കണം.

20 കൃഷിഭവൻ മുഖേന കൊടുക്കുന്ന വത്തുകളും നടീൽ വസ്തുക്കളും യഥാസമയം കിട്ടാൻ സൗകര്യമുണ്ടാക്കണം. പാടശേഖരസമിതി വഴി വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യുന്ന സ്ഥിതി ഉണ്ടാക്കണം.

21 ജൈവവളം,രാസവളം കീടനാശിനി ഇവ ഉപയോഗിക്കുന്നുതിൽ കൃഷിക്കാർക്ക് വേണ്ട പരിശീലനം നൽകാൻ കൃഷിഭവൻ ഉദ്യോഗസ്ഥർ പാടങ്ങളിലിറങ്ങണം.

22 കടമ്പേരി, ആന്തൂർ, കാനൂൽ, ബക്കളം വയലുകളിൽ ടില്ലർ കൊണ്ടു പോകാനുള്ള വീതി കൂടിയ നടവരമ്പുകൾ ഉണ്ടാക്കണം. ആന്തൂർ വയലിൽ ടില്ലർ കൊണ്ടുപോകാൻ തോടിന് കുറുകെ പാലങ്ങളും നിർമ്മിക്കണം.

23 വളപട്ടണം പുഴയിൽ നണിച്ചേരി, കോടല്ലൂർ, കോൾത്തുരുത്തി, കൊവ്വൽ, കമ്പിൽക്കടവ്, നരിയാടി ഭാഗങ്ങളിലും കുറ്റിക്കോൽ പുഴയിൽ പീലേരി, കാനൂൽ എന്നിവിടങ്ങളിലും കരയിടിച്ചിൽ ഒഴിവാക്കുന്നതിന് ഭിത്തികെട്ടി സംരക്ഷിക്കേണ്ടതാണ്.

24 6ാം വാർഡിൽ പഞ്ചായത്തധീനതയിലുള്ള നാല് ഏക്കറോളം പുറമ്പോക്ക് ഭൂമി മണൽ വാരൽ മൂലം ഇല്ലാതായ സാഹചര്യത്തിൽ അവിടെനിന്ന് മണൽ വാരുന്നത് പഞ്ചായത്ത് നിരോധിക്കണം.

25 കരയിൽ നിന്ന് നിശ്ചിത ദൂരപരിധിക്ക് പുറത്ത് നിന്ന് മാത്രമേ മണൽ വാരുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം.

26 പുഴയിൽ നിന്ന് തോട്ടയിട്ട് മീൻ പിടിക്കുന്നത് കരയടിച്ചിലിന് കാരണമാകുന്നതുകൊണ്ട് ഇത് നിയമം മൂലവും സാമൂഹ്യ ഇടപെടലിലൂടെയും ഇല്ലാതാക്കേണ്ടതാണ്.

27 പീലേരി വയലിലെ നീർക്കെട്ട് ഒഴിവാക്കുന്നതിന് ചിറാക്കൽ തോടിന് ആഴം കൂട്ടണം.

28 ബക്കളം വയലിലെ നീർക്കെട്ട് ഒഴിവാക്കാൻ പുതുതായി തോട് ഉണ്ടാക്കേണ്ടതാണ്.

29 വിത്തും, വളവും സൗജന്യമായി നൽകിക്കൊണ്ട് വേനൽക്കാല പച്ചക്കറി കൃഷി വ്യാപകമാക്കാനുള്ള പ്രവർത്തനം ഉണ്ടാക്കണം.

30 പരമ്പരാഗത നെൽവിത്തുകൾ സംരക്ഷിക്കുന്നവർക്ക് കൃഷിഭവൻ വഴി പ്രത്യേകം സഹായം നൽകണം.

31 കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഉൽപന്നങ്ങളും വിറ്റഴിക്കുന്നതിന് ആഴ്ച ചന്തക്കുള്ള സൗകര്യം ഉണ്ടാക്കണം.

32 വയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്നത് നിയമവിരുദ്ധമാക്കണം. അത്തരം കെട്ടിട നിർമ്മാണം നിരുത്സാഹപ്പെടുത്തണം.

33 പൂക്കൃഷി, ഔഷധകൃഷി, കൂൺകൃഷി, തേനീച്ച കൃഷി, മത്സ്യകൃഷി എന്നിവക്ക് പഞ്ചായത്തിലുള്ള സാധ്യത പ്രയോജനപ്പെടുത്തണം

34 ഈർച്ചപ്പൊടി, ചകരിച്ചോറ്, ഇവ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കാനുള്ള സാധ്യത പരീക്ഷിച്ചു നോക്കേണ്ടതാണ്.

35 വളം കൊണ്ടു പോകാനും കറ്റ കൊണ്ടുവരാനും ആന്തൂർ വയലിലും കാനൂൽ വയലിലും റോഡ് ഉണ്ടാക്കണം.



# മൃഗ സംരക്ഷണം – മത്സ്യബന്ധനം

### മൃഗസംരക്ഷണം

നിരവധി കുന്നിൻ പ്രദേശങ്ങളും അവയ്ക്കിടയിൽ വിശാലമായ നെൽവയലുകളും നിറഞ്ഞ ഭൂവിഭാഗമാണ് ആന്തൂർപഞ്ചായത്ത്. അതുകൊണ്ട് തന്നെ കാർഷിക വൃത്തിയോടൊപ്പം കന്നുകാലിവളർത്തലും ഇവിടെ മുഖ്യമായി നടന്നിരുന്നു. കൃഷിക്കാവശ്യമായ ജൈവവളം കന്നുകാലി വളർത്തലിൽ നിന്നാണ് സ്വരൂപിച്ചിരുന്നത്. പണ്ടൊക്കെ കന്നുകാലികളെ അഴിച്ചുവിട്ട് മേയ്ക്കുന്ന പതിവാണുണ്ടായിരുന്നത്. കോൾമൊട്ട മുതൽ നീലിയാർ കോട്ടം വരെയുള്ള വിശാലമായ പുറമ്പോക്ക് ഭൂമിയാണ് കാലികളെ മേയ്ക്കാൻ ഉപയോഗിച്ചിരുന്നത്. നൂറുകണക്കിന് കാലികൾ മേഞ്ഞുനടന്നിരുന്നതിനാൽ ചാണകം വാരുന്നതിന് സ്ത്രീകൾ പുലർച്ചക്കുതന്നെ ഓലച്ചൂട്ടുമായി എത്തിയിരുന്നു. ഇടയ്ക്കൊക്കെ പശുവിനെ പുലി പിടിച്ചു തിന്നതിന്റെ അവശിഷ്ടങ്ങളും കാണാറുണ്ടായിരുന്നു. കാലികളെ മേയ്ക്കുന്നവർക്ക് തുച്ഛമായ കൂലികൊടുത്താൽ വീടുകളിൽ വന്ന് കാലികളെ കൊണ്ടുപോകുകയും വൈകുന്നേരം തിരിച്ചെത്തിക്കുകയും ചെയ്തിരുന്നു. സമൃദ്ധമായി വളരുന്ന പുല്ല് തിന്ന് തടിച്ചുകൊഴുത്ത പശുക്കൾക്ക് അല്പം തവിട് കലക്കിയ വെള്ളം മാത്രമേ അന്നൊക്കെ കൊടുക്കേണ്ടിയിരുന്നുള്ളൂ.

കിടാരികളെ (കടിച്ചി) പോറ്റാൻ വാങ്ങുന്ന സമ്പ്രദായവും പണ്ടുണ്ടായിരുന്നു . സ്വന്തമായി പശുവിനെ വാങ്ങാൻ സാമ്പത്തികശേഷിയില്ലാത്തവരാണ് ഇങ്ങനെ ചെയ്തിരുന്നത്. ആദ്യ പ്രസവത്തിലെ കറവയും കുഞ്ഞും പോറ്റുന്നവർക്കുള്ളതാണ്. അതുകൊണ്ടുതന്നെ ഒന്നാം പ്രസവത്തിലെ കുഞ്ഞ് കടിച്ചിക്കുട്ടിയായിക്കിട്ടാൻ ശ്രീ കൃഷ്ണ ക്ഷേത്രങ്ങളിൽ 'കാളയെടുത്തൊപ്പിക്കാൻ നേർച്ച കൂട്ടുന്ന രീതിയും അന്നുണ്ടായിരുന്നു. രണ്ടാമത്തെ പ്രസവത്തോടെ തള്ളപ്പശുവിനെയും കുഞ്ഞിനെയും ഉടമസ്ഥന് തിരികെ നൽകുന്നു. ആദ്യകാലത്ത് താഴ്ന്ന ജാതിക്കാർക്ക് പശുവിനെ പോറ്റാമെങ്കിലും കറക്കാൻ പാടില്ലായിരുന്നു. അതുകൊണ്ടുതന്നെ പ്രസവിച്ചാൽ ഉയർന്ന ജാതിക്കാർക്ക് ദാനം നൽകുന്ന രീതിയും ഉണ്ടായിരുന്നു.

നെൽവയലുകൾ പൂട്ടുന്നതിനും, വണ്ടിവലിക്കുന്നതിനും, എണ്ണയാട്ടുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു. കർണ്ണാടകത്തിലെ സുബ്രഹ്മണ്യത്തു നിന്നും മറ്റും കാളകളെ കൊണ്ടുവന്ന് മാങ്ങാട്ടു പറമ്പിൽ കാളച്ചന്തയും നടത്തിയിരുന്നു. ആദ്യകാലത്ത് ധാരാളം എരുമയും പോത്തും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. മുസ്ലീം വീടുകളിലാണ് ആടിനെ സ്ഥിരമായി വളർത്തിയിരുന്നത്.

പശുവാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗം. ഇപ്പോഴുള്ള കന്നുകാലികളിൽ പകുതിയിലധികവും സങ്കരയിനമാണ്. ശരിയായ പരിപാലനമില്ലാത്തതിനാൽ അവയുടെ ഉൽപാദനം മെച്ചപ്പെട്ടതല്ല.

പട്ടിക 1 - പശുക്കളുടെ വിവരം

| വാർഡ് | നാടൻ | അത്യുൽപാദന ശേഷിയുള്ളവ | ആകെ | പാലുൽപാദനം പ്രതിമാസത്തിൽ |
|---|---|---|---|---|
| 1 | 137 | 8 | 145 | 8815 ലി. |
| 2 | 117 | 12 | 120 | 3199 ലി. |
| 3 | 121 | 20 | 141 | 3760 ലി. |
| 4 | 180 | 8 | 188 | 2480 ലി. |
| 5 | 251 | 34 | 285 | 6812 ലി. |
| 6 | 207 | 7 | 214 | 2622 ലി. |
| 7 | 44 | 19 | 63 | 4065 ലി. |
| 8 | 86 | 24 | 110 | 6005 ലി. |
| 9 | 75 | 15 | 90 | 3548 ലി. |
| 10 | 106 | 24 | 130 | 2141 ലി. |
| ആകെ | 1324 | 171 | 1495 | 43447 ലി. |

അവലംബം : 1996ലെ പഞ്ചായത്ത് സാമൂഹ്യ സാമ്പത്തിക സർവ്വേ

പട്ടിക - 1 ശ്രദ്ധിച്ചാൽ 5-ാം വാർഡിൽ 285 പശുക്കളുണ്ടെങ്കിലും പാലാൽപാദനം 145 പശുക്കളുള്ള ഒന്നാം വാർഡിലേതിനെക്കാൾ കുറവാണെന്ന് കാണാം. ഒന്നാം വാർഡിൽ മേച്ചിൽ സ്ഥലങ്ങൾ ധാരാളം ഉള്ളതിനാലാണ് ഇത് സംഭവിച്ചിരിക്കുന്നത്.

നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞതും മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും കാലിത്തീറ്റയുടെ വിലവർദ്ധനവും, തീറ്റപ്പുല്ല് വൈക്കോൽ ഇവയുടെ ലഭ്യതക്കുറവും വേണ്ടത്ര ചികിത്സാ സൗകര്യമില്ലായ്മയും കന്നുകാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു. ഉല്പാദനച്ചെലവിനാനുപാതികമായി പാലിന് വില ലഭിക്കാത്തതിനാൽ ഈ രംഗത്തേക്ക് പുതിയ ആളുകൾ വരുന്നില്ല.

കാള, എരുമ, പോത്ത്, ആട് എന്നിവ വളരെ അപൂർവ്വമായി മാത്രമേ ഇപ്പൊൾ വളർത്തുന്നുള്ളൂ. ചില വീടുകളിൽ പട്ടികളെയും വളർത്തുന്നു. ഫാഷൻ ഭ്രമത്തിൽ പുതിയ ഇനം പട്ടികളെ വളർത്തുന്നവരും വിരളമല്ല. അലഞ്ഞുതിരിയുന്ന പട്ടികൾ എല്ലാ ഭാഗത്തുമുണ്ട്. പറശ്ശിനിക്കടവ് ക്ഷേത്ര പരിസരത്ത് ഇവ വളരെ കൂടുതലാണ്. മുത്തപ്പൻ പണ്ട് വേട്ടക്ക് നായ്ക്കളെ ഉപയോഗിച്ചിരുന്നതായാണ് ഐതിഹ്യം. ഇക്കാരണത്താൽ നായ്ക്കളെ വീടുകളിൽ നിന്നും ഒഴിവാക്കുന്നതിന് അവയെ ആളുകൾ പറശ്ശിനിയിൽ കൊണ്ടു വിടുന്നു എന്നുള്ളതാണ് ഇതിന് പ്രധാന കാരണം.

പട്ടിക - 1 (എ)

| വളർത്തുമൃഗങ്ങളും പക്ഷികളും | | | |
|---|---|---|---|
| മൃഗങ്ങളുടെ ഇനം | 1981* | 1987* | 1996 |
| പശു | 943 | 2947 | 1495 |
| കന്നുകുട്ടികൾ | 1110 | - | |
| എരുമ | - | 18 | - |
| കാള, പോത്ത് | 637 | 507 | - |
| ആട് | 332 | 184 | - |
| പട്ടി | - | 258 | - |
| കോഴി | - | 7777 | 3532 |
| താറാവ് | - | 23 | - |
| കലപ്പ | 307 | - | - |
| കാളവണ്ടി | 115 | - | - |

*അവലംബം - 1981-ലെ സെൻസസ് റിപ്പോർട്ട്
*അവലംബം - 1987 ലെ കന്നുകാലി സെൻസസ്

വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും പട്ടിക ശ്രദ്ധിച്ചാൽ എല്ലാ ഇനങ്ങളുടെയും എണ്ണം കുറഞ്ഞുവരുന്നതായി കാണാം.

വിസ്തൃതമായി കിടക്കുന്ന ഈ പഞ്ചായത്തിൽ ധർമ്മശാലയിൽ ഒരു ധർമ്മാശുപത്രിയുണ്ടെങ്കിലും സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമല്ല. അകിടു വീക്കം, കുളമ്പുരോഗം, മുടന്തൻ പനി, പരാദ രോഗങ്ങൾ ധാതു ലവണങ്ങളുടെ അഭാവം കൊണ്ടുള്ള രോഗങ്ങൾ , ദഹന സംബന്ധമായ രോഗങ്ങൾ ഇവയാണ് സാധാരണ ഇവിടെ കാണാറാള്ളത്. ശാസ്ത്രീയമായ തൊഴുത്തില്ലാത്തതും, പശുപരിപാലനത്തെക്കുറിച്ചും, രോഗ പ്രതിരോധ നടപടികളെക്കുറിച്ചുമുള്ള അജ്ഞതയുമാണ് ഇതിന് പ്രധാന കാരണം. അത്യാവശ്യത്തിനു വേണ്ട മരുന്നോ ലബോറട്ടറി സൗകര്യമോ, വാഹനമോ ഇല്ലാത്തതിനാൽ കർഷകർക്ക് ആശുപത്രിയുടെ പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ലാത്തതും, വൈദ്യുതിയില്ലാത്തതും സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. പഞ്ചായത്തിന് വെളിയിലുള്ള കർഷകരും ഈ ആശുപത്രിയെ സമീപിക്കുന്നുണ്ട്.

പട്ടിക - 2 മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്ത രോഗവിവരങ്ങൾ 95-96

| രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | ആകെ |
|---|---|---|---|---|---|
| ദഹനസംബന്ധമായവ | 700 | 12 | 7 | 26 | 745 |
| ശ്വാസകോശ സംബന്ധം | 100 | - | - | 11 | 111 |
| ഉപാപചയ സംബന്ധം | 400 | 9 | 4 | - | 413 |
| ത്വക് രോഗങ്ങൾ | 340 | - | - | 4 | 344 |
| ധാതു ലവണങ്ങളുടെ അഭാവം | 400 | - | 21 | - | 421 |
| പരാദ രോഗങ്ങൾ | 480 | - | - | 16 | 496 |
| പ്രത്യുൽപാദനവുമായി ബന്ധപ്പെട്ടവ | 206 | - | - | - | 206 |
| വന്ധ്യത | 121 | - | 3 | 4 | 128 |
| അകിടുവീക്കം | 99 | - | 16 | - | 115 |
| മുടന്തൻ പനി | 80 | - | - | - | 80 |
| പകർച്ചവ്യാധികൾ | 80 | - | - | 16 | 96 |
| ആകെ | 3006 | 21 | 51 | 77 | 3155 |

പഞ്ചായത്തിൽ മിൽമയുടെ നൈട്രജൻ പ്ലാൻേറാടു കൂടിയ ഒരു റീജിയണൽ ബീജബേങ്ക് പ്രവർത്തിക്കുന്നുണ്ടെങ്കിലും ആശുപത്രിയിൽ നിന്നും ബീജ സങ്കലനം നടത്തുന്നത് ഗുണനിലവാരം കുറഞ്ഞ ബീജമാണെന്ന പരാതി നിലവിലുണ്ട്.

പട്ടിക 3 - കൃത്രിമ ബീജസങ്കലന വിവരങ്ങൾ 95-96

| ഇനം | ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിൽ അധികം തവണ ബീജസങ്കലനം നടത്തിയവ | ആകെ |
|---|---|---|---|
| പശു | 600 | 67 | 667 |
| കിടാരി (കടിച്ചി) | 320 | 98 | 418 |
| ആകെ | 920 | 165 | 1085 |

സങ്കരയിനം പശുക്കളാണ് പഞ്ചായത്തിൽ പകുതിയിലേറെയെങ്കിലും പാലുൽപാദനം ഗണ്യമായി വർദ്ധിച്ചിട്ടില്ല. പഞ്ചായത്തിൽ ആന്തൂരും ബക്കളത്തും ഓരോ ക്ഷീര സഹകരണ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട. ഇവയുടെ കീഴിൽ 11 പാൽ സംഭരണ കേന്ദ്രങ്ങളുണ്ടെങ്കിലും ഇനിയും കേന്ദ്രങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പാൽ വിതരണം പഞ്ചായത്തിനകത്തും സമീപപ്രദേശങ്ങളായ മാങ്ങാട്, അഞ്ചാം പീടിക, വടക്കാഞ്ചേരി, കുറ്റിക്കോൽ എന്നിവിടങ്ങളിലും നടത്തുന്നുണ്ട്. സൈക്കിളിലാണ് പാൽ വിതരണം നടത്തുന്നത്. വിതരണത്തിന് ആവശ്യമായ പാൽ സൊസൈറ്റികൾക്ക് സംഭരിക്കാൻ കഴിയുന്നില്ല. ഉതുകൊണ്ടുതന്നെ മറ്റു കേന്ദ്രങ്ങളിൽ നിന്നുള്ള പാലിനെ സൊസൈറ്റികൾക്ക് ആശ്രയിക്കേണ്ടി വരുന്നു. കാലിത്തീറ്റ വിതരണം നടത്തുന്നുണ്ടെങ്കിലും മിൽമയുടേതുപോലെ ഗുണമേൻമയുള്ള രാലിത്തീറ്റ കിട്ടാത്ത സ്ഥിതിയുണ്ട്.

പട്ടിക 4 - ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| സംഘത്തിന്റെ പേര് | ഉൽപാദകർ | കന്നുകാലികൾ | സംഘത്തിൽ എത്തുന്ന പാൽ | സംഘം വിൽപന നടത്തുന്ന പാൽ |
|---|---|---|---|---|
| ബക്കളം | 240 | 300 | 700 ലി. | 750 ലി. |
| ആന്തൂർ | 130 | 225 | 450 ലി. | 550 ലി. |
| ആകെ | 370 | 525 | 1150 ലി. | 1300 ലി. |

പഞ്ചായത്തിൽ ധാരാളം കന്നുകാലികളുണ്ടെങ്കിലും 8,10 വാർഡുകളിലായി രണ്ട് ഗോബർ ഗ്യാസ് പ്ലാൻറുകൾ മാത്രമാണ് നിലവിലുള്ളത്. 9-ാം വാർഡിൽ ഒരു പ്ലാൻറുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകിയാൽ ഒട്ടേറെ വീടുകളിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ട ഇന്ധനം ഇതുവഴി കണ്ടെത്താൻ കഴിയും. ഗ്യാസ് നിർമ്മിച്ചതിനുശേഷമുള്ള ചാണകം ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കാനും കഴിയും.

പേപ്പട്ടി ശല്യം എല്ലാ കാലത്തും ഉണ്ടാകാറില്ലെങ്കിലും അലഞ്ഞുതിരിയുന്ന പട്ടികൾ പ്രശ്നമാകാറുണ്ട്. ശരിയായ ബോധവൽക്കരണം നടത്തി ഇത് പരിഹരിക്കേണ്ടതുണ്ട്.

പട്ടിക 5 - പേ വിഷബാധ - പ്രതിരോധവും ചികിത്സയും 95,96

| വിവരം | പശു | ആട് | പട്ടി | ആകെ |
|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | - | - | 300 | 300 |
| കടിയേറ്റതിനു ശേഷം കുത്തിവെയ്പ് നടത്തിയവരുടെ എണ്ണം | 11 | 4 | | 14 |
| ആകെ | 11 | 4 | 300 | 314 |

പണ്ട് മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. കോഴിമുട്ട വീടുകളിൽ നിന്നും ശേഖരിച്ച് സമീപ പട്ടണങ്ങളിലെത്തിക്കുന്ന രീതി പണ്ടുണ്ടായിരുന്നു. കോഴി വസന്ത മൂലം ഇവയ്ക്ക് നാശം സംഭവിച്ചു. പറമ്പുകളുടെ തുണ്ട വൽക്കരണവും കോഴിത്തീറ്റയുടെ വിലവർദ്ധനവും ഈ രംഗത്തേക്ക് പുതിയ ആളുകളെ ആകർഷിക്കുന്നില്ല. ഇറച്ചിക്കോഴി വളർത്തലിന് ധാരാളം സാധ്യതകളുണ്ടെങ്കിലും ഇടത്തട്ടുകാരുടെ ചൂഷണവും യഥാസമയം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കായ്മയും ഇന്നുണ്ട്. സമീപ പട്ടണങ്ങളിൽ നിന്നും ഇവിടേക്ക് ദിവസേന ഇറച്ചി എത്തുന്നുണ്ട്.

വളർത്തു പക്ഷികളിൽ ഇപ്പോഴും പ്രധാനം കോഴിയാണ്. ഒറ്റപ്പെട്ട വീടുകളിൽ നാമമാത്രമായി താറാവിനെയും വളർത്തുന്നു. 4,5,6,7,10 വാർഡുകളിൽ ചെറിയ ഇറച്ചിക്കോഴി യൂനിറ്റുകളുമുണ്ട്. പ്രാവ്, ലൗ ബേർഡ്സ്, തത്ത, ഇവ വളർത്തുന്നവരും അപൂർവ്വമായിട്ടുണ്ട്.

പട്ടിക 6 - കോഴികളുടെ വിവരം

| വാർഡ് | നാടൻകോഴി | സങ്കരയിനം | ആകെ | മുട്ടയുൽപാദനം മാസത്തിൽ |
|---|---|---|---|---|
| 1 | 202 | 4 | 206 | 1335 |
| 2 | 215 | - | 215 | 1469 |
| 3 | 220 | 14 | 234 | 1652 |
| 4 | 259 | 105 | 364 | 1703 |
| 5 | 472 | - | 472 | 1999 |
| 6 | 708 | 802 | 1510 | 2095 |
| 7 | 27 | 4 | 31 | 250 |
| 8 | 143 | 9 | 152 | 1260 |
| 9 | 51 | 6 | 57 | 8 |
| 10 | 286 | 5 | 291 | 841 |
| ആകെ | 2583 | 749 | 3532 | 12617 |

അവലംബം - 1996-ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ

പഞ്ചായത്തിൽ പന്നി വളർത്തുന്നവർ ഇല്ല. ഇതിന് ധാരാളം സാധ്യതയുള്ളതിനാൽ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

## *പ്രധാന പ്രശ്നങ്ങൾ*

1 കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റം
2 ഗുണ നിലവാരമില്ലാത്ത കാലിത്തീറ്റ വാങ്ങേണ്ടി വരുന്നു.
3 മേച്ചിൽ സ്ഥലങ്ങൾ പരിമിതമാണ്.
4 തീറ്റപ്പുല്ല്, വൈക്കോൽ ഇവ ആവശ്യത്തിന് ലഭിക്കുന്നില്ല.
5 മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം യഥാവസരം ലഭിക്കുന്നില്ല.
6 മരുന്ന് വാങ്ങാൻ സമീപ പട്ടണങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.
7 ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല. ഉള്ള കെട്ടിടത്തിൽ വൈദ്യുതിയില്ലാത്തതിനാൽ വാക്സിനേഷൻ നടത്താനുള്ള മരുന്നു പോലും സൂക്ഷിക്കാൻ കഴിയുന്നില്ല.
8 ആശുപത്രിയിൽ വാഹന സൗകര്യവും ലബോറട്ടറിയും ഇല്ല. ഹതബീജ സങ്കലനം നടത്താൻ ഇടക്കെണിയില്ല. കുത്തിവെക്കുന്ന ബീജം ഗുണനിലവാരം പുലർത്തുന്നില്ല.
9 ഉദാരവ്യവസ്ഥയിൽ കുറഞ്ഞ പലിശ നിരക്കിന് സാമ്പത്തിക സഹായം ലഭിക്കുന്നില്ല.
10 ഉൽപാദന ച്ചെലവിനാനുപാതികമായി പാലിന് വില ലഭിക്കുന്നില്ല.
11 പട്ടികൾ യഥേഷ്ടം അലഞ്ഞുതിരിയുന്നതിനാൽ പേപ്പട്ടി ശല്യം ഉണ്ടാകുന്നു.
12 അത്യുൽപാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

## *സാധ്യതകൾ*

1 ഗുണ നിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിന് പ്രാദേശികമായി ലഭിക്കുന്ന ചക്കക്കുരു, പുളിങ്കുരു, തേങ്ങാപ്പിണ്ണാക്ക്, കശുമാങ്ങ, കപ്പയുടെ തണ്ടും ഇലയും ഇവ ശേഖരിച്ച് ചെറുകിട കാലി ത്തീറ്റ യൂനിറ്റ് ആലോചിക്കാം.
2 തരിശായിക്കിടക്കുന്ന സ്ഥലങ്ങളിലും, തെങ്ങിൻ തോപ്പിൽ ഇടവിളയായും തീറ്റപ്പുല്ല് കൃഷി പ്രോത്സാഹിപ്പിക്കാം. തീറ്റപ്പുൽ വിത്ത് കാലവർഷാരംഭത്തിൽ തന്നെ ലഭ്യമാക്കാവുന്നതാണ്. (ഉദാ:- ഗിനിപ്പുല്ല്, സങ്കരനേപ്പിയൻ, വൻപയർ, ചോളം, സോയാ, പയർ, കരിമ്പ്) പുറമ്പോക്ക് ഭൂമിയിൽ സുബാബുൾ,പീലിവാക, സെറ്റേറിയ, കോങ്കോസിഗ്നൽ എന്നിവ കൃഷി ചെയ്യാം.
3 വൈക്കോൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് ക്ഷീര സൊസൈറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.
4 മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം, ലബോറട്ടറി, വാഹനം, ടെലഫോൺ ഇവ ഉണ്ടാകണം.
5 ആശുപത്രിയിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം, മരുന്ന് ഇവ ലഭ്യമാക്കണം.
6 ആശുപത്രിക്ക് ഒരു വികസന സമിതി രൂപീകരിക്കാവുന്നതാണ്.
7 അഞ്ചാം പീടിക ഭാഗത്ത് ഒരു മൃഗാശുപത്രിക്കുള്ള സാധ്യത പരിശോധിക്കണം
8 മൃഗചികിത്സാരംഗത്ത് നാടൻ, ഹോമിയോ രീതികൂടി പ്രയോഗത്തിൽ വരുത്താവുന്നതാണ്.
9 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിൽ എല്ലാ കന്നുകുട്ടികളെയും കാലാകാലം ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിക്കണം (32 മാസം സബ്ബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭിക്കുന്ന രീതി)
10 കാലിവസന്ത, കുളമ്പുരോഗം ഇവക്കുള്ള പ്രതിരോധ കുത്തിവെയ്പുകൾ വ്യാപകമാക്കാം.
11 കർഷകർക്ക് ശരിയായ കറവ പരിശീലനം, പശുപരിപാലനത്തിന് ആവശ്യമായ ബോധവൽക്കരണം എന്നിവ വ്യാപകമാക്കാവുന്നതാണ്.
12 ചെറുകിട ആട് വളർത്തൽ യൂനിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.
13 പന്നി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് ബോധവൽക്കരണം വേണം.
14 ശാസ്ത്രീയ രീതിയിലുള്ള തൊഴുത്ത് നിർമ്മിക്കുന്നതിനും പശുവിനെ വാങ്ങുന്നതിനും ഉദാര വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കാവുന്നതാണ്.
15 കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കേണ്ടതാണ്.
16 മിനി ഗോബർ ഗ്യാസ് യൂനിറ്റുകൾ സ്ഥാപിക്കുന്നതിന് ബോധവൽക്കരണവും പ്രോൽസാഹനവും ആകാം.
17 ക്ഷീര സഹകരണ സംഘങ്ങൾക്ക് ആപ്കോ സംഘങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാവുന്നതാണ്.
18 കൂടുതൽ ഇറച്ചിക്കോഴി യൂനിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോൽസാഹനം നൽകുകയോ, മൾട്ടി പർപ്പസ് സൊസൈറ്റി രൂപീകരിച്ച് മുട്ടയും ഇറച്ചിയും ഉൽപാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന രീതിയോ ആകാം.
19 വീട്ടുവളപ്പിൽ കോഴി വളർത്തൽ യൂനിറ്റുകൾ (ഒരു കുടുംബത്തിന് മുട്ടക്കോഴി കുഞ്ഞുങ്ങളെയും കെയ്ക്ക് രീതിയിലുള്ള കൂടും.
20 പഞ്ചായത്തിൽ ഒരു എഗ്ഗർ നേഴ്സറി സ്ഥാപിക്കാം.
21 സ്കൂൾ പൗൾട്രി ക്ലബ്ബുകൾ പ്രോൽസാഹിപ്പിക്കാം.
22 പഞ്ചായത്തിലെ മുഴുവൻ പട്ടികളെയും പേവിഷ നിർമ്മാർജ്ജന പരിപാടിയിൽ ഉൾപ്പെടുത്തുകയും കുത്തിവെപ്പ് നടത്തി ലൈസൻസ് നൽകുകയും വേണം. പട്ടിയെ വളർത്തുന്നവർ അവയെ കെട്ടിയിട്ടുതന്നെ വളർത്തുന്നു എന്ന് ഉറപ്പാക്കണം.
23 അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കണം.

## മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന വളപട്ടണം, കുറ്റിക്കോൽ പുഴ, നരിയാടി, കാനൂൽ, വെള്ളിക്കീൽ തോടുകൾ ചെറുതും വലുതുമായ 122 കുളങ്ങൾ ഇവയാണ് ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള ജലസ്രോതസ്സുകൾ. ചെമ്മീൻ കൃഷിക്ക് സാധ്യതയുള്ള ധാരാളം ചതുപ്പ് നിലങ്ങളുമുണ്ട്.

പട്ടിക 1 പുഴയോരം

| പുഴയുടെ പേര് | വാർഡ് | ദൂരം കി.മീ. |
|---|---|---|
| കുറ്റിക്കോൽ | 1,4,5,10 | 6.400 |
| വളപട്ടണം | 6,8,9 | 6.600 |
| തുരുത്തി പടിഞ്ഞാറ് (ഇരു കരകളും) | 6 | 3.300 |
| ആകെ | 7 | 16.000 |

സ്വന്തം ആവശ്യത്തിന് മീൻ പിടിക്കുന്ന സ്വഭാവമാണ് പണ്ട് ഉണ്ടായിരുന്നത്. അധികം കിട്ടിയാൽ ബന്ധുക്കൾക്കും അടുത്ത വീട്ടുകാർക്കും കൊടുക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. പനയോലത്തണ്ടിൽ ചൂണ്ട കെട്ടി മീൻ പിടിക്കുന്ന രീതിയാണ് ആദ്യകാലത്തുണ്ടായിരുന്നത് പെടല്, കുത്തൂട്, കോരുവല, വീശുവല, കരവല, ചേവ് ഇവ ഉപയോഗിച്ചുള്ള മീൻ പിടുത്തവും നടന്നിരുന്നു. ചെറിയ തോണിയിൽ ചെന്ന് പുഴയിൽ ചൂണ്ടയിടുന്ന രീതിയും പുഴ് കുറുകെ വെപ്പ് കയറിൽ പത്തും അൻപതും ചൂണ്ടയും പേട്ടയും കെട്ടി മീൻപിടിക്കുന്ന രീതിയും ഉണ്ടായിരുന്നു.

ഹരിജൻ സ്ത്രീകൾ ചെമ്മീൻ തപ്പിപ്പിടിക്കുന്നതിൽ വിദഗ്ധരായിരുന്നു, അങ്ങനെ പിടിച്ചിരുന്ന ചെമ്മീൻ ഉയർന്ന സമുദായത്തിൽപെട്ടവരുടെ വീടുകളിൽ കൊണ്ടുപോയി കൊടുത്ത് അവർ കൊടുക്കുന്ന അരി വാങ്ങി കഞ്ഞി വെക്കുന്ന രീതിയും ഉണ്ടായിരുന്നു. വള്ളുവൻമാരും മീൻപിടിക്കുന്നതിൽ അതി വിദഗ്ധൻമാരായിരുന്നു. അവർ പിടിക്കുന്ന മീൻ കള്ളുകൊടുത്ത് കൈക്കലാക്കുന്നവരും കുറവല്ലായിരുന്നു.

കടൽ മത്സ്യം മാപ്പിളമാർ തോണിയിൽ കമ്പിൽ കടവിൽ കൊണ്ടുവന്ന് വിൽക്കുന്നതും കാവ് കെട്ടിക്കൊണ്ടുപോയി വിൽക്കുന്നതും അന്നത്തെ രീതിയാണ്. മീൻ അധികമുള്ളപ്പോൾ സന്ധ്യയോടെ പുഴയിലൂടെ തന്നെ തോണിയിൽ മാപ്പിളമാർ കൂക്കിവിളിച്ചുപോകുന്നതും ചൂട്ടുമായിച്ചെന്ന് ആളുകൾ മീൻ വാങ്ങുന്നതും അന്നത്തെ കാഴ്ചയാണ്.

ചെമ്പല്ലി, കയ്യൻ, തിരുത, ഇരിമീൻ, കച്ചായി, ഏട്ട, ചെമ്മീൻ, ഞണ്ട്, എന്നിവയാണ് പുഴയിൽ നിന്നും കിട്ടുന്നത്. അടുത്തകാലം വരെ ധാരാളം കൂർക്കയും (കക്ക) കിട്ടുമായിരുന്നു. കുളങ്ങളിൽ മുശു, കൈച്ചൽ എന്നീ മീനുകളും ധാരാളമായി ഉണ്ടായിരുന്നു.

ഗതാഗത സൗകര്യം വർദ്ധിച്ചതോടെ പഞ്ചായത്തിൻെറ മുക്കിലും മൂലയിലും കടൽ മത്സ്യം തന്നെ എത്തുന്നു. പഞ്ചായത്തിൽ 10 കേന്ദ്രങ്ങളിൽ ഇന്ന് മത്സ്യ വിപണനം നടക്കുന്നുണ്ട്. കൂടാതെ സൈക്കിളിലും തലച്ചുമടായും മത്സ്യം വിൽക്കുന്നവരും കുറവല്ല.

മത്സ്യബന്ധനം മുഖ്യ തൊഴിലായി സ്വീകരിച്ചവർ കുറവാണെങ്കിലും ഉപതൊഴിലാക്കിയവർ 150-ൽ അധികം വരും. ഇതിൽ തന്നെ 100ൽ അധികം പേരും ഒന്നാം വാർഡിലാണ്. കടൽ മത്സ്യം കൊണ്ടുവന്ന് വിറ്റ് ഉപജീവനം നടത്തുന്നവർ ഏതാണ്ട് 30 വരും. ചേര, വെള്ളിക്കീൽ, മൂലായി, ഉടുപ്പ്, നരിയാടി ഭാഗങ്ങളിൽ ചെമ്മീൻ കൃഷിക്ക് പറ്റിയ ചതുപ്പ് നിലങ്ങളുണ്ട് ചതുപ്പ് നിലങ്ങളുടെ തുണ്ട വൽക്കരണം ചെമ്മീൻ കൃഷികളുടെ സാധ്യത കുറക്കുന്നു. ശുദ്ധജല മത്സ്യകൃഷി ചെയ്യാൻ പറ്റിയ വലിയ കുളങ്ങൾ 3 എണ്ണമുണ്ട്. മറ്റു കുളങ്ങളെ യൂനിറ്റടിസ്ഥാനത്തിൽ ചേർത്ത് മത്സ്യ കൃഷി വ്യാപിപ്പി

ക്കേണ്ടിയിരിക്കുന്നു. മത്സ്യ സമ്പത്ത് ചൂഷണം ചെയ്യുന്നതിലുള്ള ആധുനിക രീതികൾ സ്വായത്തമാക്കേണ്ടതുണ്ട്.

പുഴയിലെ മത്സ്യങ്ങൾക്ക് ചില പ്രത്യേക കാലത്ത് രോഗം കാണാറുണ്ട്. ഇത് മത്സ്യ സമ്പത്ത് നശിക്കാൻ കാരണമാകുന്നു. കൂടാതെ പുഴയിൽ വ്യാപകമായ തോട്ടയിടൽ നടക്കുന്നതിനാലും മത്സ്യത്തിന്റെ വംശനാശം സംഭവിക്കുന്നു. അമിതമായ മണൽ വാരൽ കൂർക്കയുടെ വംശനാശം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ 10 കേന്ദ്രങ്ങളിൽ മത്സ്യ വിപണനം നടക്കുന്നുണ്ടെങ്കിലും ഒരു സ്ഥലത്തും അംഗീകൃത മത്സ്യ മാർക്കറ്റില്ല.

## *പ്രശ്നങ്ങൾ*

1 വളപട്ടണം, കുറ്റിക്കോൽ പുഴകളിൽ ധാരാളം മത്സ്യ സമ്പത്തുണ്ടെങ്കിലും തോട്ടയിടൽ കാരണം വംശനാശം സംഭവിക്കുകയും കരയിടിച്ചിലിന് കാരണമാവുകയും ചെയ്യുന്നു.
2 മത്സ്യരോഗം മൂലം മത്സ്യം നശിക്കുന്നു.
3 അമിതമായ മണൽ വാരൽ കൂർക്കയുടെ വംശനാശം വരുത്തുന്നു.
4 കുളത്തിൽ മത്സ്യകൃഷി നടത്താൻ താൽപര്യമുള്ളവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
5 മത്സ്യ വല്പന കേന്ദ്രങ്ങളിലെ ദുർഗന്ധം ആരോഗ്യപ്രശ്നമുണ്ടാക്കുന്നു.
6 പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ പോലും കെട്ടിട സൗകര്യമില്ല.

## *സാദ്ധ്യതകൾ*

1 കോൾത്തുരുത്തി പടിഞ്ഞാറേ പുഴയിൽ സുമാർ 5 ഹെക്ടർ വിസ്താരത്തിൽ കെയ്ജ് കൾച്ചർ രീതിയിൽ മത്സ്യകൃഷിക്കുള്ള സാധ്യത പരിശോധിക്കണം.
2 പഞ്ചായത്തിലെ പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ, അമ്പലക്കുളങ്ങൾ ഇവ ഉൾപ്പെടുത്തി സാമൂഹ്യ മത്സ്യ കൃഷി പദ്ധതി (മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർന്നു കഴിഞ്ഞാൽ പിടിച്ച് സമൂഹത്തിൽ വിതരണം ചെയ്യൽ) നടപ്പാക്കാവുന്നതാണ്.
3 1,4,9,10 വാർഡുകളിലെ ചേര, വെള്ളിക്കീൽ, മുലായി, ഉടുപ്പ, നരിയാടി ഭാഗങ്ങളിലെ ചതുപ്പുനിലങ്ങളിൽ സമ്മിശ്ര കൃഷി (നെല്ല്, ചെമ്മീൻ) പരിശോധിക്കണം. ചെമ്മീൻ പാടങ്ങളാക്കുന്ന രീതിയും ആകാം.
4 പുഴയിൽ മസ്സിൽ കൾച്ചർ കൃഷി (കയറിൽ കല്ലുമ്മേക്കായ വളർത്തൽ) പരിശോധിക്കാം
5 അലങ്കാര മത്സ്യകൃഷി യൂനിറ്റുകൾ സ്ഥാപിക്കാം.
6 പ്രകൃത്യായുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ ശേഖരിച്ച് വിപണനം ചെയ്യാനുള്ള സാധ്യത പരിശോധിക്കണം.
7 മത്സ്യ വിത്തുകൾ ഹാച്ചറികളിൽ നിന്നും വാങ്ങി ഒരു നിശ്ചിത വലുപ്പത്തിൽ വളർത്തി വിപണന ഏജൻസിയായ എഫ്.എഫ്.ഡി.എ. ക്ക് നൽകുന്ന രീതി പരിശോധിക്കാവുന്നതാണ്.
8 തെക്കൻ കേരളത്തിൽ പ്രചാരത്തിലുള്ള ചീനവലയുടെ ഉപയോഗം പരീക്ഷിക്കാവുന്നതാണ്.



# വ്യവസായം

കണ്ണൂർ ജില്ലയിലെ വ്യവസായ വികസന മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള മാങ്ങാട്ടുപറമ്പ് പ്രദേശം ഉൾക്കൊള്ളുന്ന ആന്തൂർ പഞ്ചായത്തിന് പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ ഒരു ഗതകാല ചരിത്രമുണ്ട്. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ 1980 വരെ കല്ലുകൊത്ത് ഈ പഞ്ചായതതിലെ ഒരു സംഘടിത വ്യവസായമായിരുന്നു. കൈത്തറി നെയ്ത്ത്, കള്ള്ചെത്ത്, ചക്കരച്ചെത്ത്, അവൽ ഇടി, എണ്ണയാട്ട്, ഡീസൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓയൽമിൽ തുടങ്ങി പരമ്പരാഗത വ്യവസായങ്ങളും മൺപാത്ര നിർമ്മാണം, ചൂടി പിരിക്കൽ, കക്ക ഉപയോഗിച്ച് കുമ്മായ നിർമ്മാണം, ഓലക്കുട, പായ, കുരിയ, കുട്ട തുടങ്ങിയവ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങളും 1930 മുതൽ നിലനിന്നിരുന്നു. 1950 കളിൽ മോറാഴ, ഒഴക്രോം, പറശ്ശിനിക്കടവ് എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ട കൈത്തറി നെയ്ത്ത് കമ്പനികളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ചെറുകിട വ്യവസായ സംരംഭങ്ങൾ. 1958ൽ പറശ്ശിനിക്കടവിൽ ആധുനിക സാങ്കേതിക വിദ്യയോടുകൂടി അലക്കു സോപ്പു നിർമ്മാണ യൂനിറ്റ് പ്രവർത്തിച്ചിരുന്നു. 26-7-1975-ൽ ഉദ്ഘാടനം ചെയ്ത ബക്കളത്തുള്ള സിന്തറ്റിക് ഡിറ്റർജൻറ് കമ്പനിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ആധുനിക വ്യവസായ സംരംഭം.

ആന്തൂർ പഞ്ചായത്തിൽ, വൻകിട വ്യവസായ സംരഭങ്ങൾ ഇല്ല. സത്യം ഫ്ളോർ മിൽ, സുൾഫെക്സ് ഫോം പ്രോഡക്റ്റ്സ്, സുപ്രീമോ മെറ്റാലിക്ക് കമ്പനി, സ്റ്റെയിൻലെസ്സ് ഹോം വേർസ്, എന്നീ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളും കൈതത്റി മേഖലയിൽ ഇന്ത്യയിലാകെ പ്രശസ്തമായ മോറാഴ വീവേഴ്സ് ഇൻറസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി എന്ന സഹകരണ സ്ഥാപനവുമാണ് ഈ പഞ്ചായത്തിലെ കൂടുതൽ മുതൽ മുടക്കും തൊഴിൽ സാധ്യതയും ഉള്ള ചെറുകിട വ്യവസായ സംരഭങ്ങൾ. ഇൻറസ്ട്രിയൽ ഡവലപ്പ്മെൻറ് പ്ലോട്ടിൽ 29 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. (വിവരങ്ങൾ പട്ടിക 1 ൽ )

പട്ടിക - 1

വ്യവസായ വികസന പ്ലോട്ടിലെ സ്ഥാപനങ്ങളും ഉൽപ്പന്നങ്ങളും

| ക്രമനമ്പർ | വ്യവസായ യൂനിറ്റിൻെറ പേര് | ഉൽപന്നം |
|---|---|---|
| 1 | സ്റ്റാൻഡേർഡ് ഇൻറസ്ട്രിയൽസ് | സ്റ്റീൽ ഫർണിച്ചർ |
| 2 | ഓറിയൻറൽ പ്ലാസ്റ്റിക്ക് | പി.വി.സി. പൈപ്പ് |
| 3 | സി.സി. എൻറർപ്രൈസസ് | ചിരട്ടപ്പൊടി |
| 4 | സൂപ്പർ ഫൈബർഗ്ലാസ് | വാട്ടർ ടാങ്ക് |
| 5 | ഡാൻഡി ഷൂസ് | പി.വി.സി. ചെരുപ്പ് |
| 6 | ക്രിയേറ്റീവ് എഞ്ചിനീയറിങ്ങ് | വർക്ക് ഷാപ്പ് |

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | ഉൽപന്നം |
|---|---|---|
| 7 | രേവതി പ്രിൻേറർസ് | നോട്ട് ബുക്ക് നിർമ്മാണം, അച്ചടി. |
| 8 | അമൃതാ ടയേഴ്സ് | ടയർ റീസോളിങ്ങ് |
| 9 | നവീൻ എൻറർപ്രൈസസ് | ഗാർമെൻറ്സ് |
| 10 | വെസ്റ്റേൺ ബെയ്ക്കേഴ്സ് | ബ്രഡ്ഡ് |
| 11 | സുൾഫെക്സ് ഫോം പ്രോഡക്റ്റ്സ് | ഫോം ബെഡ്ഡ് തുടങ്ങിയവ |
| 12 | ദീപം എൻറർപ്രൈസസ് | തീപ്പെട്ടി, വിനീർ |
| 13 | സോമിൽ | കമേഴ്സ്യൽ പ്ലൈവുഡ്സ്. |
| 14 | രശ്മി ഫോംസ് | ഫോം ഉൽപ്പന്നങ്ങൾ |
| 15 | ശ്രീ ശാസ്താ സർവ്വീസ് സ്റ്റേഷൻ | സർവ്വീസിങ്ങ് |
| 16 | ബേക്കറി | ചിപ്സ്, ഗോന്തി മുതലായവ |
| 17 | മംഗൾ ബ്രഡ്ഡ് | ബ്രഡ്ഡ് |
| 18 | എഞ്ചിനീയറിങ്ങ് വർക്സ് | വർക്ക് ഷോപ്പ് |
| 19 | എലൈറ്റ് സോമിൽ | കമേഴ്സ്യൽ പ്ലൈവുഡ്സ് |
| 20 | സത്യം ഫ്ളോർ മിൽ | മൈദ, റവ, മുതലായവ |
| 21 | നവദുർഗ എൻറർപ്രൈസസ് | ഷീറ്റ് മെറ്റൽ |
| 22 | എൻ.വി. ടെക്സ്റ്റൈൽസ് | പവർ ലൂം (തുണി) |
| 23 | നൈനാ ബോർഡ്സ് | പ്ലൈവുഡ്, ബ്ലോക്ക് ബോർഡ് |
| 24 | മധു പേക്കിങ്ങ് | പാക്കിംഗ് ബോർഡ് |
| 25 | ഇമ്മാനുവൽ സിമൻറ് കാസ്റ്റിങ്ങ് | ഹോളോ ബ്രിക്സ്,<br>ആർ.സി.സി. ഫ്രെയിംസ് |
| 26 | എവർഷൈൻ വുഡ് ഇൻഡസ്ട്രീസ് | കമേഴ്സ്യൽ പ്ലൈവുഡ് |
| 27 | സൂര്യജ്യോതി | കമേഴ്സ്യൽ പ്ലൈവുഡ് |
| 28 | ആലങ്കീൽ ടെക്സ്റ്റൈൽസ് | പവർ ലൂം (തുണി) |
| 29 | അരുൺ ജിത്ത് പെയിൻറ്സ് | പെയിൻറ് |

പൂട്ടിക്കിടക്കുന്ന വ്യവസായ വികസന ഫ്ളോട്ടിലുള്ള 29 വ്യവസായസ്ഥാപനങ്ങളിൽ തടി വ്യവസായമാണ് കൂടുതൽ ഉള്ളത്. ഫോം ഉൽപന്നങ്ങൾ, ബെയ്ക്കറി സാധനങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന യൂനിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ആന്തൂർ പഞ്ചായത്തിൽ ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ ശാലകൾ വിരളമാണ്.

തടി വ്യവസായം അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്.

വ്യവസായ വികസന ഫ്ളോട്ടിലും മറ്റ് സ്ഥലങ്ങളിലുമായി ആകെ 94 വ്യവസായ യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വകസന ഫ്ളോട്ടിലുള്ള 29 സ്ഥാപനങ്ങളിൽ 3 എണ്ണം ആന്തൂർ പഞ്ചായത്തിലുള്ള സംരംഭകർ നടത്തുന്നതാണ്. പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിലുള്ള സ്ഥാപനങ്ങൾ ഭൂരിഭാഗവും നടത്തുന്നത് പഞ്ചായത്തിൽ തന്നെയുള്ള സംരഭകരാണ്.

വ്യവസായ വികസന പ്ളോട്ടിലെ 29 വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന 233 പേരിൽ 86 പേർ മാത്രമാണ് പഞ്ചായത്തിൽ തന്നെയുള്ളവർ.

ചെറുകിട വ്യവസായങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണത്തിൻെറ പകുതിയോളം എണ്ണം ആളുകൾക്ക് ഈ മേഖല പരോക്ഷമായി തൊഴിൽ നൽകുന്നുണ്ട് എന്നത് അനുസ്മരിക്കാവുന്നതാണ്. ഗതാഗതം, കയറ്റിറക്ക്, വിൽപന ഏജൻറുമാർ എന്നീ നിലകളിലാണ് പരോക്ഷമായി തൊഴിൽ ലഭിക്കുന്നത്.

ആന്തൂർ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളുടെ വിവരം പട്ടിക രണ്ടിൽ.

പട്ടിക രണ്ട്

| ക്രമനമ്പർ | ഇനം | ആകെ യൂനിറ്റുകൾ | തൊഴിലാളികളുടെ എണ്ണം | | ശരാശരി ദിവസക്കൂലി | | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | പു | സ്ത്രീ | |
| | *സ്വകാര്യ മേഖല* | | | | | | |
| 1 | ഗ്രിൽസ്, മെറ്റൽ എഞ്ചിനീയറിങ്ങ് വ്യവസായം | 8 | 22 | 5 | 70 | 30 | - |

| ക്രമനമ്പർ | ഇനം | ആകെ യൂനിറ്റുകൾ | തൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | ശരാശരി ദിവസക്കൂലി പു | സ്ത്രീ | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|---|
| 2 | തടിവ്യവസായം | 16 | 86 | 40 | 65 | 35 | |
| 3 | റൈസ്,ഫ്ളവർ, ഓയൽ മിൽ | 11 | 38 | 2 | 40 | 61 | |
| 4 | പവർലൂം | 3 | 8 | 2 | 80 | 25 | |
| 5 | സ്റ്റോൺ ക്രഷർ | 2 | 12 | 24 | 70 | 30 | |
| 6 | ടയർ റീസോളിങ്ങ് | 4 | 12 | - | 75 | - | |
| 7 | ഹോളോ ബ്രിക്സ് | 1 | 8 | - | 80 | - | |
| 8 | തൊട്ടി കമ്പനി | 1 | | | | | പൂട്ടിക്കിടക്കുന്നു |
| 9 | പ്രതിമാനിർമ്മാണം | 3 | 4 | 30 | | 15 | സ്വയം തൊഴിൽ |
| 10 | കൈത്തറി നെയ്ത്ത് | 9 | 80 | 10 | | | കൂലി വ്യത്യസ്തമല്ല. |
| 11 | ഫൈബർ ഗ്ലാസ് | 1 | 9 | | 35 | | |
| 12 | ചിരട്ട പൊടിക്കുന്നത് | 1 | 5 | | 60 | | |
| 13 | ഷൂ നിർമ്മാണം | 1 | 4 | 2 | 40 | 20 | |
| 14 | പ്ലാസ്റ്റിക് ബേഗ് | 1 | 3 | - | 50 | | |
| 15 | പി.വി.സി. പൈപ്പ് | 1 | | | | | പൂട്ടിക്കിടക്കുന്നു. |
| 16 | ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 1 | | | | | സ്വയം തൊഴിൽ |
| 17 | ബേക്കറി | 3 | 12 | 8 | 45 | 20 | |
| 18 | സർവ്വീസ് സ്റ്റേഷൻ | 1 | 3 | | 30 | | |
| 19 | ഫോം പ്രോഡക്ട്സ് | 2 | 32 | 1 | 20 | 15 | |
| 20 | ഗാർമെൻറ് മേക്കിങ്ങ് | 1 | | 3 | | 35 | |
| 21 | ബുക്ക് ബൈൻറിങ്ങ് | 1 | | 2 | | 10 | |
| 22 | ഓട്ടോ മോബൈൽ വർക്ക് ഷോപ്പ് | 4 | | | | | ലഭ്യമല്ല |
| 23 | പ്രസ്സ് | 2 | 3 | 5 | 65 | 30 | |
| 24 | സോഡനിർമ്മാണം | 5 | 5 | | | | സ്വയം തൊഴിൽ |
| *ഖാദി മേഖല* | | | | | | | |
| 1 | നൂൽനൂൽപ്പു കേന്ദ്രം പറശ്ശിനിക്കടവ് | 1 | | 16 | | 18 | |
| *സഹകരണ മേഖല* | | | | | | | |
| 1 | വീവേഴ്സ് സൊസൈറ്റി | 2 | 148 | 234 | | | കൂലി വ്യത്യസ്ഥമല്ല |
| 2 | തീപ്പെട്ടി | 1 | 1 | 19 | 32 | 22 | |
| 3 | കോട്ടേജ് ഇൻറസ്ട്രി | 1 | 1 | 1 | 40 | 22 | |
| 4 | ഗാർമെൻറ് മേക്കിംഗ് | 1 | | | | | പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 5 | ഗ്രിൽസ്, ഗേറ്റ് നിർമ്മാണം | 1 | 7 | | 65 | | |
| 6 | സ്മിത്തി വർക്ക്ഷോപ്പ് | 1 | 32 | | 65 | | |
| 7 | കല്ലുകൊത്ത് | 1 | 18 | 3 | | | |
| 8 | പായ നെയ്ത്ത് | 1 | | 12 | | 18 | |
| 9 | സിറി കൾച്ചർ | 1 | | | | | പ്രവർത്തിക്കുന്നില്ല |
| | ആകെ | 94 | 553 | 419 | | | |

ആന്തൂർ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 5847 പേർ ജോലി ചെയ്യുന്നു. ഇതിൽ 4284 പേർ പുരുഷൻമാരും 1563 പേർ സ്ത്രീകളുമാണ്. ആകെ വ്യവസായ തൊഴിലാളികൾ 972. ഇതിൽ പുരുഷൻമാർ 553 സ്ത്രീകൾ 419 ആണ്. (അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ)

നമ്മുടെ പഞ്ചായത്തിൽ 1119 പുരുഷൻമാരും 2262 സ്ത്രീകളും അടക്കം 3381 പേർ തൊഴിൽ രഹിതരായുണ്ട്. പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി, ബീഡിതെറുപ്പ്, ചെങ്കൽ, ചെത്ത്, എന്നീ മേഖലകളിൽ കൈത്തറി രംഗങ്ങളൊഴികെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യം ലഭിക്കുന്നതുകൊണ്ടും തൊഴിൽ സുരക്ഷിതത്വമുള്ളതുകൊണ്ടും മറ്റു മേഖലകളിൽ നിന്ന് ഈ രംഗത്തേക്ക് ആളുകൾ കൂടുതലായി കടന്നുവരുന്നുണ്ട്. കൈത്തറി രംഗത്തേക്ക് സ്ത്രീകളാണ് കൂടുതൽ ആകർഷിക്കപ്പെടുന്നത്.

### പട്ടിക മൂന്ന് - പരമ്പരാഗത വ്യവസായ മേഖല

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പു | സ്ത്രീ | |
| 1 | കൈത്തറി (സ്വകാര്യം) | 80 | 10 | 90 |
| 2 | കൈത്തറി (സഹകരണം) | 208 | 313 | 521 |
| 3 | ബീഡി തെറുപ്പ് (സ്വകാര്യം) | 3 | 15 | 18 |
| 4 | ബീഡി തെറുപ്പ് (സഹകരണം) | 25 | 35 | 60 |
| 5 | കല്ലുകൊത്ത് (സ്വകാര്യം) | 82 | 14 | 96 |
| 6 | കല്ലുകൊത്ത് (സഹകരണം) | 18 | 3 | 21 |
| 7 | ചെത്ത് | 325 | | 325 |
| | ആകെ | 741 | 390 | 1131 |

കുടിൽ വ്യവസായങ്ങളായ മൺപാത്ര നിർമ്മാണവും തഴപ്പായ നിർമ്മാണവും പുതുതായി ഈ രംഗത്തേക്ക് ആളുകൾ വരാത്തതു കാരണം നാമമാത്രമായേ നിലനിൽക്കുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് സഹകരണ മേഖലയുടെ ശക്തമായ സ്വാധീനം ഉണ്ട്. സഹകരണ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 10 ആണ്. ഈ രംഗത്ത് 207 പുരുഷൻമാരും 269 സ്ത്രീകളും അടക്കം 476 പേർ ജോലി ചെയ്യുന്നു.

### പട്ടിക നാല്

| ക്രമനമ്പർ | യൂനിറ്റിന്റെ പേര് | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പു | സ്ത്രീ | |
| 1 | മോറാഴ വീവേഴ്സ് ഇന്റ. കോ-ഓപ്. സൊസൈറ്റി | 148 | 234 | 382 |
| 2 | കണ്ണൂർ കല്ലുകൊത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം ലി. | 18 | 3 | 21 |
| 3 | ആന്തൂർ കോട്ടേജ് ഇന്റ. കോ-ഓപ്. സൊസൈറ്റി | 1 | 1 | 2 |
| 4 | മാങ്ങാട് ഹരിജൻ മാച്ച് വർക്കേർസ് ഇന്റ. കോ-ഓപ്. സൊസൈറ്റി | 1 | 19 | 20 |
| 5 | മോറാഴ വില്ലേജ് ഇന്റ. കോ-ഓപ്. സൊസൈറ്റി | 7 | | 7 |
| 6 | മോറാഴ വില്ലേജ് പട്ടികജാതി സഹകരണസംഘം | | 12 | 12 |
| 7 | മാങ്ങാട് സ്മിത്തി വർക്കേർസ് ഇന്റ. കോ-ഓപ്. സൊസൈറ്റി | 32 | | 32 |
| 8 | പറശ്ശിനിക്കടവ് ഹാൻറ്ലൂം വർക്കേർസ് | പ്രവർത്തിക്കുന്നില്ല | | |
| 9 | പറശ്ശിനിക്കടവ് വിമൻസ് ഗാർമെൻറ് സൊസൈറ്റി | പ്രവർത്തിക്കുന്നില്ല | | |
| 10 | ആന്തൂർ പഞ്ചായത്ത് സിറി കൾച്ചർ കോ-ഓപ്. സൊസൈറ്റി | പ്രവർത്തിക്കുന്നില്ല | | |
| | ആകെ | 207 | 269 | 476 |

പട്ടികജാതി പട്ടികവർഗ്ഗ വഭാഗത്തിൻെറ നേതൃത്വത്തിലുള്ള രണ്ടു വ്യവസായ സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് മാനേജ്മെൻറ് കാര്യക്ഷമത ഇല്ലായ്മ മൂലം ഇവയുടെ പ്രവർത്തനം തൃപതികരമല്ല. വനിതകളുടെ നേതൃത്വത്തിലുള്ള പറശ്ശിനിക്കടവ് കേന്ദ്രമാക്കി രൂപീകരിക്കപ്പെട്ട ഗാർമെൻറ്സ് സൊസൈറ്റി മാനേജ്മെൻറ് കാര്യക്ഷമത ഇല്ലായ്മ കാരണം പ്രവർത്തിക്കുന്നില്ല.

## വ്യവസായ മേഖലയിലെ വനിതാ പങ്കാളിത്തം

നമ്മുടെ പഞ്ചായത്തിൽ തൊഴിലെടുക്കുന്ന പുരുഷൻമാരുടെ എണ്ണത്തിൻെറ (4284) മൂന്നിലൊന്ന് സ്ത്രീകൾ മാത്രമേ (1563) തൊഴിലെടുകകുന്നവരായുള്ളൂ. തൊഴിലില്ലാത്ത പുരുഷൻമാരുടെ(1119) ഇരട്ടിയാണ് (2262) തൊഴിലില്ലാത്ത സ്ത്രീകളുടെ എണ്ണം. കൈത്തറി നെയ്ത്ത്, ഖാദി, കമേഴ്സ്യൽ പ്ലൈവുഡ്, ബീഡിതെറുപ്പ്, പ്രതിമാനിർമ്മാണം ഗാർമെൻറ് മേക്കിംഗ്, തീപ്പെട്ടി, വിനീർ നിർമ്മാണം എന്നീ മേഖലകളിലാണ് വനിതകൾ കൂടുതലായി ജോലിചെയ്യുന്നത്.

കാർഷികരംഗത്ത് പണിയെടുക്കുന്ന സ്ത്രീകൾ കുറഞ്ഞ കൂലി നിരക്കും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും കാരണം വ്യവസായ രംഗത്തേക്ക് കടന്നുവരുന്ന സ്ഥിതി ഉണ്ട്. കൈത്തറി മേഖലയിൽ സഹകരണ രംഗത്ത് താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യങ്ങളും തൊഴിൽ സുരക്ഷിതത്വവുമുള്ളതുകൊണ്ട് സ്ത്രീകൾ ഈ രംഗത്തേക്ക് കൂടുതലായി കടന്നുവരുന്നുണ്ട്. പ്രശസ്ത തീർത്ഥാടന കേന്ദ്രമായ പറശ്ശിനിക്കടവിൽ കടലാസു പൾപ്പ് പ്രതിമാ നിർമ്മാണ വ്യവസായം വളർന്നു വരുന്നുണ്ട്. സ്ത്രീകളാണ് ഈ മേഖലയിൽ കൂടുതൽ ജോലി ചെയ്യുന്നത്. വളരെ തുച്ഛമായ വേതനം മാത്രമേ ഇവർക്ക് ലഭിക്കുന്നുള്ളൂ. വിവിധ രംഗങ്ങളിലെ പുരുഷൻമാരുടെയും സ്ത്രീകളുടെയും കൂലി നിരക്ക്, പട്ടിക 5ൽ.

പട്ടിക അഞ്ച്

| ക്രമനമ്പർ | തൊഴിൽ മേഖല | കൂലി പു | കൂലി സ്ത്രീ |
|---|---|---|---|
| 1 | മരവ്യവസായം | 86 | 40 |
| 2 | ഗാർമെൻറ് മേക്കിംഗ് | | 35 |
| 3 | പ്രതിമാ നിർമ്മാണം | | 15 |
| 4 | പ്രിൻറിംഗ് | 65 | 30 |
| 5 | ഖാദി | | 18 |
| 6 | തീപ്പെട്ടി | 32 | 22 |
| 7 | പവർലൂം | 80 | 25 |
| 8 | സ്റ്റോൺ ക്രഷർ | 70 | 30 |
| 9 | ഷൂ നിർമ്മാണം | 40 | 20 |
| 10 | ബേക്കറി | 45 | 20 |

## പ്രശ്നങ്ങൾ
## പരമ്പരാഗത-കുടിൽ വ്യവസായ മേഖല

1 വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം
2 കൈത്തറി രംഗത്ത് നൂൽ , ചായം എന്നിവയുടെ വില വർദ്ധനവ്.
3 മൺപാത്രം, പായനെയ്ത്ത് എന്നീ മേഖലകളിൽ കൂടുതൽ ആളുകൾ കടന്നു വരാത്തത്.
4 ആധുനിക വൽക്കരണത്തിൻെറയും യന്ത്രവൽക്കരണത്തിൻെറയും അഭാവം.
5 സംഘടിതമായ ശ്രമങ്ങൾ ഇല്ലായ്മ.
6 പുതുതായി കടന്നു വരുന്നവർക്ക് ആവശ്യമായ പരിശീലനം ലഭിക്കാനുള്ള സാധ്യതയില്ലായ്മ.

## ചെറുകിട-ഇടത്തരം വ്യവസായ മേഖല

7 വൈദ്യുതി രംഗത്തെ പരിമിതികൾ
  1) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കായ്മ
  2) വോൾട്ടേജ് കുറവ്
  3) ലോഡ് ഷെഡ്ഡിംഗ്
8 സാമ്പത്തിക സഹായം ആവശ്യമായ രീതിയിൽ യഥാസമയം ലഭിക്കായ്മ
9 സാങ്കേതിക വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം.
10 അസംസ്കൃത സാധനങ്ങളുടെ ലഭ്യതയില്ലായ്മ.
11 സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനങ്ങളും ലഭിക്കായ്മ.
12 കാർഷികോൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വേണ്ടത്ര ഇല്ലായ്മ.

13 ഇന്റസ്ട്രിയൽ ഡവലപ്പ്മെന്റ് പ്ലോട്ടിൽ വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളിലൊന്നായ വെള്ളത്തിന്റെ ദൗർലഭ്യം.

14 പരസ്യത്തിന്റെ ശക്തമായ സ്വാധീനം കാരണം വൻകിട കമ്പനികളുടെ ഉൽപന്നങ്ങളുമായി മാർക്കറ്റിൽ മത്സരിക്കാൻ സാധിക്കാത്തതു മൂലം ഉപഭോഗ വസ്തുക്കൾ നിർമ്മിക്കാൻ ചെറുകിട വ്യവസായ സംരംഭകർ മുന്നോട്ടു വരാത്ത സ്ഥിതി.

15 വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അഭാവം.

16 രോഗഗ്രസ്ത വ്യവസായങ്ങളിൽ ആവശ്യമായ രീതിയിൽ യഥാസമയം ഇടപെടായ്ക.

പട്ടിക ആറ്

17 സ്റ്റോൺ ക്രഷറിൽ നിന്നും മലിനീകരണം ഉണ്ടാവുന്നുണ്ട്.

18 സമീപ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചില വ്യവസായ ശാലകളിൽ നിന്ന് ആന്തൂർ പഞ്ചായത്തിലെ കോടല്ലൂർ, നണിച്ചേരി പ്രദേശങ്ങളിൽ പരിസര മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

പട്ടിക 6

| ക്രമനമ്പർ | വ്യവസായത്തിന്റെ പേര് | ഉൽപന്നം | രോഗഗ്രസ്ഥമാവാനുള്ള കാരണം |
|---|---|---|---|
| 1 | സിന്തറ്റിക് ഡിറ്റർജൻറ് ലി. കാനൂൽ | സോപ്പ് പൊടി | മാർക്കറ്റിംഗ് |
| 2 | മോഡേൺ മെറ്റൽസ്, കണ്ണപ്പിലാവ് | സ്റ്റീൽ പാത്രങ്ങൾ | മാനേജ്മെന്റ് കാര്യക്ഷമതയില്ല. സാമ്പത്തികം |
| 3 | റിലയൻസ് എഞ്ചിനീയറിങ്ങ് ഇന്റ. തളിയിൽ | തൊട്ടി | ,, ,, |
| 4 | ഫ്ളക്സോൺ ഓട്ടോ സ്റ്റീൽ പ്രോഡക്ററ്സ് | ഓട്ടോ ലീഫ് സെററ് | സാമ്പത്തിക പ്രശ്നം |
| 5 | ഓറിയൻറൽ പ്ളാസ്റ്റിക്സ് | പി.വി.സി. പൈപ്പ് | മാനേജ്മെൻറ് കഴിവില്ലായ്മ സാമ്പത്തികം |
| 6 | സർവ്വോത്തം സോഫ്റ്റ് ഡ്രിങ്ക്സ് | ശീതള പാനീയങ്ങൾ | സാമ്പത്തിക പ്രശ്നങ്ങൾ, മാർക്കറ്റിങ്ങ്. |
| 7 | പറശ്ശിനിക്കടവ് ഹാന്റ്ലൂം വർക്കേർസ് കോ-ഓപ്. സൊസൈററി | തുണി നെയ്ത്ത് | മാനേജ്മെന്റ് കഴിവില്ലായ്മ, വിദഗ്ധ തൊഴിലാളികളെ കിട്ടായ്മ. |
| 8 | പറശ്ശിനിക്കടവ് വനിതാ ഗാർമെന്റ്സ് സൊസൈറ്റി | ഗാർമെന്റ്സ് | ,, ,, |
| 9 | മാങ്ങാട് ഹരിജൻ മാച്ച് വർക്കേഴ്സ് ഇന്റ. കോ-ഓപ്. സൊസൈറ്റി | തീപ്പെട്ടി, വിനീർ | മാനേജ്മെൻറ് കഴിവില്ലായ്മ |
| 10 | മോറാഴ വില്ലേജ് ഹരിജൻ വ്യവസായ സഹ. സംഘം | പായ നെയ്ത്ത് | മാനേജ്മെൻറ് കഴിവില്ലായ്മ, ആധുനിക വൽക്കരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും അഭാവം. |
| 11 | വെസ്റ്റേൺ ഇന്ത്യാ ഇലക്ട്രോണിക്സ് | വെൽഡിങ്ങ് റാഡ് | സാമ്പത്തികം. |

പട്ടിക ഏഴ്

11 സിമന്റ് ഉപയോഗിച്ച് ഇഷ്ടിക, ഹോളോബ്രിക്സ് നിർമ്മാണ യൂനിറ്റ്.
12 റബ്ബർ ഉപയോഗിച്ച് ഓട്ടോമോബൈൽ പാർട്സ് (വിവിധതരം) നിർമ്മാണ കോംപ്ലക്സ്.
13 പൾപ്പുകൊണ്ട് ഫാൻസി സാധനങ്ങളും പ്രതിമകളും നിർമ്മിക്കൽ (സഹകരണം-വനിത)
14 കെട്ടിട നിർമ്മാണ ആവശ്യത്തിനുള്ള ഗ്രിൽസ്, ഗേറ്റ്, അലൂമിനിയം ഫാബ്രിക്കേഷൻ സാധനങ്ങൾ ഉണ്ടാക്കൽ.
15 നോട്ട് ബുക്ക് നിർമ്മാണം. (വനിത)
16 പറശ്ശിനിക്കടവ് കേന്ദ്രമാക്കി ഐസ്ക്രീം പാർലർ (വനിത)
17 ധർമ്മശാല, പറശ്ശിനിക്കടവ് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ഫാസ്റ്റ് ഫുഡ് സർവ്വീസ്.
18 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻറ്ലൂം ആൻറ് ടെക്നോളജിയിൽ നിന്ന് പരിശീലനം നേടി സ്ത്രീകളെ പങ്കെടുപ്പിച്ചു കൊണ്ട് സഹകരണാടിസ്ഥാനത്തിൽ കൈത്തറി സൊസൈറ്റി.
19 പഞ്ചായത്തിനകത്തും പുറത്തും ഉള്ള ജനങ്ങൾക്കാവശ്യമായ ഉപഭോഗവസ്തുക്കൾ നിർമ്മിക്കൽ.
20 ടെയിലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് തയ്യൽ രംഗത്ത് വനിതകൾക്ക് പരിശീലനം നൽകി ഗാർമെൻറ് മേക്കിംഗിന് ലഭ്യമാക്കൽ.
21 ലേബർ കോൺട്രാക്ട് സൊസൈറ്റികൾ സ്ഥാപിക്കൽ
22 മരത്തടി കൊണ്ട് ആകർഷകമായ കൊത്തു പണികളോടു കൂടിയ ഫർണിച്ചറുകളും കെട്ടിട നിർമ്മാണ സാമഗ്രികളും ഉണ്ടാക്കൽ.

### *ടൂറിസം വ്യവസായം*

1 പറശ്ശിനിക്കടവ് കേന്ദ്രമാക്കി ടൂറിസ്റ്റുകൾക്ക് വേണ്ടി എമ്യൂസ്മെൻറ് പാർക്ക്, ഉല്ലാസ ബോട്ടുയാത്ര, റോപ്പ്‌വേ, ഐസ്ക്രീം പാർലർ, ഇളനീർ പന്തൽ എന്നിവ ഉൾക്കൊള്ളുന്ന ഒരു കോംപ്ലക്സ് സ്ഥാപിക്കൽ.

2 എ.കെ.ജി. ഐലൻറിനെയും പറശ്ശിനിക്കടവ് ക്ഷേത്രത്തിനെയും ബന്ധപ്പെടുത്തി ടൂറിസ്റ്റുകൾക്ക് വേണ്ടി ഉല്ലാസബോട്ട്, കോട്ടേജുകൾ എന്നിവ സ്ഥാപിക്കൽ.

## സാധ്യതകൾ
## കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂനിറ്റുകൾ

1 നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായ കോംപ്ലക്സ്
2 തെങ്ങിൻ തടി, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല നിർമ്മാണം
3 യന്ത്രം ഉപയോഗിച്ച് പച്ച ചകിരി നാര് നിർമ്മാണം
4 യന്ത്രവൽകൃത ചൂടി നിർമ്മാണം
5 തെങ്ങിൻ തടി കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറുകളും നിർമ്മിക്കൽ
6 റീ-റിഫൈൻറ് വെളിച്ചെണ്ണ നിർമ്മാണം.
7 തേങ്ങാ പിണ്ണാക്കിൽ നിന്ന് കാലിത്തീറ്റ നിർമ്മാണം.
8 ഇളനീർ പന്തലുകൾ

2 പഴം - ജാമുകൾ : ആന്തൂർ പഞ്ചായത്തിൽ യഥേഷ്ടം ലഭിക്കുന്ന മാങ്ങ, ചക്ക, വാഴപ്പഴങ്ങൾ ഉപയോഗിച്ച്.
3 ശീതള പാനീയം : കോൾതുരുത്തിയിൽ കിട്ടുന്ന കരിമ്പ്, പഞ്ചായത്തിൽ ലഭ്യമായ മററ് പഴ വർഗ്ഗങ്ങൾ ഉപയോഗിച്ച്.
4 വാഴനാരു കൊണ്ടുള്ള കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ
5 ഖാദി മേഖല : പറശ്ശിനികകടവിലെ ഖാദി നൂൽ നൂൽപ് കേന്ദ്രത്തോട് അനുബന്ധിച്ച് നെയ്ത്ത് കൂടി സംഘടിപ്പിച്ച് കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ നൽകൽ.
6 സഹകരണ മേഖല : (നിലവിലുള്ളത് വിപുലപ്പെടുത്തേണ്ടുന്നത് സംബന്ധിച്ച്)
   1 മോറാഴ വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി വിപുലപ്പെടുത്തി സിൽക്ക് വീവിങ്ങ് തുടങ്ങിയവ ആരംഭിക്കണം.
   2 കണ്ണൂർ കല്ല്കൊത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം യന്ത്രവൽക്കരിക്കുകയും കൂടുതൽ മേഖലകളിലേക്ക് വിപുലീകരിക്കുകയും ചെയ്ത് തൊഴിൽ സാധ്യത വർദ്ധിപ്പിക്കൽ.
   3 രോഗഗ്രസ്ത സഹകരണ വ്യവസായ യൂനിറ്റുകൾ ആവശ്യമായ ഇടപെടൽ നടത്തി പുനരുദ്ധരിക്കൽ.
7 നിലവിലുള്ള വ്യവസായ ഫ്ളോട്ടിനു പുറമേ 1, 2 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന മുതുവാനിയും പരിസര പ്രദേശവും രണ്ടാം വാർഡിലെ കോൾമൊട്ടക്ക് വടക്കുള്ള തുറസ്സായ പ്രദേശവും ഏറ്റെടുത്ത് പുതിയ വ്യവസായ ഫ്ളോട്ട് ആരംഭിക്കുക.
8 ചെറുകിട ഇടത്തരം വ്യവസായ മേഖല.
   വെസ്റ്റേൺ ഇന്ത്യാ കോട്ടൺസ്, തിരുവേപ്പതിമിൽ, കാനനൂർ സ്പിന്നിങ്ങ് മിൽ, ചൊവ്വ സ്പിന്നിങ്ങ് മിൽ, എന്നിവയിൽ നിന്നുള്ള മിൽ വെയിസ്റ്റ് കോട്ടൺ ഉപയോഗിച്ച് തടിച്ച നൂൽ നിർമ്മിക്കുന്ന സ്പിന്നിങ്ങ് മിൽ . സഹകരണ മേഖലയിൽ.
9 ഗാർമെൻറ് മേക്കിങ്ങ്
   1 കയറ്റുമതി സാധ്യതയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
   2 ആഭ്യന്തര ഉപയോഗത്തിനുള്ള ചുരിദാർ, മിഡി, മാക്സി, ഹോസിയറി ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം.
10 പി.എം.ആർ.വൈ. സ്കീം പ്രകാരം തൊഴിൽ സംരംഭകരെ കണ്ടെത്തി ഒരു വർഷം കൊണ്ട് 20 എന്ന തോതിൽ 5 വർഷം കൊണ്ട് 100 യൂനിറ്റ് ആരംഭിക്കൽ .



# വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ ഔപചാരിക- അനൗപചാരിക മേഖലകളിൽ അദ്വിതീയമായ ഒരു പാരമ്പര്യമുണ്ട് ആന്തൂർ പഞ്ചായത്തിന്. ഈ നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ഇന്ത്യയിൽ ആകമാനം വീശിയടിക്കാൻ തുടങ്ങിയ ദേശീയ പ്രസ്ഥാനത്തിന്റെയും സാമൂഹ്യപരിഷ്കരണ ഉദ്യമങ്ങളുടെയും അലയൊലികൾ ഇവിടങ്ങളിലെ വിദ്യാഭ്യാസത്തിന്റെ പശ്ചാത്തലമൊരുക്കിയതായി കാണാം.

ഈ നൂറ്റാണ്ട് പിറക്കുന്നതിന് മുന്നേ തന്നെ ഈ പ്രദേശങ്ങളിൽ വ്യാപകമായി കുടിപ്പള്ളിക്കൂടങ്ങളുണ്ടായിരുന്നുവത്രേ. എഴുത്തു പഠിപ്പിച്ചിരുന്നവർ എഴുത്തച്ഛൻ- എഴുത്താശാൻ എന്ന പേരിലാണറിയപ്പെട്ടിരുന്നത്. പഞ്ചായത്തിലെ ആദ്യത്തെ ഔദ്യോഗിക വിദ്യാലയം സ്ഥാപിച്ചത് മാണിക്കോത്ത് രാമർകുട്ടി നമ്പ്യാർ എന്ന എഴുത്തച്ഛനാണ്- 1892ൽ മോറാഴയിലെ പാന്തോട്ടം എന്ന സ്ഥലത്ത്. എഴുത്ത് പള്ളിക്കൂടം എന്ന നിലയിൽ മുന്നേ തുടങ്ങിയിരുന്നുവെങ്കിലുംഔദ്യോഗികാംഗീകാരം കിട്ടുന്നത് 1.11.1892ലാണ്.

ഗുരുക്കൾ എന്ന് ബഹുമാനപൂർവം വിളിക്കപ്പെടുന്ന അധ്യാപകരും അനൗദ്യോഗികരംഗത്തെ പ്രധാന വിദ്യാദാതാക്കളായിരുന്നു. ഞാത്തിൽ (കാനൂൽ) സ്വദേശിയായ തറോൽ കണ്ണൻ ഗുരുക്കൾ ഈ മേഖലയിൽ പ്രത്യേക സ്ഥാനം എടുത്തു പറയത്തക്കതാണ്. വേദേതിഹാസങ്ങളിലും വൈദ്യം, തച്ചുശാസ്ത്രം, കൃഷി, ജ്യോതിശാസ്ത്രം സാഹിത്യം തുടങ്ങി നാനാമേഖലകളിലും നിഷ്ണാതനായിരുന്ന ആ അവർണ പണ്ഡിതന്റെ ശിഷ്യഗണങ്ങളിൽ ബ്രാഹ്മണരുമുണ്ടായിരുന്നുവെന്നത് നമ്മുടെ വിദ്യാഭ്യാസ ചരിത്രത്താളിലെ മായാത്ത രെഭിമാനമുദ്രയാണ്. തളിയിലെ രാമൻഗുരുക്കൾ, ഒഴക്രോത്തെ ഒതേനൻ ഗുരുക്കൾ, മോറാഴയിലെ മാണിക്കോത്ത് അമ്പു എഴുത്തച്ഛൻ, എന്നിവർ നമ്മുടെ ഗുരുപരമ്പരയിലെ ചില പേരുകൾ മാത്രം.

തളിയിൽ, കടമ്പേരി, പറശ്ശിനിക്കടവ് ഭാഗങ്ങളിൽ ഈ നൂറ്റാണ്ടിന്റെ ആദ്യത്തോടെ തന്നെ സ്കൂൾ ആരംഭിക്കുകയുണ്ടായി. ഒഴക്രോത്ത് ചെറുപ്പക്കാരെ ഇംഗ്ലീഷ് പഠിപ്പിക്കാൻ വേണ്ടി തുടങ്ങിയ സ്ഥാപനമാണ് ഇന്നത്തെ മോറാഴ സൗത്ത് എ എൽ പി സ്കൂളായി പരിണമിച്ചത്. തുടർന്ന് കോടല്ലൂർ, മോറാഴ, കാനൂൽ, മയിലാട് പ്രദേശങ്ങളിലും വിദ്യാലയങ്ങൾ ഉയർന്നുവന്നു. 1940 വരെ ഹരിജൻ കുട്ടികൾക്ക് സ്കൂൾ പ്രവേശനമില്ലായിരുന്നു. സ്വാമി ആനന്ദതീർത്ഥരുടെയും സംഘടിത പ്രസ്ഥാനങ്ങളുടെയും ശ്രമഫലമായി അതൊഴിവായി.

1946ൽ പറശ്ശിനിയിൽ ആരംഭിച്ച നിശാപാഠശാല- ഇന്നത്തെ പറശ്ശിനി ഹൈസ്കൂൾ- ഒരു സ്വാതന്ത്ര്യ സമരകളരി കൂടിയായിരുന്നു. വിഷ്ണുഭാരതീയൻ വന്ന് സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ക്ലാസുകൾ എടുത്തിരുന്നത് അഭിമാനത്തോടെയാണ് അധ്യേതാക്കാൾ ഇന്നും ഓർക്കുന്നത്. പട്ടികജാതിക്കാർക്ക് നിഷിദ്ധമായിരുന്ന ക്ഷേത്ര വഴിയിലൂടെ ഹരിജൻ എം എൽ എയെ ആനയിച്ചു കൊണ്ടു വന്ന് സ്വീകരണം കൊടുത്തത് ഈ പാഠശാലയിൽ വെച്ചായിരുന്നു. ഏറെ മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിരുന്നില്ലെങ്കിലും ഗാന്ധിജിയുടെ ആഹ്വാനം ഉൾക്കൊണ്ട് പറശ്ശിനിയിൽ ഹരിജനങ്ങൾക്കുള്ള വയോജന ക്ലാസ് തുടങ്ങിയിരുന്നു. പി കൃഷ്ണപിള്ളയുടെയും മറ്റും നേതൃത്വത്തിൽ ബക്കളത്ത് ആരംഭിച്ച ഹിന്ദി ശിക്ഷണനിലയം പോലീസ് നശിപ്പിക്കുകയാണുണ്ടായത്.

വിദ്യാർഥികൾക്ക് താമസം, ഭക്ഷണം, യാത്ര എന്നിവക്ക് പുറമെ സർക്കാരിലേക്കടക്കേണ്ടുന്ന ഫീസും നൽകിയ പറശ്ശിനിക്കടവ് ഹൈസ്കൂളിന്റെ പഴയ ചരിത്രം, ഭരണഘടനയിലുള്ള നിർബന്ധിതവും സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസത്തെ 'ട്യൂഷൻ ഫി ഫ്രീ' വിദ്യാഭ്യാസമാക്കി മാറ്റിയ ഇക്കാലത്തും പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.

വിദ്യാഭ്യാസബില്ലും ഭൂപരിഷ്കരണ നിയമവും കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെന്ന പോലെ ഇവിടുത്തെയും വിദ്യാഭ്യാസരംഗത്തുണ്ടാക്കിയ ചലനം അളവറ്റതാണ്. വായനശാലകൾ, നാടകസംഘങ്ങൾ, നാടൻകലകൾ കർഷക ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ എന്നിവ നേരിട്ടും അല്ലാതെയും വിദ്യാഭ്യാസ പ്രക്രിയയുടെ രാസത്വരകങ്ങളായി വർത്തിച്ചു.

1990ലെ സാക്ഷരതാ പ്രസ്ഥാനം ഒരു വൻവിജയമാക്കാനും ജില്ലയിലെ ആദ്യത്തെ സമ്പൂർണ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെടാനും കഴിഞ്ഞത് ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. 1993-94ലെ 'അക്ഷരപ്പുലരി', ഒന്നാംതരം ഒന്നാംതരമാക്കൽ, 1995-96ലെ സ്കൂൾ കോംപ്ലക്സ് പ്രവർത്തനം എന്നിവ ഈ പഞ്ചായത്തിൽ സാമാന്യം നല്ല രീതിയിൽ തന്നെ നടക്കുകയുണ്ടായി. 'ഗുരുകുലം' പരിപാടിയുടെ ഭാഗമായി (1996) എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ജനകീയ തലത്തിൽ പഞ്ചായത്ത്- വാർഡ് സമിതികളും അയൽക്കൂട്ടങ്ങളും രൂപീകരിക്കപ്പെട്ടു. ഇതിന്റെയൊക്കെ ഫലമായി പി ടി എ, മാതൃസംഘം എന്നിവയുടെ പ്രവർത്തനം സജീവമാകുകയും വിദ്യാഭ്യാസ പ്രക്രിയയിലെ ജനകീയ ഇടപെടൽ ക്രിയാത്മകമാവുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്യുമ്പോൾ പ്രീ-പ്രൈമറി, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം വികസനോന്മുഖ തുടർ വിദ്യാഭ്യാസം എന്നിങ്ങനെ അഞ്ച് മേഖലകളാക്കി വിശകലനം ചെയ്യുന്നതായിരിക്കും ഉചിതം.

# I പ്രീ-പ്രൈമറി വിദ്യാഭ്യാസം

(i) സ്ഥിതി: പഞ്ചായത്തിൽ ഇന്ന് പത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ട്. 1000 ജനസംഖ്യക്ക് ഒരു കേന്ദ്രമെന്ന നിലയിൽ 23000 ജനസംഖ്യയുള്ള ആന്തൂർ പഞ്ചായത്തിൽ 23 കേന്ദ്രങ്ങളെങ്കിലും ആരംഭിക്കേണ്ടതുണ്ട്.

(ii) വിമർശനങ്ങൾ:- (+) 1. പത്തു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്നത് പ്രധാനമാണ്. 2. ഇവ ഐ.സി.ഡി.എസ്. പ്രാദേശിക വായനശാലകൾ എന്നിവയുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്.
(-) (1) ശരിയായ പഠനത്തിന്റെയോ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ല ഈ കേന്ദ്രങ്ങൾ ആരംഭിച്ചത് (2) ഇനിയും 13 സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ വിഭവം കണ്ടെത്താൻ പ്രയാസമാണ്. (3) ആവശ്യമായ പരിശീലിത അധ്യാപകരെ ലഭിക്കാൻ പ്രയാസമാണ്. (4) നിലവിലുള്ള കേന്ദ്രങ്ങളിൽ ഇംഗ്ലീഷ് ഭാഷാ പഠനമടക്കമുള്ള അനഭിലഷണീയമായ കാര്യങ്ങൾ നടക്കുന്നുണ്ട് (5) കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ, സ്ഥലസൗകര്യം തുടങ്ങിയവ ലഭ്യമല്ല.
(iii) **നിർദ്ദേശങ്ങൾ:-** സമഗ്രമായ കുടുംബ സർവേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ പ്രീ-പ്രൈമറി കുട്ടികളെ കണ്ടെത്തി അവർക്ക് പ്രാപ്യമായ കേന്ദ്രങ്ങൾ ആരംഭിക്കുക. (2) ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ അയൽക്കൂട്ടത്തിലെ അനുയോജ്യമായ വീടുകൾ വായനശാലകൾ മഹിളാ സമാജങ്ങൾ എന്നിവയിൽ കണ്ടെത്തുക (3) അധ്യാപികമാർക്ക് വ്യക്തമായ പരിശീലനവും പുനഃപരിശീലനവും നൽകുക. (4) റിട്ട: അധ്യാപകർ, പരിചയ സമ്പന്നരായ മുത്തശ്ശി മുത്തശ്ശന്മാർ എന്നിവരുടെ സഹായം ഈ കേന്ദ്രങ്ങളിലെത്തിക്കുക (5) ജനകീയ സഹകരണത്തോടെ കളിക്കോപ്പുകളും പഠനോപകരണങ്ങളും ലഭ്യമാക്കുക (6) ഏത് വിധേനയും ഓരോ അയൽക്കൂട്ടത്തിലെയും മുഴുവൻ പ്രീ-പ്രൈമറി കുട്ടികളെയും സെന്ററുകളിലെത്തിക്കുക, പതിവായി പോകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

# II പൊതുവിദ്യാഭ്യാസം: A പൊതുസ്ഥിതി

(i) സ്ഥിതി:- പഞ്ചായത്തിൽ 18 വിദ്യാലയങ്ങളുണ്ട്. ഇതിൽ ഒരു കേന്ദ്രീയ വിദ്യാലയവും രണ്ട് അനംഗീകൃത വിദ്യാലയവും ഒഴിവാക്കിയാൽ സാധാരണ വിദ്യാലയങ്ങൾ 15. രണ്ട് എച്ച് എസ്, അഞ്ച് യു പി എസ്, എട്ട് എൽ പി എസ്. ഇതിൽ ഒരു എച്ച് എസും രണ്ട് യു പി എസും ഒരു എൽ പി എസും സർക്കാർ ഉടമസ്ഥതയിലും ബാക്കിയുള്ളവ വ്യക്തിഗത മാനേജ്മെന്റിന്റെ കീഴിലുമാണ്. അർധനഗര പ്രദേശമെന്ന് പറയാവുന്ന പറശ്ശിനിക്കടവ്, ധർമശാല പ്രദേശങ്ങളിലാണ് 3 വിദ്യാലയങ്ങൾ. ബാക്കി 15 എണ്ണം ഗ്രാമപ്രദേശത്താണ്. വാർഡടിസ്ഥാനത്തിൽ നോക്കിയാൽ ഒമ്പതാം വാർഡിലൊഴികെ എല്ലായിടത്തും വിദ്യാലയങ്ങളുണ്ട്.

പട്ടിക- I

| ക്രമ നമ്പർ | സ്കൂൾ കോഡ് | വിദ്യാലയത്തിന്റെ പേര് | വാർഡ് നമ്പർ | ഉടമസ്ഥത | | | | വിഭാഗം | | | | പ്രദേശം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സർക്കാർ | അർദ്ധ സർക്കാർ | സ്വകാര്യം | സ്വ. അനംഗീകൃതം | എൽ പി | യു.പി | സെക്കണ്ടറി | ഹ സെക്കണ്ടറി | ഗ്രാമം | നഗരം | അർദ്ധ നഗരം |
| 1 | 01 | മൊറാഴ വെസ്റ്റ് എൽ പി സ്കൂൾ | I | | | ✓ | | ✓ | | | | ✓ | | |
| 2 | 02 | മൊറാഴ സെൻട്രൽ സ്കൂൾ | II | | | ✓ | | | ✓ | | | ✓ | | |
| 3 | 03 | മൊറാഴ ഗവ: ഹൈസ്കൂൾ | II | ✓ | | | | | | ✓ | | ✓ | | |
| 4 | 04 | മൊറാഴ എ.യു.പി. സ്കൂൾ | II | | | ✓ | | | ✓ | | | ✓ | | |
| 5 | 05 | മൊറാഴ സൗത്ത് എ.എൽ.പി. സ്കൂൾ | III | | | ✓ | | ✓ | | | | ✓ | | |
| 6 | 06 | കാനൂൽ ജൂബിലി എം.എ.എൽ.പി.സ്കൂൾ | IV | | | ✓ | | ✓ | | | | ✓ | | |
| 7 | 07 | കടമ്പേരി എ.എൽ.പി സ്കൂൾ | V | | | ✓ | | ✓ | | | | ✓ | | |
| 8 | 08 | കടമ്പേരി ഗവ: എൽ.പി.സ്കൂൾ | V | ✓ | | | | | ✓ | | | ✓ | | |
| 9 | 09 | കോൾത്തുരുത്തി എ.എൽ.പി. സ്കൂൾ | VI | | | ✓ | | ✓ | | | | ✓ | | |
| 10 | 10 | കോടല്ലൂർ ഗവ: എൽ.പി. സ്കൂൾ | VI | ✓ | | | | ✓ | | | | ✓ | | |
| 11 | 11 | കോടല്ലൂർ എ.എൽ.പി. സ്കൂൾ | VI | | | ✓ | | ✓ | | | | ✓ | | |
| 12 | 12 | ആന്തൂർ എ.എൽ.പി.സ്കൂൾ | VII | | | ✓ | | ✓ | | | | ✓ | | |
| 13 | 13 | പറശ്ശിനിക്കടവ് ഹൈസ്കൂൾ | VIII | | | ✓ | | | | ✓ | | | | ✓ |
| 14 | 14 | പറശ്ശിനിക്കടവ് എ.യ.പി.എസ്. | VIII | | | ✓ | | | ✓ | | | | | ✓ |
| 15 | 15 | ജേബീസ് പബ്ലിക് സ്കൂൾ | X | | | | ✓ | | ✓ | | | | | ✓ |
| 16 | 16 | മോറാഴ ജി യു.പി. സ്കൂൾ | X | ✓ | | | | | ✓ | | | ✓ | | |
| 17 | 17 | കേന്ദ്രീയ വിദ്യാലയം | IX | ✓ | | | | | | | ✓ | | | ✓ |
| 18 | 18 | സെൻറ് ആന്റണീസ് നഴ്സറി സ്കൂൾ ബക്കളം | X | | | | ✓ | ✓ | | | | ✓ | | |

(ii) **വിമർശനങ്ങൾ:-** (+) (1) മുഴുവൻ വിദ്യാർത്ഥികൾക്കും നിശ്ചിത ദൂരപരിധിക്കകത്തു തന്നെ വിദ്യാലയ സൗകര്യങ്ങളുണ്ട്. (2) എൽ പി, യു പി, എച്ച് എസ് അനുപാതം കുട്ടികൾക്ക് തുടർന്ന് പഠിക്കുന്നതിന് സാഹചര്യമൊരുക്കുന്നു. (3) മിക്കവാറും എല്ലാ വാർഡുകളിലും വിദ്യാലയ സൗകര്യമുണ്ട് (4) സ്വകാര്യ വിദ്യാലയങ്ങൾ കൂടുതലായതുകൊണ്ട് അധ്യാപകക്ഷാമം ഉണ്ടാകാനിടയില്ല.

(-) (1) 8ൽ 7 എൽപിഎസ്, 5ൽ 3 യുപിഎസ്, 2ൽ ഒന്ന് എച്ച് എസ് ഇവ സ്വകാര്യമേഖലയിലായതിനാൽ വിദ്യാലയത്തിലെ സ്ഥലംമാറ്റ സാധ്യതയില്ലാത്ത അധ്യാപകർക്ക് പൊതുവെ മുരടിപ്പ് ബാധിക്കാനിടയുണ്ട്. (2) ഈ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ മുതലിറക്കുന്നില്ല. (3) പി ടി എ വഴിയോ ജനകീയ മേഖലകളിലൂടെയോ സംഭാവന ചെയ്യാൻ പൊതുജനം പൊതുവെ സന്നദ്ധമാകുന്നില്ല. (4) Pre-KER ആനുകൂല്യത്തിന്റെ മറവിൽ മിക്ക വിദ്യാലയത്തിലും വളരെ പരിമിതമായ സ്ഥലസൗകര്യങ്ങളേ ഉള്ളൂ.

(iii) **നിർദ്ദേശങ്ങൾ:-** (1) സ്വകാര്യ മാനേജ്മെൻറിൽ സമ്മർദം ചെലുത്തി അവരെക്കൊണ്ട് സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം നടത്തുന്നതിനും അവരുടെ സാധ്യതകൾക്കും പരിമിതികൾക്കും അപ്പുറത്തുള്ള കാര്യങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും പി ടി എ മാതൃസംഘം വിദ്യാലയസമിതി എന്നിവയെ സജ്ജമാക്കണം. അതിന് പഞ്ചായത്ത് വാർഡ് സമിതികളും അയൽക്കൂട്ടങ്ങളും സജീവമാക്കണം. (2) അധ്യാപകർക്ക് അവരുടെ മുരടിപ്പ് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

## B ഭൗതിക സാഹചര്യങ്ങൾ

(i) **സ്ഥിതി:-** സ്ഥലസൗകര്യം, കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, മൂത്രപ്പുര, കക്കൂസ് വൈദ്യുതി ലഭ്യത കളിസ്ഥലം, കിണർ എന്നിവ മാത്രമാണ് ഭൗതിക സാഹചര്യങ്ങൾ എന്ന വിഭാഗത്തിൽ വിലയിരുത്തിയിട്ടുള്ളത്.

സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യം പോലുമില്ലാത്ത 8 വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഏറ്റവും ചെറിയ സ്ഥലസൗകര്യമുള്ള വിദ്യാലയത്തിന് ആകെ 15 സെൻറ് മാത്രമേ ഉള്ളൂ. മിക്കവാറും കെട്ടിടത്തിന് സ്ഥിതി ചെയ്യുവാനുള്ള സ്ഥലം മാത്രമേ ഉണ്ടാകൂ. ഈ വിദ്യാലയങ്ങൾക്ക് സ്വന്തമായി കളിസ്ഥലമോ കുട്ടികളെ പുറത്തുകൊണ്ടുപോയി പഠിപ്പിക്കാനോ സൗകര്യമില്ല. Pre-KER എന്ന നിലയിൽ തുടരുന്ന ഈ വിദ്യാലയങ്ങളിലെ ക്ലാസ് മുറികളും വളരെ ഇടുങ്ങിയതായിരിക്കും. ഓടിക്കളിച്ചു നടക്കേണ്ടുന്ന കുട്ടികൾ അനങ്ങാനിടയില്ലാതെ വീർപ്പുമുട്ടി കഴിയേണ്ട അവസ്ഥയാണ് ഭൂരിപക്ഷം സ്കൂളുകളിലും.

33 കെട്ടിടങ്ങൾ സ്ഥിരവും 23 എണ്ണം അർദ്ധസ്ഥിരവുമാണ്. താൽക്കാലിക കെട്ടിടങ്ങളില്ല. എന്നാൽ KER പ്രകാരം നിശ്ചിത അളവോടുകൂടിയ എത്ര ക്ലാസ് മുറികളുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. 11 വിദ്യാലയത്തിൽ ലാബ് ഉണ്ട്. മുഴുവൻ വിദ്യാലയങ്ങളിലും ലൈബ്രറി ഉണ്ട്. മൂത്രപ്പുര 12 വിദ്യാലയങ്ങളിലുണ്ട്. മൂന്നിടത്തില്ല. കക്കൂസ് സൗകര്യമില്ലാത്ത വിദ്യാലയങ്ങൾ ഒൻപത്. വൈദ്യുതി സൗകര്യമുള്ളത് 6 വിദ്യാലയങ്ങൾക്കാണ്. 6 എണ്ണത്തിന് കളിസ്ഥലവും 4 എണ്ണത്തിന് കിണർ സൗകര്യവുമില്ല.

### പട്ടിക II

ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂൾ കോഡ് | സ്ഥലം വിസ്തീർണ്ണം | കെട്ടിടം | | | കെട്ടിടങ്ങളുടെ വിനിയോഗം | | | | മൂത്രപ്പുര | | കക്കൂസ് | | വൈദ്യുതി | | കളിസ്ഥലം | | കിണർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താൽ. | ലാബ് ഉണ്ട് | ലാബ് ഇല്ല | ലൈബ്രറി ഉണ്ട് | ലൈബ്രറി ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 1 | 01 | 30 സെ. | 1 | | | | ✓ | ✓ | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 2 | 02 | 152 സെ. | 2 | 6 | | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | | ✓ | |
| 3 | 03 | 337 സെ. | 2 | 3 | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | |
| 4 | 04 | 22 സെ. | 3 | | | ✓ | | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | |
| 5 | 05 | 239.4 സെ | 4 | 1 | | ✓ | | ✓ | | ✓ | | | ✓ | ✓ | | | ✓ | ✓ | |
| 6 | 06 | 33 സെ | 1 | | | ✓ | | ✓ | | ✓ | | | ✓ | | ✓ | ✓ | | | ✓ |
| 7 | 07 | 67 സെ | 2 | | | | ✓ | ✓ | | | ✓ | | ✓ | | ✓ | | ✓ | ✓ | |
| 8 | 08 | 48.25 സെ. | 3 | 1 | | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | | ✓ | |
| 9 | 09 | 30 സെ. | 1 | | | | ✓ | ✓ | | | ✓ | | ✓ | | ✓ | | ✓ | | ✓ |
| 10 | 10 | 15 സെ. | 1 | | | ✓ | | ✓ | | ✓ | | ✓ | | | ✓ | | ✓ | | ✓ |
| 11 | 11 | 150 സെ. | 2 | | | | ✓ | ✓ | | | ✓ | | ✓ | | ✓ | ✓ | | ✓ | |
| 12 | 12 | 24 സെ. | 2 | 3 | | | ✓ | ✓ | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 13 | 13 | 600 സെ. | 4 | 3 | | ✓ | | ✓ | | ✓ | | | ✓ | ✓ | | ✓ | | ✓ | |
| 14 | 14 | 150 സെ. | 5 | 4 | | ✓ | | ✓ | | ✓ | | | ✓ | ✓ | | | ✓ | | ✓ |
| 15 | 16 | 153 സെ. | | 2 | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | |

### (ii) വിമർശനങ്ങൾ:-

(+) (1) മിനിമം സ്ഥലസൗകര്യമുള്ള 8 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. (2) താൽക്കാലിക കെട്ടിടം ഒരു വിദ്യാലയത്തിലുമില്ല (3) സ്ഥിരകെട്ടിടമാക്കേണ്ടുന്ന 23 അർദ്ധ സ്ഥിര കെട്ടിടങ്ങളേ ഉള്ളു. (4) ആറ് വിദ്യാലയങ്ങളിലെങ്കിലും വൈദ്യുതി സൗകര്യം എത്തിയിരിക്കുന്നു.

(-) (1) 8 വിദ്യാലയങ്ങളിൽ മിനിമം സ്ഥലസൗകര്യം പോലുമില്ലെന്നത് കളിച്ചു വളരേണ്ട എൽ പി, യു പി വിദ്യാർഥികളെ പ്രതികൂലമായി ബാധിക്കും. Pre- KER ൽ കുരുങ്ങി ശ്വാസംമുട്ടുന്ന ക്ലാസ് മുറിക്കകത്തുനിന്ന് പുറത്തു കൊണ്ടുപോകാൻ പോലും ഇവർക്ക് നിവൃത്തിയില്ല. (2) 33 കെട്ടിടങ്ങൾ സ്ഥിരമാണെങ്കിലും അതിൽ ക്ലാസ് മുറിക്ക് അത്യാവശ്യമായ ചുറ്റളവുള്ളവ പരിമിതമാണ്. ഓഫീസ്, സ്റ്റാഫ് റൂം എന്നിങ്ങനെ വ്യത്യസ്ത ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യം കുറവാണ്. (3) ക്ലാസുകൾക്ക് താൽക്കാലികമായ വേർതിരിവ് പലേടത്തുമില്ല. (4) 11 വിദ്യാലയങ്ങളിൽ Lab ഉണ്ടെങ്കിലും വേർതിരിച്ച മുറിയോ ഫർണിച്ചർ സൗകര്യങ്ങളോ മിക്കയിടത്തുമില്ല. ഉപകരണങ്ങളുടെയും അവശ്യവസ്തുക്കളുടെയും ലഭ്യതക്കുറവും ഉപയോഗിക്കാനുള്ള മനോഭാവമില്ലായ്മയും പ്രധാന ന്യൂനത തന്നെയാണ്. (5) 13 വിദ്യാലയങ്ങളിൽ മൂത്രപ്പുര ഉണ്ടെങ്കിലും ആൺ- പെൺകുട്ടികൾ, അധ്യാപകർ എന്നിങ്ങനെ വേർതിരിച്ചുള്ള സൗകര്യം കുറവാണ്. (6) കക്കൂസ് സൗകര്യം 9 വിദ്യാലയങ്ങളിലില്ല എന്നത് എൽ പി, യു പി വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോള പരിതാപകരമായ അവസ്ഥയെ സൂചിപ്പിക്കുന്നു. (7) 6 വിദ്യാലയങ്ങൾക്ക് കളിസ്ഥലമില്ലാത്തത് കായിക വിദ്യാഭ്യാസത്തെതത പ്രതികൂലമായി ബാധിക്കുന്നു. (8) 4 വിദ്യാലയങ്ങൾക്ക് സ്വന്തമായി കിണറില്ലാത്തതിനാൽ കുടിവെള്ള പ്രശ്നമുണ്ട്. (9) വൈദ്യുതി സൗകര്യം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പാക്കണം.

### (iii) നിർദ്ദേശങ്ങൾ

(1) പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും മിനിമം സ്ഥലസൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (2) മൂന്നോ നാലോ വിദ്യാലയങ്ങൾക്ക് പ്രാപ്യമായ ഒരിടത്ത് പഞ്ചായത്തു തന്നെ ചെറുകിട ഇടത്തരം കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നത് നല്ലതാണ്. ഇത്തരം സ്ഥലങ്ങളിൽ ഊഞ്ഞാലുകൾ തുടങ്ങിയ വിനോദോപാധികൾ സ്ഥാപിക്കുന്നത് നന്ന്. (3) Pre- KER പരിരക്ഷ നൽകപ്പെട്ട കെട്ടിടങ്ങൾ അടിയന്തരമായി നിർദ്ദിഷ്ട അളവോടുകൂടി മാറ്റി പണിയണം. (4) ക്ലാസുകൾക്ക് താൽക്കാലികമായ വേർതിരിവെങ്കിലും വേണം. (6) വിദ്യാലയത്തിൽ ഒരു കെട്ടിടമെങ്കിലും ഹാൾ ആയി ഉപയോഗിക്കത്തക്കവിധം താൽക്കാലിക വേർതിരിവോടെ നിലനിർത്തുന്നതാണ് നല്ലത്.

## C. കുട്ടികളുടെ പ്രവേശനം

a. ഒന്നാംതരത്തിലെ കുട്ടികളുടെ എണ്ണം: (i) സ്ഥിതി: കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഒന്നാംതരത്തിലെ കുട്ടികളുടെ എണ്ണം പകുതിയായി കുറഞ്ഞ രണ്ട് വിദ്യാലയങ്ങളുണ്ട്. ഗണ്യമായി കുറഞ്ഞ 3 വിദ്യാലയങ്ങൾ. നാമമാത്രമായി കുറഞ്ഞ രണ്ട് വിദ്യാലയങ്ങൾ. നിലനിർത്തുകയോ വർദ്ധിപ്പിക്കുകയോ ചെയ്ത 6 വിദ്യാലയങ്ങൾ ഇതിൽ ഒരു സ്കൂളിൽ 75% വർധന കാണുന്നു. 7 വിദ്യാലയങ്ങളിൽ കുറഞ്ഞപ്പോൾ ആറെണ്ണത്തിൽ വർധിച്ചു. പഞ്ചായത്തിൽ മൊത്തം കുറവ് 8% ആണ്. രണ്ട് വിദ്യാലയങ്ങളിൽ പത്തിനടുത്ത് കുട്ടികളെ സ്ഥിരമായി ഒന്നിലെത്തുന്നുള്ളു

**പട്ടിക III**

ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം

| ക്രമ നം | സ്കൂൾ | | | | | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വർഷം | 01 | 02 | 03 | 04 | 05 | 06 | 07 | 08 | 09 | 10 | 11 | 12 | 13 | 14 | 15 | 16 | |
| 1 | 91-92 | 20 | 52 | | 57 | 75 | 29 | 31 | 20 | 5 | 12 | 21 | 38 | | 51 | | 27 | 438 |
| 2 | 92-93 | 21 | 37 | | 53 | 64 | 12 | 78 | 34 | 5 | 17 | 11 | 52 | | 44 | 1 | 44 | 472 |
| 3 | 93-94 | 22 | 39 | 1 | 54 | 80 | 26 | 31 | 25 | 8 | 11 | 27 | 20 | 1 | 52 | Jobles | 27 | 428 |
| 4 | 94-95 | 19 | 22 | HS | 53 | 68 | 17 | 30 | 53 | 8 | 11 | 32 | 25 | HS | 27 | | 26 | 371 |
| 5 | 95-96 | 21 | 26 | 1 | 55 | 64 | 12 | 25 | 55 | 7 | 16 | 29 | 31 | 1 | 52 | 1 | 35 | 404 |
| ആകെ | | 103 | 178 | | 272 | 351 | 96 | 195 | 147 | 33 | 61 | 120 | 172 | | 226 | | 159 | 2113 |

### (ii) വിമർശനങ്ങൾ:

(+) (1) 6 വിദ്യാലയങ്ങളിലെങ്കിലും ഒന്നാംതരത്തിലെ പ്രവേശനനിരക്ക് നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് വാഹനങ്ങളിൽ കയറ്റുമതി ചെയ്യുന്നതിനിടയിലാണ് ഈ നേട്ടം. പുതിയ ജനസഞ്ചയങ്ങൾ രൂപപ്പെട്ടതും പഴയവ ശോഷിച്ചു പോയതും പ്രവേശന നിരക്കിനെ ബാധിച്ചിട്ടുണ്ടാകാം.

(-) (1) ഏഴ് വിദ്യാലയങ്ങളിൽ പ്രവേശനനിരക്ക് കുറഞ്ഞുവെന്നത് അവയുടെ നിലനിൽപിനെ ബാധിക്കുന്നു. (2) 2 വിദ്യാലയങ്ങളിൽ പത്തിനടുത്തു കുട്ടികളെ ഒന്നാംതരത്തിലുള്ളു. ഇതിലൊന്ന് ഒരു ദ്വീപിലാണ്. (3) കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ് വയസ് പൂർത്തിയാകാത്ത കുട്ടികളെ ചേർക്കാൻ വിദ്യാലയാധികൃതർ പ്രേരിപ്പിക്കുന്നു. ഇത് കുട്ടികളുടെ പഠനശേഷിയേയും ക്ലാസിലെ പഠനപ്രാപ്തിയേയും ബാധിക്കുന്നു. (4) കുടിയേറ്റം മൂലം പഞ്ചായത്തിൽ ജനസംഖ്യയും തൻമൂലം കുട്ടികളുടെ എണ്ണവും വർധിച്ചിട്ടുണ്ടാകണം. എന്നാൽ ആ വർധന വിദ്യാലയങ്ങളിൽ പ്രതിഫലിക്കുന്നില്ല. ഇതിനർഥം നല്ലൊരു ശതമാനം വിദ്യാർഥികൾ പഞ്ചായത്തിന് പുറത്തേക്കോ പൊതുവിദ്യാഭ്യാസരംഗത്ത് പുറത്തേക്കോ പോകുന്നുവെന്നാണ്.

(iii) **നിർദ്ദേശങ്ങൾ:** (1) പഞ്ചായത്തിലെ സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളെപറ്റിയും വ്യക്തമായ ധാരണ ലഭിക്കുന്നതിന് പഞ്ചായത്തുതല വിദ്യാഭ്യാസ സർവേ മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി നടത്തേണ്ടതാണ്. (2) സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളെയും പരിസരത്തുള്ള സ്കൂളിൽ തന്നെ എത്തിക്കുക. പ്രായപരിധി എത്താത്ത കുട്ടികളെ ചേർക്കുന്നത് നിരുത്സാഹപ്പെടുത്തുക എന്നിവ നടപ്പാക്കുന്നതിന് മാതൃസംഘം അയൽക്കൂട്ടം എന്നിവ വഴി ശക്തിയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

### b. മൊത്തം കുട്ടികളുടെ എണ്ണം:

(i) **സ്ഥിതി:** കഴിഞ്ഞ അഞ്ചുവർഷതിനിടയിൽ 4 വിദ്യാലയങ്ങളിലായി 80 വിദ്യാർഥികൾ കൂടിയപ്പോൾ 9 വിദ്യാലയങ്ങളിലായി 289 പേർ കുറഞ്ഞു. ഫലം 209 പേരുടെ കുറവ്. ജനസഞ്ചയങ്ങളുടെ വിന്യാസം കാരണമാവാമെങ്കിലും കുടിയേറ്റ സാധ്യത പരിഗണിക്കുമ്പോൾ ഈ കുറവ് ന്യായീകരിക്കാനാവില്ല. ഒരു വിദ്യാലയത്തിൽ ഗണ്യമായ വർദ്ധനവുണ്ടായത് അത് യു പി ആയി ഉയർത്തിയത് കൊണ്ടു മാത്രമാണ്.

## പട്ടിക IV

മൊത്തം കുട്ടികളുടെ എണ്ണം

| ക്രമ.ന | സ്കൂൾ | | | | | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വർഷം | 01 | 02 | 03 | 04 | 05 | 06 | 07 | 08 | 09 | 10 | 11 | 12 | 13 | 14 | 15 | 16 | |
| 1 | 91-92 | 85 | 681 | | 446 | 430 | 83 | 149 | 312 | 19 | 61 | 112 | 200 | | 622 | | 192 | |
| 2 | 92-93 | 84 | 649 | | 426 | 414 | 78 | 141 | 303 | 18 | 63 | 94 | 211 | | 626 | | 247 | |
| 3 | 95-96 | 86 | 600 | | 414 | 415 | 91 | 138 | 277 | 25 | 60 | 98 | 182 | | 621 | | 243 | |
| 4 | 94-95 | 85 | 581 | | 419 | 377 | 83 | 145 | 305 | 28 | 54 | 98 | 168 | | 584 | | 235 | |
| 5 | 95-96 | 89 | 560 | | 420 | 385 | 66 | 147 | 317 | 27 | 51 | 105 | 176 | | 585 | | 255 | |

(ii) **വിമർശനങ്ങൾ:** (+) (1) വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറയുന്നത് വ്യക്തിപരമായ ശ്രദ്ധ നൽകുന്നതിനും അതുവഴി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമാണ്.

(-) (1) അക്ഷരപഠനം അക്കപഠനം എന്നീ അക്കാദമിക പഠനത്തിൽ ഗുണം ചെയ്തേക്കാമെങ്കിലും സാമൂഹ്യവൽക്കരണം എന്ന വിദ്യാഭ്യാസ ലക്ഷ്യം പരിഗണിച്ചാൽ എണ്ണം കുറയുന്നത് നിലവാരത്തകർച്ചക്കിടയാക്കും. (2) സ്വകാര്യ വിദ്യാലയങ്ങളിൽ ഗ്രാൻറ് നൽകുന്നത് കുട്ടികളുടെ എണ്ണമനുസരിച്ചായതിനാൽ തുച്ഛമായി ലഭിക്കുന്ന തുക അറ്റകുറ്റപണികൾക്ക് അപര്യാപ്തമാകും. (3) ഉച്ചക്കഞ്ഞി പോലുള്ള ക്ഷേമപരിപാടികൾക്ക് ആളോഹരി ചെലവ് ഗണ്യമായി വർദ്ധിക്കും. (4) വിദ്യാഭ്യാസ ചെലവിന് ആളോഹരി വിഹിതം കൂടുന്നത് ദുർവ്യയത്തിന് ഇടയാക്കും.

(iii) **നിർദ്ദേശങ്ങൾ:** (1) വിദ്യാഭ്യാസത്തിൻെറ ആത്യന്തിക ലക്ഷ്യം സാമൂഹ്യവൽക്കരണമായി കാണണം ഇതിനുതകുന്ന തരത്തിൽ സംഘ പ്രവർത്തനങ്ങൾ, സന്നദ്ധ സേവന പ്രവർത്തനങ്ങൾ എന്നിവക്ക് അവസരം നൽകണം. (2) കുട്ടികളുടെ എണ്ണം കുറഞ്ഞാലും മിനിമം പരിധി നിശ്ചയിച്ച് ഗ്രാൻറ് നൽകണം. (3) വിദ്യാലയം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ബഹുജനങ്ങൾ എന്നിവയുടെ സേവനം മെച്ചപ്പെടുത്തണം (4) ഉച്ചക്കഞ്ഞി വിതരണത്തിൽ ബഹുജനങ്ങളുടെയും പി ടി എ മാതൃസംഘം എന്നിവയുടെയും സഹകരണം ഉറപ്പുവരുത്തണം.

### C. കൊഴിഞ്ഞുപോക്ക്

(i) **സ്ഥിതി:** എൽപി/യു പി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് 95-96ൽ 91-92ലേതിനേക്കാൾ 50% കുറഞ്ഞതായി കാണാം. എന്നാൽ 94-95ലെ 100%ൽ കവിഞ്ഞ വർധനയും കാണാതിരുന്നു കൂടാ. വിശദമായ പഠനം നടത്തിയാലേ ഇതിൻെറ യഥാർഥ കാര്യകാരണങ്ങൾ വ്യക്തമാകൂ. കൊഴിഞ്ഞുപോക്ക് തീരെ ബാധിക്കാത്ത 3 വിദ്യാലയങ്ങളുണ്ട്. ശരാശരി 8 പേർ വീതം കൊഴിഞ്ഞുപോയ ഒരു വിദ്യാലയവും ഉണ്ട്.

## പട്ടിക V

കുട്ടികളുടെ കൊഴിഞ്ഞു പോക്ക്

| ക്രമ നം | സ്കൂൾ | | | | | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വർഷം | 01 | 02 | 03 | 04 | 05 | 06 | 07 | 08 | 09 | 10 | 11 | 12 | 13 | 14 | 16 | | |
| 1 | 91-92 | 1 | 2 | | 6 | | 2 | 1 | | | | 2 | 1 | | 6 | 6 | | 27 |
| 2 | 92-93 | | 1 | | 5 | | | 1 | 1 | | | | 1 | | 11 | 4 | | 24 |
| 3 | 93-94 | 1 | 1 | | 2 | | 1 | 1 | 2 | | | 2 | 1 | | 7 | 2 | | 20 |
| 4 | 94-95 | 2 | 1 | | 4 | | | | 1 | | | | 5 | | 15 | 3 | | 31 |
| 5 | 95-96 | 4 | 2 | | 4 | | 2 | | | | | | | | 1 | 1 | | 14 |

(ii) **വിമർശനങ്ങൾ:** (+) (1) കൊഴിഞ്ഞുപോക്ക് നിരക്ക് പഞ്ചായത്തുതലത്തിൽ അഗണ്യമാണ്. (2) കൊഴിഞ്ഞുപോക്ക് പൂർണമായും തടയാൻ 3 വിദ്യാലയങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു. (3) 91-92ലെ 27ൽ നിന്നും 95-96ലെ 14 ലേക്ക് നിരക്ക് കുറക്കാൻ കഴിഞ്ഞിരിക്കുന്നു.

(-) (1) കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ തുടർപഠന സാധ്യത അവരുടേതല്ലാത്ത കുറ്റംകൊണ്ട് തടയപ്പെടുന്നു. (2) ഇത്തരം കുട്ടികൾ ക്രമേണ തങ്ങളേക്കാൾ ഉയർന്ന പ്രായക്കാരുടെ കൂട്ടുകെട്ടിൽ ഉൾപ്പെടുകയും വഴിതെറ്റാനിടയാവുകയും ചെയ്യുന്നു. (3) ജീവിതഗന്ധിയല്ലാത്തതും തൊഴിലധിഷ്ഠിതമല്ലാത്തതുമായ വിദ്യാഭ്യാസം സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള കൂട്ടികളെ സ്കൂളിൽ വിടാൻ പ്രേരിപ്പിക്കുക.

(iii) **നിർദ്ദേശങ്ങൾ:** (1) കൊഴിഞ്ഞുപോക്ക് തടയുന്നതിൽ വിജയിച്ച വിദ്യാലയങ്ങളിലെ ഗുണപരമായ നടപടികൾ മറ്റ് വിദ്യാലയങ്ങൾക്കും സ്വീകരിക്കാവുന്നതാണ്. (2) നടപടിയുടെ ഗുണദോഷങ്ങൾ സ്വയം മനസ്സിലാക്കാൻ അധ്യാപകർ വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കേണ്ടതാണ്. (3) കുട്ടികളുടെ അഭിരുചിക്കിണങ്ങിയ വിധത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കേണ്ടതാണ്. (4) പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും പഠന പ്രവർത്തനത്തോടൊപ്പം പ്രാമുഖ്യം നൽകണം. (5) തൊഴിൽ പരിചയത്തിനവസരം സ്കൂളിൽ തന്നെ പരിമിതമായ തോതിലെങ്കിലും നൽകണം. (6) കൊഴിഞ്ഞു പോകാനിന് വിധേയരായവർ, കോൾമൊട്ട പോലുള്ള പ്രദേശങ്ങളിലെ തൊഴിലെടുക്കുന്ന കുട്ടികൾ എന്നിവർക്ക് തുടർന്നു പഠിക്കാൻ സഹായകമായ വിധത്തിൽ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. കുടുംബ സർവേ വഴി മുമ്പ് കൊഴിഞ്ഞുപോയവരെക്കുറിച്ചും സ്കൂളിൽ പോയിട്ടില്ലാത്തവരെക്കുറിച്ചും വ്യക്തമായ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

### D. അക്കാദമിക നിലവാരം

i. **സ്ഥിതി:-** എൽപി/ യു പി തലങ്ങളിൽ വാർഷിക പരീക്ഷക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനതിൽ വിലയിരുത്തിയപ്പോൾ 60% കൂടുതൽ മാർക്ക് നേടിയ കുട്ടികളാണ് ബഹുഭൂരിപക്ഷവും. 30 ശതമാനത്തിൽ താഴെ മാർക്കുള്ളവർ കുറവാണ്. എച്ച് എസ് തലത്തിൽ ഇതിന് വിപരീതമായി 30%ൽ താഴെ മാർക്ക് വാങ്ങിയവർ കൂടുതലും. 60% ന് മേൽ വാങ്ങിയവർ കുറവുമാണ്. തീർച്ചയായും ഇന്നത്തെ പ്രമോഷൻ സമ്പ്രദായത്തിന്റെ ഭാഗമായ വെള്ളം ചേർക്കൽ നടന്നിരിക്കാനാണ് സാധ്യത.

## പട്ടിക VI

അക്കാദമിക നിലവാരം 1995-96

| ക്രമ നം | വിഭാഗം | ക്ലാസ് | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | III | | | IV | | | V | | | VI | | | VII | | | VIII | | | IX | | |
| | | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T |
| 1 | <30 | 24 | 6 | 30 | 21 | 5 | 26 | 21 | 16 | 37 | 21 | 10 | 31 | 42 | 27 | 69 | 55 | 37 | 92 | 55 | 36 | 91 |
| 2 | 30-40 | 54 | 37 | 91 | 25 | 18 | 43 | 67 | 45 | 122 | 94 | 63 | 157 | 118 | 96 | 214 | 151 | 122 | 273 | 143 | 125 | 268 |
| 3 | 40-50 | 38 | 31 | 69 | 28 | 40 | 68 | 55 | 46 | 101 | 50 | 56 | 106 | 42 | 53 | 95 | 23 | 38 | 61 | 21 | 37 | 58 |
| 4 | 50-60 | 25 | 42 | 67 | 53 | 36 | 89 | 24 | 32 | 56 | 27 | 34 | 61 | 35 | 29 | 64 | 9 | 18 | 27 | 15 | 22 | 37 |
| 5 | 60< | 99 | 91 | 190 | 113 | 106 | 219 | 83 | 74 | 157 | 38 | 59 | 97 | 33 | 60 | 93 | 10 | 21 | 31 | 15 | 25 | 40 |

എച്ച് എസ് തലത്തിൽ 2 വിദ്യാലയമുള്ളതിൽ മോറാഴ എച്ച് എസ് അഞ്ച് വർഷവും തുടർച്ചയായി 60% മേൽ വിജയം നേടിയപ്പോൾ പറശ്ശിനിക്ക് ഒരു തവണയേ 60%ത്തിനടുത്തെത്താൻ കഴിഞ്ഞുള്ളു. മോറാഴ ഒരു തവണ 84%വും 3 തവണ 75%ത്തോളവും ഒരു തവണ 63%വും ഒരു തവണ 50%വും 3 തവണ 45%ത്തോളവും വിജയം നേടി. ഈ രണ്ട് വിദ്യാലയങ്ങൾ തമ്മിലുള്ള അന്തരം ഭീമമാണ്. പ്രത്യേകിച്ചും വളരെയേറെ പ്രശസ്തിയും പാരമ്പര്യവുമുള്ള പറശ്ശിനി എച്ച് എസിന്. പുതിയതും അതുകൊണ്ടുതന്നെ പരിമിതികൾ ഏറെയുള്ളതുമായ മോറാഴ എച്ച് എസിന് പിന്നിൽ നിൽക്കേണ്ടിവരുന്നതിന് കാരണം പ്രത്യേകം വിലയിരുത്തേണ്ടതാണ്.

## പട്ടിക VII

എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂൾ | വർഷം | | | | |
|---|---|---|---|---|---|
| | 1991-92 | 92-93 | 93-94 | 94-95 | 95-96 |
| 03 | 74.35 | 63.78 | 63.12 | 75.25 | 72.77 |
| 13 | 46.74 | 59.7 | 50.47 | 48.51 | 45.23 |

എൽഎസ്എസ്, യുഎസ്എസ് സ്കോളർഷിപ്പിൽ തുടർച്ചയായി അഭിമാനാർഹമായ വിജയം നേടിയ 3 വിദ്യാലയങ്ങളും ഒരു കുട്ടി പോലും നേടാത്ത 9 വിദ്യാലയങ്ങൾ ഉണ്ട്. സാമൂഹ്യ സാമ്പത്തിക പശ്ചാത്തലത്തിൽ കാര്യമായ വ്യത്യാസം ഇല്ലെന്നിരിക്കെ ഈ വ്യത്യാസത്തിന് കാരണം വിദ്യാലയത്തിന് അകത്തു നടക്കുന്ന പ്രവർത്തനങ്ങളുടെ സ്വഭാവത്തിലുള്ള വൈരുദ്ധ്യമാണ്.

## പട്ടിക VIII

എൽ.എസ്.എസ്. യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷ

| ക്രമ നം | വർഷം | സ്കൂൾ | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 01 | | 02 | | | | 04 | | 05 | | 06 | | 07 | | 08 | | 09 | | 10 | | 11 | | 12 | | | | 14 | | 15 | | 16 | | 17 | | | |
| | | L | U | L | U | | | L | U | L | U | L | U | L | U | L | U | L | U | L | U | L | U | L | U | | | L | U | L | U | L | U | L | U | L | U |
| 1 | 91-92 | .. | .. | 3 | 7 | | | 1 | 1 | 7 | .. | .. | .. | .. | -- | .. | .. | .. | .. | .. | .. | .. | .. | 1 | .. | | | .. | 1 | .. | .. | .. | .. | .. | .. | 12 | 9 |
| 2 | 92-93 | | | 5 | 3 | | | 4 | 1 | 14 | | | | | | | | 1 | | | | | | 2 | | | | 1 | 1 | | | | | | | 27 | 5 |
| 3 | 93-94 | | | 3 | 3 | | | 1 | 0 | 7 | | | | | | | | 1 | | | | | | 2 | | | | | | | | | | | | 14 | 3 |
| 4 | 94-95 | | | 2 | 2 | | | 7 | 5 | 8 | | | | | | | | 1 | | | | | | 1 | | | | | 2 | | | | | | | 16 | 9 |
| 5 | 95-96 | | | | | | | | | 11 | | | | | | | | 1 | | | | | | | | | | | | | | | | | | 12 | |

(ii) **വിമർശനങ്ങൾ:** (+) (1) പരിമിതികൾക്കകത്തുനിന്നു കൊണ്ടും എസ് എസ് എൽ സിയിൽ ഉന്നത വിജയം നേടുന്ന മൊറാഴ ജി എച്ച് എസിൻെറ പ്രവർത്തനം മാതൃകാപരമാണ്. (2) സ്കോളർഷിപ്പ് പരീക്ഷയിലും മറ്റു മത്സര പരീക്ഷയിലും ഉന്നത വിജയം നേടുന്ന മേൽപറഞ്ഞ 3 വിദ്യാലയങ്ങൾ പഞ്ചായത്തിന് തന്നെ മുതൽക്കൂട്ടാണ്.

(-) (1) പറശ്ശിനിക്കടവ് എച്ച് എസിൽ എസ് എസ് എൽ സി വിജയത്തിൻെറ പിന്നോക്കാവസ്ഥ സ്കൂളിനകത്തുള്ള പ്രശ്നങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതുപോലെ തന്നെ അക്കാദമിക പ്രവർത്തനങ്ങളിൽ പരാജയപ്പെട്ട പ്രൈമറി വിദ്യാലയങ്ങളിലും ആഭ്യന്തര തടസങ്ങളുണ്ട്. ഭൗതിക സാഹചര്യങ്ങൾ അർപ്പിതമനസ്കരായ അധ്യാപകർ കഴിവുറ്റ നേതൃത്വം തുടങ്ങി മികവിനെ നിയന്ത്രിക്കുന്ന ഏതേത് ഘടകങ്ങളിലാണ് ദൗർബല്യങ്ങളെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. വാർഷിക പരീക്ഷയെ അടിസ്ഥാനമാക്കി അക്കാദമിക നിലവാരം താരതമ്യം ചെയ്യുന്നതിലർത്ഥമില്ല.

(iii) **നിർദ്ദേശങ്ങൾ:** (1) പഞ്ചായത്തിലെ വിദ്യാലയത്തിലെ പഠനാന്തരീക്ഷം വിശദമായി വിലയിരുത്തപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ മികവ് കാട്ടിയ വിദ്യാലയങ്ങളിലെ അനുകൂല ഘടകങ്ങളും മറ്റുള്ളവയിലെ പ്രതികൂല ഘടകങ്ങളും മനസ്സിലാക്കി അധ്യാപകർ, വിദ്യാർത്ഥികൾ, എസ് ഇ സി, പി ടി എ, മാതൃസംഘം, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ പ്രശ്നങ്ങൾ പരിഹരിക്കണം. (2) അധ്യാപകർ വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കണം. (3) വിദ്യാഭ്യാസ വിദ്യാഭ്യാസ അധികൃതരുടെ സന്ദർശനം, ജനകീയ മോണിറ്ററിങ്ങ് എന്നിവ ഫലപ്രദമായി നടപ്പിലാക്കണം. (4) പഠനം ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ഉപകരണങ്ങൾ ഉപയോഗിച്ചുള്ളതുമാക്കണം. (5) പരീക്ഷയിൽ ഓർമ്മപരിശോധനയോടൊപ്പം മൊത്തം വളർച്ചയും വിലയിരുത്തപ്പെടണം. (6) പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കണം. (7) അധ്യാപകർക്ക് പുനഃപരിശീലനവും കുട്ടികൾക്ക് പരിശീലനവും നൽകണം. (9) പിയർ മോണിറ്ററിങ്ങ്, പിയർ ടീച്ചിങ്ങ് എന്നിവ ക്ലാസിലും സ്കൂളിലും നടപ്പിലാക്കണം.

### E. അധ്യാപകരുടെ ലഭ്യത

(i) **സ്ഥിതി:** മൊത്തം 187 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളതിൽ 184ലും ആളുണ്ട്. 3 ഒഴിവുകൾ. അവ 3ഉം 3 ഗവർമെണ്ട് വിദ്യാലയങ്ങളിലാണ്. അധ്യാപകരുടെ യോഗ്യത സർവീസ് മുതലായ മറ്റു വിവരങ്ങൾ ലഭ്യമല്ല.

## പട്ടിക IX
### അദ്ധ്യാപകരുടെ ലഭ്യത

| ക്രമ. നം | സ്കൂൾ | | | | | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | തസ്തിക എണ്ണം | 01 | 02 | 03 | 04 | 05 | 06 | 07 | 08 | 09 | 10 | 11 | 12 | 13 | 14 | 16 | | |
| 1 | ആവശ്യമുള്ളത് | 4 | 20 | 24 | 20 | 10 | 4 | 5 | 13 | 4 | 5 | 4 | 6 | 33 | 26 | 9 | | 187 |
| 2 | അനുവദിച്ചത് | 4 | 20 | 24 | 20 | 10 | 4 | 5 | 13 | 4 | 5 | 4 | 6 | 33 | 26 | 9 | | 187 |
| 3 | നിയമനം നടന്നത് | 4 | 20 | 23 | 20 | 10 | 4 | 5 | 13 | 4 | 4 | 4 | 6 | 33 | 26 | 8 | | 184 |
| 4 | നിലവിൽ ഒഴിവ് | | | 1 | | | | | | | 1 | | | | | 1 | | 3 |

(ii) വിമർശനങ്ങൾ: (+) (1) 187ൽ 184ഉം നിയമനം നടത്തിയിരിക്കുന്നു. (2) ഇപ്പോൾ പൂർണമായും നിയമനം നടന്നു കഴിഞ്ഞത് 2ഉം 3ഉം ടേമിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സുഗമമാക്കാൻ സഹായകമാകും.

(-) ഗവർമെണ്ട് സ്കൂളുകളിലെ ഒഴിവുകൾ നികത്തപ്പെടുന്നത് മിക്കവാറും ഒന്നാം ടേമിന്റെ അവസാന നാളുകളിലാണ്. താൽക്കാലിക നിയമനം വൈകുന്നത് പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുന്നു.

(iii) നിർദ്ദേശങ്ങൾ: (1) താൽക്കാലിക നിയമനം വഴിയെങ്കിലും ജൂൺ ആദ്യവാരം തന്നെ അധ്യാപകരെ നിയമിക്കുന്നുവെന്നുറപ്പാക്കണം. അധ്യാപകരുടെ ലഭ്യത പൂർണമാവില്ല. അവർ വേണ്ടത്ര മുന്നൊരുക്കത്തോടും വിഷയത്തിലുള്ള അവഗാഹത്തോടും യഥാസമയം വിദ്യാലയത്തിലും ക്ലാസിലും എത്തുന്നുവെന്നും ക്ലാസിൽ പൂർണമായും സേവനം കിട്ടുന്നുവെന്നും ഉറപ്പാക്കണം

## F. ജനകീയതലം

(i) സ്ഥിതി: സ്കൂൾ കോംപ്ലക്സ്, ഗുരുകുലം പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും പി ടി എ മാതൃസംഘം വിദ്യാഭ്യാസ സമിതി എന്നിവയുടെ രൂപീകരണവും പ്രവർത്തനവും നടന്നു. പഞ്ചായത്ത്-വാഡുതല സമിതികളും അയൽക്കൂട്ടങ്ങളും രൂപീകരിക്കപ്പെട്ടു. ഇത്തരം സമിതികൾക്കു മുന്നേ തന്നെ ജനകീയ തലത്തിൽ ഒരു സ്കൂൾ എങ്ങശന മാതൃകാസ്ഥാപനമാക്കാമെന്നതിന്റെ പ്രത്യക്ഷോദാഹരണമാണ് മോറാഴ ഗവ. ഹൈസ്കൂൾ.

(ii) വിമർശനങ്ങൾ: (+) (1) പി ടി എ, മാതൃസംഘം, എസ് ഇ സി എന്നിവ വഴി രക്ഷകർത്താക്കളെയും സമൂഹത്തെ ആകെ തന്നെയും വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ സാധിച്ചു. (2) താരതമ്യേന ദുർബലമെങ്കിലും ഒരു ജാഗ്രതാബോധം വ്യാപകമായി വളർന്നുവന്നു. (3) കുട്ടികളുടെ ഹാജർ പഠനനിലവാരം ദൈനംദിന പ്രവർത്തനങ്ങൾ സ്കൂൾ സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയിലും സമൂഹത്തിന്റെ ഇടപെടൽ ഗണ്യമായി വർദ്ധിച്ചു. (4) പി ടി എ ജനറൽ ബോഡി, മാതൃസംഘം എന്നിവയിൽ പങ്കാളിത്തം കൂടി. (5) ജനകീയ പങ്കാളിത്തത്തിന്റെ സാധ്യത മോറാഴ ഹൈസ്കൂളിലൂടെ കുറേക്കൂടി സുവ്യക്തമായി.

(-) (1) മാതൃസംഘത്തിന്റെ ദൗത്യം കൃത്യമായും വ്യക്തമായും ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. (2) പി ടി എ, എസ് ഇ സി ഇവയുടെ വ്യത്യാസം ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. (3) സ്കൂൾ വിദ്യാഭ്യാസസമിതി (എസ്ഇസി)യെ വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. (4 അയൽക്കൂട്ടത്തിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന സാധ്യതകൾ എന്നിവ ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞില്ല. (5) വിദ്യാഭ്യാസമെന്നാൽ അക്ഷരപഠനവും അക്കപഠനവും പിന്നെ കുറെ തത്വങ്ങളുടെ കാണാപാഠനവുമാണെന്ന ധാരണ പൊളിക്കുന്നതിനും വികസനോൻമുഖ വിദ്യാഭ്യാസമെന്ന ആശയം പ്രചരിപ്പിക്കുന്നതിനും സാധിച്ചില്ല. (6) അയൽക്കൂട്ടങ്ങളുടെ ചുമതല സ്കൂൾ വിദ്യാർഥികൾക്ക് ട്യൂഷൻ കേന്ദ്രങ്ങളാണെന്ന തെറ്റിദ്ധാരണ ഉണ്ടായി. (7) ജനകീയ പ്രവർത്തനത്തിന് നേതൃത്വം നൽകിയവർ കേവലം ദാതാക്കൾ മാത്രമായി. വിവരം വിളമ്പുന്നവരും ബോധവൽക്കാനിറങ്ങിയ ബോധവാൻമാരും ആയി. സ്വയം സ്വീകർത്താക്കൾ കൂടിയാവാനോ സ്വയം ബോധവൽക്കരിക്കാനോ തയ്യാറായില്ല.

(iii) നിർദ്ദേശങ്ങൾ: (1) മാതൃസംഘത്തിന്റെ ദൗത്യം കൃത്യമായും വ്യക്തമായും ജനങ്ങളെ ബോധ്യപ്പെടുത്തുക (2) പി ടി എ, എസ് ഇ സി ഇവ തമ്മിലുള്ള വ്യത്യാസം ജനങ്ങളെ ബോധ്യപ്പെടുത്തണം. (3) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വളർച്ചക്കുള്ള ആസൂത്രണത്തിലും നിർവഹണത്തിലും വിലയിരുത്തലിലും എസ് ഇ സിയെ പ്രയോജനപ്പെടുത്തുക (4) വികസനോൻമുഖ വിദ്യാഭ്യാസം എന്ന് ആശയം പ്രചരിപ്പിക്കുക (5) അയൽക്കൂട്ടങ്ങളെ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള താങ്ങായും കുട്ടികളുടെ സർവതോൻമുഖമായ വളർച്ചക്കുള്ള അരങ്ങാക്കി മാറ്റുക (6) വിദ്യാഭ്യാസത്തെ സ്കൂൾ, പ്രീ-പ്രൈമറി എന്നിങ്ങനെ പ്രത്യേകം പ്രത്യേകമായി സമീപിക്കുന്നതിനുപകരം സമഗ്രമായി സമീപിക്കുക. (7) വിദ്യാഭ്യാസപ്രവർത്തനം ആദാനപ്രദാനങ്ങളുടെ സമന്വയമാണെന്ന ബോധം പ്രവർത്തകരിൽ വളർത്തുക. (8) പഞ്ചായത്തുതല വിദ്യാഭ്യാസ സർവേയുടെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി, സ്കൂൾ വിദ്യാഭ്യാസം തൊഴിലെടുക്കുന്ന കുട്ടികൾക്കുള്ള അനൗപചാരിക വിദ്യാഭ്യാസം, തുടർ സാക്ഷരതാ പ്രവർത്തനം എന്നിവക്ക് പുറമെ ആരോഗ്യം പരിസരശുചിത്വം ഊർജസംരക്ഷണം, നാട്ടറിവുകൾ തുടങ്ങി സാധ്യമായ മേഖലകളിലെല്ലാം സ്വയംപഠനത്തിനും ബോധവൽക്കരണത്തിനും അവസരമൊരുക്കുക. (9) എല്ലാ സ്കൂളുകളിലും സാമൂഹ്യസ്ഥാപനമാണെന്ന ബോധം വളർത്തിയെടുക്കാൻ കഴിഞ്ഞാൽ സ്വകാര്യ സ്കൂളുകൾക്കും ജനകീയ സഹായം തീർച്ചയായും ഉണ്ടാക്കാൻ കഴിയും.


ആന്തൂർ ഗ്രാമ പഞ്ചായത്ത്
(പൊതു വിദ്യാലയങ്ങൾ)
കുറുമാത്തൂർ
തളിപ്പറമ്പ് മുൻസിപ്പാലിറ്റി
പട്ടുവം
വാർഡ് - 6
മയ്യിൽ
വാർഡ് - 10
വാർഡ് - 5
വാർഡ് - 4
വാർഡ് - 8
വാർഡ് - 1
വാർഡ് - 3
വാർഡ് - 7
കണ്ണപുരം
വാർഡ് - 9
വാർഡ് - 2
കല്ല്യാശ്ശേരി
പാപ്പിനിശ്ശേരി
കൊളച്ചേരി
സൂചിക
01 മോറാഴ വെസ്റ്റ് എ. എൽ. പി. സ്കൂൾ
02 മോറാഴ സെൻട്രൽ യു. പി സ്കൂൾ
03 ജി. എച്ച്. എസ്. മോറാഴ
04 മോറാഴ എ. യു. പി സ്കൂൾ
05 മോറാഴ സൗത്ത് എ എൽ. പി. സ്കൂൾ
06 കാന്തൽ ജൂബിലി മെമ്മോറിയൽ എ. എൽ. പി. സ്കൂൾ
07 ജി. യു. പി. സ്കൂൾ മോറാഴ
08 കടമ്പേരി എ എൽ പി. സ്കൂൾ
09 ജി. യു. പി. സ്കൂൾ, കടമ്പേരി
10 കോടല്ലൂർ എ എൽ പി. സ്കൂൾ
11 ജി. എൽ. പി. സ്കൂൾ, കോൾതുരുത്തി
12 ആന്തൂർ എ എൽ പി. സ്കൂൾ
13 ജി. എൽ. പി സ്കൂൾ, കോടല്ലൂർ
14 പറശ്ശിനിക്കടവ് യു. പി സ്കൂൾ
15 പറശ്ശിനിക്കടവ് ഹൈസ്കൂൾ

# IV അനൗപചാരിക വിദ്യാഭ്യാസം: സ്ഥിതി.

നിശാപാഠശാലയായി പ്രവർത്തനമാരംഭിച്ച പറശ്ശിനിക്കടവ് ഹൈസ്കൂൾ, പി. കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ഹിന്ദി ശിക്ഷണകേന്ദ്രം, കർഷക -കർഷകത്തൊഴിലാളികൾക്കായി ആരംഭിച്ച സാക്ഷരതാ ക്ലാസുകൾ എന്നിങ്ങനെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ തിളക്കമാർന്ന ചരിത്രമാണ് ആന്തൂർ പഞ്ചായത്തിനുള്ളത്. ഇന്ന് വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്ന കുട്ടികൾ, കോൾമൊട്ട പോലുള്ള പുതിയ വ്യവസായകേന്ദ്രങ്ങളിൽ തൊഴിലാളികളായെത്തുന്ന കുട്ടികൾ, വ്യവസായ തൊഴിലാളികൾ എന്നിങ്ങനെ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയുള്ള വലിയൊരു വിഭാഗം പഞ്ചായത്തിലുണ്ട്.

**വിമർശനങ്ങൾ:** അനുകൂലം: 1. നാഷനൽ ഓപ്പൺ സ്കൂൾ തുടങ്ങിയ വിവിധ ഏജൻസികൾ അനൗപചാരിക വിദ്യാഭ്യാസത്തിന് അവസരം നൽകാനും പ്രോത്സാഹിപ്പിക്കാനും മുമ്പോട്ടു വരുന്നുണ്ട്. 2. തൊഴിലെടുക്കുന്നവരുടെ സൗകര്യം കൂടി പരിഗണിച്ച് നിശാപാഠശാലകൾ ഏർപ്പെടുത്താൻ വായനശാലകൾ, കലാസമിതികൾ എന്നിവയുടെ സഹായസഹകരണങ്ങൾ ലഭ്യമാക്കാവുന്നതാണ്.

–1. പഞ്ചായത്തിൽ ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നില്ല. 2. പകൽ സമയത്തെ കഠിനാധ്വാനത്തിന് ശേഷം യക്ലാസിലെത്തിക്കാൻ ശക്തമായ ഉൾപ്രേരണ വളർത്തേണ്ടിവരും. 3. പഠനപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തികമടക്കമുള്ള വിഭവം കണ്ടെത്തേണ്ടതുണ്ട്.

**നിർദേശങ്ങൾ:** 1. വിദ്യാഭ്യാസ സർവേയുടെ അടിസ്ഥാനത്തിൽ അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കുക, 2. കേവല സാക്ഷരതക്ക് പുറമെ ആനുകാലിക സംഭവങ്ങൾ, വിശ്വസാഹിത്യത്തിലെ പ്രധാന കഥകൾ ഇവ പരിചയപ്പെടുത്തണം. 3. ടി വി, വി സി ആർ തുടങ്ങിയ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തണം. 4. നാഷനൽ ഓപ്പൺ സ്കൂൾ പോലുള്ള ഏജൻസികളുമായി ബന്ധപ്പെടണം.

**III ഉന്നത വിദ്യാഭ്യാസം -സ്ഥിതി:**-സ്ഥിതി: പഞ്ചായത്തിൽ ഒരു ഗവ. എഞ്ചി. കോളേജ് മാത്രമാണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനമായി നിലവിലുള്ളത്. ഇവിടുത്തെ വിദഗ്ധരായ അധ്യാപകരുടെയും സമ്പന്നമായ ഉപകരണങ്ങളും ഹൈസ്കൂൾ/യു പി സ്കൂൾ വിദ്യാർഥികൾക്കു വേണ്ടിയും വികസനോന്മുഖ തുടർവിദ്യാഭ്യാസത്തിന് വേണ്ടയും പ്രയോജനപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ 20 ശതമാനം ജനങ്ങളും പത്താംതരത്തിന് മുകളിൽ വിദ്യാഭ്യാസം നേടിയവരാണ്.

**വിമർശനം:** 1. ഗ്രാമപഞ്ചായത്തിൽ കൂടി കടന്നുപോകുന്ന ദേശീയപാതയടക്കമുള്ള ഗതാഗതസൗകര്യങ്ങൾ, സമീപനഗരങ്ങളായ തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ എന്നീ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുന്നു. 2. ജനങ്ങളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരം, ഭേദപ്പെട്ട സാമ്പത്തിക -സാമൂഹിക പശ്ചാത്തലം എന്നിവ തങ്ങളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നു.

–1. സമഗ്രമായ വിദ്യാഭ്യാസ സർവേ വഴി മാത്രമേ സാങ്കേതിക വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം എന്നീ വ്യത്യസ്ത മേഖലകൾ സ്വീകരിച്ചിരിക്കുന്നവരുടെ തോത് മനസിലാക്കാനാവൂ. 2. ലഭ്യമായ സൂചനയനുസരിച്ച് ബഹുഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസമാണ് ഉന്നത വിദ്യാഭ്യാസമായി കരുതുന്നത്. ഇതിനാകട്ടെ നല്ലൊരു ശതമാനം സമാന്തര സംവിധാനങ്ങളെ ആശ്രയിക്കാനിടയുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെത്തുന്നവരുടെ പ്രായം, ശേഷി എന്നിവ പരിഗണിക്കുമ്പോൾ ഇവരുടെ ഊർജത്തിന്റെ വളരെ ചെറിയൊരംശമേ പഠനത്തിന് വിനിയോഗിക്കപ്പെടുന്നുള്ളൂ. 3. പല കാരണങ്ങളാൽഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠന പ്രവർത്തനം ഗൗരവപൂർവം വീക്ഷിക്കപ്പെടുന്നില്ല. 4. ഉന്നത വിദ്യാഭ്യാസത്തിന്റെ പേരിൽ യുവതലമുറ സമൂഹ യാഥാർഥ്യങ്ങളിൽ നിന്നും മാറ്റിനിർത്തപ്പെടുന്നു.

**നിർദേശങ്ങൾ:** സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് ചേർന്നവരെ തിരിച്ചറിയാനും അവരെ വ്യക്തമായ ഗ്രൂപ്പുകളാക്കാനും ശ്രദ്ധിക്കണം. 2. ഈ വിഭാഗത്തിന് വ്യക്തമായ ഗൈഡൻസ് നൽകണം. 3. സമാന്തര സംവിധാനങ്ങളിലെ പൊള്ളത്തരങ്ങൾ തുറന്നുകാണിക്കണം. 4. അയൽക്കൂട്ട തലത്തിൽ നടക്കുന്ന വികസനോന്മുഖ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളിത്തവും ചുമതലയും നൽകിക്കൊണ്ട് സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.

**V വികസനോന്മുഖ തുടർ വിദ്യാഭ്യാസം:** വിദ്യാഭ്യാസം എന്നത് വിദ്യാലയത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒരു ദാതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന നിർബന്ധപൂർവമായ ഒരു പ്രവർത്തനമെന്ന നിലയിലാണ് പൊതുവെ വീക്ഷിക്കപ്പെടുന്നത്. ആജീവനാന്ത പഠനം, സ്വയം പഠനം ഇവ ജനമനസുകളിൽ നിന്നും മാഞ്ഞുപോയിരിക്കുന്നു. പത്രം, റേഡിയോ, ടി വി, സിനിമ തുടങ്ങിയ മാധ്യമങ്ങൾ തുടർവിദ്യാഭ്യാസ ചുമതല ഏറ്റെടുത്തിരിക്കുന്നു. പക്ഷെ കമ്പോളവത്കരണത്തിനുതകുന്ന ഉപഭോഗ സംസ്കാരമാണ് അടിച്ചേൽപ്പിക്കുന്നതെന്നു മാത്രം. വികസനമെന്നാൽ, പുരോഗതിയെന്നാൽ, ഉപഭോഗവസ്തുക്കൾ വാങ്ങിക്കൂട്ടലാണെന്ന മിഥ്യാധാരണയാണ് ഇന്ന് വളർത്തുന്നത്.

**വിമർശനം:** 1. മാനവ നവോത്ഥാനം, സ്വാതന്ത്ര്യസമര പ്രസ്ഥാനം, ട്രേഡ് യൂനിയൻ -കർഷക പ്രസ്ഥാനങ്ങൾ, ഗ്രന്ഥശാലാ പ്രസ്ഥാനം, ശാസ്ത്രപ്രചാരണ പ്രവർത്തനങ്ങൾ, സമ്പൂർണ സാക്ഷരതാ പ്രവർത്തനം ഇവ വികസനോന്മുഖ തുടർവിദ്യാഭ്യാസ പ്രവർത്തനത്തിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. 2. ഗ്രന്ഥശാലകൾ, കലാകായിക സമിതികൾ, പ്രാദേശിക ഉത്സവങ്ങൾ, ആഘോഷങ്ങൾ ഇവയെ തുടർവിദ്യാഭ്യാസ പ്രക്രിയയിൽ പ്രയോജനപ്പെടുത്താൻ കഴിയും.

- ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റത്തിനെതിരെ ശ്തമായ പ്രതികരണം ഉയരുന്നില്ല. 2. വികസനം, പുരോഗതി എന്നിവ സംബന്ധിച്ച അടിസ്ഥാന ധാരണകൾ തന്നെ മാറ്റിമറിക്കപ്പെട്ടിരിക്കുന്നു. 3. വികസനമെന്നാൽ സ്ഥായിയും ദ്രുതഗതിയിലുള്ളതും സാർവത്രികവുമായ സാമ്പത്തിക പുരോഗതി മാത്രമാണെന്ന് തെറ്റിദ്ധരിക്കപ്പെടുന്നു. 4. വികസനമെന്നാൽ സമൂഹത്തിലെ ഒരു ചെറുന്യൂനപക്ഷത്തിന്റെ വികസനമാണെന്ന് തെറ്റിദ്ധരിപ്പിക്കുന്നു. 5. ഒരു ചെറു ന്യൂനപക്ഷം തങ്ങളുടെ ചെലവിൽ ബഹുഭൂരിപക്ഷത്തിന് വെച്ചുനീട്ടുന്ന ഔദാര്യമായ വികസനം വ്യാഖ്യാനിക്കപ്പെടുന്നു. 6. ആസൂത്രണത്തിലോ നടത്തിപ്പിലോ മൂല്യനിർണയത്തിലോ ബഹുഭൂരിപക്ഷത്തിന് പങ്കില്ല. 7. വികസനമെന്നാൽ വൻകിട പദ്ധതികൾ നടപ്പാക്കലാണെന്ന് പ്രചരിപ്പിക്കപ്പെടുന്നു. അടിസ്ഥാന ജീവിതാവശ്യങ്ങൾ വിസ്മരിക്കപ്പെടുന്നു. 8. പഞ്ചായത്തിൽ 4 ശതമാനം ജനങ്ങൾ ഇപ്പോഴും നിരക്ഷരരാണ്. ഇതിൽ 71 ശതമാനവും സ്ത്രീകളാണ്.

**നിർദേശങ്ങൾ:** നിത്യജീവിതത്തിലനുഭവപ്പെടുന്ന പ്രയാസങ്ങൾക്ക് കൂട്ടായ ശ്രമത്തിലൂടെ പരിഹാരം കണ്ടെത്തുകയും അങ്ങനെ പ്രയാസങ്ങൾ പടിപടിയായി ലഘൂകരിക്കുന്നതുമാണ് പുരോഗതി, വികസനം എന്ന ആശയം പ്രചരിപ്പിക്കണം. 2. അടിസ്ഥാന ജീവിതാവശ്യങ്ങൾക്കായിരിക്കണം മുൻഗണന.

3. പരിപാടികളുടെ ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ ഇവയിൽ ഗുണഭോക്താവിന് പങ്കാളിത്തം നൽകണം. 4. ദേശീയ -സംസ്ഥാന -ജില്ലാ -ബ്ലോക്ക് പഞ്ചായത്ത് തല ആസൂത്രണ പ്രക്രിയകളുടെ തുടർച്ചയായി അയൽക്കൂട്ടം, കുടുംബം, വ്യക്തി എന്നിവയെ കാണണം. വികേന്ദ്രീകൃതവും സൂക്ഷ്മതലത്തിലുള്ളതുമായ ആസൂത്രണ രീതി സ്വീകരിക്കണം. 5. ഇതിനായി പഞ്ചായത്ത് -വാർഡ്-അയൽക്കൂട്ട സംവിധാനങ്ങളെ പ്രയോജനപ്പെടുത്തണം. 6. അയൽക്കൂട്ട തലത്തിൽ കൃഷി, കൈത്തൊഴിൽ, ഭക്ഷണം, ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കൽ, ആരോഗ്യം, പോഷണം, ഊർജ സംരക്ഷണം, ശിശുസംരക്ഷണം എന്നിവ ചർച്ചചെയ്യപ്പെടണം. പരസ്പരം വൈദഗ്ധ്യം കൈമാറണം.

## പ്രശ്നങ്ങൾ ഒറ്റനോട്ടത്തിൽ

I പ്രീപ്രൈമറി:

1. പഞ്ചായത്തിലെ പ്രീപ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും പ്രീപ്രൈമറി സൗകര്യം ലഭ്യമല്ല.
2. ലഭ്യമായിടത്തു തന്നെ യഥാർഥത്തിൽ പ്രീപ്രൈമറി ക്ലാസുകളിൽ നടക്കേണ്ടതല്ല നടക്കുന്നത്.
3. പരിശീലനം ലഭിച്ച പ്രീപ്രൈമറി അധ്യാപകരുടെ അഭാവം.
4. പ്രീപ്രൈമറി കേന്ദ്രത്തിൽ ആവശ്യമായ കളിക്കോപ്പുകളുടെയും മറ്റു സാമഗ്രികളുടെയും അഭാവം.
5. പ്രീപ്രൈമറി കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കുന്നതിന് കുട്ടികളുടെ എണ്ണം സംബന്ധിച്ച അവ്യക്തത.
6. പുതുതായി സെൻററുകൾ ആരംഭിക്കുന്നതിനുള്ള വിഭവപരമായ തടസ്സം.

II പൊതുവിദ്യാഭ്യാസം:

1. വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്.
2. പ്രീ കെ ഇ ആർ പരിരക്ഷ മൂലം കുട്ടികൾക്ക് ക്ലാസു മുറികളിലോ പരിസരത്തോ ആവശ്യമായ സ്ഥലം ലഭിക്കുന്നില്ല.
3. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യമേഖലയിലായതിനാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനത്തിൽ നാട്ടുകാർ വേണ്ടത്ര താൽപര്യം കാട്ടുന്നില്ല.
4. ഭൂരിപക്ഷം വിദ്യാലയങ്ങളിലും വേണ്ടത്ര അക്കാദമിക സൗകര്യങ്ങളില്ല.
5. പഠനബോധന പ്രവർത്തനങ്ങൾ ശിശുകേന്ദ്രീകരണമോ പ്രവർത്തനകേന്ദ്രിതമോ അല്ല.
6. സിലബസ്, പഠനപ്രവർത്തനങ്ങൾ ഇവ ജീവിതഗന്ധിയല്ല.
7. പഠനപ്രവർത്തനങ്ങൾ രസകരമോ താൽപര്യജനകമോ അല്ല.
8. ഫലപ്രദമായ മേൽനോട്ടമോ പരിശോധനയോ ഇല്ല.
9. കുട്ടിക്ക് സമഗ്രമായ വികസനമുണ്ടാവുന്നില്ല.
10. തൊഴിൽ പരിചയപ്പെടുന്നില്ല; തൊഴിലിൽ നിന്ന് അന്യവത്കരിക്കപ്പെടുന്നു.
11. തൊഴിലിനിനോടും തൊഴിലെടുക്കുന്നവരോടും വൈമുഖ്യമുണ്ടാകുന്നു.
12. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം എല്ലാ സ്കൂളിലും ഒരുപോലെ തൃപ്തികരമല്ല.
13. വിദ്യാഭ്യാസ ആസൂത്രണം കേന്ദ്രീകൃതമാണ്.
14. ഒന്നാംതരത്തിലെ പ്രവേശന നിരക്ക് ഗണ്യമായി കുറഞ്ഞുവന്നിരിക്കുന്നു. കുടിയേറ്റം മൂലമുള്ള ജനസംഖ്യാ വർധനവ് പ്രവേശന നിരക്കിൽ പ്രതിഫലിക്കുന്നില്ല. കുട്ടികൾ പൊതുവിദ്യാഭ്യാസധാരയിൽ നിന്ന് അകലുന്നു.
15. കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും തുടരുന്നു.
16. എസ്എസ്എൽസി വിജയശതമാനത്തിൽ പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകൾക്കിടയിൽ ഗണ്യമായ അന്തരം പ്രകടമാകുന്നു. (പറശ്ശിനി - 43 - 60 ശതമാനം); മൊറാഴ (60 -83 ശതമാനം).
17. പഠനിലവാരത്തിൽ വിദ്യാലയങ്ങൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. എൽഎസ്എസ്/യുഎസ്എസ് തുടങ്ങിയ മത്സരപരീക്ഷകളിലും ഈ അന്തരമുണ്ട്. എന്നാൽ പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ പ്രാദേശിക സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലത്തിൽ ഭീമമായ അന്തരമില്ല.
18. പിടിഎ, മാതൃസംഘം, സ്കൂൾതല സമിതി സാധ്യതകൾ എല്ലായിടത്തും ഒരുപോലെ പ്രയോജനപ്പെടുത്തിയിട്ടില്ല.
19. വാർഡ്തല സമിതി, അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിച്ചുവെങ്കിലും വേണ്ടത്ര ചലനാത്മകമാക്കാൻ കഴിഞ്ഞിട്ടില്ല.
20. സർക്കാർ വിദ്യാലയങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം വൈകുന്നു.

III ഉന്നത വിദ്യാഭ്യാസം:

1. ബഹുഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസത്തെ മാത്രം ഉന്നത വിദ്യാഭ്യാസമായി കാണുന്നു.
2. പ്രായം, ശേഷി എന്നി പരിഗണിക്കുമ്പോൾ പഠിതാക്കളുടെ ഊർജത്തിന്റെ വളരെ ചെറിയൊരംശമേ പഠനത്തിൽ പ്രയോജനപ്പെടുത്തുന്നുള്ളൂ.
3. പഠനപ്രവർത്തനം ഗൗരവപൂർവം വീക്ഷിക്കപ്പെടുന്നില്ല.
4. ഉന്നത വിദ്യാഭ്യാസത്തിന്റെ മറവിൽ യുവതലമുറ സമൂഹയാഥാർഥ്യങ്ങളിൽ നിന്നു മാറ്റിനിർത്തപ്പെടുന്നു.

IV അനൗപചാരിക വിദ്യാഭ്യാസം

1. കോൾമൊട്ട തുടങ്ങിയ പുതു വ്യവസായകേന്ദ്രങ്ങളിൽ തൊഴിൽ തേടിയെത്തുന്ന കുട്ടികൾക്കും കൊഴിഞ്ഞുപോക്കിനെ തുടർന്ന് വിദ്യാലയത്തിന് പുറത്തുപോകുന്ന കുട്ടികൾക്കും തുടർന്നു പഠിക്കാൻ സൗകര്യമില്ല.
2. പഠനപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തികമടക്കമുള്ള വിഭവം കണ്ടെത്തേണ്ടതുണ്ട്

V വികസനോന്മുഖ വിദ്യാഭ്യാസം

1. സമ്പൂർണ സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർച്ചയായി പ്രവർത്തനം നടന്നില്ല. അക്ഷരബോധം നേടിയവരിൽ നല്ലൊരു ശതമാനം മറന്നുപോയിരിക്കും.
2. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ബോധപൂർവം ഉപഭോഗ സംസ്കാരത്തിലേക്ക് ജനങ്ങളുടെ ബോധത്തെ വലിച്ചിഴക്കുന്നു.
3. വൻകിട പദ്ധതികളാണ് വികസനത്തിന്റെ സൂചകങ്ങളെന്ന് തെറ്റിദ്ധരിക്കപ്പെടുന്നു. ബഹുഭൂരിപക്ഷത്തിന്റെ അടിസ്ഥാന ജീവിതാവശ്യങ്ങൾ വിസ്മരിക്കപ്പെടുന്നു.
4. ആസൂത്രണം കേന്ദ്രീകൃതമാവുന്നു. സാമാന്യജനതക്ക് ആസൂത്രണ പ്രക്രിയയിൽ പങ്കാളിത്തമില്ല. പ്രാദേശികവും വ്യക്തിപരവുമായ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നില്ല. ആസൂത്രണം അടിച്ചേൽപ്പിക്കപ്പെടുന്നു.
5. വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിലെ ഒരു ചെറുന്യൂനപക്ഷത്തിന് മാത്രം ഗുണകരമാകുന്നു.

6. മനുഷ്യൻെറ കൂട്ടായ്മ, സഹകരണം ഇവ ക്ഷയിക്കുന്നു.

## സാധ്യതകൾ

1. ഓരോ വ്യക്തിയുടെയും പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ആസൂത്രണ -സാധ്യതകളും. ഇതിനായി പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വിദ്യാഭ്യാസ സർവേ.
2. പഞ്ചായത്ത് -വാഡ്തലങ്ങളിൽ വികസനസമിതിയുടെ ഭാഗമായി വിദ്യാഭ്യാസ സബ്കമ്മിറ്റി രൂപീകരണം.
3. വാഡ്സമിതിയുടെ നേതൃത്വത്തിൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കൽ.
4. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ മുഴുവൻ കുട്ടികൾക്കും പ്രിപ്രൈമറി കേന്ദ്രങ്ങൾ ആരംഭിക്കൽ. ഇതിനായി ഒരയൽക്കൂട്ടത്തിലോ രണ്ടോ മൂന്നോ അയൽക്കൂട്ടങ്ങൾ ചേർന്നോ സൗകര്യപ്രദമായ വീട്/ വായനശാല/ കലാസമിതി/ മഹിളാ സമാജം ഇവ കണ്ടെത്തുന്നു. റിട്ട. ടീച്ചർ, പരിചയ സമ്പന്നരായ മുത്തശ്ശിമാർ, സന്നദ്ധ പ്രവർത്തകർ എന്നിവർ അധ്യാപകർ. ഇവർക്കാവശ്യമായ പരിശീലനം പഞ്ചായത്തടിസ്ഥാനത്തിൽ. മുഴുവൻ കുട്ടികളെയും സെൻററിലെത്തിക്കൽ -മറ്റു സൗകര്യങ്ങൾ ക്രമത്തിൽ ഏർപ്പെടുത്താവുന്നതാണ്. കഥ, കളി, പാട്ട് എന്നിവ മാത്രമേ കൈകാര്യം ചെയ്യാവൂ.
5. സ്കൂളിനകത്ത് കുട്ടികളെ സ്ക്വാഡുകളാക്കി തിരിക്കൽ. സമൂഹപഠനം, വിലയിരുത്തൽ, നേതൃഗുണം വളർത്തൽ...
6. പിടിഎ, മാതൃസംഘം, സ്കൂൾ വിദ്യാഭ്യാസ സമിതി എന്നിവ രൂപീകരിക്കൽ. കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തൽ, സമൂഹപങ്കാളിത്തം ഉറപ്പുവരുത്തൽ.
7. വിദ്യാലയത്തിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (പരിസര ശുചീകരണം, പൂന്തോട്ടം..).
9. ക്ലാസ്മുറി ആകർഷകമാക്കൽ. (മേശവിരി, ഡസ്റ്റർ, ചവറ്റുകൊട്ട, പൂപ്പാത്രം....).
10. പഠനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങളുടെ വിനിയോഗം, പഠനോപകരണ നിർമാണ ശിൽപശാല, കളിക്കോപ്പുകൾ നിർമിക്കുന്നതിനുള്ള ശിൽപശാലകൾ, വിവിധതരം പ്രൊജക്ടുകൾ നടപ്പാക്കൽ, പ്രതിമാസ പരീക്ഷ, പാദവാർഷിക പരീക്ഷക്ക് ശേഷം റിസൽട്ട് ക്ലാസ് അടിസ്ഥാനത്തിൽ അമ്മമാരെ വിളിച്ച് ചർച്ചചെയ്യൽ, പ്രബന്ധരചന, കോപ്പി, പകർത്തിയെഴുത്ത് എന്നിവയിൽ വൃത്തിയും ചിട്ടയും ഉറപ്പുവരുത്തൽ, സമസമൂഹ പഠനം, ക്ലാസിൽ പത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കൽ. പുസ്തകശേഖരം തയ്യാറാക്കലും വായനയും. പ്രവൃത്തിപരിചയം ഫലപ്രദമായി വിനിയോഗിക്കൽ, പരിഹാരബോധനം, എൽഎസ്എസ്/യുഎസ്എസ് മത്സര പരീക്ഷകൾക്ക് തയ്യാറെടുപ്പിക്കൽ, ലൈബ്രറി പ്രയോജനപ്പെടുത്തൽ, പരീക്ഷാ പരിഷ്കരണം തുടങ്ങിയവ.
11. സാഹിത്യസമാജം, അസംബ്ലി, പഠനയാത്ര തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പാക്കൽ.
12. അയൽക്കൂട്ട തലത്തിൽ കുട്ടികൾക്ക് നൽകാവുന്ന ചുമതലകൾ നൽകൽ -ഉദാ. കലാകായിക പ്രവർത്തനങ്ങൾക്കവസരം, പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ മുതിർന്നവരെയോ രക്ഷിതാക്കളെയോ ചുമതലപ്പെടുത്തൽ, പഠനത്തിനനുകൂലമായ ഭൗതികവും മാനസികവുമായ ചുറ്റുപാടുകൾ ഉറപ്പുവരുത്തുക, നല്ല ശീലങ്ങൾ ഉറപ്പുവരുത്തുക, വിവിധതരം കളിക്കോപ്പുകൾ നിർമിക്കാൻ പഠിക്കൽ, പച്ചക്കറിക്കൃഷി, ലളിതമായ പാചകവൃത്തികൾ, പോഷണം, നാടൻകളികൾ, കലകൾ, തുന്നൽ, ഫൈബർ വർക്സ്, മോഡലിങ്ങ്, കോഴിവളർത്തൽ, കന്നുകാലി വളർത്തൽ തുടങ്ങിവയിൽ പരിശീലനം, നേതൃപരിശീലനം, പ്രഥമ ചികിൽസാ പരിശീലനം, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, കുടിവെള്ളം, വീടിനുള്ളിൽ വെളിച്ചം, കാറ്റ്, മെച്ചപ്പെട്ട അടുപ്പുകൾ, കക്കൂസ് ഇവ ഉണ്ടെന്നുറപ്പുവരുത്തൽ, അമ്മമാർക്ക് കുട്ടികളുടെ പോഷണം, മാനസിക വളർച്ച, വിദ്യാഭ്യാസം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആഹാരരീതികൾ, അടുക്കള നടത്തിപ്പ്, ഊർജാസൂത്രണം, ഹാമിങ്ങ് എന്നിവയിൽ പരിശീലനം, സേവന പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, രക്തഗ്രൂപ്പ് നിർണയക്യാമ്പുകൾ, കുടുംബ സന്ദർശനം, പഠനയാത്രകൾ ഇവ സംഘടിപ്പിക്കൽ, നഴ്സറി ക്ലാസുകൾ സംഘടിപ്പിക്കൽ, കുട്ടികൾക്ക് കഥപറഞ്ഞുകൊടുക്കൽ, മറ്റു കുട്ടികൾക്ക് കഥപറഞ്ഞു കൊടുക്കൽ, സാക്ഷരതാ തുടർ വിദ്യാഭ്യാസ ക്ലാസുകൾ സംഘടിപ്പിക്കൽ എന്നീ ചുമതലകൾ.
13. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കൽ. കൊഴിഞ്ഞുപോയവരെ പൊതുപരീക്ഷകൾക്ക് ഹാജരാക്കൽ.
14. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളവരെ ഗ്രൂപ്പുകളാക്കി ചുമതല നൽകൽ, ഗ്രൂപ്പ് സ്റ്റഡിക്ക് വിധേയമാക്കൽ, അയൽക്കൂട്ടത്തിൽ ചുമതലകൾ നൽകൽ, പ്രോത്സാഹനം നൽകൽ മുതലായവ.

ഇത്തരത്തിൽ വികേന്ദ്രീകൃതാസൂത്രണം, സൂക്ഷ്മതല ആസൂത്രണം, ജനകീയ പങ്കാളിത്തം എന്നിവ വഴി പഠനത്തിനനുകൂലമായ ഒരന്തരീക്ഷം വിദ്യാലയത്തിലും സമൂഹത്തിലാകെ തന്നെയും വളർത്തിയെടുക്കാൻ സാധിക്കും. വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഒറ്റമൂലി സ്വകാര്യവത്കരണമോ വിദേശബാങ്കുകളിൽ നിന്ന് കടമെടുക്കലോ അല്ല. മറിച്ച് ഇത്തരത്തിലുള്ള ജനകീയ ബദലുകൾ വളർത്തിക്കൊണ്ടുവരിക മാത്രമാണ്.



# കുടിവെള്ളം, പൊതുജനാരോഗ്യം - പരിസര ശുചിത്വം

## കുടിവെള്ളം

സുലഭമായ പല പ്രകൃതി വിഭവങ്ങളും ദുർലഭമാവുകയാണിന്ന്. ജല സമ്പത്തിൻെറ ദൗർലഭ്യം ഇതിനൊരുത്തമ ദൃഷ്ടാന്തമാണം. വിഭവ ഭൗപട നിർമ്മാണത്തോടനുബന്ധിച്ച് നടത്തിയ പഠനങ്ങൾ നമ്മുടെ കിണറുകളിലെയും കുളങ്ങളിലെയും ജലവിതാനം താഴുന്നതായും ഭൂഗർഭ ജലം കുറയുന്നതായും വെളിപ്പെടുത്തിയിരിക്കുന്ന. ഈ ഗുരുതരാമയ സ്ഥിതി മുന്നിൽ കണ്ടുകൊണ്ട് നാം അടിയന്തിര ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രകൃതിയുടെ ഈ അമൂല്യ സമ്പത്ത് കാത്തുസൂക്ഷിക്കേണ്ടത് ഏതൊരു ദേശസസ്നഹിയുടെയും ചുമതലയാണ്.

ആന്തൂർ പഞ്ചായത്തിൽ കുറച്ച് വർഷങ്ങൾക്കു മുമ്പേ വരെ കുടിവെള്ള ക്ഷാമം കാര്യമായുണ്ടായിരുന്നില്ല. എന്നാൽ അമിതമായ ജനസംഖ്യാവർദ്ധനവിൻെറ ഫലമായി 3000 മി.മീറ്ററിലധികം മഴ ലഭിക്കുന്ന നമുക്ക് വരൾച്ചയും വെള്ളപ്പൊക്കവും ഒരു പോലെ അഭിമുഖീകരിക്കേണ്ടി വരുന്നു. പ്രകൃതിദത്ത ജലസംഭരണികളായ വയലേലകളും, കുളങ്ങളും, വനഭൂമിയുമെല്ലാം അശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതാണ് ഇതിന് റപധാന കാരണം.

ആന്തൂർ പഞ്ചായത്തിൽ കുടിനീരിൻെറ പ്രധാന സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിലെ 90% കുടുംബങ്ങളും കുടിനീരിനായി കിണറിനെയാണ് ആശ്രയിക്കുന്നത്. ടാപ്പുകളെ ആശ്രയിക്കുന്നവർ 7% വും, പൊതുകിണറുകളെ ആശ്രയിക്കുന്നവർ 2.9%വും, മറ്റ് സ്രോതസ്സുകളെ ആശ്രയിക്കുന്നവർ 0.1% വും ആണ്.

കുടിവെള്ളത്തിൻെറ ലഭ്യത (സോഷ്യോ-ഇക്കണോമിക്സ് സർവ്വേ)

ആകെ വീടുകൾ 4258



ആന്തൂർ പഞ്ചായത്തിലെ 50% വീടുകളും കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവയാണ്. ആകെയുള്ള 4258 - വീടുകളിൽ 2117 എണ്ണവും. ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വാർഡുകൾ 6,3,8,9,10,5 എന്നിവയാണ്. കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| വാർഡ് | ആകെ വീടുകൾ | ക്ഷാമം അനുഭവിക്കുന്ന വീടുകൾ |
|---|---|---|
| 1 | 439 | 153 |
| 2 | 499 | 221 |
| 3 | 488 | 238 |
| 4 | 287 | 91 |
| 5 | 712 | 314 |
| 6 | 460 | 322 |
| 7 | 449 | 220 |
| 8 | 334 | 197 |
| 9 | 228 | 185 |
| 10 | 362 | 176 |

അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ - ആന്തൂർ പഞ്ചായത്ത്




## പ്രശ്നങ്ങൾ

1 കുടിവെള്ള ക്ഷാമം അതിരൂക്ഷമായി അഭിമുഖീകരിക്കുന്ന പ്രദേശങ്ങൾ

ഒന്നാം വാർഡ് - കുമ്മനാട് ഭാഗം, പാന്തോട്ടം അമ്പലത്തിനു സമീപം, പണ്ണേരിക്കാവ്, ഇല്ലിപ്പുറം ഹരിജൻ കോളനി, വെള്ളിക്കൈ, കല്ലുമൂല
രണ്ടാം വാർഡ് - ദേവർകുന്ന്, വള്ളിത്തോട്, കാക്കച്ചാൽ
മൂന്നാം വാർഡ് - ഇടമന കോട്ടം, കുട്ടഞ്ചേരി, ഒഴക്രോം, പുന്നക്കുളങ്ങര, പൂതപ്പാറ, എ.ആർ. ക്യാമ്പിന്റെ സമീപ പ്രദേശങ്ങൾ
നാലാം വാർഡ് - ഈ വാർഡിലെ 32% കുടുംബങ്ങളും അനുഭവിക്കുന്നു.
അഞ്ചാം വാർഡ് - 44% കുടുംബങ്ങൾ അനുഭവിക്കുന്നു
ആറാം വാർഡ് - ആന്തൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നു. കണിച്ചേരി എൽ.പി. സ്കൂൾ പരിസരം, കോൾമൊട്ടയും ചുറ്റുപാടുകളും, ഉദയ സ്പോർട്സ് ക്ലബ്ബ്, കണ്ണപ്പിലാവ്, പൂവ്വം, ഇഞ്ചിത്തട്ട്, തുടങ്ങിയ കുന്നിൻ പ്രദേശങ്ങൾ, ചെരിവുകളായ നണിച്ചേരി മുതൽ മൂസാൻ കുന്ന് റോഡ്.വരെയും, ഓരീച്ചാൽ റോഡ് മുതൽ കണിച്ചേരി വരെയും. ഓണപ്പറമ്പ് മിച്ചഭൂമി പ്രദേശം.

ഏഴാം വാർഡ് - തലുവിൽ കുന്നുംപുറം, കനകാലയം, സ്നേക്ക് പാർക്ക്
എട്ടാം വാർഡ് - മമ്പാല പോസ്റ്റ് ആഫീസ് പരിസരം, മമ്പാല, കുഴിച്ചാൽ, പറശ്ശിനി ബസ്സ്റ്റാൻറ്, പറശ്ശിനി ബേങ്കിനു സമീപം.
ഒൻപതാം വാർഡ് - വാർഡിൻെറ മുഴുവൻ ഭാഗവും
പത്താം വാർഡ് - ബക്കളം അരിപ്പത്തോട് പ്രദേശം, മുണ്ടപ്രം, മടയിൽചാൽ തുടങ്ങിയ പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

2 ചേര, പണ്ണേരി, രണ്ടാം വാർഡിൻെറ ചിലഭാഗങ്ങൾ, കോൾതുരുത്തിയുടെ തീരപ്രദേശങ്ങൾ, 9-ാം വാർഡിൻെറ മുക്കാൽ ഭാഗവും ഓരു കയറ്റം കൊണ്ട് കുടിവെള്ളവും കൃഷിയും നശിക്കുന്ന പ്രദേശങ്ങൾ ആണ്.

3 ഒന്നാം വാർഡിലെ ചേര ഭാഗത്തും ഒൻപതാം വാർഡിലെ കൊവ്വൽ ഭാഗത്തും അഞ്ച് മീറ്ററോളം കുഴിക്കുമ്പോൾ വെള്ളത്തിനു പ്രത്യേക നിറം കണ്ടുവരുന്നു.

4 പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻ പുറങ്ങളാണ്.

5 ഒന്നാം വാർഡ്, പത്താം വാർഡ്, ഒൻപതാം വാർഡ് പ്രദേശങ്ങളിലുള്ളവർ ചിലപ്പോൾ രണ്ട് കി. മീറ്ററോളം കുടിവെള്ളത്തിനു പോകാറുണ്ട്.

6 സാധാരണയായി മാർച്ച് അവസാന കാലത്താണ് ജലക്ഷാമം അനുഭവപ്പെടാറുള്ളത്. എങ്കിലും 6,9,8,3,10 വാർഡുകളിൽ ഫിബ്രവരി മാസം മുതലേ അനുഭവപ്പെടാറുണ്ട്.

7 ചേര ഭാഗത്തെയും, നരിയാടിയിലേയും ഷട്ടർ അടക്കാത്തതാണ് അവിടെ ഉപ്പുവെള്ളക്കയറ്റത്തിന് ഇടയാക്കിയത്.

8 കിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യുന്ന പതിവില്ല.

9 കൊവ്വൽ, നരിയാടി, പറശ്ശിനിക്കടവ്, മമ്പാല ഭാഗത്ത് ജല വിതരണം നടത്തുന്ന പൈപ്പ് ലൈൻ പൊട്ടിപ്പൊളിഞ്ഞ് ജലവിതരണം തടസ്സപ്പെടാറുണ്ട്. ഈ പ്രദേശങ്ങളിൽ വല്ലപ്പോഴുമേ ജലം പൈപ്പ് വഴി ലഭിക്കുന്നുള്ളൂ. വെങ്കൽ പറമ്പ് ഹരിജൻ കോളനിയിലെ കിണർ ഉപയോഗ ശൂന്യമാണ് പ്ലാറ്റ്ഫോം തകർന്ന നിലയിലാണ്. മലിന ജലം കിണറിൽ താഴുന്നു.

10 പഞ്ചായത്തിൻെറ എല്ലാഭാഗത്തും കിണറുകൾ (കുഴൽക്കിണറുകളും, സ്വകാര്യ-പൊതു) ഉപയോഗ യോഗ്യമല്ലാത്തതുണ്ട്.

11 പഞ്ചായത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനം നടത്തുന്നില്ല.

12 കോൾതുരുത്തിയുടെ തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളം കൊണ്ട് കുടിവെള്ളക്ഷാമം അനുഭവിക്കുന്നുണ്ട്.

## *സാധ്യതകൾ*

1 ഒന്നാം വാർഡിലെ കുമ്മനാട്ടുകുളം, ഐക്കാൽ കുളം, പൊതുകിണർ, പാന്തോട്ടം അമ്പലത്തിനു സമീപമുള്ള കുളമോ പൊതുകിണറോ ശുചിയാക്കി ആഴം കൂട്ടി ജലവിതരണം നടത്താം. പണ്ണേരിഭാഗത്ത് (കാവിനു സമീപം) കിണറോ കുളമോ കുഴിക്കാൻ തയ്യാറായാൽ സ്ഥലവും, സന്നദ്ധ സേവനവും നൽകാൻ അവിടുത്തെ ആളുകൾ തയ്യാറാണ്.

2 കാക്കച്ചാൽ, പള്ളിത്തോട് പ്രദേശത്ത് കിണർ കുഴിക്കുകയോ കുളം നവീകരിക്കുകയോ ചെയ്ത് ജല വിതരണം നടത്താവുന്നതാണ്. മോറാഴ ശിവക്ഷേത്രത്തിനു സമീപം അനുവദിച്ച പൊതുകിണർ പണി പൂർത്തിയാക്കേണ്ടതുണ്ട്. വേണിയിൽ പ്രദേശത്തെ അത്തിക്കുളം നവീകരിച്ചാൽ മോറാഴ ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

3 കുട്ടഞ്ചേരി വയൽ, പൂതപ്പാറ, പുന്നക്കുളങ്ങര പ്രദേശങ്ങളിൽ കിണർ കുഴിക്കാൻ മനുഷ്യാധ്വാനം സംഭാവന ചെയ്യാൻ സന്നദ്ധരുണ്ട്. കിണർ കുഴിക്കാൻ സൗജന്യമായി സ്ഥലം വിട്ടുകൊടുക്കാനും സന്നദ്ധരായവരുണ്ട്.

4 ബക്കളം കുളം, കല്ല് കുളം തുടങ്ങിയവ ശുദ്ധീകരിച്ച് ഉപയോഗിക്കാവുന്നതാണ്. കടമ്പേരി ചിറ സംരക്ഷിച്ച് കൊണ്ട് അതിനടുത്ത് കിണർ കുഴിച്ച് വെള്ളം സംഭരിച്ച് വിതരണം നടത്തിയാൽ 5ാം വാർഡിൽ മുഴുവൻ കുടിവെള്ള പ്രശ്നവും പരിഹരിക്കാവുന്നതാണ്.

5 മൂസാൻ കുന്ന് പള്ളിക്ക് സമീപമുള്ള വറ്റാത്ത കുളം അതിര് കെട്ടി സംരക്ഷിച്ച് കണ്ണപ്പിലാവ് ഭാഗത്ത് സംഭരിച്ച് വിതരണം നടത്താവുന്നതാണ്. ഇല്ലക്കുളം, ചൊറൂട കുഞ്ഞിരാമൻ കുളം ശുദ്ധീകരിച്ച് കോൾമൊട്ട ഭാഗത്ത് സംഭരിച്ച് വിതരണം നടത്താവുന്നതാണ്.

6 എ.കെ.ജി. വായനശാലക്ക് സമീപമുള്ള കുഴൽ കിണർ ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്. കുഞ്ഞുകുളം ആഴം കൂട്ടി നവീകരിച്ചാൽ അവിടെ നിന്നുള്ള ജലം ആന്തൂർ പഞ്ചായത്ത് മുഴുവൻ വിതരണം നടത്താൻ പറ്റുന്ന തരത്തിൽ വിനിയോഗിക്കാം. തളിയിൽ റേഷൻ കടക്ക് സമീപമുള്ള പൊതുകിണറിനു ടാങ്കുകെട്ടി ഇരുമ്പു കല്ലിൻ തട്ട് പ്രദേശത്ത് ജലവിതരണം നടത്താൻ സാധിക്കും. സന്നദ്ധ സേവനം നടത്താൻ തയ്യാറുള്ളവർ ഈ ഭാഗത്ത് നിരവധിയുണ്ട്. (കാറ്റിൽ നിന്നുള്ള വൈദ്യുതി)

7 തല്ലുവിൽ കോളനി, ഉറുവാടൻ കുണ്ടം, കുറ്റിയിൽ പ്രദേശങ്ങളിൽ കിണർ കുഴിക്കേണ്ടതുണ്ട്. കണിച്ചേരി ഭാഗത്ത് കിണർ കുഴിച്ച് മമ്പാല ഭാഗത്ത് ജലവിതരണത്തിനു സാധ്യതയുണ്ട്.

8 ഒൻപതാം വാർഡിൽ പൈപ്പുവെള്ളത്തെ മാത്രമേ ആശ്രയിക്കാൻ പറ്റൂ. ഉപയോഗശൂന്യമായ പൈപ്പുലൈൻ അടിയന്തിരമായി മാറ്റി സ്ഥാപിച്ച് കൂടുതൽ ഭാഗത്തേക്ക് നീട്ടേണ്ടതുണ്ട്. കുറ്റിയിൽ ഭാഗത്ത് ഉള്ള കിണർ പ്രശ്നം പരിഹരിച്ച് ജല വിതരണ യോഗ്യമാക്കാൻ നടപടി ആരംഭിക്കേണ്ടതുണ്ട്.

9 ഞാത്തിൽ അരയാലിൻെറ അടുത്തുള്ള കുളം വൃത്തിയാക്കി പൈപ്പ് വഴി ജലവിതരണം നടത്താവുന്നതാണ്. ആവശ്യമായ തോതിൽ കിണറുകൾ ഇവിടങ്ങളിലില്ല.

10 വ്യക്തികൾക്ക് മണ്ണ്-ജല സംരക്ഷണത്തിനു സാമ്പത്തിക സഹായം നൽകി പോത്സാഹനം കൊടുക്കേണ്ടതുണ്ട്. തത്സ്ഥല ജല സംരക്ഷണത്തിൻെറ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

11 നിലവിലുള്ള കിണറുകളും കുളങ്ങളും ആവശ്യമാണെങ്കിൽ റിപ്പയർ ചെയ്യേണ്ടതുണ്ട്.

12 നീർതട പദ്ധതിക്ക് പ്രാധാന്യം നൽകുക.

13 ചെറുകിട ജല പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

14 പരമ്പരാഗത ജല സ്രോതസ്സുകളെ സംരക്ഷിക്കാൻ നിയമങ്ങൾ ആവിഷ്കരിക്കുകയും കർശനമായി നടപ്പിലാക്കുകയും ചെയ്യുക.

15 നിലവിലുള്ള പൈപ്പുകളുടെ വിനിയോഗം കാര്യക്ഷമമാക്കാൻ ഓരോ ടാപ്പിൻെറയും നിശ്ചിത ദൂരം പൈപ്പിൻെറയും ചുമതല അടുത്ത കുടുംബക്കാരെ ഏൽപ്പിക്കുക.



# കുടിവെള്ളം, പൊതുജനാരോഗ്യം – പരിസര ശുചിത്വം

## കുടിവെള്ളം

സുലഭമായ പല പ്രകൃതി വിഭവങ്ങളും ദുർലഭമാവുകയാണിന്ന്. ജല സമ്പത്തിൻെറ ദൗർലഭ്യം ഇതിനൊരുത്തമ ദൃഷ്ടാന്തമാണം. വിഭവ ഭൗപട നിർമ്മാണത്തോടനുബന്ധിച്ച് നടത്തിയ പഠനങ്ങൾ നമ്മുടെ കിണറുകളിലെയും കുളങ്ങളിലെയും ജലവിതാനം താഴുന്നതായും ഭൂഗർഭ ജലം കുറയുന്നതായും വെളിപ്പെടുത്തിയിരിക്കുന്ന. ഈ ഗുരുതരാമയ സ്ഥിതി മുന്നിൽ കണ്ടുകൊണ്ട് നാം അടിയന്തിര ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രകൃതിയുടെ ഈ അമൂല്യ സമ്പത്ത് കാത്തുസൂക്ഷിക്കേണ്ടത് ഏതൊരു ദേശസസ്നേഹിയുടെയും ചുമതലയാണ്.

ആന്തൂർ പഞ്ചായത്തിൽ കുറച്ച് വർഷങ്ങൾക്കു മുമ്പേ വരെ കുടിവെള്ള ക്ഷാമം കാര്യമായുണ്ടായിരുന്നില്ല. എന്നാൽ അമിതമായ ജനസംഖ്യാവർദ്ധനവിൻെറ ഫലമായി 3000 മി.മീറ്ററിലധികം മഴ ലഭിക്കുന്ന നമു് വരൾച്ചയും വെള്ളപ്പൊക്കവും ഒരു പോലെ അഭിമുഖീകരിക്കേണ്ടി വരുന്നു. പ്രകൃതിദത്ത ജലസംഭരണികളായ വയലേലകളും, കുളങ്ങളും, വനഭൂമിയുമെല്ലാം അശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതാണ് ഇതിന് റപധാന കാരണം.

ആന്തൂർ പഞ്ചായത്തിൽ കുടിനീരിൻെറ പ്രധാന സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിലെ 90% കുടുംബങ്ങളും കുടിനീരിനായി കിണറിനെയാണ് ആശ്രയിക്കുന്നത്. ടാപ്പുകളെ ആശ്രയിക്കുന്നവർ 7% വും, പൊതുകിണറുകളെ ആശ്രയിക്കുന്നവർ 2.9%വും, മറ്റ് സ്രോതസ്സുകളെ ആശ്രയിക്കുന്നവർ 0.1% വും ആണ്.

കുടിവെള്ളത്തിൻെറ ലഭ്യത (സോഷ്യോ-ഇക്കണോമിക്സ് സർവ്വേ)

ആകെ വീടുകൾ 4258



ആന്തൂർ പഞ്ചായത്തിലെ 50% വീടുകളും കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവയാണ്. ആകെയുള്ള 4258 - വീടുകളിൽ 2117 എണ്ണവും. ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വാർഡുകൾ 6,3,8,9,10,5 എന്നിവയാണ്. കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| വാർഡ് | ആകെ വീടുകൾ | ക്ഷാമം അനുഭവിക്കുന്ന വീടുകൾ |
|---|---|---|
| 1 | 439 | 153 |
| 2 | 499 | 221 |
| 3 | 488 | 238 |
| 4 | 287 | 91 |
| 5 | 712 | 314 |
| 6 | 460 | 322 |
| 7 | 449 | 220 |
| 8 | 334 | 197 |
| 9 | 228 | 185 |
| 10 | 362 | 176 |

അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ - ആന്തൂർ പഞ്ചായത്ത്




## പ്രശ്നങ്ങൾ

1 കുടിവെള്ള ക്ഷാമം അതിരൂക്ഷമായി അഭിമുഖീകരിക്കുന്ന പ്രദേശങ്ങൾ

<u>ഒന്നാം വാർഡ്</u> - കുമ്മനാട് ഭാഗം, പാന്തോട്ടം അമ്പലത്തിനു സമീപം, പണ്ണേരിക്കാവ്, ഇല്ലിപ്പുറം ഹരിജൻ കോളനി, വെള്ളിക്കൈ, കല്ലുമൂല

<u>രണ്ടാം വാർഡ്</u> - ദേവർകുന്ന്, വള്ളിത്തോട്, കാക്കച്ചാൽ

<u>മൂന്നാം വാർഡ്</u> - ഇടമന കോട്ടം, കുട്ടഞ്ചേരി, ഒഴക്രോം, പുന്നക്കുളങ്ങര, പൂതപ്പാറ, എ.ആർ. ക്യാമ്പിന്റെ സമീപ പ്രദേശങ്ങൾ

<u>നാലാം വാർഡ്</u> - ഈ വാർഡിലെ 32% കുടുംബങ്ങളും അനുഭവിക്കുന്നു.

<u>അഞ്ചാം വാർഡ്</u> - 44% കുടുംബങ്ങൾ അനുഭവിക്കുന്നു

<u>ആറാം വാർഡ്</u> - ആന്തൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നു. കണിച്ചേരി എൽ.പി. സ്കൂൾ പരിസരം, കോൾമൊട്ടയും ചുറ്റുപാടുകളും, ഉദയ സ്പോർട്സ് ക്ലബ്ബ്, കണ്ണപ്പിലാവ്, പൂവ്വം, ഇഞ്ചിത്തട്ട്, തുടങ്ങിയ കുന്നിൻ പ്രദേശങ്ങൾ, ചെരിവുകളായ നണിച്ചേരി മുതൽ മൂസാൻ കുന്ന് റോഡ് വരെയും, ഓരീച്ചാൽ റോഡ് മുതൽ കണിച്ചേരി വരെയും. ഓണപ്പറമ്പ് മിച്ചഭൂമി പ്രദേശം.

<u>ഏഴാം വാർഡ്</u> - തലുവിൽ കുന്നുംപുറം, കനകാലയം, സ്നേക്ക് പാർക്ക്
<u>എട്ടാം വാർഡ്</u> - മമ്പാല പോസ്റ്റ് ആഫീസ് പരിസരം, മമ്പാല, കുഴിച്ചാൽ, പറശ്ശിനി ബസ്സ്റ്റാൻറ്, പറശ്ശിനി ബേങ്കിനു സമീപം.
<u>ഒൻപതാം വാർഡ്</u> - വാർഡിൻെറ മുഴുവൻ ഭാഗവും
<u>പത്താം വാർഡ്</u> - ബക്കളം അരിപ്പത്തോട് പ്രദേശം, മുണ്ടപ്രം, മടയിൽചാൽ തുടങ്ങിയ പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

2 ചേര, പണ്ണേരി, രണ്ടാം വാർഡിൻെറ ചിലഭാഗങ്ങൾ, കോൾതുരുത്തിയുടെ തീരപ്രദേശങ്ങൾ, 9-ാം വാർഡിൻെറ മുക്കാൽ ഭാഗവും ഓരു കയറ്റം കൊണ്ട് കുടിവെള്ളവും കൃഷിയും നശിക്കുന്ന പ്രദേശങ്ങൾ ആണ്.

3 ഒന്നാം വാർഡിലെ ചേര ഭാഗത്തും ഒൻപതാം വാർഡിലെ കൊവ്വൽ ഭാഗത്തും അഞ്ച് മീറ്ററോളം കുഴിക്കുമ്പോൾ വെള്ളത്തിനു പ്രത്യേക നിറം കണ്ടുവരുന്നു.

4 പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻ പുറങ്ങളാണ്.

5 ഒന്നാം വാർഡ്, പത്താം വാർഡ്, ഒൻപതാം വാർഡ് പ്രദേശങ്ങളിലുള്ളവർ ചിലപ്പോൾ രണ്ട് കി. മീറ്ററോളം കുടിവെള്ളത്തിനു പോകാറുണ്ട്.

6 സാധാരണയായി മാർച്ച് അവസാന കാലത്താണ് ജലക്ഷാമം അനുഭവപ്പെടാറുള്ളത്. എങ്കിലും 6,9,8,3,10 വാർഡുകളിൽ ഫിബ്രവരി മാസം മുതലേ അനുഭവപ്പെടാറുണ്ട്.

7 ചേര ഭാഗത്തെയും, നരിയാടിയിലേയും ഷട്ടർ അടക്കാത്തതാണ് അവിടെ ഉപ്പുവെള്ളക്കയറ്റത്തിന് ഇടയാക്കിയത്.

8 കിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യുന്ന പതിവില്ല.

9 കൊവ്വൽ, നരിയാടി, പറശ്ശിനിക്കടവ്, മമ്പാല ഭാഗത്ത് ജല വിതരണം നടത്തുന്ന പൈപ്പ് ലൈൻ പൊട്ടിപ്പൊളിഞ്ഞ് ജലവിതരണം തടസ്സപ്പെടാറുണ്ട്. ഈ പ്രദേശങ്ങളിൽ വല്ലപ്പോഴുമേ ജലം പൈപ്പ് വഴി ലഭിക്കുന്നുള്ളൂ. വെങ്കൽ പറമ്പ് ഹരിജൻ കോളനിയിലെ കിണർ ഉപയോഗ ശൂന്യമാണ് പ്ലാറ്റ്ഫോം തകർന്ന നിലയിലാണ്. മലിന ജലം കിണറിൽ താഴുന്നു.

10 പഞ്ചായത്തിൻെറ എല്ലാഭാഗത്തും കിണറുകൾ (കുഴൽക്കിണറുകളും, സ്വകാര്യ-പൊതു) ഉപയോഗ യോഗ്യമല്ലാത്തതുണ്ട്.

11 പഞ്ചായത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനം നടത്തുന്നില്ല.

12 കോൾതുരുത്തിയുടെ തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളം കൊണ്ട് കുടിവെള്ളക്ഷാമം അനുഭവിക്കുന്നുണ്ട്.

## *സാദ്ധ്യതകൾ*

1 ഒന്നാം വാർഡിലെ കുമ്മനാട്ടുകുളം, ഐക്കാൽ കുളം, പൊതുകിണർ, പാന്തോട്ടം അമ്പലത്തിനു സമീപമുള്ള കുളമോ പൊതുകിണറോ ശുചിയാക്കി ആഴം കൂട്ടി ജലവിതരണം നടത്താം. പണ്ണേരിഭാഗത്ത് (കാവിനു സമീപം) കിണറോ കുളമോ കുഴിക്കാൻ തയ്യാറായാൽ സ്ഥലവും, സന്നദ്ധ സേവനവും നൽകാൻ അവിടുത്തെ ആളുകൾ തയ്യാറാണ്.

2 കാക്കച്ചാൽ, പള്ളിത്തോട് പ്രദേശത്ത് കിണർ കുഴിക്കുകയോ കുളം നവീകരിക്കുകയോ ചെയ്ത് ജല വിതരണം നടത്താവുന്നതാണ്. മോറാഴ ശിവക്ഷേത്രത്തിനു സമീപം അനുവദിച്ച പൊതുകിണർ പണി പൂർത്തിയാക്കേണ്ടതുണ്ട്. വേണിയിൽ പ്രദേശത്തെ അത്തിക്കുളം നവീകരിച്ചാൽ മോറാഴ ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

3 കുട്ടഞ്ചേരി വയൽ, പൂതപ്പാറ, പുന്നക്കുളങ്ങര പ്രദേശങ്ങളിൽ കിണർ കുഴിക്കാൻ മനുഷ്യാധ്വാനം സംഭാവന ചെയ്യാൻ സന്നദ്ധരുണ്ട്. കിണർ കുഴിക്കാൻ സൗജന്യമായി സ്ഥലം വിട്ടുകൊടുക്കാനും സന്നദ്ധരായവരുണ്ട്.

4 ബക്കളം കുളം, കല്ല് കുളം തുടങ്ങിയവ ശുദ്ധീകരിച്ച് ഉപയോഗിക്കാവുന്നതാണ്. കടമ്പേരി ചിറ സംരക്ഷിച്ച് കൊണ്ട് അതിനടുത്ത് കിണർ കുഴിച്ച് വെള്ളം സംഭരിച്ച് വിതരണം നടത്തിയാൽ 5ാം വാർഡിൽ മുഴുവൻ കുടിവെള്ള പ്രശ്നവും പരിഹരിക്കാവുന്നതാണ്.

5 മൂസാൻ കുന്ന് പള്ളിക്ക് സമീപമുള്ള വറ്റാത്ത കുളം അതിര് കെട്ടി സംരക്ഷിച്ച് കണ്ണപ്പിലാവ് ഭാഗത്ത് സംഭരിച്ച് വിതരണം നടത്താവുന്നതാണ്. ഇല്ലക്കുളം, ചൊറൂട കുഞ്ഞിരാമൻ കുളം ശുദ്ധീകരിച്ച് കോൾമൊട്ട ഭാഗത്ത് സംഭരിച്ച് വിതരണം നടത്താവുന്നതാണ്.

6 എ.കെ.ജി. വായനശാലക്ക് സമീപമുള്ള കുഴൽ കിണർ ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്. കുഞ്ഞുകുളം ആഴം കൂട്ടി നവീകരിച്ചാൽ അവിടെ നിന്നുള്ള ജലം ആന്തൂർ പഞ്ചായത്ത് മുഴുവൻ വിതരണം നടത്താൻ പറ്റുന്ന തരത്തിൽ വിനിയോഗിക്കാം. തളിയിൽ റേഷൻ കടക്ക് സമീപമുള്ള പൊതുകിണറിനു ടാങ്കുകെട്ടി ഇരുമ്പു കല്ലിൻ തട്ട് പ്രദേശത്ത് ജലവിതരണം നടത്താൻ സാധിക്കും. സന്നദ്ധ സേവനം നടത്താൻ തയ്യാറുള്ളവർ ഈ ഭാഗത്ത് നിരവധിയുണ്ട്. (കാറ്റിൽ നിന്നുള്ള വൈദ്യുതി)

7 തള്ളുവിൽ കോളനി, ഉറുവാടൻ കുണ്ടം, കുറ്റിയിൽ പ്രദേശങ്ങളിൽ കിണർ കുഴിക്കേണ്ടതുണ്ട്. കണിച്ചേരി ഭാഗത്ത് കിണർ കുഴിച്ച് മമ്പാല ഭാഗത്ത് ജലവിതരണത്തിനു സാധ്യതയുണ്ട്.

8 ഒൻപതാം വാർഡിൽ പൈപ്പുവെള്ളത്തെ മാത്രമേ ആശ്രയിക്കാൻ പറ്റൂ. ഉപയോഗശൂന്യമായ പൈപ്പുലൈൻ അടിയന്തിരമായി മാറ്റി സ്ഥാപിച്ച് കൂടുതൽ ഭാഗത്തേക്ക് നീട്ടേണ്ടതുണ്ട്. കുറ്റിയിൽ ഭാഗത്ത് ഉള്ള കിണർ പ്രശ്നം പരിഹരിച്ച് ജല വിതരണ യോഗ്യമാക്കാൻ നടപടി ആരംഭിക്കേണ്ടതുണ്ട്.

9 ഞാത്തിൽ അരയാലിന്റെ അടുത്തുള്ള കുളം വൃത്തിയാക്കി പൈപ്പ് വഴി ജലവിതരണം നടത്താവുന്നതാണ്. ആവശ്യമായ തോതിൽ കിണറുകൾ ഇവിടങ്ങളിലില്ല.

10 വ്യക്തികൾക്ക് മണ്ണ്-ജല സംരക്ഷണത്തിനു സാമ്പത്തിക സഹായം നൽകി പോത്സാഹനം കൊടുക്കേണ്ടതുണ്ട്. തത്സ്ഥല ജല സംരക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

11 നിലവിലുള്ള കിണറുകളും കുളങ്ങളും ആവശ്യമാണെങ്കിൽ റിപ്പയർ ചെയ്യേണ്ടതുണ്ട്.

12 നീർത്തട പദ്ധതിക്ക് പ്രാധാന്യം നൽകുക.

13 ചെറുകിട ജല പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

14 പരമ്പരാഗത ജല സ്രോതസ്സുകളെ സംരക്ഷിക്കാൻ നിയമങ്ങൾ ആവിഷ്കരിക്കുകയും കർശനമായി നടപ്പിലാക്കുകയും ചെയ്യുക.

15 നിലവിലുള്ള പൈപ്പുകളുടെ വിനിയോഗം കാര്യക്ഷമമാക്കാൻ ഓരോ ടാപ്പിന്റെയും നിശ്ചിത ദൂരം പൈപ്പിന്റെയും ചുമതല അടുത്ത കുടുംബക്കാരെ ഏൽപ്പിക്കുക.

# ആരോഗ്യം

ആരോഗ്യമുള്ള ജനത ഒരു രാജ്യത്തിൻെറ സമ്പത്താണ്. പലതിലുമെന്നപോലെ മാതൃകാ സംസ്ഥാനമായ നമുക്ക് പല പോരായ്മകളും ഈ രംഗത്ത് കണ്ടെത്താൻ കഴിയും. ജന ക്ഷേമത്തിനായുള്ള പൊതുസ്ഥാപനങ്ങൾ നോക്കുകുത്തികളായി മാറുകയും, ആരോഗ്യസംരക്ഷണത്തിൻെറ ചിലവ് കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ പൊതു ഉടമയിലുള്ള ആരോഗ്യ സേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജനകീയമാക്കുകയും ചെയ്യുന്നതിൽ പ്രാദേശിക ഭരണ കൂടങ്ങൾക്ക് ഒരു പ്രധാന പങ്കു വഹിക്കാനുണ്ട്. ഈ സാഹചര്യത്തിൽ ആന്തൂർ പഞ്ചായത്തിലെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് ഒന്നു പരിശോധിക്കാം.

പാരമ്പര്യ ചികിത്സക്കും, നാടൻ വൈദ്യത്തിനും മുമ്പേ തന്നെ ഈ പ്രദേശം പ്രസിദ്ധമായിരുന്നു. തറോൽ കേളൻ വൈദ്യർ, കോരൻ വൈദ്യർ, നാരായണൻ വൈദ്യർ, കണിച്ചേരി കോരൻ വൈദ്യർ, ഒതേനൻ വൈദ്യർ, രാമപ്പെരുവണ്ണാൻ, പുള്ളുവൻ വൈദ്യർ, ദാമോദരൻ വൈദ്യർ, കുമാരൻ വൈദ്യർ തുടങ്ങി നിരവധി വൈദ്യ രത്നങ്ങളും അവരുടെ പിൻമുറക്കാരും ഇന്നും നല്ല നിലയിൽ തുടരുന്ന തരത്തിൽ, ഈ ചികിത്സാ രീതി വളർത്തിക്കൊണ്ടു വന്നവരാണ്. മുറിവുണക്കാനും, വയറുവേദനക്കും മറ്റെല്ലാവിധ രോഗങ്ങൾക്കും അക്കാലത്ത് വൈദ്യ ചികിത്സ പേരുകേട്ടിരുന്നു. ഉഴിച്ചൽ, തടവൽ തുടങ്ങിയ ചികിത്സാ രീതികളും ഇവിടെ വേരുറച്ചിരുന്നു. പൊതുവേ പഴയ കാലങ്ങളിൽ ഇന്നത്തേതുപോലെ അസുഖങ്ങൾ ഉണ്ടായിരുന്നില്ല. ജനാധിവാസം വർദ്ധിച്ചതോടെ പല പച്ചമരുന്നുകളും നമുക്ക് ലഭ്യമല്ലാതായി. ഇത് ഈ ചികിത്സാ സമ്പ്രദായത്തിൻെറ തകർച്ചക്കിടയാക്കി.

1943-ൽ മലബാറിലാകെ നിരവധി ജീവൻ കവർന്നെടുത്ത കോളറ നമ്മുടെ പഞ്ചായത്തിലും മരണങ്ങളുണ്ടാക്കിയിട്ടുണ്ട്. ഒരു കൂട്ടം യുവാക്കൾ ഈ മഹാവിപത്ത് തടയാൻ കർമ്മ രംഗത്തിറങ്ങിയതിനാലാണ് കൂടുതൽ ദുരന്തങ്ങൾ ഒഴിവായത്. ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ തന്നെ ജനങ്ങളെയാകെ ഭയപ്പെടുത്തിയ മറ്റൊരു വിപത്തായിരുന്നു വസൂരി. രോഗം വന്നാൽ കുടുംബത്തിൽ നിന്നും മാറ്റി കൂരകൾ കെട്ടി ഒഴിപ്പിച്ചു നിർത്തപ്പെടുന്ന ഇക്കൂട്ടർ പരിചരണം ലഭിക്കാതെയും, വിശ്വാസത്തിൻെറ പേരിൽ വെള്ളം ലഭിക്കാതെയും മരണപ്പെടുന്നു. ഇത്തരം നിരവധി മരണങ്ങൾ നമ്മുടെ പഞ്ചായത്തിൽ സംഭവിച്ചിട്ടുണ്ട്.

1959-ൽ പറശ്ശിനിക്കടവിൽ സ്ഥാപിക്കപ്പെട്ട ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആദ്യത്തെ അലോപ്പതി ചികിത്സാ രംഗത്തെ കാൽവെപ്പ്. സമീപസ്ഥങ്ങളായ നിരവധി പഞ്ചായത്തുകളിൽ നിന്നും രോഗികൾ ഇവിടെ ചികിത്സക്കെത്തിയിരുന്നു. 1986 ൽ പ്രൈമറി ഹെൽത്ത് സെൻററായി ഉയർത്തപ്പെട്ടപ്പോൾ ആരംഭിച്ച കിടത്തി ചികിത്സാ വഭാഗം കൂടുതൽ കാലം നിലനിന്നില്ല. രോഗികളുണ്ടായിരുന്നുവെങ്കിലും ഡോക്ടർ ഇല്ലാതത്താണ് കാരണമായത്. വീണ്ടും 1996- ആഗസ്ത് മാസത്തിൽ പഞ്ചായത്ത് ഭരണകൂടത്തിൻെറയും ജനങ്ങളുടെയും ശ്രമഫലമായി കിടത്തി ചികിത്സാ വിഭാഗം ആരംഭിച്ചെങ്കിലും വേണ്ടത്ര സൗകര്യങ്ങളും, ജീവനക്കാരും, രോഗികളുടെ വിമുഖതയും ഈസംവിധാനം പ്രയോജനപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു.

അമിതമായ വൈദ്യവൽക്കരണം കൊണ്ടോ, പാരമ്പര്യ ചികിത്സ കൈമോശം വന്നതുകൊണ്ടോ, ജനങ്ങളുടെ ബോധനിലവാരത്തിൻെറ തകർച്ച കൊണ്ടോ ഇന്ന് എന്തു ചെറിയ ദേഹാസ്വാസ്ഥ്യത്തിനും, തോന്നലുകൾക്കും നാം ഡോക്ടറെ കാണുന്ന പ്രവണത കൂടിക്കൂടി വരുന്നുണ്ട്. അനാവശ്യ മരുന്നുകൾ വരുത്തി വെയ്ക്കുന്ന രോഗങ്ങളുടെ ചികിത്സക്കാണ് ഇക്കൂട്ടർ പിന്നീട് പരക്കം പായേണ്ടിവരുന്നത്. ഇക്കാലത്തു തന്നെ നാം ഉൻമൂലനം ചെയ്തെന്നവകാശപ്പെടുന്ന പല രോഗങ്ങളും വർദ്ധിച്ചു വരുന്നതായി കാണാം. മലമ്പനി, ക്ഷയം, കുഷ്ഠം, മന്ത് തുടങ്ങിയവ ഉദാഹരണങ്ങളാണ്. മാത്രമല്ല കേൻസർ മൂലമുള്ള പഞ്ചായത്തിലെ മരണങ്ങളും നമ്മെ ഏവരെയും ഭയപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഭരണകൂടവും ജനങ്ങളെ സന്നദ്ധരാക്കേണ്ടതുണ്ട്.

പറശ്ശിനിക്കടവിലെ ഒരു പി.എച്ച്.സി. യും കോടല്ലൂർ, കടമ്പേരി, മോറാഴ എന്നിവിടങ്ങളിലെ സബ്ബ് സെൻററുകളും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. ഇവ എല്ലാം സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സാമൂഹ്യക്ഷേമ വകുപ്പിൻെറയും കീഴിലുള്ള 10 അംഗൻവാടികളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാർ | സ്ഥാപിച്ച വർഷം | കെട്ടിടം സ്വന്തം/ വാടക |
|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം (പറശ്ശിനിക്കടവ്) | 8 | 16 | 1959<br>പി.എച്ച്.സി. 1986 | സ്വന്തം |
| 2 | കുടുംബ ക്ഷേമ കേന്ദ്രം കോടല്ലൂർ | 6 | 1 | 24-11-1990 | സ്വന്തം |
| 3 | കുടുംബക്ഷേമ കേന്ദ്രം കാവേരി | 5 | 1 | 21-3-1989 | സ്വന്തം |
| 4 | കുടുംബക്ഷേമ കേന്ദ്രം (മോറാഴ) | 2 | 1 | | സ്വന്തം |

ഇതു കൂടാതെ ബക്കളത്ത് സ്വകാര്യ മേഖലയിൽ ഒരു അലോപ്പതി ചികിത്സാ കേന്ദ്രവും, മോറാഴ, തളിയിൽ പ്രദേശങ്ങളിൽ ഹോമിയോ ചികിത്സാ കേന്ദ്രവും ഉണ്ട്.

പറശ്ശിനിക്കടവ് പി.എച്ച്.സി.യിൽ 1996- ആഗസ്ത് 5നാണ് 10 കിടക്കകളോടു കൂടിയ കിടത്തി ചികിത്സാ വിഭാഗം വീണ്ടും ആരംഭിച്ചത്. രണ്ട് സ്റ്റാഫ് നഴ്സുമാർ ഇന്ന് നിലവിലുണ്ട്. ആശുപത്രിയുടെ ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി 60 - 65 ആളുകൾ ചികിത്സക്കെത്തുന്നുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ കിടത്തി ചികിത്സാ വഭാഗത്തിൽ ചികിത്സ നേടിയവർ

| | | | |
|---|---|---|---|
| 1987 - 88 | 538 | 1992-93 | 55 |
| 1988 - 89 | 26 | 1993-94 | 30 |
| 1989 - 90 | 165 | 1994-95 | 16 |
| 1990 - 91 | 85 | 1995-96 | 8 |
| 1991 - 92 | 125 | 1996-97 (30-11-96) | 54 |

അവലംബം പി.എച്ച്.സി. റിപ്പോർട്ട്

രോഗികളുടെ ഏറ്റക്കുറച്ചിലിനു കാരണം ഡോക്ടർമാരുടെ സേവനം നല്ലരീതിയിൽ ലഭിക്കുമ്പോഴും അല്ലാത്തപ്പോഴുമാണ്. 1994-95 വർഷം 56986/- രൂപയുടെയും, 1995-96-ൽ 39666/ രൂപയുടെയും മരുന്നുകൾ ഈ ആശുപത്രിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

കഴിഞ്ഞ രണ്ടു വർഷമായി പി.എച്ച്. സി. യിൽ ചികിത്സ നേടിയവർ.

| വർഷം | ആൺ | പെൺ | കുട്ടികൾ | ആകെ |
|---|---|---|---|---|
| 1994-95 | 1540 | 2083 | 1058 | 4681 |
| 1995-96 | 2218 | 2954 | 1687 | 6859 |

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പി.എച്ച്.സി.യിൽ ചികിത്സ നേടിയവരിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീക ളാണ്. കുട്ടികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. അടുത്ത കാലത്ത് ഡോക്ടർ സ്ഥിരമായി ആശുപത്രിയിൽ എത്തു ന്നതും രോഗികളുടെ വർദ്ധനവിന് കാരണമാണ്. കൂടാതെ ശ്രീ മുത്തപ്പൻ ക്ഷേത്രം വക ഡോക്ടർക്ക് സ്ഥിരമായി താമസി ക്കാനുള്ള ക്വാർട്ടേർസ് നിർമ്മിച്ചുകൊടുത്തതും ഡോക്ടറുടെ സേവനം സ്ഥിരമായി ലഭിക്കാനിടയായിട്ടുണ്ട്.

പി.എച്ച്. സി. യിലെ രേഖകൾ പ്രകാരം പഞ്ചായത്തിലെ ശരാശരി ജനനനിരക്ക് 17ഉം (സംസ്ഥാന ശരാശരി 17) ശരാ ശരി മരണ നിരക്ക് 3.4 ഉം (സംസ്ഥാന ശരാശരി 5.9) ആണ്. (അവലംബം : പഞ്ചായത്ത് ഡെത്ത് രജിസ്റ്റർ)

പി.എച്ച്.സി. രേഖകൾ പ്രകാരം 93 മുതൽ 96 വരെ പഞ്ചായത്തിൽ ഉണ്ടായ ജലജന്യ - വായുജന്യ - പ്രാണിജന്യ രോഗങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ |
|---|---|---|---|
| 1993-94 | 763 | 2437 | 4 |
| 1994-95 | 644 | 2338 | 8 |
| 1995-96 | 156 | 1623 | 18 |
| 1996 | - | - | 2 |

ജലജന്യ രോഗങ്ങളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും വായുജന്യ രോഗങ്ങളുടെ കാര്യത്തിൽ നേ രിയ കുറവ് മാത്രമേ അനുഭവപ്പെടുന്നുള്ളൂ. അതേ അവസരം പ്രാണിജന്യ രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വസ്തുത യും മുകളിൽ കൊടുത്ത പട്ടികയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

1996 ഏപ്രിലിനു ശേഷം ഒരു പ്രസവ മരണം, ഒരു ചാപിള്ള ജനനം, രണ്ട് ശിശു മരണം എന്നിവ പഞ്ചായത്തധീനത യിൽ സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു വയസ്സിൽ താഴെയുള്ള 375 കുട്ടികളിൽ 371 പേരും വിവിധ കുത്തിവെയ്പുകൾ എടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ കോളറ പിടിപെട്ടതായി അറിവില്ല. കുഷ്ഠരോഗികളായ നാല് (4) പേർ പി.എച്ച്.സി. യിൽ ചികിത്സയി ലുണ്ട്. എല്ലാ മാസവും 15ാം തീയ്യതി കുഷ്ഠരോഗ നിവാരണത്തിനുള്ള ക്ലിനിക് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ടൈഫോയ്ഡ്, ചിക്കൻ പോക്സ് തുടങ്ങിയ രോഗങ്ങളും പഞ്ചായത്തിലുണ്ട്. ഇത്തരം രോഗങ്ങളുടെ വ്യാപനത്തിനെതിരേ ആരോഗ്യ പ്രവർ ത്തകരും പൊതുജനങ്ങളും കരുതിയിരിക്കേണ്ടതുണ്ട്.

ഒരു കുട്ടി വരെയുള്ള അമ്മമാരിൽ (365/523) 69% ത്തിലധികവും, രണ്ട് മുതൽ മൂന്ന് വരെ കുട്ടികളുള്ള അമ്മമാരിൽ (1669/1822) 92%വും, മൂന്നിൽ കൂടുതൽ കുട്ടികളുള്ള അമ്മമാരിൽ (359/1104) 33% വും ഏതെങ്കിലും ഒരു കുടുംബാസൂത്ര ണ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ എല്ലാ സൗകര്യങ്ങളും സൗജന്യമായി ആശുപത്രിയിൽ നിന്നും നൽകിവരുന്നു ണ്ട്. എന്നാൽ പി.എച്ച്.സി.യിൽ അടുത്ത കാലത്തൊന്നും ഒരു വാസക്ടമി കേസ് കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല.

പി.എച്ച്.സി.യുടെ ഐ.പി. വിഭാഗത്തിൽ ജോലിചെയ്യുന്ന സ്റ്റാഫ് നഴ്സ്, നഴ്സിങ്ങ് അസിസ്റ്റൻറ്, ഹെൽത്ത് അസി സ്റ്റൻറ് ഗ്രേഡ്-2 എന്നീ ജീവനക്കാർ പകൽ 10 മണിക്കൂറും രാത്രികാലങ്ങളിൽ പതിനാല് മണിക്കൂറും വീതം ജോലി ചെയ്യേ ണ്ടി വരുന്നുണ്ട്. ആവശ്യമായ ജീവനക്കാരുടെ അഭാവമാണ് ഇതിന് കാരണം. ഒരു വാച്ച് മേൻ, പാർട്ട് ടൈം സ്വീപ്പർ എന്നി വരുടെ തസ്തികകളും ഇപ്പോൾ ഇവിടെ നിലവിലില്ല.

പി.എച്ച്.സി.യുടെ വികലാംഗ സർവ്വേയെ അടിസ്ഥാനമാക്കി ഇവിടെയുള്ള അന്ധർ, ബധിരർ, മൂകർ, ചലനവൈകല്യമുള്ളവർ എന്നിവരുടെ പട്ടിക താഴെ കൊടുക്കുന്നു.

| | |
|---|---|
| അന്ധർ | 19 |
| ബധിരർ | 22 |
| മൂകർ | 21 |
| ചലനവൈകല്യം | 58 |
| ആകെ | 120 |

ഈ വിഭാഗങ്ങൾ പൊതുവേ അവഗണിക്കപ്പെടുന്നുണ്ട്. ഇവർക്ക് സ്വയം തൊഴിൽ നേടാനും, ചെയ്യാനുമുള്ള സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

## *പ്രശ്നങ്ങളും സാധ്യതകളും*

1 പഞ്ചായത്തിലെ പി.എച്ച്.സി. ഒരുഭാഗത്തായതിനാൽ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, പത്ത്, തുടങ്ങിയ വാർഡുകളിലെ ആളുകൾക്ക് ഇത് പ്രയോജനപ്പെടുന്നില്ല. ഗതാഗത സൗകര്യത്തിന്റെ പരിമിതിയും ഇതിനു കാരണമാണ്.

2 ഒന്നാം വാർഡിൽ നിന്നും പി.എച്ച്.സി. 8 കി.മീ. ദൂരത്തിലും, സബ്ബ് സെൻറർ 4 കി.മീ. ദൂരത്തിലുമാണ് സ്ഥിതി ചെയ്യുന്നത്.

3 രണ്ട്, മൂന്ന്, നാല്, അഞ്ച്, പത്ത്, ഏഴ് വാർഡുകളിലുള്ളവർ പാപ്പിനിശ്ശേരി ആശുപത്രിയെയാണ് ചികിത്സക്ക് ആശ്രയിക്കുന്നത്. ഈ വാർഡുകളിൽ പി.എച്ച്.സി. യുടെ സബ്ബ് സെൻറർ കൂടുതൽ സൗകര്യങ്ങളോടെ മെച്ചപ്പെടുത്തേണ്ടതുണ്ട്.

4 ഹോമിയോ/ആയുർവ്വേദ ആശുപത്രികൾ 1,2,3,4,5,6,7,9,10 വാർഡുകളിൽ സ്ഥാപിക്കണം.

5 പി.എച്ച്.സി. യുടെ മോറാഴ, കടമ്പേരി സബ്ബ് സെൻറർ കെട്ടിടം ഉപയോഗശൂന്യമായതിനാൽ ആരോഗ്യ പ്രവർത്തകർക്ക് സ്ഥിരതാമസത്തിന് സാധിക്കുന്നില്ല.

6 പി.എച്ച്.സി. യിൽ സ്ത്രീകളെയും, കുട്ടികളേയും ചികിത്സിക്കുന്ന സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ അഭാവമുണ്ട്.

7 എല്ലാ അത്യാവശ്യ മരുന്നുകളും പി.എച്ച്.സി. യിൽ നിന്ന് ലഭിക്കുന്നില്ല.

8 പി.എച്ച്.സി. യോടനുബന്ധിച്ച് ഒരു മെഡിക്കൽ ഷോപ്പ് ഇല്ല.

9 നിർദ്ദിഷ്ട മാതൃശിശു സംരക്ഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

10 പി.എച്ച്.സി. യിൽ കിടത്തി ചികിത്സാ വിഭാഗത്തിൽ ആവശ്യമായ രോഗികൾ എത്താറില്ല.

11 ഏഴ്, എട്ട്, ഒൻപത് വാർഡുകൾക്ക് സബ്ബ് സെന്ററില്ല.

12 10ാം വാർഡിന്റെ പരിധിയിൽ ഒരു പൊതുജനാരോഗ്യ കേന്ദ്രം ഇല്ല. അംഗൻവാടിയുമില്ല.

13 പി.എച്ച്. സി. യിൽ പരിശോധനാ മുറികൾക്ക് സ്വകാര്യതയില്ല.

14 ഒ.പി. ടിക്കറ്റ്, കേസ് ഷീറ്റ്, ഡിസ്ചാർജ്ജ് കാർഡ് തുടങ്ങിയ ചികിത്സാ സാമഗ്രികൾ ഇല്ല.

15 രോഗികൾക്ക് കാത്തിരിക്കാനുള്ള സംവിധാനങ്ങളോ, അടിയന്തിര പരിശോധനാ മുറികളോ ഇല്ല.

16 ആശുപത്രിയുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണ യൂനിറ്റുകൾ ഇല്ല.

17 1000 ജനസംഖ്യക്ക് ഒന്ന് എന്ന സർക്കാർ അംഗീകൃത മാനദണ്ഡത്തിൽ അംഗൻ വാടികളില്ല.

18 അക്കേഷ്യാ കാടുകൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ മോറാഴ ഭാഗത്ത് ഉണ്ട്.

19 ഒന്ന്, രണ്ട്, പത്ത്, തുടങ്ങിയ വാർഡുകളിൽ കുട്ടികളിൽ വിളർച്ച കണ്ടു വരുന്നുണ്ട്.

20 കേൻസർ രോഗം പഞ്ചായത്തിൽ വ്യാപകമാകുന്നുണ്ടോ എന്ന ആശങ്ക ജനങ്ങൾക്കിടയിലുണ്ട്.

21 കിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യുന്ന പതിവ് ഇല്ല.

22 അഞ്ചാം വാർഡിൽ സ്റ്റോൺ ക്രഷർ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്.

# ആരോഗ്യം

ആരോഗ്യമുള്ള ജനത ഒരു രാജ്യത്തിൻെറ സമ്പത്താണ്. പലതിലുമെന്നപോലെ മാതൃകാ സംസ്ഥാനമായ നമുക്ക് പല പോരായ്മകളും ഈ രംഗത്ത് കണ്ടെത്താൻ കഴിയും. ജന ക്ഷേമത്തിനായുള്ള പൊതുസ്ഥാപനങ്ങൾ നോക്കു കുത്തികളായി മാറുകയും, ആരോഗ്യ സംരക്ഷണത്തിൻെറ ചിലവ് കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ പൊതു ഉടമയിലുള്ള ആരോഗ്യ സേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജനകീയമാക്കുകയും ചെയ്യുന്നതിൽ പ്രാദേശിക ഭരണ കൂടങ്ങൾക്ക് ഒരു പ്രധാന പങ്കു വഹിക്കാനുണ്ട്. ഈ സാഹചര്യത്തിൽ ആന്തൂർ പഞ്ചായത്തിലെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് ഒന്നു പരിശോധിക്കാം.

പാരമ്പര്യ ചികിത്സക്കും, നാടൻ വൈദ്യത്തിനും മുമ്പേ തന്നെ ഈ പ്രദേശം പ്രസിദ്ധമായിരുന്നു. തറോൽ കേളൻ വൈദ്യർ, കോരൻ വൈദ്യർ, നാരായണൻ വൈദ്യർ, കണിച്ചേരി കോരൻ വൈദ്യർ, ഒതേനൻ വൈദ്യർ, രാമപ്പെരുവണ്ണാൻ, പുള്ളുവൻ വൈദ്യർ, ദാമോദരൻ വൈദ്യർ, കുമാരൻ വൈദ്യർ തുടങ്ങി നിരവധി വൈദ്യ രത്നങ്ങളും അവരുടെ പിൻമുറക്കാരും ഇന്നും നല്ല നിലയിൽ തുടരുന്ന തരത്തിൽ, ഈ ചികിത്സാ രീതി വളർത്തിക്കൊണ്ടു വന്നവരാണ്. മുറിവുണക്കാനും, വയറുവേദനക്കും മറ്റെല്ലാവിധ രോഗങ്ങൾക്കും അക്കാലത്ത് വൈദ്യ ചികിത്സ പേരുകേട്ടിരുന്നു. ഉഴിച്ചൽ, തടവൽ തുടങ്ങിയ ചികിത്സാ രീതികളും ഇവിടെ വേരുറച്ചിരുന്നു. പൊതുവേ പഴയ കാലങ്ങളിൽ ഇന്നത്തേതുപോലെ അസുഖങ്ങൾ ഉണ്ടായിരുന്നില്ല. ജനാധിവാസം വർദ്ധിച്ചതോടെ പല പച്ചമരുന്നുകളും നമുക്ക് ലഭ്യമല്ലാതായി. ഇത് ഈ ചികിത്സാ സമ്പ്രദായത്തിൻെറ തകർച്ചക്കിടയാക്കി.

1943-ൽ മലബാറിലാകെ നിരവധി ജീവൻ കവർന്നെടുത്ത കോളറ നമ്മുടെ പഞ്ചായത്തിലും മരണങ്ങളുണ്ടാക്കിയിട്ടുണ്ട്. ഒരു കൂട്ടം യുവാക്കൾ ഈ മഹാവിപത്ത് തടയാൻ കർമ്മ രംഗത്തിറങ്ങിയതിനാലാണ് കൂടുതൽ ദുരന്തങ്ങൾ ഒഴിവായത്. ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ തന്നെ ജനങ്ങളെയാകെ ഭയപ്പെടുത്തിയ മറ്റൊരു വിപത്തായിരുന്നു വസൂരി. രോഗം വന്നാൽ കുടുംബത്തിൽ നിന്നും മാറ്റി കൂരകൾ കെട്ടി ഒഴിപ്പിച്ചു നിർത്തപ്പെടുന്ന ഇക്കൂട്ടർ പരിചരണം ലഭിക്കാതെയും, വിശ്വാസത്തിൻെറ പേരിൽ വെള്ളം ലഭിക്കാതെയും മരണപ്പെടുന്നു. ഇത്തരം നിരവധി മരണങ്ങൾ നമ്മുടെ പഞ്ചായത്തിൽ സംഭവിച്ചിട്ടുണ്ട്.

1959-ൽ പറശ്ശിനിക്കടവിൽ സ്ഥാപിക്കപ്പെട്ട ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആദ്യത്തെ അലോപ്പതി ചികിത്സാ രംഗത്തെ കാൽവെപ്പ്. സമീപസ്ഥലങ്ങളായ നിരവധി പഞ്ചായത്തുകളിൽ നിന്നും രോഗികൾ ഇവിടെ ചികിത്സക്കെത്തിയിരുന്നു. 1986 ൽ പ്രൈമറി ഹെൽത്ത് സെൻററായി ഉയർത്തപ്പെട്ടപ്പോൾ ആരംഭിച്ച കിടത്തി ചികിത്സാ വഭാഗം കൂടുതൽ കാലം നിലനിന്നില്ല. രോഗികളുണ്ടായിരുന്നുവെങ്കിലും ഡോക്ടർ ഇല്ലാതത്താണ് കാരണമായത്. വീണ്ടും 1996- ആഗസ്ത് മാസത്തിൽ പഞ്ചായത്ത് ഭരണകൂടത്തിൻെറയും ജനങ്ങളുടെയും ശ്രമഫലമായി കിടത്തി ചികിത്സാ വിഭാഗം ആരംഭിച്ചെങ്കിലും വേണ്ടത്ര സൗകര്യങ്ങളും, ജീവനക്കാരും, രോഗികളുടെ വിമുഖതയും ഈസംവിധാനം പ്രയോജനപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു.

അമിതമായ വൈദ്യവൽക്കരണം കൊണ്ടോ, പാരമ്പര്യ ചികിത്സ കൈമോശം വന്നതുകൊണ്ടോ, ജനങ്ങളുടെ ബോധ നിലവാരത്തിൻെറ തകർച്ച കൊണ്ടോ ഇന്ന് എന്തു ചെറിയ ദേഹാസ്വാസ്ഥ്യത്തിനും, തോന്നലുകൾക്കും നാം ഡോക്ടറെ കാണുന്ന പ്രവണത കൂടിക്കൂടി വരുന്നുണ്ട്. അനാവശ്യ മരുന്നുകൾ വരുത്തി വെയ്ക്കുന്ന രോഗങ്ങളുടെ ചികിത്സക്കാണ് ഇക്കൂട്ടർ പിന്നീട് പരക്കം പായേണ്ടിവരുന്നത്. ഇക്കാലത്തു തന്നെ നാം ഉൻമൂലനം ചെയ്തെന്നവകാശപ്പെടുന്ന പല രോഗങ്ങളും വർദ്ധിച്ചു വരുന്നതായി കാണാം. മലമ്പനി, ക്ഷയം, കുഷ്ഠം, മന്ത് തുടങ്ങിയവ ഉദാഹരണങ്ങളാണ്. മാത്രമല്ല കേൻസർ മൂലമുള്ള പഞ്ചായത്തിലെ മരണങ്ങളും നമ്മെ ഏവരെയും ഭയപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഭരണകൂടവും ജനങ്ങളെ സന്നദ്ധരാക്കേണ്ടതുണ്ട്.

പറശ്ശിനിക്കടവിലെ ഒരു പി.എച്ച്.സി. യും കോടല്ലൂർ, കടമ്പേരി, മോറാഴ എന്നിവിടങ്ങളിലെ സബ്ബ് സെൻററുകളും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. ഇവ എല്ലാം സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സാമൂഹ്യക്ഷേമ വകുപ്പിൻെറയും കീഴിലുള്ള 10 അംഗൻവാടികളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാർ | സ്ഥാപിച്ച വർഷം | കെട്ടിടം സ്വന്തം/ വാടക |
|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം (പറശ്ശിനിക്കടവ്) | 8 | 16 | 1959 പി.എച്ച്.സി. 1986 | സ്വന്തം |
| 2 | കുടുംബ ക്ഷേമ കേന്ദ്രം കോടല്ലൂർ | 6 | 1 | 24-11-1990 | സ്വന്തം |
| 3 | കുടുംബക്ഷേമ കേന്ദ്രം കാട്ടവരി | 5 | 1 | 21-3-1989 | സ്വന്തം |
| 4 | കുടുംബക്ഷേമ കേന്ദ്രം (മോറാഴ) | 2 | 1 | | സ്വന്തം |

ഇതു കൂടാതെ ബക്കളത്ത് സ്വകാര്യ മേഖലയിൽ ഒരു അലോപ്പതി ചികിത്സാ കേന്ദ്രവും, മോറാഴ, തളിയിൽ പ്രദേശങ്ങളിൽ ഹോമിയോ ചികിത്സാ കേന്ദ്രവും ഉണ്ട്.

പറശ്ശിനിക്കടവ് പി.എച്ച്.സി.യിൽ 1996- ആഗസ്ത് 5നാണ് 10 കിടക്കകളോടു കൂടിയ കിടത്തി ചികിത്സാ വിഭാഗം വീണ്ടും ആരംഭിച്ചത്. രണ്ട് സ്റ്റാഫ് നഴ്സുമാർ ഇന്ന് നിലവിലുണ്ട്. ആശുപത്രിയുടെ ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി 60 - 65 ആളുകൾ ചികിത്സക്കെത്തുന്നുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ കിടത്തി ചികിത്സാ വഭാഗത്തിൽ ചികിത്സ നേടിയവർ

| | | | |
|---|---|---|---|
| 1987 - 88 | 538 | 1992-93 | 55 |
| 1988 - 89 | 26 | 1993-94 | 30 |
| 1989 - 90 | 165 | 1994-95 | 16 |
| 1990 - 91 | 85 | 1995-96 | 8 |
| 1991 - 92 | 125 | 1996-97 (30-11-96) | 54 |

അവലംബം പി.എച്ച്.സി. റിപ്പോർട്ട്

രോഗികളുടെ ഏറ്റക്കുറച്ചിലിനു കാരണം ഡോക്ടർമാരുടെ സേവനം നല്ലരീതിയിൽ ലഭിക്കുമ്പോഴും അല്ലാത്തപ്പോഴുമാണ്. 1994-95 വർഷം 56986/- രൂപയുടെയും, 1995-96-ൽ 39666/ രൂപയുടെയും മരുന്നുകൾ ഈ ആശുപത്രിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

കഴിഞ്ഞ രണ്ടു വർഷമായി പി.എച്ച്. സി. യിൽ ചികിത്സ നേടിയവർ.

| വർഷം | ആൺ | പെൺ | കുട്ടികൾ | ആകെ |
|---|---|---|---|---|
| 1994-95 | 1540 | 2083 | 1058 | 4681 |
| 1995-96 | 2218 | 2954 | 1687 | 6859 |

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പി.എച്ച്.സി.യിൽ ചികിത്സ നേടിയവരിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. കുട്ടികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. അടുത്ത കാലത്ത് ഡോക്ടർ സ്ഥിരമായി ആശുപത്രിയിൽ എത്തുന്നതും രോഗികളുടെ വർദ്ധനവിന് കാരണമാണ്. കൂടാതെ ശ്രീ മുത്തപ്പൻ ക്ഷേത്രം വക ഡോക്ടർക്ക് സ്ഥിരമായി താമസിക്കാനുള്ള ക്വാർട്ടേർസ് നിർമ്മിച്ചുകൊടുത്തതും ഡോക്ടറുടെ സേവനം സ്ഥിരമായി ലഭിക്കാനിടയായിട്ടുണ്ട്.

പി.എച്ച്. സി. യിലെ രേഖകൾ പ്രകാരം പഞ്ചായത്തിലെ ശരാശരി ജനനനിരക്ക് 17ഉം (സംസ്ഥാന ശരാശരി 17) ശരാശരി മരണ നിരക്ക് 3.4 ഉം (സംസ്ഥാന ശരാശരി 5.9) ആണ്. (അവലംബം : പഞ്ചായത്ത് ഡെത്ത് രജിസ്റ്റർ)

പി.എച്ച്.സി. രേഖകൾ പ്രകാരം 93 മുതൽ 96 വരെ പഞ്ചായത്തിൽ ഉണ്ടായ ജലജന്യ - വായുജന്യ - പ്രാണിജന്യ രോഗങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ |
|---|---|---|---|
| 1993-94 | 763 | 2437 | 4 |
| 1994-95 | 644 | 2338 | 8 |
| 1995-96 | 156 | 1623 | 18 |
| 1996 | - | - | 2 |

ജലജന്യ രോഗങ്ങളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും വായുജന്യ രോഗങ്ങളുടെ കാര്യത്തിൽ നേരിയ കുറവ് മാത്രമേ അനുഭവപ്പെടുന്നുള്ളൂ. അതേ അവസരം പ്രാണിജന്യ രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വസ്തുതയും മുകളിൽ കൊടുത്ത പട്ടികയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

1996 ഏപ്രിലിനു ശേഷം ഒരു പ്രസവ മരണം, ഒരു ചാപിള്ള ജനനം, രണ്ട് ശിശു മരണം എന്നിവ പഞ്ചായത്തധീനതയിൽ സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു വയസ്സിൽ താഴെയുള്ള 375 കുട്ടികളിൽ 371 പേരും വിവിധ കുത്തിവെയ്പുകൾ എടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ കോളറ പിടിപെട്ടതായി അറിവില്ല. കുഷ്ഠരോഗികളായ നാല് (4) പേർ പി.എച്ച്.സി. യിൽ ചികിത്സയിലുണ്ട്. എല്ലാ മാസവും 15ാം തീയ്യതി കുഷ്ഠരോഗ നിവാരണത്തിനുള്ള ക്ലിനിക് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ടൈഫോയ്ഡ്, ചിക്കൻ പോക്സ് തുടങ്ങിയ രോഗങ്ങളും പഞ്ചായത്തിലുണ്ട്. ഇത്തരം രോഗങ്ങളുടെ വ്യാപനത്തിനെതിരേ ആരോഗ്യ പ്രവർത്തകരും പൊതുജനങ്ങളും കരുതിയിരിക്കേണ്ടതുണ്ട്.

ഒരു കുട്ടി വരെയുള്ള അമ്മമാരിൽ (365/523) 69% ത്തിലധികവും, രണ്ട് മുതൽ മൂന്ന് വരെ കുട്ടികളുള്ള അമ്മമാരിൽ (1669/1822) 92%വും, മൂന്നിൽ കൂടുതൽ കുട്ടികളുള്ള അമ്മമാരിൽ (359/1104) 33% വും ഏതെങ്കിലും ഒരു കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ എല്ലാ സൗകര്യങ്ങളും സൗജന്യമായി ആശുപത്രിയിൽ നിന്നും നൽകിവരുന്നുണ്ട്. എന്നാൽ പി.എച്ച്.സി.യിൽ അടുത്ത കാലത്തൊന്നും ഒരു വാസക്ടമി കേസ് കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല.

പി.എച്ച്.സി.യുടെ ഐ.പി. വിഭാഗത്തിൽ ജോലിചെയ്യുന്ന സ്റ്റാഫ് നഴ്സ്, നഴ്സിങ്ങ് അസിസ്റ്റൻറ്, ഹെൽത്ത് അസിസ്റ്റൻറ് ഗ്രേഡ്-2 എന്നീ ജീവനക്കാർ പകൽ 10 മണിക്കൂറും രാത്രികാലങ്ങളിൽ പതിനാല് മണിക്കൂറും വീതം ജോലി ചെയ്യേണ്ടി വരുന്നുണ്ട്. ആവശ്യമായ ജീവനക്കാരുടെ അഭാവമാണ് ഇതിന് കാരണം. ഒരു വാച്ച് മേൻ, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ തസ്തികകളും ഇപ്പോൾ ഇവിടെ നിലവിലില്ല.

പി.എച്ച്.സി.യുടെ വികലാംഗ സർവ്വേയെ അടിസ്ഥാനമാക്കി ഇവിടെയുള്ള അന്ധർ, ബധിരർ, മൂകർ, ചലനവൈകല്യമുള്ളവർ എന്നിവരുടെ പട്ടിക താഴെ കൊടുക്കുന്നു.

| | |
|---|---|
| അന്ധർ | 19 |
| ബധിരർ | 22 |
| മൂകർ | 21 |
| ചലനവൈകല്യം | 58 |
| ആകെ | 120 |

ഈ വിഭാഗങ്ങൾ പൊതുവേ അവഗണിക്കപ്പെടുന്നുണ്ട്. ഇവർക്ക് സ്വയം തൊഴിൽ നേടാനും, ചെയ്യാനുമുള്ള സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

## *പ്രശ്നങ്ങളും സാധ്യതകളും*

1 പഞ്ചായത്തിലെ പി.എച്ച്.സി. ഒരുഭാഗത്തായതിനാൽ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, പത്ത്, തുടങ്ങിയ വാർഡുകളിലെ ആളുകൾക്ക് ഇത് പ്രയോജനപ്പെടുന്നില്ല. ഗതാഗത സൗകര്യത്തിൻെറ പരിമിതിയും ഇതിനു കാരണമാണ്.

2 ഒന്നാം വാർഡിൽ നിന്നും പി.എച്ച്.സി. 8 കി.മീ. ദൂരത്തിലും, സബ്ബ്സെൻറർ 4 കി.മീ. ദൂരത്തിലുമാണ് സ്ഥിതി ചെയ്യുന്നത്.

3 രണ്ട്, മൂന്ന്, നാല്, അഞ്ച്, പത്ത്, ഏഴ് വാർഡുകളിലുള്ളവർ പാപ്പിനിശ്ശേരി ആശുപത്രിയെയാണ് ചികിത്സക്ക് ആശ്രയിക്കുന്നത്. ഈ വാർഡുകളിൽ പി.എച്ച്.സി. യുടെ സബ്ബ്സെൻറർ കൂടുതൽ സൗകര്യങ്ങളോടെ മെച്ചപ്പെടുത്തേണ്ടതുണ്ട്.

4 ഹോമിയോ/ആയുർവ്വേദ ആശുപത്രികൾ 1,2,3,4,5,6,7,9,10 വാർഡുകളിൽ സ്ഥാപിക്കണം.

5 പി.എച്ച്.സി. യുടെ മോറാഴ, കടമ്പേരി സബ്ബ് സെൻറർ കെട്ടിടം ഉപയോഗശൂന്യമായതിനാൽ ആരോഗ്യ പ്രവർത്തകർക്ക് സ്ഥിരതാമസത്തിന് സാധിക്കുന്നില്ല.

6 പി.എച്ച്.സി. യിൽ സ്ത്രീകളെയും, കുട്ടികളേയും ചികിത്സിക്കുന്ന സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ അഭാവമുണ്ട്.

7 എല്ലാ അത്യാവശ്യ മരുന്നുകളും പി.എച്ച്.സി. യിൽ നിന്ന് ലഭിക്കുന്നില്ല.

8 പി.എച്ച്.സി. യോടനുബന്ധിച്ച് ഒരു മെഡിക്കൽ ഷോപ്പ് ഇല്ല.

9 നിർദ്ദിഷ്ട മാതൃശിശു സംരക്ഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

10 പി.എച്ച്.സി. യിൽ കിടത്തി ചികിത്സാ വിഭാഗത്തിൽ ആവശ്യമായ രോഗികൾ എത്താറില്ല.

11 ഏഴ്, എട്ട്, ഒൻപത് വാർഡുകൾക്ക് സബ്ബ് സെന്ററില്ല.

12 10ാം വാർഡിൻെറ പരിധിയിൽ ഒരു പൊതുജനാരോഗ്യ കേന്ദ്രം ഇല്ല. അംഗൻവാടിയുമില്ല.

13 പി.എച്ച്. സി. യിൽ പരിശോധനാ മുറികൾക്ക് സ്വകാര്യതയില്ല.

14 ഒ.പി. ടിക്കറ്റ്, കേസ് ഷീറ്റ്, ഡിസ്ചാർജ്ജ് കാർഡ് തുടങ്ങിയ ചികിത്സാ സാമഗ്രികൾ ഇല്ല.

15 രോഗികൾക്ക് കാത്തിരിക്കാനുള്ള സംവിധാനങ്ങളോ, അടിയന്തിര പരിശോധനാ മുറികളോ ഇല്ല.

16 ആശുപത്രിയുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണ യൂനിറ്റുകൾ ഇല്ല.

17 1000 ജനസംഖ്യക്ക് ഒന്ന് എന്ന സർക്കാർ അംഗീകൃത മാനദണ്ഡത്തിൽ അംഗൻ വാടികളില്ല.

18 അക്കേഷ്യാ കാടുകൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ മോറാഴ ഭാഗത്ത് ഉണ്ട്.

19 ഒന്ന്, രണ്ട്, പത്ത്, തുടങ്ങിയ വാർഡുകളിൽ കുട്ടികളിൽ വിളർച്ച കണ്ടു വരുന്നുണ്ട്.

20 കേൻസർ രോഗം പഞ്ചായത്തിൽ വ്യാപകമാകുന്നുണ്ടോ എന്ന ആശങ്ക ജനങ്ങൾക്കിടയിലുണ്ട്.

21 കിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യുന്ന പതിവ് ഇല്ല.

22 അഞ്ചാം വാർഡിൽ സ്റ്റോൺ ക്രഷർ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്.

## സാധ്യതകൾ

1 ഒന്ന് രണ്ട്,പത്ത്, അഞ്ച്, മൂന്ന്, നാല് വാർഡുകളിൽ തളിപ്പറമ്പ് മൊബൈൽ ഡിസ്പെൻസറിയുടെ പ്രവർത്തന പ്രയോജനപ്പെടുത്ത .

2 കാൻസർ തുടങ്ങിയ രോഗങ്ങളെക്കുറിച്ച് വിപുലമായ ഒരു സർവ്വേ പഞ്ചായത്തിൽ എത്രയും പെട്ടെന്ന് നടത്തണം.

3 പഞ്ചായത്തിൽ ആയുർവ്വേദ-ഹോമിയോ ആശുപത്രികൾ സ്ഥാപിക്കേണ്ടതുണ്ട്. നിർദ്ദിഷ്ട ഫിഷറീസ് ആശുപത്രി വെള്ളിക്കീലിൽ ഉടനെ പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്.

4 കുഞ്ഞരയാലിന് സമീപമുള്ള സബ്ബ് സെൻറർ വിപുലീകരിക്കേണ്ടതുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് താമസിക്കാൻ അവിടെ സൗകര്യമില്ല.

5 പി.എച്ച്.സി. യിലെ ബെഡ്ഡുകളുടെ എണ്ണം 10-ൽ നിന്നും 15 ആയി ഉയർത്തിയാൽ മൂന്ന് നഴ്സുമാരേയും ഒരു ഡോക്ടറെയും പുതുതായി ലഭിക്കുന്നതാണ്. ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

6 സ്ത്രീകൾക്കും പൊതുജനങ്ങൾക്കും പ്രത്യേകം പ്രത്യേകം ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

7 ആരോഗ്യ കേന്ദ്രങ്ങളിലെ പരിശോധനാ മുറികളിൽ സ്വകാര്യത ആവശ്യമാണ്.

8 ചികിത്സാ സാമഗ്രികൾ ആവശ്യത്തിന് ലഭിക്കേണ്ടതാണ്.

9 ആവശ്യമായ മരുന്നും, കാത്തിരിക്കാനുള്ള സംവിധാനവും മാലിന്യ സംസ്കരണ യൂനിറ്റും, ആവശ്യമായ വെള്ളം വെളിച്ചം എന്നിവയും ആരോഗ്യകേന്ദ്രത്തിൽ ലഭ്യമാക്കണം.

10 അടിയന്തിര പരിശോധനാ മുറികൾ ആശുപത്രിയിൽ ലഭിക്കേണ്ടതുണ്ട്.

11 രോഗപ്രതിരോധത്തിനു കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

12 നിസ്സാര രോഗങ്ങൾക്കുള്ള ലളിതമായ ഗൃഹചികിത്സ, പ്രഥമ ശുശ്രൂഷ എന്നിവയിൽ ജനങ്ങൾക്ക് ബോധവൽക്കരണം വേണം.

13 സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അവിടെ എത്തുന്ന രോഗികളെപ്പറ്റിയും, രോഗങ്ങളെക്കുറിച്ചും മാസത്തിൽ പഞ്ചായത്തിന് റിപ്പോർട്ടു ചെയ്യണമെന്ന് വ്യവസ്ഥയുണ്ടാക്കണം.

14 ഫാമിലി വെൽഫെയർ കേന്ദ്രങ്ങളിൽ ഡോക്ടർമാർ വരുന്ന ദിവസം ജനങ്ങളെ മുൻകൂട്ടി അറിയിക്കാൻ സംവിധാനം ആവശ്യമാണ്. നിശ്ചിത ദിവസങ്ങളിൽ ഡോക്ടർമാരുടെ സേവനം ഇവിടെ ഉറപ്പുവരുത്തേണ്ടതുണ്ട്.

15 ഒന്നാം വാർഡിലും, പത്താം വാർഡിലും, വയറിളക്കം, ഛർദ്ദി, പകർച്ചപ്പനി തുടങ്ങിയവ തടയാനും, കുട്ടികളുടെ വിളർച്ച തടയാനും പ്രതിരോധ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

16 കിണർ ക്ലോറിനേറ്റ് ചെയ്യുവാൻ സഹായം നൽകുകയും ആരോഗ്യ പ്രവർത്തകരെയും സന്നദ്ധ സേവകരെയും ഇതിനായി സജ്ജരാക്കേണ്ടതുമുണ്ട്.

17 കോളനി പ്രദേശങ്ങളിൽ വിളർച്ച, പകർച്ചവ്യാധി, എന്നിവ തടയാൻ അടിയന്തിര നടപടികൾ ആവശ്യമാണ്.

18 ആശുപത്രിയോട് ചേർന്ന് ആവശ്യമായ ലബോറട്ടറി സൗകര്യവും മെഡിക്കൽ ഷോപ്പും സ്ഥാപിക്കേണ്ടതുണ്ട്.

## കക്കൂസുകൾ

ഒരു പ്രദേശത്തെ ജനതയുടെ ആരോഗ്യത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ് കക്കൂസുകളുടെ ഉപയോഗം. ആരോഗ്യ രംഗത്ത് ഇന്ന് നാം അനുഭവിക്കുന്ന അസുഖങ്ങൾക്കും, പ്രശ്നങ്ങൾക്കും ഉള്ള ഒരു കാരണം വേണ്ടത്ര കക്കൂസുകളുടെ അഭാവമാണ്. ജനങ്ങളുടെ ജീവിത നിലവാരത്തിലും, ഭൗതിക സാഹചര്യങ്ങളിലും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും കക്കൂസില്ലാത്ത നിരവധി വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സാമ്പത്തിക വിഷമമനുഭവിക്കുന്ന കുടുംബങ്ങളിലാണ് ഈ പ്രശ്നം നിലനിൽക്കുന്നതെങ്കിലും, ടി.വി.യും മറ്റ് ആധുനിക സൗകര്യങ്ങളുമുള്ള ചുരുക്കം ചില വീടുകളിൽ കക്കൂസ് ഒരു അത്യാവശ്യമായി കാണുന്നില്ല എന്നതും നമുക്ക് വിസ്മരിച്ചുകൂട. ജനകീയ പദ്ധതികളിലൂടെ ദാരിദ്ര്യത്തിൻെറ തുരുത്തുകൾ ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ കുടിവെള്ളം പോലെ, കക്കൂസുകളുടെ നിർമ്മാണത്തിന് നാം ഏറ്റവും പ്രാധാന്യം നൽകേണ്ടതുണ്ട്. ഈരംഗത്ത് പഞ്ചായത്തിലെ നിലവിലുള്ള സ്ഥിതി വിശേഷങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ 44% വീടുകൾക്ക് മാത്രമേ സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസുകളുള്ളൂ. 26% വീടുകൾക്ക് സെപ്റ്റിക് ടാങ്കില്ലാത്ത കക്കൂസുകളാണ്. ബാക്കി 30% പേർക്ക് സ്ഥിരമായ കക്കൂസ് സംവിധാനം ഒന്നും തന്നെ ഇല്ല. കുടിവെള്ളത്തിനായി 90 % വീടുകളും ആശ്രയിക്കുന്ന ഈ പഞ്ചായത്തിൽ കക്കൂസുകളില്ലാത്ത വീടുകൾ സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ തീർച്ചയായും അവഗണിക്കപ്പെടരുത്.

പഞ്ചായത്തിൽ കക്കൂസില്ലാത്ത വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | ആകെ വീടുകൾ | കക്കൂസില്ലാത്തവർ |
|---|---|---|
| 1 | 439 | 128 |
| 2 | 499 | 66 |
| 3 | 488 | 97 |
| 4 | 287 | 120 |
| 5 | 712 | 182 |
| 6 | 460 | 261 |
| 7 | 449 | 83 |
| 8 | 334 | 118 |
| 9 | 228 | 96 |
| 10 | 362 | 86 |
| ആകെ | 4258 | 1237 |

## പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ ജലജന്യ രോഗങ്ങൾ മുൻ സൂചിപ്പിച്ചപോലെ വർദ്ധിച്ചതോതിലുണ്ട്.

2 എല്ലാ ഗ്രാമസഭകളിൽ നിന്നും കക്കൂസുകൾ നിർമ്മിക്കാൻ ആവശ്യമായ തോതിൽ വായ്പ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

3 പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും തോടുകളും പുഴകളും കക്കൂസായി ഉപയോഗിക്കുന്നുണ്ട്.

4 ബക്കളം കോളനി പ്രദേശത്ത് സ്ഥാപിച്ച മുഴുവൻ കക്കൂസുകളും ഉപയോഗശൂന്യമായിരിക്കുന്നു.

5 എല്ലാ കോളനി പ്രദേശത്തും കക്കൂസുകൾ പുനർ നിർമ്മിക്കേണ്ടതുണ്ട് എന്നത് ജനങ്ങൾ എടുത്തുപറഞ്ഞിട്ടുണ്ട്.

6 ചിലവു കുറഞ്ഞ കുഴി കക്കൂസുകൾ താഴ്ന്ന പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനു കഴിയുന്നില്ല.

7 കക്കൂസുകൾ നിർമ്മിക്കുക എന്നത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നുണ്ട്. സാധാരണക്കാരന് ഇത് നല്ല രീതിയിൽ നിർമ്മിക്കാൻ പ്രയാസങ്ങളുണ്ട്.

## സാധ്യതകൾ

1 'ക്ലീൻ ആന്തൂർ' എന്ന ആശയത്തിന് പ്രചാരം നൽകുക.

2 കക്കൂസുകൾ നിർമ്മിക്കാൻ ആവശ്യമായ ഉപകരണങ്ങൾ വിവിധ ഏജൻസികളുടെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ 75% സബ്സിഡിയിൽ നൽകേണ്ടതുണ്ട്.

3 എല്ലാ വാർഡുകളിലും കുഴി കുത്താനും, മറ്റും സന്നദ്ധ സേവകരെ പ്രയോജനപ്പെടുത്താവുന്നതാണ്.

4 സാമ്പത്തിക സഹായത്തിന് പകരം നിർമ്മാണ സാമഗ്രികൾ എത്തിച്ചു കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്.

5 പുഴയുടെ തീരങ്ങളിലും തോടിൻെറ കരയിലും താമസിക്കുന്നവർക്ക് മുൻഗണന നൽകേണ്ടതുണ്ട്.

6 ഉയർന്ന, ചരൽ മണ്ണുള്ള പ്രദേശങ്ങളിൽ ഒറ്റക്കുഴി കക്കൂസുകൾ നിർമ്മിക്കാവുന്നതാണ്.

7 എല്ലാ കോളനികളിലും മുഴുവൻ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ച് നൽകേണ്ടതുണ്ട്.

## പരിസര ശുചിത്വം

ഓസോൺ പാളിയുടെ ക്ഷയവും അന്തരീക്ഷ മലിനീകരണവും, ജല മലിനീകരണവും, വന നശീകരണവും നമ്മുടെ നിലനിൽപിനെ തന്നെ ചോദ്യം ചെയ്യുന്ന ഇന്നത്തെ കാലഘട്ടത്തിൽ പരിസര പ്രശ്നങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തും മോചിതമല്ല. അമിതമായ രാസവള-കീടനാശിനി പ്രയോഗവും, മലിനീകരണ നിയന്ത്രണ നടപടികൾ കൈക്കൊള്ളാതെ പ്രവർത്തിക്കുന്ന വ്യവസായ ശാലകളും ഈ പ്രശ്നം ആളിക്കത്തിക്കുന്നു. വിഷം തുപ്പുന്ന വ്യവസായസംരഭത്തിനെതിരെ

ആന്തൂരിലെ ജനത നടത്തിയ ഐതിഹാസികമായ പോരാട്ടം ഇന്നും നമ്മുടെ മനസ്സിൽ മായാതെ നിൽക്കുന്നുണ്ട്. പുത്തൻ വ്യവസായങ്ങളും പ്രശ്നങ്ങളും പഞ്ചായത്തിൽ ഉയർന്നു വരുന്ന ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ പരിസര ശുചിത്വവുമായി ബന്ധപ്പെട്ട ഇന്നത്തെ അവസ്ഥ നമുക്ക് പരിശോധിക്കാം.

### *പ്രശ്നങ്ങൾ*

1 കുറച്ചു വർഷങ്ങൾക്കുമുമ്പ് കളിമൺ വ്യവസായമായ ഓട് നിർമ്മാണം, ഇഷ്ടിക നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നിവക്ക് വേണ്ടി വയലേലകളിൽ നിന്നും മണ്ണ് ശേഖരിച്ചതിന്റെ ഫലമായി കോൾവയൽ, മുതുവാനി പ്രദേശത്തെ വയൽ എന്നിവിടങ്ങൾ കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. ഇന്നും മുതുവാനി പ്രദേശത്തെ വയൽ പ്രദേശം കുഴിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്.

2 ധർമ്മശാല കെ.എ.പി. 4-ാം ബറ്റാലിയൻ പ്രദേശത്ത് നിന്നും കക്കൂസിലെ മാലിന്യം പരിസര വാസികൾക്ക് പ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

3 പഞ്ചായത്തിലെ മത്സ്യ വിതരണ കേന്ദ്രങ്ങൾ പൊതുവേ പരിസര ശുചിത്വമില്ലായ്മയുടെ ഉദാഹരണങ്ങളാണ്.

4 ധർമ്മശാലയിലെ ഹോട്ടലുകൾ, പറശ്ശിനി ബസ്സ്റ്റാന്റും പരിസരവും, ആയുർവേദ ആശുപത്രിയും സമീപപ്രദേശങ്ങളും മലിനജലം ഒഴുക്കുന്നത് കാരണം ഇവിടങ്ങൾ കൊതുകു വളർത്തു കേന്ദ്രങ്ങളായി മാറിയിരിക്കുന്നു.

5 പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ ഏരിയയിൽ നിന്നും, എഞ്ചിനീയറിങ്ങ് കോളേജ് ഹോസ്റ്റൽ ഫോം കമ്പനി, സർവ്വീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും മലിനജലം പൊതുസ്ഥലത്തേക്ക് ഒഴുക്കി വിടുന്നുണ്ട്.

6 സ്റ്റോൺ ക്രഷർ 5-ാം വാർഡിലും സമീപ പ്രദേശങ്ങളിലും മാരകമായ പരിസര പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

7 വാർഡുകളിലെ മുഴുവൻ സ്കൂളുകളിലും ആവശ്യമായത്ര കക്കൂസുകളും, മൂത്രപ്പുരകളും നിർമ്മിക്കേണ്ടതുണ്ട്.

8 ആയിരം ചാൽ തോട്ടിലൂടെ മലിനജലം ഒഴുക്കുന്നതിനാൽ കിണറുകളിലെ വെള്ളം മലിനമാകുന്നു.

9 8-ാം വാർഡിൽ ഒരു വീട്ടിൽ നിന്നും പുറത്തേക്ക് വിടുന്ന ചാണകവെള്ളം വഴിയാത്രക്കാർക്കും പരിസര വാസികൾക്കും ഒട്ടേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കൊതുകുശല്യം വർദ്ധിക്കുന്നുമുണ്ട്.

10 8ാം വാർഡിലെ ബസ്സ്റ്റാന്റ് പരിസരം, അമ്പലത്തിനു സമീപം എന്നിവിടങ്ങളിൽ ബസ്സ് ജീവനക്കാർ, യാത്രക്കാർ, തീർത്ഥാടകർ എന്നിവർ മലിനപ്പെടുത്തുന്നുണ്ട്.

### *സാധ്യതകൾ*

1 വയലിൽ നിന്നും മണ്ണെടുക്കുന്ന പ്രവണത കർശനമായി നിയന്ത്രിക്കേണ്ടതാണ്.

2 വ്യാവസായിക മേഖലയിൽ നിന്നും മലിനീകരണം ഇല്ലാതാക്കാൻ പ്രാദേശിക ഭരണകൂടങ്ങൾ ഇടപെടേണ്ടതുണ്ട്.

3 വ്യവസായ ശാലകൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ അവ മലിനീകരണം ഉണ്ടാക്കില്ലെന്ന് ഉറപ്പുവരുത്തണം.

4 സ്റ്റോൺ ക്രഷറുകൾ വരുത്തിവെയ്ക്കുന്ന വിപത്തുകൾ (കുടിവെള്ളം,ആരോഗ്യം, കൃഷി) ഇല്ലാതാക്കാൻ നടപടി വേണം.

5 എ.ആർ. ക്യാമ്പിലെ കക്കൂസുകളിൽ നിന്നും പുറത്തേക്ക് തള്ളുന്ന മാലിന്യങ്ങൾ ജനങ്ങൾക്ക് ദോഷം ചെയ്യില്ലെന്ന് ഉറപ്പുവരുത്തണം.

6 8-ാം വാർഡിലെ ചാണകവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കണം.

7 ധർമ്മശാല, പറശ്ശിനിക്കടവ് ബസ്സ്റ്റാന്റ് എന്നിവിടങ്ങളിൽ വാടകാ അടിസ്ഥാനത്തിലുള്ള കക്കൂസുകൾ നിർമ്മിക്കണം. പ്രധാന കേന്ദ്രങ്ങളിൽ പൊതു മൂത്രപ്പുരകളും ആവശ്യമാണ്.

8 കക്കൂസ് സ്ലാബുകളും, പൈപ്പുകളും കൊതുകു കടക്കാത്ത നിലയിൽ സംരക്ഷിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കണം.


ആന്തൂർ ഗ്രാമ പഞ്ചായത്ത്
കുറുമാത്തൂർ
തളിപ്പറമ്പ് മുൻസിപ്പാലിറ്റി
പട്ടുവം
മയ്യിൽ
കണ്ണപുരം
കല്ല്യാശ്ശേരി
പാപ്പിനിശ്ശേരി
കൊളച്ചേരി
വാർഡ് - 1
വാർഡ് - 2
വാർഡ് - 3
വാർഡ് - 4
വാർഡ് - 5
വാർഡ് - 6
വാർഡ് - 7
വാർഡ് - 8
വാർഡ് - 9
വാർഡ് - 10
സൂചിക
ദേശീയ പാത
മറ്റുറോഡുകൾ

# ഗതാഗതം – ഊർജ്ജം – മാർക്കറ്റ്

### ഗതാഗതം

വർത്തമാന കാല പുരോഗതിക്ക് വിത്തു പാകിയ ഒരു പ്രധാന ഘടകമാണ് ഏതൊരു നാടിന്റെയും തനതായ ഗതാഗത ശൃംഖല. സമൂഹത്തിൻെറ സമസ്ത പുരോഗതിക്കും അത് വഴിതെളിയിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ നിസ്തർക്കമാണ്. അതിനാൽ ഇതര ഘടകങ്ങളെ പോലെ ഗതാഗത പാതകളും സാമൂഹ്യ വളർച്ചയും പരസ്പര പൂരകങ്ങളായി വർത്തിച്ചുകൊണ്ടിരിക്കുകയാണിന്നും. അതുകൊണ്ടായിരിക്കാം വികസനം എന്നു കേൾക്കുമ്പോൾ റോഡുകളും പാലങ്ങളും നമ്മുടെ ബോധമനസ്സിൽ ആദ്യം കടന്നുവരുന്നത്. നീർച്ചാലുകൾ നാട്ടിൻ പുറങ്ങളിൽ ഇടവഴികളായും പിന്നീട് റോഡുകളായും രൂപാന്തരം കൊള്ളുമ്പോൾ നമ്മുടെ സാമൂഹ്യ വളർച്ചയെ ഈ മേഖല എത്ര മേൽ സ്വാധീനം ചെലുത്തിയിട്ടുണ്ടായിരിക്കുമെന്ന് നമുക്കിവിടെ ഊഹിക്കാവുന്നതേയുള്ളൂ.

പല ചരിത്ര സംഭവങ്ങൾക്കും സാംസ്കാരിക നവോത്ഥാന പ്രസ്ഥാനങ്ങൾക്കും ജൻമം കൊടുത്ത് കടന്നുപോയ നമ്മുടെ പൂർവ്വികർ അന്യരെ അറിയാനും, ബന്ധപ്പെടാനും ആദ്യകാലങ്ങളിൽ യാത്ര ചെയ്തിരുന്നത് നാടൻ തോണി ഉപയോഗിച്ചായിരുന്നു. തെങ്ങ് ചെത്താൻ മറുകരയിലേക്കും ചെത്തിക്കിട്ടിയ കള്ള് വിൽക്കാനായി ഇരിക്കൂർ പോലുള്ള ദൂരസ്ഥലങ്ങളിലേക്കും യാത്ര ചെയ്യുന്നത് ഇത്തരം തോണികളിൽ തന്നെ. കൂടാതെ മത്സ്യംപിടിക്കാനും വളപട്ടണം പോലാള്ള ദൂര സ്ഥലങ്ങളിൽ നിന്നും ചരക്കുകൾ കൊണ്ടുവരാനും തോണികൾ തന്നെയായിരുന്നു ആശ്രയം. വളരെ മുമ്പുതന്നെ കടത്തുവഞ്ചികൾ സ്ഥിരമായി നണിച്ചേരിയിലും വെള്ളിക്കീൽക്കടവിലും യാത്രക്കാരെ സഹായിച്ചുപോന്നു. അതുപോലെ ആദ്യകാലങ്ങളിൽ വാല്യക്കാർ ഏറ്റി നടക്കുന്ന മഞ്ചൽ സഞ്ചാരം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

കാൽ നടയാത്രക്കാരുടെ എണ്ണം കൂടിയപ്പോൾ 1930-ൻെറ ആദ്യ കാലം കേവലം ഒരു നടവഴിയായിരുന്ന ധർമ്മശാല-പറശ്ശിനിക്കടവ് നടപ്പാത വീതികൂട്ടി മൺ റോഡാകകി മാറ്റി. ജനങ്ങളുടെ വരവേറിയപ്പോൾ വളപട്ടണം പുഴയിലൂടെ ധാരാളം ബോട്ടുകൾ ഈ കാലയളവിൽ പറശ്ശിനിക്കടവിലേക്കും ചെങ്ങളായി മുനമ്പം മുതലായ കിഴക്കൻ പ്രദേശങ്ങളിലേക്കും സർവ്വീസുകൾ നടത്തി പോന്നിരുന്നു. പഴയങ്ങാടിയിൽ നിന്ന് പാപ്പിനിശ്ശേരി വഴി പറശ്ശിനിക്കടവിലേക്ക് പുകതുപ്പിപ്പായുന്ന ഒരു ബസ്സ് സർവ്വീസിനും തുടക്കമിട്ടു. 1950-ന് ശേഷമുള്ള കാലയളവിൽ കണ്ണൂരിനും പറശ്ശിനിക്കടവിനും ഇടയിൽ ഏറെ ബസ് സർവ്വീസുകൾ ഉണ്ടായി. ബസ്സുകളുടെ ആധിക്യം കാരണം സമാന്തര സർവ്വീസ് നടത്താനുള്ള ശേഷിക്കുറവ് ബോട്ടു സർവ്വീസുകൾ നേരിടുകയും 1960-കളുടെ അവസാനത്തോടുകൂടി അവ ജലയാത്ര ശൃംഖലയിൽ നിന്ന് ഓരോന്നായി പിൻമാറുകയും ചെയ്തു. അന്യജില്ലകളിൽ നിന്നും കൂടാതെ കണ്ണൂർ ജില്ലയുടെ തന്നെ പലഭാഗങ്ങളിൽ നിന്നുമായി ഒരു ബസ്സ് ടെർമിനൽ കൂടിയായ പറശ്ശിനിക്കടവിലേക്ക് ദിവസേന 100-ഓളം ബസ്സുകൾ ഇന്ന് സർവ്വീസ് നടത്തിവരുന്നുണ്ട്.

ആന്തൂർ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന ഒരു ചെറുദൂരം ദേശീയ പാതയൊഴിച്ചാൽ ആദ്യമായി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയഒരു റോഡാണ് 4 കി.മീ. അധികം നീളം വരുന്ന ധർമ്മശാല-പറശ്ശിനിക്കടവ് റോഡ്. പഞ്ചായത്തതിർത്തിക്കുള്ളിൽ ഇന്ന് കാണുന്ന മിക്ക റോഡുകളും രൂപം കൊണ്ടത് ശ്രമദാന പ്രവർത്തനത്തിലൂടെയാണ്. 25.28 ച.കി.മീ. വിസ്തീർണ്ണവും 22,773-ൽ അധികം വരുന്ന ജനസംഖ്യയുമുള്ള നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ ആകെ നീളം ഏകദേശം 122 കി.മീ. ആണ്. വിസ്തീർണ്ണവും റോഡ് നീളവും തമ്മിലുള്ള ആനുപാതികമായ തോത് 4.8 കി.മീ. / ച.കി.മീ.-ൽ നിന്നും ഉയർന്നു നിൽക്കുന്നു.

പഞ്ചായത്തിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുതകും വിധം ധർമ്മശാല, അഞ്ചാം പീടിക, പാളയത്ത് വള പ്പ്,ബക്കളം എന്നീ സ്ഥലങ്ങളിൽ ഓരോ ഓട്ടോ സ്റ്റാൻറ്, പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ മിനിലോറി, ജീപ്പ്, ടെമ്പോ, തുട ങ്ങിയ വാഹനങ്ങൾ ധർമ്മശാലയിൽ പാർക്കുചെയ്ത് വരുന്നുണ്ട്.

## നിലവിലുള്ള റോഡുകൾ

പഞ്ചായത്തിൽ ആകെയുള്ള റോഡുകളുടെ മൊത്തം നീളം 121.81 കി.മീ. ആണ്. അതിൽ 2.70 കി.മീ. നീളം വരുന്ന നാഷനൽ ഹൈവേയുടെ ഭാഗമായ ഒരു റോഡും 16.50 കി.മീ. നീളം വരുന്ന അഞ്ച് പി.ഡബ്ല്യൂ.ഡി. റോഡും 102.61 കി.മീ. നീളം വരുന്ന മൊത്തം റോഡുകളുടെ സ്ഥിതി വിവരം കാണിക്കുന്ന പട്ടികകൾ താഴെ ചേർക്കുന്നു.

പട്ടിക - 1

| ക്രമനമ്പർ | ഉടമസ്ഥത | റോഡുകളുടെ എണ്ണം | ടാർ ചെയ്യാത്ത നീളം കി.മീ. | ടാർചെയ്തത് നീളം കി.മീ. | ആകെ നീളം നീളം കി.മീ. |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് | 86 | 86.63 | 15.98 | 102.61 |
| 2 | പി.ഡബ്ല്യൂ.ഡി. | 5 | | 16.50 | 16.50 |
| 3 | ദേശീയ പാത | 1 | | 2.70 | 2.70 |
| | ആകെ | 92 | 86.63 | 35.18 | 121.81 |

പട്ടിക - 2

പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളുടെ സ്ഥിതിവിവര പട്ടിക

| ക്രമനമ്പർ | വാർഡ് | റോഡുകളുടെ പേര് | ഉടമസ്ഥത | നീളം കി.മീ. | വീതി കി.മീ. | ബസ്സ്/മറ്റ് യാത്രാ സൗകര്യം |
|---|---|---|---|---|---|---|
| 1 | 5,10 | ധർമ്മശാല-കുറ്റിക്കോൽ പാലം | എൻ.എച്ച്. | 2.70 | 10 | ഉണ്ട് |
| 2 | 5,8,6 | ധർമ്മശാല-പറശ്ശിനിക്കടവ് | പി.ഡബ്ല്യൂ.ഡി. | 4.50 | 7-8 | '' |
| 3 | 7 | ധർമ്മശാല-മാങ്കടവ് | '' | 2.0 | 7-8 | '' |
| 4 | 2,3 | വള്ളിത്തോട്-ധർമ്മശാല | '' | 4.50 | 6-7 | '' |
| 5 | 5 | ബക്കളം ബൈപ്പാസ് | '' | 2.00 | 5-7 | ഇല്ല |
| 6 | 6 | കോൾമൊട്ട-കണ്ണപ്പിലാവ്-പൂവത്തും കുന്ന് | '' | 3.50 | 8 | ഉണ്ട് |
| 7 | 1,2 | പാളിയത്ത് വളപ്പ് | പഞ്ചായത്ത് | 4.00 | 6 | '' |
| 8 | 1,2,3 | ഒഴക്രോം വെള്ളിക്കീൽ കടവ് | '' | 3.60 | 7 | '' |
| 9 | 1,2 | കുഞ്ഞരയാൽ - വാണീശ്വരം | | 0.500 | 6 | '' |
| | | മോറാഴ സെൻട്രൽ റോഡ് | '' | 1.40 | | '' |
| 10 | 3 | അഞ്ചാം പീടിക(കിഴക്ക്) കുട്ടഞ്ചേരിത്തോട്-ഗവ: ഹൈസ്കൂൾ റോഡ് | '' | 0.100<br>0.610 | 6 | ഇല്ല |
| 11 | 2,3 | മോറാഴ സെൻട്രൽ-കുട്ടഞ്ചേരി തോട് | '' | 0.100<br>0.350 | 5 | '' |
| 12 | 3,4 | ഒഴക്രോം- ബക്കളം | '' | 1.600 | 6 | ഉണ്ട് |
| 13 | 7,9 | ഇരുമ്പുകല്ലിൻതട്ട്-കമ്പിൽകടവ് | '' | 1.500 | 8 | ഇല്ല |
| 14 | 8,9 | കമ്പിൽക്കടവ്-പറശ്ശിനിക്കടവ് ഖാദി സെൻറർ | '' | 1.200 | 6 | '' |
| 15 | 5,6 | കടമ്പേരികവല-കോടല്ലൂർ-ഉദയാ സ്പോർട്സ് ക്ലബ്ബ് | '' | 0.300<br>1.800 | 8 | '' |
| 16 | 5,6 | ഗവ:യു.പി. സ്കൂൾ കടമ്പേരി-കണ്ണപ്പിലാവ് റോഡ് | '' | 1.200 | 8 | ഉണ്ട് |
| 17 | 6 | കണ്ണപ്പിലാവ്-മൂസാൻ കുന്ന് | '' | 0.700 | 8 | ഇല്ല |
| 18 | 6 | പൂവ്വത്തുകുന്ന് -നണിച്ചേരിക്കടവ് | '' | 1.00 | 8 | '' |
| | | ആകെ | | 35 കി.മീ. | | |

## തീർത്ഥാടകരെ ആകർഷിച്ചുവരുന്ന ജലയാത്രയും ബോട്ടു സർവ്വീസും

പറശ്ശിനിക്കടവിൽ എത്തിച്ചേരുന്ന ഭക്ത ജനങ്ങളെയും സന്ദർശകരെയും കണക്കിലെടുത്ത് 1993-ൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ വകയായി ഒരു ബോട്ടും സ്വകാര്യ വ്യക്തികളുടേതായി 5 ബോട്ടുകളും ഇന്ന് ജലയാത്ര സർവ്വീസ് നടത്തിവരുന്നുണ്ട്.

### പ്രശ്നങ്ങൾ

റോഡുകളുടെ പ്രശ്നങ്ങൾ

റോഡുകളുടെ പൊതുസ്ഥിതി മോശമാണ്. റോഡിലിടക്കിടെ ഉണ്ടാകുന്ന അപകടങ്ങൾക്ക് കാരണം അശാസ്ത്രീയമായ വളവുകളും തിരിവുകളുമാണ്. മിക്ക റോഡുകളിലും ആവശ്യമായ ഓടകളും കലുങ്കുകളുമില്ല എന്നതും റോഡിന്റെ നിലനിൽപ്പിനെ ബാധിക്കാൻ കാരണമായിത്തീരുന്നു. യഥാസമയത്തുള്ള വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യാതിരിക്കുന്നതു മൂലം മഴക്കാലത്ത് റോഡുകൾ ചളിക്കുണ്ടുകളായും വാഴത്തടങ്ങളായും മാറുന്നു. ആവശ്യമായ വീതി കുറവും റോഡിന്റെ ഗുണനിലവാരത്തെ കാര്യമായി ബാധിക്കുന്നുണ്ട്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാത്തത് ഫണ്ടിന്റെ അപര്യാപ്തതയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. റോഡിന്റെ നിർമ്മാണത്തിലും അറ്റകുറ്റപ്പണിയിലും ശാസ്ത്രീയമായ രീതി അവലംബിക്കാത്തതാണ് ഇന്ന് പല സ്ഥലങ്ങളിലും കാണപ്പെടുന്ന നീർക്കെട്ട് തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും മറ്റും കാരണമായി കാണുന്നത്. അതുപോലെ റോഡ് നിർമ്മാണത്തിൽ പ്രാദേശികമായ ഇടപെടലില്ലായ്മയും ചെലവഴിക്കപ്പെടുന്ന ഫണ്ടിന്റെ ചോർച്ചയുമാണ് റോഡിന്റെ ഇന്നത്തെ നിലയിലുള്ള ശോച്യാവസ്ഥക്ക് കാരണമായി പറയപ്പെടുന്നത്.

### സാദ്ധ്യതകൾ

#### റോഡ് ഗതാഗതം

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ഗ്രാമ സഭകളിൽ നിന്ന് ഏറെ നിർദ്ദേശങ്ങളുണ്ടായി. ലഭ്യമാകുന്ന ഫണ്ടും മറ്റ് സഹകരണങ്ങളും ശ്രമദാന പ്രവർത്തനങ്ങളും കൊണ്ട് സാധ്യമാക്കാൻ കഴിയുന്ന നിർദ്ദേശങ്ങളാണ് താഴെ കൊടുക്കുന്നത്. ശ്രമദാന പ്രവർത്തനതത്തിനുള്ള വാഗ്ദാനങ്ങൾ (ആവശ്യമായി വരുന്ന ഘട്ടത്തിലും അളവിലും) എല്ലാം ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

1 എല്ലാ വാർഡുകളിലെയും വാഹന ഗതാഗതം ഏറെയുള്ള റോഡുകൾ (മെറ്റൽ റോഡുകളും മൺ റോഡുകളും) മുൻഗണനാ ക്രമം അനുസരിച്ച് ടാർ ചെയ്ത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

2 തീരെ ഗതാഗത സൗകര്യം എത്തിപ്പെടാത്ത കോൾതുരുത്തി പോലുള്ള പ്രദേശങ്ങളിൽ ആവശ്യമായ റോഡ് സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.

3 എല്ലാ ഗ്രാമസഭകളും പുതിയ ഏറെ റോഡുകൾക്കായി നിർദ്ദേശം വെക്കുകയുണ്ടായി. മുൻഗണനാക്രമം അനുസരിച്ച് അത്തരം റോഡുകൾ ഏറ്റെടുത്തു കൊണ്ട് വാർഡിലുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

4 കോൾത്തുരുത്തിപ്പാലം അടിയന്തിരമായും പണിതീർത്ത് ഗതാഗത യോഗ്യമാക്കാനുള്ള നടപടികൾ പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

5 ടൂറിസ്റ്റുകളെ ആകർഷിക്കാനുതകുന്ന വിധത്തിൽ ജലഗതാഗതത്തിനാവശ്യമായ സൗകര്യങ്ങൾ പുഴയോരങ്ങളിലുണ്ടാക്കുകയും ആവശ്യമായ സ്ഥലത്ത് ബോട്ടു ജെട്ടികളും പാർക്കുകളും വിശ്രമസൗകര്യവും ഒരുക്കിക്കൊടുക്കുകയുമാവാം.

6 ധർമ്മശാല മുതൽ പറശ്ശിനിക്കടവ് വരെയുള്ള നാല് കി.മീ.ലധികം വരുന്ന പി.ഡബ്ല്യു.ഡി. റോഡ് പ്രധാന ജില്ലാ റോഡിലുൾപ്പെടുത്തി ആവശ്യമായ രീതിയിൽ വീതി കൂട്ടി പരിഷ്കരണ പ്രവൃത്തികൾ നടത്താനുള്ള ശ്രമം ആവശ്യമാണ്. നൂറിലധികം ബസ്സുകളും മറ്റു വാഹനങ്ങളും ഗതാഗതത്തിനുപയോഗിക്കുന്ന പ്രസ്തുത റോഡിൽ പറശ്ശിനിക്കടവ് നീർപാലം ഉദ്ഘാടനം ചെയ്താൽ റോഡിൽ താങ്ങാനാവാത്ത വാഹന പ്രശ്നങ്ങൾ ഉണ്ടാവാനിടയുണ്ട്. ഇക്കാര്യം ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തേണ്ടതാണ്.

7 നിർമ്മാണ പ്രവൃത്തികൾക്ക് ലഭ്യമാകുന്ന ഫണ്ട് അതത് പ്രവൃത്തികൾക്ക് പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് സാമൂഹികമായ ഇടപെടലിലൂടെ ഓരോ ഘട്ടത്തിലും വിലയിരുത്തേണ്ടതാണ്.

8 റോഡിന്റെ ആരോഗ്യ പരിപാലനത്തിനും സംരക്ഷണത്തിനും റോഡരികിലുണ്ടാക്കുന്ന ഓടകൾ ദുരുപയോഗം ചെയ്ത് വെള്ളക്കെട്ടുകൾ ഉണ്ടാക്കുന്നത് കർശനമായി നിരോധിക്കാവുന്നതാണ്.

9 റോഡപകടങ്ങൾ ഒഴിവാക്കാൻ പ്രധാനപ്പെട്ട ഭാഗങ്ങളിലെങ്കിലും സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1 പഞ്ചായത്തിനകത്തുകൂടി കടന്നു പോകുന്ന ദേശീയ പാതയുടെയും പി.ഡബ്ല്യു.ഡി. റോഡുകളുടെയും സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് പഞ്ചായത്ത് പട്ടികപ്പെടുത്തി വെക്കുന്നത് നന്നായിരിക്കും.

2 പഞ്ചായത്ത് റോഡതിർത്തികളുടെയും പുറമ്പോക്ക് സ്ഥലങ്ങളുടെയും അതിരുകൾ തിട്ടപ്പെടുത്തി മാർക്കു ചെയ്ത് വെക്കുന്നത് സ്ഥല കൈയ്യേറ്റം ഒഴിവാക്കാൻ സഹായിക്കും.

റഫ: 1 ടാർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടുന്ന റോഡിന്റെ പട്ടിക അനുബന്ധം എ കാണുക.

റഫ: 2 പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ പട്ടിക അനുബന്ധം ബി. കാണുക.

82

## അനുബന്ധം എ

ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്ന മൺ റോഡുകളുടെ പട്ടിക (താർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടവ)

| വാർഡ് നമ്പർ | ക്രമനമ്പർ | റോഡിൻെറ പേര് |
|---|---|---|
| 1 | 1 | വെള്ളിക്കീൽ-പണ്ണേരി റോഡ് |
| | 2 | കൂളിച്ചാൽ മോറാഴ സെൻറർ |
| 2 | 1 | പാലിയത്ത് വളപ്പ്-കൂളിച്ചാൽ റോഡ് |
| 3 | 1 | പുന്നക്കുളങ്ങര വായനശാല-സിറാമിക് റോഡ് |
| 4 | 1 | പൂവ്വച്ചാൽ- കുറ്റിപ്പുറത്ത് റോഡ് |
| | 2 | മോറാഴ സൊസൈറ്റി-കാരക്കുറ്റി റോഡ് |
| 5 | 1 | കടമ്പേരിക്കവല- കോൾമൊട്ട റോഡ് |
| | 2 | ബക്കളം-നെല്ലിയോട്ടമ്പലം -യുവപ്രതിഭാ റോഡ് |
| 6 | 1 | കടമ്പേരി എൽ.പി. സ്കൂൾ |
| | 2 | ഉദയാ-വയൽ റോഡ് |
| 7 | 1 | ആന്തൂർ വില്ലേജാഫീസ് (കുഴിച്ചാൽ) |
| | 2 | ഇരുമ്പ് കല്ലിൻതട്ട് റോഡ് |
| 9 | 1 | കണിച്ചേരി-കിസാൻ വായനശാല റോഡ് |
| 10 | 1 | ബക്കളം-തൂപ്പിൽ റോഡ് |
| | 2 | കുറ്റിക്കോൽ-കാനൂൽ-വെൻറഡ് ഡാം റോഡ് |

## അനുബന്ധം ബി

### പഞ്ചായത്തിൽ നിലവിലുള്ള റോഡ് പട്ടിക

| ക്രമനമ്പർ | റോഡിൻെറ പേര് | വാർഡ് | നീളം മീ. | വീതി മീ | തരം |
|---|---|---|---|---|---|
| 1 | പാലിയത്തുവളപ്പ് പടിഞ്ഞാറ് കൂളിച്ചാൽ | 2 | 950 | 4 | ചരൽ |
| 2 | പാലിയത്തുവളപ്പ് പടിഞ്ഞാറ് ചെമ്മരവയൽ | 2 | 150 | 4 | ചരൽ |
| 3 | പാലിയത്തുവളപ്പ്- പാന്തോട്ട-ചേര | 1,2 | 4000 | 6 | ടാറ് |
| 4 | ചേര-വള്ളുവംകടവ് കോളനി | 1 | 500 | 5 | ചരൽ |
| 5 | പാന്തോട്ടം-അമ്പലം-പുഞ്ചവയൽ | 1 | 200 | 5 | ചരൽ |
| 6 | പണ്ണേരി പെരിയാറ് | 1 | 1400 | 6 | ചരൽ |
| 7 | വെള്ളിക്കീൽ വള്ളുവൻ കോളനി | 1 | 1000 | 5 | ചരൽ |
| 8 | ഒഴക്രോം -വെള്ളിക്കീൽ കടവ് | 1,2,3 | 3600 | 7 | ടാറ് |
| 9 | കുഞ്ഞരയാൽ-വാണീശ്വരം | 1,2 | 1400 | 6 | 500 ടാറ് |
| 10 | പണ്ണേരി - മോറാഴ വയൽറോഡ് | 1 | 200 | 4 | ചരൽ |
| 11 | കൂളിച്ചാൽ വടക്ക്-ചെമ്മരവയൽ | 2 | 350 | 4 | ചരൽ |
| 12 | ഇടക്കേപ്രവൻ - മുത്തപ്പൻ കാവ് | 2 | 315 | 4 | ചരൽ |
| 13 | മുത്തപ്പൻ കോട്ടം വേണിയിൽ വയൽ | 2 | 540 | 3 | ചരൽ |
| 14 | മോറാഴ യു.പി.സ്കൂൾ വേണിയിൽ വയൽ | 2 | 300 | 3 | ചരൽ |
| 15 | വേണിയിൽ അമ്പലം-ഫാത്തിമാ വുഡ് | 2 | 1000 | 4 | ചരൽ |
| 16 | അഞ്ചാം പീടിക - മണ്ണപ്പൊയിൽ | 2,3 | 480 | 5 | ചരൽ |
| 17 | അഞ്ചാം പിടിക കിഴക്ക്-കുട്ടഞ്ചേരി തോട് ഗവ: ഹൈസ്കൂൾ | 3 | 610 | 6 | 100 ടാർ |
| 18 | കുട്ടഞ്ചേരി കുഞ്ഞരയാൽ | 2,3 | 800 | 4 | ചരൽ |
| 19 | രാമുണ്ണിക്കട-കുട്ടഞ്ചേരി | 3 | 300 | 4 | ചരൽ |
| 20 | മോറാഴ സൗത്ത് എൽ.പി. വീവേഴ്സ് സൊസൈറ്റി | 2,3 | 200 | 3.5 | ചരൽ |

| ക്രമനമ്പർ | റോഡിൻെറ പേര് | വാർഡ് | നീളം മീ. | വീതി മീ. | തരം |
|---|---|---|---|---|---|
| 21 | മോറാഴ സെൻറർ -കുട്ടഞ്ചേരി | 2,3 | 350 | 5 | 100ടാർ |
| 22 | മോറാഴ സെൻറർ- മോറാഴ വയൽ | 2,3 | 500 | 4 | ചരൽ |
| 23 | മോറാഴ സെൻറർ- കിണ്ടിക്കുളം | 2,3 | 300 | 3 | ചരൽ |
| 24 | മോറാഴ സെൻട്രൽ യു.പി. കുമ്മനാട് വയൽ | 1,3 | 350 | 3,5 | ചരൽ |
| 25 | ഗ്രാമീണ വായനശാല-പൊട്ടൻകോട്ടം | 1 | 600 | 3,5 | ചരൽ |
| 26 | ഐക്കാൽ-കുമ്മനാട്കുളം മുതുവാനി | 1 | 1400 | 4 | ചരൽ |
| 27 | മുതുവാനി-ഉടപ്പ കെ.വി.സ്മാരക വായന: | 4 | 1200 | 4 | ചരൽ |
| 28 | ഉടപ്പച്ചാൽ -ഐക്കാൽ പീടിക | 4 | 1300 | 6 | ചരൽ |
| 29 | കാനൂൽ-പാലോർകുന്ന്-ഐക്കാൽ | 4 | 1000 | 8 | ചരൽ |
| 30 | വെള്ളരിച്ചാൽ കുഞ്ഞരയാൽ | 4 | 300 | 3 | ചരൽ |
| 31 | ഒഴക്രോം-ബക്കളം | 3,4 | 1600 | 6 | ടാറ് |
| 32 | ഒഴക്രോം-കുറ്റിപ്പുറം വായന: വെള്ളരിച്ചാൽ | 4 | 1900 | 5 | ചരൽ |
| 33 | അമ്പറമ്പ്-കുറ്റിപ്പുറം വായനശാല | 2 | 350 | 4 | ചരൽ |
| 34 | ബക്കളം- സിറാമിക് റോഡ് | 3 | 1000 | 8 | ചരൽ |
| 35 | ബക്കളം-പൂതപ്പാറ-കാനൂൽ വയൽ | 3,10 | 800 | 4 | ചരൽ |
| 36 | പൂതപ്പാറ-ഞാത്തിൽ തട്ടുപറമ്പ് | 10 | 700 | 3 | ചരൽ |
| 37 | ബക്കളം-അരിപ്പത്തോട്-മടയിച്ചാൽ | 10 | 900 | 8 | ചരൽ |
| 38 | മടയിച്ചാൽ-കാനൂൽ വയൽ | 10 | 1200 | 5 | ചരൽ |
| 39 | കാനൂൽ -ആനോട്ടുകാവ്-കുറ്റിക്കോൽ കാനാൽ | 10 | 1500 | 4 | ചരൽ |
| 40 | കാനൂൽഡാം-മാടായിച്ചാൽ എൻ.എച്ച് | 10 | 1500 | 5 | ചരൽ |
| 41 | ഡിറ്റർജൻറ് ഫാക്ടറി-പുന്നക്കുളങ്ങര-അംഗൻവാടി | 3 | 900 | 4 | ചരൽ |
| 42 | ബക്കളം - സിറാമിക് റോഡ് | 3 | 1000 | 8 | ചരൽ |
| 43 | ആന്തൂർ എ.എൽ.പി.സ്കൂൾ-തളിയിലമ്പലം | 7 | 1300 | 61 | ചരൽ |
| 44 | മാങ്കടവ് - കരിവയൽ | 7 | 400 | 4 | ചരൽ |
| 45 | തളിയിൽ സ്കൂൾ-കുറുക്കൻ കുന്ന് | 7 | 400 | 5 | ചരൽ |
| 46 | തളയിൽ സ്കൂൾ-തളിയിൽ വയൽ | 7 | 600 | 5 | ചരൽ |
| 47 | തളിയിൽ ട്രാൻസ്ഫോമർ മുക്ക്-മാങ്ങാട് തളിവയൽ റോഡ് | 7 | 400 | 4.5 | ചരൽ |
| 48 | തളിവയൽ- മാങ്ങാട് റോഡ് | 7 | 150 | 3.6 | ചരൽ |
| 49 | തളിയിൽ ആശാരിക്കോട്ടം-കുഞ്ഞുക്കുളം | 7 | 350 | 4 | ചരൽ |
| 50 | മാങ്ങാട് ഈസ്റ്റ് എ.എൽ.പി. തളിവയൽ | 7 | 800 | 4 | ചരൽ |
| 51 | ഇരുമ്പു കല്ലിൻ തട്ട്-തലുവിൽ കുന്നുമ്പ്രം | 7 | 700 | 6 | ചരൽ |
| 52 | തളിയിൽ റേഷൻ ഷാപ്പ്-കുറിയാക്കൻ കുന്ന് | 7 | 600 | 4 | ചരൽ |
| 53 | കുഴിച്ചാൽ-തലുവിൽ പൊതുജന വായന: | 7,8 | 580 | 5 | ചരൽ |
| 54 | തഴുവിൽ കുന്നുമ്പ്രം ഹരിജൻ കോളനി | 8 | 410 | 6 | ചരൽ |
| 55 | ഇരുമ്പു കല്ലിൻ തട്ട-കമ്പിൽ കടവ് | 7,9 | 1500 | 8 | ടാറ് |
| 56 | മാങ്കടവ്-നരിയാടി ഡാം | 9 | 210 | 4.3 | ചരൽ |
| 57 | ആന്തൂർക്കാവ്-വെങ്കൽ പറമ്പ് | 9 | 400 | 6 | ചരൽ |
| 58 | കമ്പിൽക്കടവ്-പറശ്ശിനി ഖാദി സെൻറർ | 7,9 | 1200 | 6 | ടാറ് |
| 59 | കുറ്റിയിൽ-ചിന്നിത്തറ | 8 | 100 | 4.5 | ചരൽ |
| 60 | പറശ്ശിനിക്കടവ് പി.എച്ച്.സി. | 8 | 500 | 4 | ചരൽ |
| 61 | കോൾമൊട്ട-കാണിച്ചേരി കിസാൻ വായന: | 8.9 | 700 | 4 | ചരൽ |
| 62 | കോൾമൊട്ട-കോടല്ലൂർ ജി.എൽ.പി.സ്കൂൾ | 6,8 | 650 | 4.5 | ചരൽ |
| 63 | കോടല്ലൂർ ഉദയാ സ്പോർട്സ് ക്ലബ് -വയൽ | 6 | 275 | 4 | ചരൽ |
| 64 | കടമ്പേരി കവല -കോടല്ലൂർ ഉദയാ ക്ലബ്ബ് | 5,6 | 1800 | 8 | 300ടാറ് |
| 65 | കടമ്പേരി കവല ഹരിജൻ കോളനി-പഞ്ചായത്ത് ഓഫീസ് | 5 | 1300 | 8 | ചരൽ |
| 66 | കുറ്റിയിൽ-തലവിൽ-പറശ്ശിനി | 8 | | 6 | ചരൽ |
| 67 | മാമ്പാല അംഗൻവാടി റോഡ് | 8 | 100 | 4 | ചരൽ |

| | | | | | |
|---|---|---|---|---|---|
| 68 | അംബികാസദനം-കടമ്പേരി എ.എൽ.പി. | 5 | 850 | 3 | ചരൽ |
| 69 | കടമ്പേരി അമ്പലം റോഡ് | 5 | 200 | 4 | ചരൽ |
| 70 | കടമ്പേരി അമ്പലം സ്റ്റേക്ക് പാർക്ക് | 5 | 500 | 4 | ചരൽ |
| 71 | കടമ്പേരി സി.ആർ.സി. പുലിയേങ്ങ വയൽ | 5 | 700 | 4 | ചരൽ |
| 72 | പീലേരി പുത്തൻ പുര -മുത്തപ്പൻ മടപ്പുര | 5 | 300 | 3 | ചരൽ |
| 73 | തൈക്കണ്ടി പീടിക-നടക്കൽ വയൽ | 5 | 350 | 3 | ചരൽ |
| 74 | അയ്യങ്കോൾ-പാറാട്ടുവയൽ | 5 | 500 | 5 | ചരൽ |
| 75 | കടമ്പേരി-പീലേരി വയൽ | 5 | 500 | 4 | ചരൽ |
| 76 | കടമ്പേരി-ബക്കളം വയൽ | 5 | 100 | 4 | ചരൽ |
| 77 | ബക്കളം -നെല്ലിയോട്ടമ്പലം | 5 | 1000 | 3.5 | ചരൽ |
| 78 | സർവ്വീസ് സെൻറർ-പട്ടിണിത്തറ-ബക്കളം വയൽ | 5 | 800 | 3 | ചരൽ |
| 79 | എൻ.എച്ച്. ഡിറ്റർജന്റ് ഫാക്ടറി | 5 | 500 | 4 | ചരൽ |
| 80 | കടമ്പേരി ജി.യു.പി. സ്കൂൾ-കണ്ണപ്പിലാവ് | 5,6 | 1200 | 8 | ടാർ |
| 81 | കോടല്ലൂർ എ.എൽ.പി.-നണിച്ചേരി വയൽ | 6 | 850 | 8 | ചരൽ |
| 82 | കണ്ണപ്പിലാവ് മൂസാൻ കുന്ന് | 7 | 700 | 8 | ചരൽ |
| 83 | പൂവത്ത് കുന്ന് - നണിച്ചേരിക്കടവ് | 6 | 1000 | 8 | ടാർ |
| 84 | ഉരുവച്ചാൽ-കോടല്ലൂർ വയൽ | 6 | 330 | 7 | ചരൽ |
| 85 | ഓരുവച്ചാൽ-അയ്യങ്കോൾ | 4,5 | 1500 | 8 | ചരൽ |
| 86 | ഓരുവച്ചാൽ-പറശ്ശിനി കനാൽ | 6,8,9 | 2500 | 6 | ചരൽ |

## ഊർജ്ജം

ഊർജ്ജം വികസന പ്രക്യയയെ ത്വരിതപ്പെടുത്തുന്ന ഇന്ധനമാണ്. രാജ്യത്തിൻെറ പുരോഗതിക്ക് വേഗതകൂടിയ ഒരു പ്രധാനഘടകമാണ് ഊർജ്ജം. സമൂഹത്തിൻെറ ഭൗതികനിലവാരം കുറിക്കുന്നത് ഒരളവുവരെ അവിടെ ഉപയോഗിക്കപ്പെടുന്ന അളവിനെ ആസ്പദമാക്കിയാണ്. ഗാർഹിക രംഗത്തെ വൈദ്യുതി ഉപഭോഗം ജീവിത സൗകര്യങ്ങളെ കുറിക്കുമ്പോൾ വ്യവസായ രംഗത്തെ വൈദ്യുതി ഉപയോഗമാണ് തൊഴിലവസരങ്ങളുടെ ലഭ്യത നിർണ്ണയിക്കുന്നത്.

വൈദ്യുതിയുടെ ഉൽപാദനത്തിലും ഉപയോഗത്തിലും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതിലും പിന്നോക്കമാണ് നമ്മുടെ ജില്ലയുടെ കാര്യമെന്ന് കണക്കുകൾ ഉദ്ധരിക്കാതെ തന്നെ നമുക്കറിയാം. ഊർജ്ജത്തിൻെറ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് വൈദ്യുതോർജ്ജമാണ്. 1958 ലാണ്, ഈ പഞ്ചായത്ത് പ്രദേശത്ത് ആദ്യമായി വൈദ്യുതി കടന്നു വന്നത്. വോൾട്ടേജ് ക്ഷാമം തുടങ്ങിയ ഏറെ പോരായ്മകളുണ്ടെങ്കിലും ചില പ്രദേശങ്ങളൊഴിച്ചാൽ പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും ഇന്ന് വൈദ്യുതിയെത്തിക്കഴിഞ്ഞു.

25.28 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തന മേഖലയെ ഇവിടെ നാലു മേഖലകളായി തിരിച്ചിട്ടുണ്ട്. പയ്യന്നൂർ ഇല. ഡിവിഷൻെറ കീഴിലുള്ള തളിപ്പറമ്പ്, കരിമ്പം എന്നീ സെക്ഷനുകളും, കണ്ണൂർ ഡിവിഷൻെറ കീഴിലുള്ള പാപ്പിനിശ്ശേരി, ചെറുകുന്ന് സെക്ഷനുകളുമാണ് അവ. ബോർഡിൻെറ നിലവിലുള്ള നിയമമനുസരിച്ച് എല്ലാ പഞ്ചായത്തിലും ഒരു സെക്ഷനാഫീസെങ്കിലും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പക്ഷേ ആന്തൂർ പഞ്ചായത്തിൽ അത്തരമൊരു സൗകര്യം നാളിതുവരെ ഉണ്ടായിട്ടില്ല.

പഞ്ചായത്തിലാകെ 4,258 വീടുകളാണ് ഉള്ളതെങ്കിലും വൈദ്യുതി ഉപയോഗം സ്വീകരിച്ച വീടുകളുടെ എണ്ണം 2935 ആണ്. ഈ ഉപഭോക്താക്കൾക്കും ചുറ്റുപാടുമുള്ള വ്യവസായ സ്ഥാപനങ്ങൾക്കും വൈദ്യുതി നിറവേറ്റുന്നത് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്.. സബ് സ്റ്റേഷനിൽ നിന്നും 3 കി.മീ. അകലെയുള്ള മോറാഴ ഭാഗത്ത് 50 വോൾട്ടും അകലെയുള്ള വെള്ളിക്കീൽ പ്രദേശത്ത് 18 വോൾട്ട് അളവിൽ മാത്രമാണ് ഇന്ന് വീട്ടാവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നത്. 230 വോൾട്ട് വൈദ്യുതിക്ക് പകരമാണിത്. വൈദ്യുതിയുൽപാദനം പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് കാര്യക്ഷമമായ ഉപയോഗം. അനാവശ്യമായി ഉപയോഗിക്കുന്ന ഒരു യൂനിറ്റ് വൈദ്യുതി ലാഭിക്കുന്നത് 1.25 യൂനിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് തുല്യമാണ്. വൈദ്യുതി ഉപയോഗം ക്രമപ്പെടുത്തുകയും വിദൂരസ്ഥലങ്ങളിലേക്ക് വൈദ്യുതിലൈൻ വലിച്ചുനീട്ടുമ്പോഴുണ്ടാകുന്ന പ്രസരണ നഷ്ടം ഒഴിവാക്കാൻ ശ്രമിക്കുകയും വേണം. മൊത്തം 4258 വീടുകളുള്ള ആന്തൂർ പഞ്ചായത്തിൽ 2588 ഉം ഇന്ന് പഴഞ്ചൻ ശൈലിയിലുള്ള അടുപ്പുകളാണ് ഉപയോഗിച്ചുവരുന്നത്. 1281 വീടുകളിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുമ്പോൾ കേവലം 305 വീടുകളിൽ മാത്രമാണ് ആധുനിക രീതിയിലുള്ള ഇന്ധന ക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിച്ചുവരുന്നത്. പഞ്ചായത്തിൽ ആകെ രണ്ടു വീടുകളിൽ ബയോഗ്യാസ് രീതി ഉപയോഗിച്ചുവരുന്നതായി മനസ്സിലാക്കുന്നു. അനുദിനം നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പച്ചപ്പ് നിലനിർത്താൻ ഈ സമ്പ്രദായം പ്രചരിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ആന്തൂർ പഞ്ചായത്ത് പാചക ഇന്ധന സ്രോതസ്സ്

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| 1 | 7 | 9 | 410 | 1 | 8 | 0 | 0 | 1 |
| 2 | 2 | 4 | 460 | 7 | 18 | 0 | 0 | 0 |
| 3 | 7 | 3 | 385 | 56 | 27 | 0 | 0 | 0 |
| 4 | 1 | 0 | 285 | 1 | 1 | 0 | 0 | 0 |
| 5 | 4 | 21 | 635 | 14 | 26 | 0 | 0 | 0 |
| 6 | 2 | 4 | 440 | 3 | 10 | 0 | 0 | 0 |
| 7 | 1 | 3 | 382 | 27 | 32 | 0 | 0 | 0 |
| 8 | 2 | 1 | 284 | 6 | 29 | 0 | 2 | 0 |
| 9 | 129 | 6 | 66 | 3 | 15 | 0 | 0 | 0 |
| 10 | 4 | 4 | 321 | 8 | 24 | 0 | 1 | 0 |
| ആകെ | 159 | 56 | 3668 | 126 | 190 | 0 | 3 | 1 |

1 തെങ്ങിൻെറ ഓല, മട്ടൽ, ചകിരി തുടങ്ങിയവ
2 മറ്റ് ഉണങ്ങിയ വസ്തുക്കൾ
3 വിറക്/കരി
4 മണ്ണെണ്ണ
5 ഗ്യാസ്
6 ഇലക്ട്രിസിറ്റി
7 ബയോഗ്യാസ്
8 മറ്റുള്ളവ

## പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ചില വാർഡുകളിൽ എല്ലാ പ്രദേശത്തും വൈദ്യുതി ഇനിയും എത്തിയിട്ടില്ല.
2 മാങ്ങാട്ടുപറമ്പ് ഒരു വ്യവസായ മേഖലയായി വളർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സാധാരണ ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുടെ വൈദ്യുതി സംബന്ധിച്ച പ്രശ്നങ്ങൾ ഏറി വരികയാണ്.
3 പ്രേഷണം- വിതരണരംഗങ്ങളിലെ ബോർഡിൻെറ ശ്രദ്ധക്കുറവ് (പ്രത്യേകിച്ചും മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റാതിരിക്കുന്ന) വിതരണ രംഗത്ത് പ്രശ്നങ്ങളുണ്ടാക്കുന്നു.
4 ബോർഡ് ജീവനക്കാരുടെ കുറവ് കാരണം ലൈനിൽ പ്രശ്നങ്ങളുണ്ടായാൽ അത് പരിഹരിക്കുവാൻ കാലതാമസം നേരിടുന്നു
5 വോൾട്ടേജ് ക്ഷാമം കാരണം വൈദ്യുതിയുപഭോക്താവിൻെറ ചിലവുകൾ കൂടാൻ കാരണമായിത്തീരുന്നു.
6 വിറക് ക്ഷാമം കാരണം സാധാരണക്കാരൻെറ ഭക്ഷണം പാകം ചെയ്യാനുള്ള ചിലവുകൾ കൂടി വരുന്നു.

## സാധ്യതകൾ

1 വൈദ്യുതിയെത്താത്ത പ്രദേശങ്ങളിൽ ലഭ്യമാക്കാനുള്ള ശ്രമം സംഘടിത രൂപത്തിൽ ആലോചിച്ച് ബോർഡിൻെറ സഹായത്തോടെ നിർവ്വഹിക്കാവുന്നതാണ്.
2 വ്യവസായ മേഖലയായി വളർന്നുകൊണ്ടിരിക്കുന്ന മാങ്ങാട്ടുപറമ്പിൽ ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത് ഒരു മേജർ സെക്ഷൻ ഓഫീസ് പ്രവർത്തിക്കാവുന്നതാണ്.
3 മാങ്ങാട് സബ്സ്റ്റേഷൻെറ പ്രവർത്തനശേഷി വർദ്ധിപ്പിക്കേണ്ടതാണ്.
4 നിലവിലുള്ള വൈദ്യുതി കണക്ഷനുകൾ ശാസ്ത്രീയമായി 3 ഫേസിലും വിഭജിച്ച് വോൾട്ടേജ് പ്രശ്നം നേരിയ തോതിലെങ്കിലും പരിഹരിക്കാവുന്നതാണ്.
5 വൈദ്യുതോപയോഗം നിയന്ത്രിക്കാൻ ഇലക്ട്രോണിക് ചോക്ക് പരമാവധി സബ്സിഡി നൽകി വ്യാപകമായി പ്രചരിപ്പിക്കാവുന്നതാണ്.
6 വൈദ്യുതിയുടെ ഉപയോഗം കുറച്ച് കൂടുതൽ പ്രകാശം നൽകുന്ന സി.എഫ്.എസ്. (കോംപാക്റ്റ് ഫ്ളൂറസെൻറ് ലാമ്പ്) പ്രചരിപ്പിക്കാവുന്നതാണ്.
7 സൂര്യ റാന്തൽ, സൗര ടി.വി. , സൗര പമ്പ്, സൗര ഫ്രിഡ്ജ് മുതലായ ആധുനിക ഉപകരണങ്ങൾ പ്രചരിപ്പിച്ചാൽ വൈദ്യുതി ഉപയോഗം കുറച്ചുകൊണ്ടുവരാൻ സാധിക്കും.

8 പാചകത്തിന് ചെലവുകുറഞ്ഞ പുകയില്ലാത്ത അടുപ്പുകൾ ഇന്ധനം ലാഭിക്കുന്നതിനായി പ്രചരിപ്പിക്കേണ്ടതാണ്. കൂടാതെ കച്ചിപ്പെട്ടി, പ്രഷർകുക്കർ, മുതലായവയുടെ ഉപയോഗവും ഇന്ധനം ലാഭിക്കാൻ സഹായിക്കുന്നു.

9 ഗോബർ ഗ്യാസ് അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കാവുന്നതാണ്.

10 പറശ്ശിനി മുത്തപ്പൻ ക്ഷേത്രത്തിൽ നിന്നും പുറന്തള്ളുന്ന ഇലകളുപയോഗിച്ച് ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്ന കാര്യം ഒരു സാമൂഹ്യ ഇടപെടലിന്റെ ഭാഗമായി ആലോചിക്കാവുന്നതാണ്. പുഴവെള്ളത്തിൽ ഉണ്ടാകുന്ന മലിനീകരണം ഒഴിവാക്കാൻ ഇതുമൂലം സാധിക്കും.

## മാർക്കറ്റ്

നെൽകൃഷിയും തെങ്ങ് കൃഷിയും മാത്രം ശീലിക്കുകയും മറ്റ് കാർഷിക മേഖലയെക്കുറിച്ച് അധികം ചിന്തിക്കാതിരിക്കുകയും ചെയ്ത കർഷക പൂർവ്വികരാണ് നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നത്. ഭൂമിയുടെ കിടപ്പും മണ്ണിന്റെ സ്വഭാവവുമായിരിക്കാം ഇതിനവരെ പേരിപ്പിച്ച പ്രധാന കാരണം. സ്വന്തം ആവശ്യത്തിൽ കവിഞ്ഞ് ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനും മറ്റുള്ളവർക്ക് സൗകര്യപ്രദമായി അവ വാങ്ങി ഉപയോഗിക്കാനുമാണ് മാർക്കറ്റുകളെ നാം ആശ്രയിക്കുന്നത്. പുറമേ വിറ്റഴിക്കാനായി നാളികേരവും നേരിയ തോതിൽ കശുവണ്ടിയും മാത്രമായി ചുരുങ്ങിയതുകൊണ്ടായിരിക്കാം ഒരു മാർക്കറ്റിന്റെ ആവശ്യകതയെക്കുറിച്ച് നാം ആലോചിക്കാതിരുന്നത്. ഇവിടെയുള്ള ജനങ്ങൾക്ക് സൗകര്യ പ്രദമായി ആശ്രയിക്കാവുന്ന മാർക്കറ്റ് തളിപ്പറമ്പിലേതും പുതിയ തെരുവിലേതുമാണ്.

യാന്ത്രികതയുടെ ചെലവിൽ നിത്യ ജീവിതം ക്രമപ്പെടുത്തുന്ന നമുക്ക് സമയം ഒരു പ്രശ്നമായതിനാൽ ഒരു പൊതു മാർക്കറ്റിന്റെ അഭാവം ഇന്നിവിടെ അനുഭവപ്പെടുന്നുണ്ട്.

സഹകരണാടിസ്ഥാനത്തിൽ സാമൂഹ്യബോധത്തോടു കൂടി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ ഒരു പൊതു മാർക്കറ്റ് രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കും. നീതി പൂർവ്വമായ വിതരണ ശൃംഖലയുടെ കണ്ണിയായി മാറാൻ അത്തരം ചന്തകളെക്കുറിച്ച് ആലോചിക്കേണ്ട സമയമായിരിക്കുന്നു.

## നിർദ്ദേശങ്ങൾ

പഞ്ചായത്തധീനതയിൽ ധർമ്മശാലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിനോടനുബന്ധിച്ച് ഒരു പൊതുമാർക്കറ്റിന് രൂപം കൊടുക്കാവുന്നതും കർഷകരിൽ നിന്ന് ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനും ഇറച്ചി, പച്ചക്കറി മുട്ട തുടങ്ങിയ അവശ്യ സാധനങ്ങൾ വിൽപന നടത്താനും ഈ കേന്ദ്രങ്ങളിൽ സൗകര്യമുണ്ടാവും.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

**പാർപ്പിടം:** ഈ നൂറ്റാണ്ടിന്റെ എഴുപതുകൾ വരെ വീടുകളുടെ അവസ്ഥ ശോചനീയമായിരുന്നു. അന്ന് ഇന്ന് കാണുന്ന തരത്തിലുള്ള ഒരു വീടും ഉണ്ടായിരുന്നില്ല. ചെറ്റപ്പുരകൾ, കട്ടപ്പുരകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തീരെ ഇല്ലാത്ത പാർപ്പിടങ്ങളാണുണ്ടായിരുന്നത്. കുറേ വീടുകൾക്ക് കൂടി ഒരു കിണറാണുണ്ടായിരുന്നത്. വിശാലമായ പറമ്പിൽ ഒരു വീടാണുണ്ടാവുക. കക്കൂസുണ്ടായിരുന്നില്ല. ഇടത്തരം കൃഷിക്കാരുടെ വീടുകൾ കുറേക്കൂടി വലുതായിരുന്നു. ഇത്തരം വീടുകളിൽ ഇന്നത്തെപ്പോലുള്ള വിശാലമായ മുറികളുണ്ടായിരുന്നില്ല. ധാന്യം സംഭരിച്ചുവെക്കുന്നതിനും കാർഷികോപകരണങ്ങൾ സൂക്ഷിക്കാനുമുള്ള ഇടുങ്ങിയ മുറികളാണുണ്ടായിരുന്നത്. 1970-കളോടെ വീടുകളുടെ സങ്കൽപത്തിൽ സമൂലമായ മാറ്റം വന്നു. സ്വീകരണമുറി, ശയനമുറികൾ, അടുക്കള തുടങ്ങിയ സൗകര്യങ്ങളുള്ള വലിയ വീടുകളോടുള്ള താൽപര്യം കൂടിവന്നു. ഗൾഫ് പണത്തിന്റെ വരവോടുകൂടി വീടുകൾക്കുള്ളിലെ ആഢംബരവും കൂടി വന്നു. ഗൾഫുകാരെ അനുകരിച്ച് ഇടത്തരക്കാർ കടം വാങ്ങി വീട് നിർമ്മിക്കാൻ തുടങ്ങി. ജീവിതത്തിലെ വരുമാനത്തിന്റെ ഏറിയ പങ്കും പാർപ്പിടത്തിനുവേണ്ടി നീക്കിവെക്കേണ്ടിവരുന്നു. എന്നാലും അടിസ്ഥാന സൗകര്യങ്ങൾ മുഴുവൻ ലഭിക്കുന്നുമില്ല.

ആന്തൂർ പഞ്ചായത്തിൽ ഭൂരിപക്ഷം വീടുകളും അടിസ്ഥാന സൗകര്യമുള്ളവയാണ്. ചില വാർഡുകളിൽ കുടിലുകളുണ്ട്. ചേരി നിവാസികളും പുറമ്പോക്കുകാരും പഞ്ചായത്തിൽ തീരേ ഇല്ലെന്നു പറയാം. നാല് ഹരിജൻ കോളനികളുണ്ട്. കോളനികളുടെ പശ്ചാത്തല സൗകര്യം സാമാന്യം തൃപ്തികരമാണ്. പഞ്ചായത്തിൽ 14 ഭവനരഹിത കുടുംബങ്ങൾ ഉണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഗൃഹനിർമാണത്തെ സ്വാധീനിക്കുന്നു. 280 കുടുംബങ്ങളുടെ വരുമാനമാർഗം ഗൾഫ് പണമാണ്. ഭവനനിർമാണത്തിനുവേണ്ടി മോറാഴ കല്യാശ്ശേരി സഹകരണ ബേങ്ക്, പാപ്പിനിശ്ശേരി കോ-ഓപ്പ്. റൂറൽ ബേങ്ക്, മറ്റ് സർക്കാർ ഏജൻസികൾ എന്നിവയെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഹൗസിങ്ങ് സൊസൈറ്റികൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നില്ല. തൊട്ടടുത്ത പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കല്യാശ്ശേരി ഹൗസിങ്ങ് സൊസൈറ്റി, തളിപ്പറമ്പ് ഹൗസിങ്ങ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പകൾ വാങ്ങിക്കാറുണ്ട്.

**ആന്തൂർ പഞ്ചായത്ത്**
**വീടുകളുടെ തരം**

| വാർഡ് നമ്പർ | ഓലമേഞ്ഞത് | ഭാഗികമായി ഓലമേഞ്ഞത് | ഓടിട്ടത് | ടെറസ് |
|---|---|---|---|---|
| 1 | 10 | 23 | 345 | 53 |
| 2 | 5 | 56 | 330 | 103 |
| 3 | 4 | 18 | 340 | 105 |
| 4 | 4 | 110 | 152 | 21 |
| 5 | 48 | 238 | 307 | 107 |
| 6 | 12 | 33 | 350 | 61 |
| 7 | 2 | 54 | 358 | 32 |
| 8 | 5 | 7 | 240 | 79 |
| 9 | 1 | 0 | 204 | 18 |
| 10 | 3 | 10 | 261 | 88 |
| TOTAL | 94 | 549 | 2887 | 667 |

**ആന്തൂർ പഞ്ചായത്ത്**

വീടുകളുടെ തരം




ആന്തൂർ പഞ്ചായത്ത്

വീടുകളുടെ തരം




കുടുംബാംഗങ്ങളുടെ [illegible]

| സ്വയംതൊഴിൽ | സ്ഥിരം ജോലി/കൂലി | താൽക്കാലിക ജോലി/കൂലി | വിദേശത്തുനിന്ന് | മറ്റ് മാർഗങ്ങൾ |
|---|---|---|---|---|
| 351 | 1451 | 1694 | 280 | 344 |

ഇന്നുള്ള വീടുകളിൽ ഭൂരിഭാഗവും പരമ്പരാഗത വാസ്തുശില്പ മാതൃകയിലുള്ളവയാണ്. പഞ്ചായത്തിൽ വെട്ടുകല്ലുകൾ സുലഭമായി ലഭിക്കുന്നതിനാൽ ഭൂരിപക്ഷം വീടുകളും വെട്ടുകല്ലിൽ തീർത്തതാണ്. തെങ്ങുകൊണ്ടുള്ള കഴുക്കോലാണ് ഓടിട്ട വീടുകളിൽ ഏറെയും ഉപയോഗിച്ചിട്ടുള്ളത്. ഇടത്തരം വരുമാനക്കാർ ഇന്ന് നിർമിച്ചുകൊണ്ടിരിക്കുന്നത് കോൺക്രീറ്റ് ഭവനങ്ങളാണ്. വീട് നിർമാണത്തിനാവശ്യമായ മരം പഞ്ചായത്തിനകത്ത് ലഭ്യമല്ല.

**സർക്കാർ ഏജൻസി മുഖാന്തിരം നിർമിച്ച വീടുകളുടെ വിവരപട്ടിക**

| ബ്ലോക്ക് മുഖാന്തിരം<br>വർഷം | പൂർത്തിയാക്കിയത് | പൂർത്തിയാകാത്തത് | പഞ്ചായത്ത് മുഖാന്തിരം |
|---|---|---|---|
| 1993-94 | MWS: 12<br>IAY:8 | 3 | 8 (JRY) |
| 1994-95 | IAY:3 (oc)<br>1 (sc)<br>JRY: 1 (sc) | | - |
| 1995-96 | JRY: 1<br>IAY:2<br>3 (oc) | 1<br>2 | 6 |
| ആകെ | 31 | 6 | 14 |

സർക്കാർ സഹായംകൊണ്ടുമാത്രം പാവപ്പെട്ടവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്ന് പട്ടികയിൽനിന്നും മനസ്സിലാക്കാം.

ഭവനനിർമാണത്തിനാവശ്യമായ സാമഗ്രികൾ കടകൾ വഴി പഞ്ചായത്തിനകത്ത് വിൽക്കപ്പെടുന്നു. കരാർ അടിസ്ഥാനത്തിലും ദിവസക്കൂലിക്കും വിദഗ്ധ - അവിദഗ്ധ തൊഴിലാളികൾ ജോലിചെയ്യുന്നു. 1972- 73 വർഷങ്ങളിൽ വിദഗ്ധ തൊഴിലാളിക്ക് ഏകദേശം 8 രൂപയായിരുന്നു കൂലി. 1995-96 വർഷത്തിൽ അത് ഏകദേശം 100-125 രൂപയായി വർധിച്ചു. 1988-89ൽ ഒരു ചാക്ക് സിമൻറിൻെറ വില 100 രൂപ ആയിരുന്നു. 1995-96ൽ 180 രൂപയിൽ എത്തിനിൽക്കുന്നു. 1988-ൽ 1000 കട്ടിന് 1200 രൂപ ആയിരുന്നത് 1995-96ൽ 8000 രൂപയായി.

## പ്രശ്നങ്ങൾ:

1. വ്യക്തിപരമായ ലോണുകൾ എന്ന നിലയിൽ ഉയർന്ന പലിശ നൽകിയാണ് ഭവനനിർമാണ വായ്പകൾ എടുക്കുന്നത് ഇത്തരം വായ്പകൾ സാധാരണക്കാർക്ക് ലഭിക്കാൻ പ്രയാസമനുഭവപ്പെടുന്നു.
2. ഭവനനിർമാണ വായ്പകൾക്കുള്ള പലിശനിരക്ക് ഉയർന്നതാണ്.
3. വീട് നിർമാണത്തിനാവശ്യമായ സാമഗ്രികളുടെ വില ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുന്നു.
4. കൂലി നിരക്കിലെ വർധനവും സാമഗ്രികളുടെ വിലക്കയറ്റവും കാരണം പാവപ്പെട്ടവന് വീട് ഒരു സ്വപ്നം മാത്രമാണ്.
5. വയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത മറ്റ് പഞ്ചായത്തുകളിലെന്നപോലെ ഇവിടെയും കണ്ടുവരുന്നു.

പുതിയ വീടുണ്ടാക്കുന്നതിനാവശ്യമായ സ്ഥലലഭ്യതയും മറ്റൊരു പ്രശ്നം തന്നെ.

ആശാരിമാർ, കൽപണിക്കാർ തുടങ്ങിയ വിദഗ്ധ തൊഴിലാളികളെ ആവശ്യത്തിന് കിട്ടുന്നില്ല.

## നിർദേശങ്ങൾ:

1. സർക്കാർ ഏജൻസികൾ വഴി വീടുണ്ടാക്കുന്നവർ പാവപ്പെട്ടവരാണ്. അവർക്ക് ലഭിക്കുന്ന സഹായധനം ഉപയോഗിച്ച് വീട് നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ അവർക്ക് കഴിയുന്നില്ല.
2. ഇത്തരക്കാർക്കുള്ള സഹായധനം (വായ്പയടക്കം വർധിപ്പിക്കണം)
3. ഗുണഭോക്താക്കൾ അർഹതപ്പെട്ടവർ തന്നെയാണ്. അവർ പണി ഘട്ടംഘട്ടമായി പൂർത്തിയാക്കണം.
4. മറ്റ് വരുമാന മാർഗമില്ലാത്തത് അവരുടെ പ്രശ്നമാണ്. സഹായധനം യഥാസമയം, നിബന്ധനകൾക്കനുസരിച്ച് അവർ ഉപയോഗപ്പെടുത്തണം.
5. പഞ്ചായത്തുതലത്തിൽ ഭവനനിർമാണ സഹകരണസംഘങ്ങൾ രൂപീകരിക്കണം.
6. ഇതിൻെറ പ്രധാന ഉദ്ദേശലക്ഷ്യം താഴ്ന്ന വരുമാനക്കാർക്കുള്ള ഭവനനിർമാണമായിരിക്കണം
7. സാധാരണക്കാർക്ക് വായ്പ ലഭിക്കാനുള്ള വ്യവസ്ഥകൾ ഉദാരമാക്കണം. പലിശനിരക്ക് കുറക്കണം.
8. ഇത്തരം സംഘങ്ങൾ വായ്പതുക നൽകുന്നതോടൊപ്പം കെട്ടിടനിർമാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനും നടപടികളെടുക്കണം..
9. ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് ഭൂമി പതിച്ചുനൽകുന്നതോടൊപ്പം വീട് നിർമാണത്തിനാവശ്യമായ സഹായധനം ഗ്രാൻറായി നൽകണം.
10. സഹായധനം വർധിപ്പിക്കണം.
11. വയൽ നികത്തി വീടുണ്ടാക്കുന്ന പ്രവണത കർശനമായി തടയണം.
12. വീട് നിർമിക്കാൻ പ്രത്യേക സ്ഥലങ്ങൾ പഞ്ചായത്തു മുഖാന്തിരം കണ്ടുപിടിച്ച് അവിടങ്ങളിൽ Flat സമ്പ്രദായത്തിലുള്ള വീടുകൾ സൊസൈറ്റികൾ സ്ഥാപിച്ച് നിർമിക്കണം.
13. നിർമാണത്തൊഴിലാളികളുടെ ദൗർലഭ്യം നികത്തിയെടുക്കുന്നതിനു വേണ്ടിയും ചെലവുകുറഞ്ഞ വീട് നിർമാണ വൈദഗ്ധ്യം നേടുന്നതിനുവേണ്ടിയും പഞ്ചായത്തിൽ 'നിർമിതികേന്ദ്രം' മാതൃകയിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
14. വീട് ആഢംബരപൂർണമാക്കി മാറ്റുന്ന പ്രവണത തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തണം.
15. നിർമാണച്ചെലവ് രണ്ടുലക്ഷം രൂപക്ക മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക
16. ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ സ്ഥാപിക്കണം.

## സാമൂഹ്യക്ഷേമം

നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ജാതി-ജന്മി - നാടുവാഴിത്ത വ്യവസ്ഥകൾ ഒരുവിഭാഗം ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥക്ക് കാരണമായിരുന്നു. തൊഴിലില്ലായ്മ ദാരിദ്ര്യത്തിനുള്ള മറ്റൊരു കാരണമായിരുന്നു. ഇതിൻെറ ദുരിതം ഏറ്റവും കൂടുതൽ അനുഭവിച്ചിരുന്നത് ആശ്രിതരായി കഴിഞ്ഞിരുന്ന വിധവകൾ, വികലാംഗർ, അഗതികൾ എന്നീ വിഭാഗക്കാരായിരുന്നു. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി 1954ൽ വികസനബ്ലോക്കുകൾ നിലവിൽവന്നു. പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി 1960കളിൽ ക്ഷേമപദ്ധതികൾ ആരംഭിച്ചു. ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, കൃഷിഭവൻ, ഗ്രാമപഞ്ചായത്ത് എന്നിവ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ധനസഹായമെത്തിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന അതാത് ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുഖേനയാണ്

IRDP സർവേ സഹായധനം: 1993-94ൽ നടത്തിയ ഐ ആർ ഡി പി കുടുംബ സർവേ പ്രകാരം 1282 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. എന്നാൽ ഇതിൽ 94 കുടുംബങ്ങൾക്ക് മാത്രമാണ് ഈ സ്കീം പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ളത്

## IRDP സർവേ സഹായ ലഭ്യതാ കണക്ക്

| വർഷം | എണ്ണം | സബ്സിഡി | ലോൺ രൂപ |
|---|---|---|---|
| 1993-94 | 47 | 1,01,778 | 1,55,080 |
| 1994-95 | 23 | 85500 | 1,79,452 |
| 1995-96 | 24 | 1,05,000 | 3,27,730 |
| ആകെ | 94 | 2,92,278 | 6,62,262 |

DWCRA സഹായ ലഭ്യത: ഐ ആർ ഡി പിയുടെ ഘടക പദ്ധതിയാണിത്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനമാണിതിന്റെ ലക്ഷ്യം. ആന്തൂർ പഞ്ചായത്തിൽ ഡി ഡബ്ല്യു സി ആർ എയുടെ ഒരു യൂനിറ്റ് മാത്രമാണുള്ളത്.

### യൂനിറ്റിന് നൽകിയ ധനസഹായം:

വർഷം: 1995-96 എണ്ണം: 10 സബ്സിഡി: 45000 ലോൺ: 10500.0

ടൂൾകിറ്റ്: RAP (റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം) അനുസരിച്ച് ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്നു. സർവേപ്രകാരം 90 കുടുംബങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ 1993-94 മുതൽ 95-96 വരെ 36 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭിച്ചു.

ട്രൈസം: ഈ പദ്ധതിപ്രകാരം യുവതി- യുവാക്കളായ 18 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്.

| വർഷം | എണ്ണം |
|---|---|
| 1993-94 | 6 |
| 1994-95 | 2 |
| 1995-96 | 10 |
| ആകെ: | 18 |

CRSP കക്കൂസ്: ഈ പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് സഹായധനമായി 2000 രൂപ വീതം 45 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

| വർഷം | പൂർത്തിയാക്കിയ കക്കൂസുകളുടെ എണ്ണം | തുക |
|---|---|---|
| 1993-94 | 27 | 54000 |
| 1994-95 | 7 | 14000 |
| 1995-96 | 11 | 22000 |
| 1996-97 | 15 എണ്ണം അനുവദിച്ചിട്ടുണ്ട്. | |

അംഗൻ വാടികൾ: 10 അംഗൻവാടികൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. മിക്ക അംഗൻവാടികൾക്കും കെട്ടിടങ്ങളുണ്ട്. പ്രവൃത്തി സമയം കാലത്ത് 9 മണി മുതൽ വൈകുന്നേരം 3 1/2 വരെയാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അംഗൻവാടി മുഖേന നടപ്പിലാക്കി വരുന്നു.

| വാർഡ് | എണ്ണം | കുട്ടികളുടെ എണ്ണം | 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | 1 | 18 | |
| 2 | 1 | 62 | |
| 3 | 1 | 20 | |
| 4 | 1 | 25 | |
| 5 | 1 | 35 | |
| 6 | 1 | 18 | |
| 7 | 2 | 43 | |
| 8 | 1 | 11 | |
| 9 | 1 | 30 | |
| 10 | | | |

മഹിളാ സമാജങ്ങൾ: ഓരോ അംഗൻവാടിക്കും ഓരോ മഹിളാ സമാജം എന്ന ക്രമത്തിൽ 10 മഹിളാ സമാജങ്ങളുണ്ട്.

## വിവിധ പെൻഷനുകൾ, ആനുകൂല്യങ്ങൾ:

1995-96 വർഷക്കാലം വിതരണം ചെയ്ത പെൻഷനുകളും, ആനുകൂല്യങ്ങളും താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | വാർദ്ധക്യകാല പെൻഷൻ: | ആൺ: 14 |
| | | പെൺ: 11 |
| 2. | വിധവാ പെൻഷൻ: | പെൺ: 134 |
| 3. | വികലാംഗ പെൻഷൻ: | |
| | മോറാഴ വില്ലേജ്: | ആൺ: 52 |
| | | പെൺ· 27 |
| 4. | തൊഴിലില്ലായ്മാ വേതനം: | |
| | പറ്റുന്നവർ | തൊഴിലില്ലാത്തവർ |
| | സ്ത്രീ: 42 | 2262 |
| | പു: 162 | 1119 |
| 5. | വികലാംഗ പെൻഷൻ | |
| | പെൻഷൻ പറ്റുന്നവർ | വികലാംഗരുടെ എണ്ണം |
| | സ്ത്രീ: 27 | 29 |
| | പു: 52 | 57 |
| 6. | ഡയറി ഡവലപ്പ്മെൻറ് | |
| | കർഷകർക്ക് സബ്സിഡി: 600.00 | |
| | കറവപ്പശു: | 7000.00 |
| | മാതൃകാതൊഴുത്ത്: | 1250.00 |
| 7. | കൃഷി: കേഷ് അവാഡ്: | 500 രൂപ |
| | പമ്പ് സെറ്റ്: | 12500 രൂപ |
| | റോക്കർ സ്പെയർ: | 5700 രൂപ |
| 8. | പട്ടികജാതി: ടി എ: | 323 രൂപ |
| | ചികിത്സ: | 2000 രൂപ |
| | നൾസറി സ്കൂൾ: | 1000 രൂപ |
| 9. | ദേശീയ പ്രസവാനുകൂല്യം: | 2400 രൂപ (8 പേർക്ക് 300ക വീതം) |

## പ്രശ്നങ്ങൾ

1. ഐആർഡിപി പദ്ധതി പ്രകാരം ധനസഹായമാവശ്യമായ ഗുണഭോക്താക്കൾ മുന്നോട്ടു വരുന്നില്ല.
2. വിവിധ സ്കീം പ്രകാരം ധനസഹായം വാങ്ങുന്നവർ പ്രസ്തുത തുക നിശ്ചയിക്കപ്പെട്ട പ്രവർത്തനത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല.
3. സിആർഎസ്പി സ്കീം പ്രകാരം കക്കൂസ് നിർമിക്കുന്നതിന് അപേക്ഷിക്കുന്നവർ നിരവധിയാണ്. എന്നാൽ അതനുസരിച്ച് അലോട്ട്മെൻറ് ലഭിക്കുന്നില്ല. 2000 രൂപയാണ് സഹായധനമായി നൽകുന്നത്. ഈ തുക തീരേ അപര്യാപ്തമാണ്.
4. ഡി ഡബ്ല്യൂ സി ആർ എ സ്കീം പ്രകാരം ഒരു യൂനിറ്റിൽ 10 വനിതകൾ വേണം. എണ്ണക്കൂടുതൽ ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഉത്തരവാദിത്വമേറ്റെടുത്ത് പ്രവർത്തിക്കാൻ അവർക്ക് ആത്മവിശ്വാസമില്ല. ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ പ്രയാസപ്പെടുന്നു.
5. ട്രൈസം സ്കീം പ്രകാരമുള്ള തൊഴിൽ പരിശീലനം നേടിക്കഴിഞ്ഞാൽ പ്രസ്തുത തൊഴിൽ ചെയ്യാൻ അവർ വിമുഖത കാണിക്കുന്നു.
6. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്തുന്നില്ല.
7. നിലവിലുള്ള 10 അംഗൻവാടി കെട്ടിടങ്ങൾ സൗകര്യപ്രദങ്ങളല്ല.
8. കുട്ടികൾക്ക് ഇരിക്കാനും കിടന്നുറങ്ങാനുമുള്ള സൗകര്യങ്ങൾ മിക്കവയിലും ആവശ്യത്തിനില്ല.
9. നാമമാത്രമായ കളിപ്പാട്ടങ്ങൾ മാത്രമേയുള്ളു.
10. അംഗൻവാടി, ഹെൽപ്പർ, വർക്കർ എന്നിവരുടെ സേവന- വേതന ഘടന തീരേ തൃപ്തികരമല്ല.
11. മിക്ക അംഗൻവാടികളിലും കക്കൂസ് സൗകര്യവും കിണറും ഇല്ല.
12. വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.
13. അനർഹരായ ആളുകൾ പെൻഷൻ വാങ്ങിക്കുന്ന സ്ഥിതിയുണ്ട്.

## നിർദ്ദേശങ്ങൾ:

1. ദാരിദ്ര്യ നിർമ്മാർജനത്തിനായി ആവിഷ്കരിക്കപ്പെട്ട ക്ഷേമപദ്ധതികൾ ഏതെന്നും അവ യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തിച്ചുകൊടുക്കേണ്ടതാണെന്നുമുള്ള അറിവ് രാഷ്ട്രീയ- സാമൂഹ്യ പ്രവർത്തകർക്ക് ആവശ്യമാണ്.
2. ജനകീയ ബോധവൽക്കരണം നടത്തണം.
3. സിആർഎസ്പി സ്കീം പ്രകാരം നൽകപ്പെടുന്ന 2000 രൂപ, 5000 രൂപ ആയി വർദ്ധിപ്പിക്കണം.
4. പുരുഷൻമാർ മുൻകൈ എടുത്ത് ഡി ഡബ്ല്യൂ സി ആർ എ യൂനിറ്റുകൾ ആരംഭിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കണം.
5. ഒരു ഗ്രൂപ്പിലെ സ്ത്രീകളുടെ എണ്ണം 10ൽ നിന്ന് 5 ആയി കുറക്കണം.
6. ട്രൈസം പദ്ധതി പ്രകാരം സ്വയംതൊഴിൽ പരിശീലനം നേടുന്നവരെ തൊഴിൽ ചെയ്യിക്കാനുള്ള പ്രോത്സാഹനവും പ്രേരണയും നൽകണം.
7. മഹിളാ സമാജത്തിൻെറ പ്രവർത്തനം ശക്തിപ്പെടുത്താനാവശ്യമായ സാമൂഹ്യ പിന്തുണ വേണം.
8. വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

9. ഡി ഡബ്ല്യു സി ആർ എ യൂനിറ്റുകൾ മഹിളാസമാജം മുഖേന നടത്താവുന്നതാണ്.
10. വിപണന സൗകര്യം ഏർപ്പെടുത്തി കൊടുക്കാനുള്ള സാമൂഹ്യ പിന്തുണ അവർക്ക് നൽകണം.
11. പഞ്ചായത്തിനകത്തു കിട്ടുന്ന അസംസ്കൃത വസ്തുക്കളും വിപണന സാധ്യതയും കണക്കിലെടുത്തു വേണം ഡി ആർ ഡബ്ല്യു സി ആർ എ യൂനിറ്റ് തുടങ്ങാൻ.
12. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
13. അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണം.
14. 10-ാം വാർഡിൽ പുതുതായി ഒരു അംഗൻവാടി ആരംഭിക്കണം.
15. കൂടാതെ താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി ആരംഭിക്കേണ്ടതാണ്.
    I -ാം വാർഡ്- വെള്ളിക്കീൽ
    IV -ാം വാർഡ്- കുറ്റിപ്രം
    V -ാം വാർഡ്- അയ്യങ്കോൽ, നെല്ലിയോട്ട്
    VI -ാം വാർഡ്-നണിച്ചേരി, കോടല്ലൂർ
16. II -ാം വാർഡിലെ മോറാഴ സെൻട്രലിലും III -ാം വാർഡിലെ ഒഴക്രോത്തും പ്രവർത്തിച്ചു വരുന്ന അംഗൻവാടികൾക്ക് അംഗീകാരം നേടാൻ കഴിയുമോ എന്നാരായേണ്ടതാണ്.
17. വനിതാ സംഘടനകൾ പ്രാദേശിക പ്രശ്നങ്ങളിൽ ഊന്നൽ കൊടുത്ത് പ്രവർത്തിക്കേണ്ടതാണ്. ഡി ഡബ്ല്യു സി ആർ എ പോലുള്ള പദ്ധതിക്കാവശ്യമായ വനിതാ ഗ്രൂപ്പുകളെ കണ്ടെത്താൻ അവർക്കാവണം.



# സംസ്കാരം

ആന്തൂർ പഞ്ചായത്തിന് സ്വന്തമായൊരു സാംസ്കാരിക പൈതൃകമുണ്ട്. ഉത്തര കേരളത്തിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ പറശ്ശിനി മടപ്പുര, ശ്രീമുത്തപ്പൻ ക്ഷേത്രം ഇവിടെയാണ്. കടമ്പേരി ചുഴലി ഭഗവതി ക്ഷേത്രം, ഇടപ്പാറ ക്ഷേത്രം, മോറാഴ ശിവക്ഷേത്രം, കീഴ്ത്തള്ളി ശിവക്ഷേത്രം, പാന്തോട്ടം ശിവക്ഷേത്രം, നെല്ലിയോട് ക്ഷേത്രം, മോറാഴ വാണീശ്വരി ക്ഷേത്രം, നീലിയാർ കോട്ടം തുടങ്ങിയവ ചിരപുരാതനങ്ങളും പ്രസിദ്ധങ്ങളുമായ സാംസ്കാരിക കേന്ദ്രങ്ങളാണ്. ആരാധന സ്ഥലത്ത് കെട്ടിടമില്ലാത്തതും വിസ്തൃതമായ വനഭൂമിയുടെ പശ്ചാത്തലം ഉള്ളതും ആയ നീലിയാർ കോട്ടം വ്യതിരിക്തമായ ഒരു സാംസ്കാരിക തുരുത്തായി കണക്കാക്കാം. കൂടാതെ ധാരാളം കാവുകളും സർപ്പക്കാവുകളും കോട്ടങ്ങളും ആരാധനാലയങ്ങളായിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ എന്നതിന് പുറമെ പ്രാദേശിക ഭരണസംവിധാനങ്ങളുടെ ഭാഗങ്ങൾ കൂടിയായിരുന്നു. ഇത്തരം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ആണ്ട് ഉൽസവങ്ങൾ, തിറകൾ, മറ്റ് ആഘോഷങ്ങൾ, ഗ്രാമീണ ജീവിതത്തിലെ കൂട്ടായ്മയുടെയും ഗ്രാമീണ സമൂഹത്തിലെ പ്രതീക്ഷയുടെയും അഭിലാഷങ്ങളുടെയും പ്രതീകങ്ങൾ കൂടിയായിരുന്നു. സമൂഹത്തിൽ പൊതുവെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഈ രംഗത്തും പ്രതിഫലിക്കുന്നുണ്ട്.

അയ്യങ്കോൽ, അഞ്ചാംപീടിക, പുന്നക്കുളങ്ങര, ബക്കളം, കോൾമൊട്ട, തളിയിൽ, നണിച്ചേരി എന്നീ പ്രാദേശങ്ങളിൽ മുസ്ലിം ജനവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ സ്ഥിതിചെയ്യുന്നു. മതപരമായ വിശേഷ ദിവസങ്ങളിൽ നടത്തുന്ന ആഘോഷങ്ങൾ ഇതുമായി ബന്ധപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങൾ കൂടിയാണ്.

ക്രിസ്തീയ ജനവിഭാഗങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയിട്ടുണ്ട്. ബക്കളത്ത് അവർക്ക് ഒരു ആരാധനാലയം ഉണ്ട്. ക്രിസ്മസ് വേളയിൽ ഘോഷയാത്രകൾ (കരോൾ) സംഘടിപ്പിക്കാറുണ്ട്.

### ആന്തൂർ ഗ്രാമപഞ്ചായത്ത്

#### ആരാധനാലയങ്ങളുടെ പേര് വിവരം

| | |
|---|---|
| 1. പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രം | 9. ഇടപ്പാറ ക്ഷേത്രം |
| 2. നീലിയാർ കോട്ട | 10. കീഴ്ത്തളി ശിവക്ഷേത്രം |
| 3. മോറാഴ ശിവക്ഷേത്രം | 11. മോറാഴ പാലക്കുന്ന് ഭഗവതിക്ഷേത്രം |
| 4. വയത്തൂർ കാലിയാർ ക്ഷേത്രം-പാന്തോട്ടം | 12. അയ്യങ്കോൽ അയ്യപ്പക്ഷേത്രം |
| 5. വടേശ്വരം ക്ഷേത്രം | 13. അന്തി മഹാകാളക്ഷേത്രം |
| 6. വാണീശ്വര ക്ഷേത്രം | 14. ആന്തൂർ കോട്ടം |
| 7. നെല്ലിയോട്ട് അമ്പലം | 15. ഇടയാത്തെ കോട്ടം |
| 8. കടമ്പേരി അമ്പലം | 16. കോല്ലൂർ ആശാരിക്കോട്ടം |

17. തളിയിൽ ആശാരിക്കോട്ടം
18. നെല്ലിയോട്ട് ആശാരിക്കോട്ടം
19. ചോന്നമ്മ കോട്ടം - പറശ്ശിനിക്കടവ്
20. കൊവ്വപ്രത്ത് കാവ് - മോറാഴ
21. ആനയോട്ട് കാവ് - മോറാഴ
22. പണ്ണേരിക്കാവ്
23. ആന്തൂർ കാവ്
24. വല്ല്യേരി കാവ്
25. പൊനോകൈ മഠം
26. കിഴക്കേച്ചേരി കാവ്
27. പാറപ്രത്ത് കാവ്
28. അയ്യങ്കോൽ മസ്ജിദ്
29. ബക്കളം മസ്ജിദ്
30. പുന്നക്കുളങ്ങര മസ്ജിദ്
31. അഞ്ചാംപീടിക മസ്ജിദ്
32. കോൾമൊട്ട മസ്ജിദ്
33. മൂസാൻകുന്ന് ജുമാ മസ്ജിദ്
34. ഫാത്തിമ മാതാ ചർച്ച് - ബക്കളം

പഞ്ചായത്ത് അതിർത്തയിലെ ജാതിമത ഘടന പരിശോധിച്ചാൽ ഹിന്ദു ജനവിഭാഗമാണ് കൂടുതൽ. ഇതിൽതന്നെ മറ്റ് പിന്നോക്ക ജനവിഭാഗങ്ങളാണ് ഏറെയുള്ളത്. പട്ടികജാതിക്കാർ മൊത്തം ജനസംഖ്യയുടെ 13% വരും. അവരുടെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട ഏതാനും കേന്ദ്രങ്ങളുണ്ട്. മുസ്ലിം ക്രൈസ്തവ ജനവിഭാഗങ്ങളാണ് മറ്റുള്ളവർ. ക്രൈസ്തവ ജനവിഭാഗങ്ങളിൽ ബഹുഭൂരിപക്ഷവും ഇതരമതത്തിൽ നിന്നും പരിവർത്തനം ചെയ്യപ്പെട്ടവരാണ്. ജാതിചിന്തയുടെ അവശിഷ്ടങ്ങൾ ചില പ്രദേശങ്ങളിൽ നേരിയ തോതിലെങ്കിലുമുണ്ട്.

വിവിധ ജാതിമത വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശമാണെങ്കിലും സാമുദായിക സൗഹാർദ്ദവും മതമൈത്രിയും കാത്തുസൂക്ഷിക്കുന്ന ഒരുപ്രദേശമാണിത്. കാലകാലമായി നടത്തിവരുന്ന പറശ്ശിനി മടപ്പുര ശ്രീ മുത്തപ്പൻ ക്ഷേത്രത്തിലെ തിരുവപ്പന മഹോൽസവം ആന്തൂരിലേത് മാത്രമല്ല, ഉത്തരകേരളത്തിലെ തന്നെ ഒരു മഹോൽസവമാണ്. കടമ്പേരി പാട്ടും തിരുമുടിയും പ്രസിദ്ധമാണ്. കളിയാട്ടങ്ങൾ, തിറകൾ, തെയ്യങ്ങൾ, വയൽത്തിറകൾ തുടങ്ങിയവ ആരാധനയുമായി ബന്ധപ്പെട്ട ഗ്രാമീണോൽസവങ്ങളാണ്.

ഗന്ധർവൻ പാട്ട്, മലയൻ കെട്ട്, കണ്ണേറ്പാട്ട്, കളംപാട്ട് തുടങ്ങിയ അനുഷ്ഠാന കലകൾ കാലം മറന്നപ്പെട്ടിട്ടുണ്ട്. തെരണ്ട് കല്ല്യാണം, കാതുകുത്ത്, വണ്ണാത്തി മാറ്റ്, മന്ത്രിച്ച്കെട്ടൽ, ജപിച്ച്ഊതൽ തുടങ്ങിയവ ഇല്ലാതായി. പുല, ബാലായ്മ എന്നിവ ആചരിക്കുന്നതിന് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളും കുടുംബാഗങ്ങളും മാത്രമാണ്. ബലി, ചാവ്, അടിയന്തിരം തുടങ്ങിയവയുടെ അനുഷ്ഠാനം കുറഞ്ഞ് വരുന്നുണ്ട്. പുള്ളുവൻപാട്ട്, കോതാമൂരി, വേടൻ തുടങ്ങിയ കലാരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. കുറവനും കുറങ്ങും, പക്ഷിശാസ്ത്രം, പാമ്പാട്ടിയും പാമ്പും, കൈനോട്ടം, മഷിനോട്ടം തുടങ്ങിയവ ഉപജീവനമാക്കിയ കുടുംബങ്ങൾ തളിയിൽ പ്രദേശത്ത് ഉണ്ടായിരുന്നു. അവരുടെ പുതിയ തലമുറ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല.

കാവുകളുമായി ബന്ധപ്പെട്ട തറയിൽ കാരണവന്മാർ, സ്ഥാനികൾ തുടങ്ങിയ സ്ഥാനങ്ങളും പ്രാർത്ഥനകളും മൺമറഞ്ഞു. ലളിതമായ വിവാഹച്ചടങ്ങുകൾ ആർഭാടത്തിലും ധൂർത്തിലേക്കും വഴിമാറുകയാണ്. ലളിതമായ ഗ്രാമീണശൈലികൾ കൈവിട്ട് വ്യാപാരാധിഷ്ഠിത മൂല്യങ്ങളിലേക്ക് നീങ്ങുകയാണ്.

ഇന്നത്തെ രൂപത്തിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങളുടെ ഘടനയും പ്രവർത്തനവും ആന്തൂർ പഞ്ചായത്തിൽ ആരംഭിക്കുന്നത് ദേശീയ പ്രസ്ഥാനത്തോടൊപ്പം തന്നെയാണ്. 1933 ൽ പറശ്ശിനിക്കടവിൽ ആരംഭിച്ച വായനശാലയാണ് പഞ്ചായത്തിൽ ആദ്യത്തെ സ്ഥാപനം. ദേശീയ പ്രസ്ഥാന പ്രവർത്തനങ്ങളുടെ മറ്റൊരുകേന്ദ്രമായിരുന്ന ബക്കളത്ത് 1934 ൽ രണ്ടാമത്തെ വായനശാല സ്ഥാപിക്കപ്പെട്ടു. സാക്ഷരതാ പ്രവർത്തനം, പൊതുജന വിദ്യാഭ്യാസം എന്നിവയൊടൊപ്പം ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്ന കേന്ദ്രങ്ങൾ കൂടിയായിരുന്നു ഇത്തരം സ്ഥാപനങ്ങൾ. സംസ്കൃത പണ്ഡിതൻ ജോതിഷവിദഗ്ധൻ, വൈദ്യവിശാരദൻ, പൂരക്കളി, കലാശം തുടങ്ങിയ അനുഷ്ഠാന കലകളെ ചിട്ടപ്പെടുത്തിയ വ്യക്തി എന്ന നിലകളിൽ പ്രശസ്തനായിരുന്ന ശ്രീ തറോൽ കണ്ണൻ ഗുരുക്കൾ ദേശീയ പ്രസ്ഥാന നേതാക്കളുമായി ദൃഢബന്ധമുള്ള വ്യക്തിയായിരുന്നു. പീലേരി പ്രദേശം പ്രശസ്തമായ പാരമ്പര്യ വൈദ്യന്മാരുടെ കേന്ദ്രമാണ്.

പറശ്ശിനിക്കടവ് ശ്രീമുത്തപ്പൻ കഥകളി യോഗം കേരളത്തിലെ പ്രശസ്തമായ ഒരുസ്ഥാപനമാണ്. ഈ കേന്ദ്രത്തിൽ സൗജന്യമായി കഥകളി പരിശീലിപ്പിക്കുന്നുണ്ടെങ്കിലും വേണ്ടത്ര പഠിതാക്കളെ ലഭിക്കുന്നില്ല.

കമ്യൂണിസ്റ്റ് പാർടിയുടെ ഒന്നാം കോൺഗ്രസിൻെറ ഭാഗമായി ബോംബെയിൽ ആന്തൂരിൽ നിന്നുള്ള കലാട്രൂപ്പിനെ നയിച്ചത് ശ്രീ. കോരൻ മാസ്റ്ററായിരുന്നു. 1930 കളിൽ ശ്രീമുത്തപ്പ വിലാസം നാടകക്കമ്പനി പറശ്ശിനിക്കടവിൽ പ്രവർത്തിച്ചിരുന്നു.

## ആന്തൂർ ഗ്രാമപഞ്ചായത്ത്

### കായികസ്ഥാപനങ്ങളുടെ പേര് വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേരും മേൽവിലാസവും | കെട്ടിടത്തിൻെറ വിവരം |
|---|---|---|
| 1. | ചിത്രാ തിയേറ്റേഴ്സ്, പാളയത്ത്വളപ്പ് | സ്വന്തം |
| 2. | പ്രഭാത കലാസമിതി, മൊറാഴ | സ്വന്തം |
| 3. | അഴീക്കോടൻ സ്മാരക ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മൊറാഴ സെൻട്രൽ | സ്വന്തം |
| 4. | കൈരളി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പെരിയാട് | |
| 5. | മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, അയ്യങ്കോൽ | |
| 6. | മൊറാഴ കൾചറൽ സെൻറർ, മൊറാഴ | |

7. റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, ഒഴകോം

8. ഭാവനാ ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, പാളയത്തുവളപ്പ്

9. യുവശക്തി ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, കാനൂൽ

10. യുവധാര ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, കാനൂൽ

11. ഉദയ കലാസമിതി, കാനൂൽ

12. യുക്തി മാതൃഭൂമി സ്റ്റഡിസർക്കിൾ, കടമ്പേരി

13. റെഡ്സ്റ്റാർ ആർട്സ് ക്ലബ്ബ്, കടമ്പേരി

14. യുവജന കലാസമിതി, കടമ്പേരി

15. പി പി ഗോവിന്ദൻ സ്മാരക കലാസമിതി, നെല്ലിയോട്

16. യുവപ്രതിഭ സ്പോട്സ് ആൻറ് ആർട്സ് ക്ലബ്ബ്, പീലേരി

17. ബക്കളം ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, ബക്കളം

18. പുന്നക്കുളങ്ങര ബ്രദേർസ് സ്പോട്സ് ക്ലബ്ബ്

19. യുവധാരാ ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, പാന്തോട്ടം

20. അശ്വതി മാതൃഭൂമി സ്റ്റഡിസർക്കിൾ, പാന്തോട്ടം

21. വിവേകാനന്ദ ആർട്സ് ആൻറ് സ്പോട്സ് ക്ലബ്, കളിച്ചാൽ

22. യുവരംഗ് ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, കുളിച്ചാൽ

23. ക്രിക്കറ്റ് ക്ലബ്ബ്, പെരിയാട്

24. ബ്രദേർസ് ആർട്സ് ആൻറ് സ്പോട്സ് ക്ലബ്, മൊറാഴ സെൻട്രൽ

25. പ്രാചീന കലാകേന്ദ്രം

26. ദാർ-ഇൻ-ഹുദാ ദഫ്സംഘം, കടമ്പേരി

27. കലാകൂടം, മൊറാഴ

28. സംഘചേതന, മൊറാഴ

29. ചാതുര്യ പാവകളിസംഘം, കാനൂൽ

30. ഉദയാ ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, കോടല്ലൂർ

31. വൈ. ബി സി, പറശ്ശിനിക്കടവ്

32. ശ്രീരാഗം, തലുവിൽ കുന്നിൻപുറം

33. റെഡ്സ്റ്റാർ, തളിയിൽ

34. ചേതന, കണ്ണപ്പിലാവ്

35. ബ്രദേർസ് സ്പോട്സ് ക്ലബ്, പറശ്ശിനിക്കടവ്

36. റെഡ്സ്റ്റാർ, പറശ്ശിനിക്കടവ്

37. മമ്പാല യുവജന കലാവേദി, പറശ്ശിനിക്കടവ്

38. യുവശക്തി, കൊവ്വൽ

| | |
|---|---|
| 39. | യുവധാരാ ആർട്സ് ക്ലബ്, പറശ്ശിനിക്കടവ് |
| 40. | ലാമിംഗ്, പറശ്ശിനിക്കടവ് |
| 41. | ഉദയ സ്പോട്സ് ക്ലബ്ബ്, കമ്പിൽക്കടവ് |
| 42. | കനകാലയ കലാവേദി, തളിയിൽ |
| 43. | സെലക്ടഡ് സ്പോട്സ് ക്ലബ്ബ്, ഇരുമ്പ്കല്ലിൻതട്ട് |
| 44. | ടൈംപാസ് സ്പോട്സ് ക്ലബ്ബ്, തളിയിൽ |
| 45. | സത്യാ ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, തളിയിൽ |
| 46. | സ്റ്റാർപ്ലസ് ആർട്സ് ആൻറ് സ്പോട്സ് ക്ലബ്, കണിച്ചേരി |
| 47. | മൊറാഴ സാംസ്കാരിക വേദി, ബക്കളം |
| 48. | ആന്തൂർ കലാസാംസ്കാരിക കേന്ദ്രം, പറശ്ശിനിക്കടവ് |

ഇന്ന് പഞ്ചായത്തിൽ 13 ഗ്രന്ഥശാലകളും 18 വായനശാലകളും 48 കലാകായിക സ്ഥാപനങ്ങളും ഉണ്ട് (പട്ടിക കാണുക). ഈ സ്ഥാപനങ്ങൾ നാടകാഭിനയം, ചൊൽക്കാഴ്ചകൾ, വിൽകലാമേളകൾ, പാവനാടകങ്ങൾ, ദഫ്മുട്ട് പരിശീലനം, ശാസ്ത്രീയ സംഗീതം, നൃത്തപരിശീലനം, ഉപകരണ സംഗീതം, ചിത്രരചനാഭ്യാസം, എഴുത്തുകാർക്കുള്ള ശിൽപശാലകൾ, പൂരക്കളി, കോൽക്കളി തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുകയും വേദികളിൽ അവതരിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ലക്ഷ്യബോധമുള്ള വായനയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ 1253 ടെലിവിഷനുകളും 3457 റേഡിയോകളും ഉണ്ട്. ഇതിനെ വിശകലനം ചെയ്താൽ ശരാശരി 18 പേർക്ക് ഒരു ടെലിവിഷനും 6 പേർക്ക് ഒരു റേഡിയോയു ആന്തൂർ പഞ്ചായത്തിൽ ഉണ്ട്. സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ ഗ്രന്ഥശാലകളുടെ സ്ഥാപന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നുവല്ലോ. സാമൂഹ്യപുരോഗതിക്ക് ചാലകശക്തികളാവേണ്ട ഇത്തരം സ്ഥാപനങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ചുള്ള സാംസ്കാരിക ജീർണത പ്രചരിപ്പിക്കുന്ന കേന്ദ്രങ്ങളായി മാറുന്നുണ്ടോ എന്ന പരിശോധന നല്ലതാണ്.

നാടൻ കലാസങ്കേതങ്ങളിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ അവതരിപ്പിച്ച് ബോധവൽക്കരണം നടത്തിയിരുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പഴയശൈലി കൈമോശം വന്നിരിക്കുന്നു. മറ്റുപ്രദേശങ്ങളിൽ നിന്നുള്ള പ്രൊഫഷണൽ ട്രൂപ്പുകളെ ക്ഷണിച്ചു വരുത്തി സാംസ്കാരിക പ്രവർത്തനം നടത്തുക വഴി നാട്ടുകാരുടെ മുൻകൈ പ്രവർത്തനവും കൂട്ടായ്മയും ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

ദേശാഭിമാനി, മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി എന്നീ ദിനപ്രത്രങ്ങളും ഏതാനും സായാഹ്ന പത്രങ്ങളും പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. ഇംഗ്ലീഷ് പത്രങ്ങളും പ്രചാരത്തിലുണ്ട്. പത്രലഭ്യത 1/7 ആണ്. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന മിക്കവാറും എല്ലാ വാരികകളും മാസികകളും ബാലമാസികകളും പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. ലക്ഷ്യബോധമുള്ള വായന വേണ്ടത്ര ഉണ്ടെന്ന് പറഞ്ഞുകൂട.

കായിക പരിശീലന സൗകര്യങ്ങൾ ഒരു ജനതയുടെ ആരോഗ്യത്തിന്റെ സൂചകമാണ്. സംസ്ഥാനതലത്തിലുള്ള നിരവധി കായിക താരങ്ങളെ സംഭാവന ചെയ്ത ഒരു പ്രദേശമാണിത്. പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ പ്രശസ്തമായ ഫുട്ബോൾ ടീമുകളെ പ്രദാനം ചെയ്ത പ്രദേശമാണിത്. കായിക രംഗത്തെ പ്രതിഭകളെ പ്രോൽസാഹിപ്പിക്കാൻ കഴിവുള്ള നിരവധി സ്ഥാപനങ്ങളും സൗകര്യങ്ങളും പഞ്ചായത്തിൽ ഉണ്ട്. അതിനനുസരിച്ചുള്ള പരിശീലനം നടക്കുന്നില്ല. നാടൻകളികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കായികരംഗത്ത് അനഭിലഷണീയമായ സംസ്കാരം രൂപപ്പെട്ടുവരുന്നു. വിദ്യാലയങ്ങളിൽ കായിക പരിശീലനം നടക്കുന്നില്ല. കായിക പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗവുമല്ല. കായികക്ഷമതക്ക് പ്രാധാന്യമുള്ള തൊഴിൽമേഖലകളിൽ പഞ്ചായത്തിലെ യുവജനങ്ങൾ പിൻതള്ളപ്പെടുന്നു. സർക്കാർ സംവിധാനങ്ങൾ വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിയുന്നില്ല.

പ്രശ്നങ്ങൾ:-

1. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ സജീവമല്ല. സ്ഥിരമായ വായനക്കാർ വേണ്ടത്രയില്ല.
2. ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് സാക്ഷരതാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നില്ല.
3. വായനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഗ്രന്ഥശാലകൾ നടത്തുന്നില്ല.
4. ഗ്രാമത്തിലെ കലാസാംകാരിക രംഗത്ത് താൽപര്യമുള്ള പുത്തൻ പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നില്ല.
5. ഗ്രാമീണ കലാകായിക വിനോദങ്ങളെ പ്രോൽസാഹിപ്പിക്കുന്നില്ല.
6. എൽ പി സ്കൂളിൽ ഗ്രന്ഥശേഖരണമില്ല. ഉള്ള സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമല്ല.
7. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം വായനയെ പ്രോൽസാഹിപ്പിക്കുന്നതല്ല.
8. ഗ്രാമത്തിൽ കലാസാംസ്കാരിക കായിക പ്രവർത്തനങ്ങൾക്ക് കോർഡിനേഷൻ ഇല്ല.

സാധ്യതകൾ:-

1. ഗ്രാമീണ സാഹിത്യ സായാഹ്നങ്ങൾ സംഘടിപ്പിക്കുക.
2. ഇലക്ട്രോണിക് മാധ്യമ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കാൻ വിഡിയോ ക്ലബ്ബുകൾ രൂപീകരിക്കുക.
3. ഗ്രാമോൽസവങ്ങൾ സംഘടിപ്പിക്കുക.
4. ഗ്രാമീണ ജിംനാഷ്യങ്ങൾ സംഘടിപ്പിക്കുക.
5. സ്ത്രീകൾക്ക് പ്രത്യേകം കായിക വിനോദകേന്ദ്രങ്ങൾ സ്ഥാപിക്കുക.
6. നാടൻപാട്ടുകൾ, നാട്ടറിവുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

# കോർഗ്രൂപ്പിൽ പ്രവർത്തിച്ചവർ

**1. കൃഷി- ജലസേചനം**

ഇ. നാരായണൻ മാസ്റ്റർ
കെ. നാരായണൻ മാസ്റ്റർ എൻ.വി. നാരായണൻ
ടി ജനാർദനൻ ടി. പി. ഓമന, പി. രംഖ
ഒ. ടി. ചിണ്ടൻ, കെ. പി. ഗോപാലൻ.

**2. മൃഗസംരക്ഷണം- മൽസ്യബന്ധം**

ഒ. ബാലകൃഷ്ണൻ, സി ബാലകൃഷ്ണൻ
എൻ.വി. വേണുഗോപാലൻ
ഒ. സി നാരായണൻ, ഡോ. ജലാലുദ്ദീൻ
ഡോ. മഞ്ജുനാഥ്, സി. എം സഹദേവൻ വിരുപ്പിൽ കൃഷ്ണൻ.

**3. വിദ്യാഭ്യാസം**

കെ. പവിത്രൻ മാസ്റ്റർ, എ.വി. മാധവൻ
കെ. പ്രഭാകരൻ, പി. കെ ബാലകൃഷ്ണൻ മാസ്റ്റർ
ഇ. കെ വിനോദൻ, എം ചന്ദ്രഭാനു എ. വി. ബാബു.

**4. കുടിവെള്ളം- പൊതുജനാരോഗ്യം**

ടി. സുരേഷ് ബാബു ഡോ. ടി. പി. ശ്രീദേവിഅമ്മ
കെ. പി. രാജീവൻ, ഷെറിൻ ബാബു
കെ. പി. ശ്യാമള, സി. വി ദിനേശൻ.

**5. വ്യവസായം**

കെ. വി. പ്രേമരാജൻ മാസ്ററർ
യു. പി രാജഗോപാലൻ
സി. ഗോപാലൻ മാസ്റ്റർ, കെ. സോമൻ
സി. പ്രേമരാജൻ, പി. സുഗുണൻ എസ്. പി. ശ്രീധരൻ.

**6. ഗതാഗതം, ഊർജം**

കെ വാസു, സി ഭരതൻ, പി. എം രാമകൃഷ്ണൻ
എ. വി ബാബു, പി. ശാന്തകുമാരി
കെ. മഞ്ജുള.

**7. പാർപ്പിടം- സാമൂഹ്യക്ഷേമം**

എ. ബാലകൃഷ്ണൻ, കെ. ഓമന
എം. ലക്ഷ്മണൻ, പി.പി. ഭൂപേശ്.

**8. സംസ്കാരം**

പി. എം പവിത്രൻ മാസ്റ്റർ, പി എൻ രാജപ്പൻ മാസ്റ്റർ
പോരയിൽ ഉണ്ണികൃഷ്ണൻ
ബക്കളം ദാമോദരൻ.

**9. വനിതക്ഷേമം**

കെ. വി. ജാനകി ടീച്ചർ, സി. മഞ്ജുള
ടി. വൽസൻ മാസ്ററർ, കെ. രേണുക കെ. ജാനകി ടീച്ചർ.

**10. സഹകരണം**

പി. വി. കെ കടമ്പേരി, സി. വി കൃഷ്ണൻ
പോള കരുണാകരൻ, പാലക്കീൽ ബാലിൻ നമ്പ്യാർ
പി. വാസുദേവൻ, കെ. ചന്ദ്രൻ മാസ്റ്റർ, കെ. നാരായണൻ.

**11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം**

സി. കുമാരൻ, കെ. കെ കുഞ്ഞമ്പു മാസ്റ്റർ
പി. പി. അബ്ദുൾ നാസർ
കെ. ഗൗരി.

**12. വിഭവസമാഹരണം**

കൊമ്പൻ കുഞ്ഞപ്പ, കെ. ഭാസ്കരൻ മാസ്റ്റർ
എം കുഞ്ഞിരാമൻ, കെ. മനോഹരൻ
പണ്ടാരി ബാലൻ.

# ആന്തൂർ ഗ്രാമപഞ്ചായത്ത്: ഗ്രന്ഥശാലകൾ/ വായനശാലകൾ

പട്ടിക I

| | | വാർഡ് | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിദിന വിതരണം | [illegible] |
|---|---|---|---|---|---|---|---|---|
| 1 | കൈരളി വായനശാല & ഗ്രന്ഥാലയം പെരിയാട് | I | 1967 | സ്വന്തം | 111 | 1477 | 200 | E ഗ്രേഡ് |
| 2 | സി. എച്ച് കണാരൻ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം പന്നേരി | I | 1975 | സ്വന്തം | 111 | 630 | 50 | F ഗ്രേഡ് |
| 3 | മൊറാഴ ഗ്രാമീണ വായനശാല & ഗ്രന്ഥാലയം | I | 1960 | സ്വന്തം | 689 | 3461 | 200 | D ഗ്രേഡ് |
| 4 | കർഷക വായനശാല & ഗ്രന്ഥാലയം പാളയത്ത്വളപ്പ് | II | 1964 | സ്വന്തം | 179 | 2897 | 125 | E ഗ്രേഡ് |
| 5 | പി കെ നാരായണൻ മാസ്റ്റർ സ്മാരക വായനശാല & ഗ്രന്ഥാലയം അഞ്ചാംപീടിക | III | 1970 | സ്വന്തം | 94 | 2434 | 250 | D ഗ്രേഡ് |
| 6 | യുവജന വായനശാല & ഗ്രന്ഥാലയം ഒഴക്രോം | III | 1961 | സ്വന്തം | 212 | 2984 | 100 | D ഗ്രേഡ് |
| 7 | ഗ്രാമീണ വായനശാല & ഗ്രന്ഥാലയം പുന്നക്കുളങ്ങര | III | 1962 | സ്വന്തം | 165 | 1671 | 57 | F ഗ്രേഡ് |
| 8 | സി.ആർ.സി. പൊതുജന വായനശാല & ഗ്രന്ഥാലയം കടമ്പേരി | V | 1954 | സ്വന്തം | 819 | 7662 | 250 | A ഗ്രേഡ് |
| 9 | സി.ആർ.സി. വായനശാല & ഗ്രന്ഥാലയം കോടല്ലൂർ | VI | 1956 | സ്വന്തം | 457 | 3842 | 100 | C ഗ്രേഡ് |
| 10 | പബ്ലിക് ലൈബ്രറി പറശ്ശിനിക്കടവ് | VIII | 1957 | സ്വന്തം | 50 | 3631 | 75 | D ഗ്രേഡ് |
| 11 | കിസാൻ വായനശാല & ഗ്രന്ഥാലയം, കണിച്ചേരി | IX | 1980 | സ്വന്തം | 119 | 1139 | 60 | F ഗ്രേഡ് |
| 12 | പി പി അച്യുതൻ മാസ്റ്റർ സ്മാരക വായനശാല & ഗ്രന്ഥാലയം കമ്പിൽക്കടവ് | IX | 1978 | സ്വന്തം | 103 | 620 | 50 | F ഗ്രേഡ് |
| 13 | തറോൽ കണ്ണൻ ഗുരുക്കൾ സ്മാരക വായനശാല & ഗ്രന്ഥാലയം ബക്കളം | X | 1962 | സ്വന്തം | 61 | 2701 | 75 | F ഗ്രേഡ് |
| 14 | കെ കെ എൻ പരിയാരം സ്മാരക വായനശാല പാന്തോട്ടം | I | | സ്വന്തം | | | | |
| 15 | പ്രിയദർശിനി വായനശാല പാന്തോട്ടം | I | | സ്വന്തം | | | | |
| 16 | അഴീക്കോടൻ സ്മാരക വായനശാല മോറാഴ സെൻട്രൽ | I | | സ്വന്തം | | | | |
| 17 | എ കെ ജി സ്മാരക വായനശാല വേണിയിൽ | II | | സ്വന്തം | | | | |
| 18 | കുറ്റിപ്പുറത്ത് നാരായണൻ സ്മാരക വായനശാല കുറ്റിപ്രം | IV | | സ്വന്തം | | | | |
| 19 | കെ വി സ്മാരക വായനശാല ഉടുപ്പ | IV | | സ്വന്തം | | | | |
| 20 | എ വി കുഞ്ഞമ്പു സ്മാരക വായനശാല അയ്യങ്കോൽ | V | | സ്വന്തം | | | | |
| 21 | എകെജി സ്മാരക വായനശാല ബക്കളം | V | | സ്വന്തം | | | | |
| 22 | അഴീക്കോടൻ സ്മാരക വായനശാല കോൾതുരുത്തി | VI | | സ്വന്തം | | | | |
| 23 | രക്തസാക്ഷി വായനശാല നണിച്ചേരി | VI | | സ്വന്തം | | | | |
| 24 | യുവപ്രഭാവേദി, കോൾമൊട്ട | VI | | സ്വന്തം | | | | |
| 25 | അഴീക്കോടൻ സ്മാരക വായനശാല, തളിവയൽ | VII | | സ്വന്തം | | | | |
| 26 | എകെജി സ്മാരക വായനശാല, തളിയിൽ | VII | | സ്വന്തം | | | | |
| 27 | തലുവിൽ പൊതുജന വായനശാല തലുവിൽ | VII | | സ്വന്തം | | | | |
| 28 | ഗാന്ധിജി സ്മാരക വായനശാല മൈലാട്ട് | X | | സ്വന്തം | | | | |
| 29 | സുധീഷ് സ്മാരക വായനശാല മുണ്ടപ്രം | X | | സ്വന്തം | | | | |
| 30 | കൈരളി വായനശാല കാനൂൽ | X | | സ്വന്തം | | | | |
| 31 | ഉദയ കോടല്ലൂർ | VI | | സ്വന്തം | | | | |



# വനിതാക്ഷേമം

1930 കളിൽ തന്നെ ആന്തൂർ പഞ്ചായത്തിലെ സ്ത്രീകൾ സാമൂഹ്യ -സാംസ്കാരിക -രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു. കരിഞ്ചിരിയേടത്തി എന്നറിയപ്പെടുന്ന പി എം മാധവി, എം കെ നാരായണി, സി പൈതൽ, പി മാധവി തുടങ്ങിയ വ്യക്തികളാണ് നേതൃനിരയിലുണ്ടായിരുന്നത്. വീട്ടമ്മമാരുമായി നിരന്തരം ബന്ധം പുലർത്തുക വഴി സ്ത്രീകളെ മുന്നോട്ടു കൊണ്ടു റന്ന് മഹിളാസംഘങ്ങൾ രൂപീകരിച്ചു. ഈ സംഘങ്ങളുടെ നേതൃത്വത്തിൽ സ്ത്രീകൾ മാത്രം അഭിനയിക്കുന്ന നാടകങ്ങളും മറ്റ് കലാസാംസ്കാരിക പ്രവർത്തനങ്ങളും പഞ്ചായത്തിനകത്തും പുറത്തും സംഘടിപ്പിച്ചിരുന്നു. 1942 ൽ കോളറ രോഗം പടർന്നുപിടിച്ചപ്പോൾ വനിതകൾ സേവന പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. ഓരോ വീട്ടിലും പച്ചക്കറി കൃഷി, ആടുമാടു വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിച്ച് സ്ത്രീകളുടെ സാമ്പത്തികനില ഉയർത്തുന്ന കാര്യത്തിലും ശ്രദ്ധിച്ചിരുന്നു. ഇതിനൊക്കെ സഹായകമായ മറ്റൊരു പശ്ചാത്തലം വിദ്യാഭ്യാസപരമായി ഇവിടെയുണ്ടായിരുന്നു. 60 വർഷങ്ങൾക്ക് മുമ്പേ പെൺകുട്ടികൾക്ക് മാത്രം പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന ഒരു വിദ്യാലയം പഞ്ചായത്തിലെ മയിലാട്ട് എന്ന സ്ഥലത്തുണ്ടായിരുന്നു. ഇതാണ് ഇന്നത്തെ മൊറാഴ ഗവ. യു പിസ്കൂൾ. 1946 ൽ പഞ്ചായത്തിൽ നടത്തിയിരുന്ന നിശാപാഠശാലാ പ്രവർത്തനത്തിലും സ്ത്രീകൾ ഉണ്ടായിരുന്നു. ഇങ്ങനെ പഞ്ചായത്തിലെ സ്ത്രീകളിൽ തിരിച്ചറിവും ഉണർവുമുണ്ടാക്കാൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും മഹിളാ സംഘം പ്രവർത്തനങ്ങൾക്കും കഴിഞ്ഞിരുന്നു. അക്കാലത്ത് കൂടുതൽ സ്ത്രീകളും കൂലിപ്പണിക്ക് പോകുന്നവരായിരുന്നു. തുടർന്നിങ്ങോട്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീകൾ ഭാഗഭാക്കുകളായിരുന്നു.

ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ സ്ത്രീകൾ കാണിച്ച ആവേശം പ്രശംസനീയമാണ്. ഈ വർഷം നടത്തിയ സാമൂഹ്യ -സാമ്പത്തിക സർവേയിലും വിഭവ ഭൂപട സർവേയിലും ഈ ആവേശം ഏറെക്കുറെ കാണാൻ സാധിച്ചു. ജനാധിപത്യ മഹിളാ അസോസിയേഷൻ, കെഎസ്എസ്വി തുടങ്ങിയ സംഘടനകളിൽ നേതൃനിരയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ പഞ്ചായത്തിലുണ്ട്.

1996 ൽ നടത്തിയ സർവേ അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 22,375 ആണ്. ഇതിൽ സ്ത്രീകൾ 11728 ഉം പുരുഷന്മാർ 10647 ഉം ആണ്.

**ജനസംഖ്യാ ഗ്രാഫ്**

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. അതുകൊണ്ടു തന്നെ എല്ലാ തുറകളിലും സ്ത്രീകളുടെ പങ്കാളിത്തം തുല്യ അനുപാതത്തിൽ വരേണ്ടിയിരിക്കുന്നു.

സ്ത്രീ– പുരുഷ അനുപാതം (1000 പുരുഷൻമാർക്ക്)

| | |
|---|---|
| ഇന്ത്യ: | 1000 - 929 |
| കേരളം: | 1000-1036 |
| കണ്ണൂർ: | 1000 – 1101 |
| ആന്തൂർ: | 1000– 1049 |

പഞ്ചായത്തിലെ സ്ത്രീ –പുരുഷ അനുപാതം സംസ്ഥാനത്തിലെ സ്ത്രീപുരുഷ അനുപാതത്തേക്കാൾ കൂടുതലാണ്. സാക്ഷരതയെക്കുറിച്ച് 1996 ലെ സർവേ ഇപ്രകാരം പറയുന്നു. സാക്ഷരതാ നിരക്ക് –96 ശതമാനം. നിരക്ഷരർ - 4 ശതമാനം. 4 ശതമാനം നിരക്ഷരരിൽ 71 ശതമാനം പേർ സ്ത്രീകളാണ്. അതായത് 11728 പേരിൽ 616 പേർ നിരക്ഷരരാണ്. പഠനനിലവാരം താഴെ ചേർക്കുന്നു.

| പഠന നിലവാരം | സ്ത്രീ | പുരുഷൻ |
|---|---|---|
| എസ്എസ്എൽസിക്ക് താഴെ | 6319 | 6118 |
| എസ്എസ്എൽസി വരെ | 2791 | 2750 |
| ബിരുദം | 390 | 387 |
| ബിരുദാനന്തര ബിരുദം | 83 | 76 |
| സാങ്കേതിക വിദ്യാഭ്യാസം | 165 | 240 |

വിദ്യാലയങ്ങളിൽ എണ്ണത്തിലും പഠനനിലവാരത്തിലും (മാർക്ക് കൂടുതൽ വാങ്ങുന്നവർ) പെൺകുട്ടികൾ തന്നെയാണ്. സാങ്കേതിക വിദ്യാഭ്യാസമൊഴികെ മറ്റു വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരോടൊപ്പമാണ്. എന്നാൽ ഈ ശേഷി ഉപയോഗിക്കാതെ പോകുന്നു. കാരണം പെൺകുട്ടികളെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ പ്രാപ്തരാക്കുക എന്നതിലുപരി വിവാഹത്തിന് ഒരുക്കുന്ന ഒരു പ്രക്രിയ ആയി വിദ്യാഭ്യാസത്തെ കാണുന്നു. മാത്രമല്ല, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾക്ക് മികവ് കാണിക്കാൻ പറ്റില്ലെന്ന തെറ്റായ ധാരണയും നിലനിൽക്കുന്നു. മുസ്ലിം സമുദായത്തിലും പട്ടികജാതി –പട്ടികവർഗത്തിലും പെട്ട പെൺകുട്ടികൾ വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്. ബാലവിവാഹം ഇതിനൊരു കാരണമാണ്.

സ്ത്രീകൾ വിദ്യാഭ്യാസത്തിൽ മുന്നിലാണെങ്കിലും തൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്തിൽ തൊഴിലില്ലാത്ത യുവതിയുവാക്കൾ 15 ശതമാനമാണ്. ഇതിൽ 67 ശതമാനം സ്ത്രീകളാണ്.

കൃഷി, കെട്ടിടനിർമാണം, ബീഡി, നെയ്ത്ത്, പ്രതിമാ നിർമാണം, മൃഗസംരക്ഷണം, നൂൽനൂൽപ്പ്, അധ്യാപനം എന്നീ മേഖലകളിലാണ് സ്ത്രീകൾ ജോലിചെയ്യുന്നത്. കൂലി നിരക്കിലുള്ള അന്തരം കാരണം കൂടുതലാളുകളും കൃഷിപ്പണിയേക്കാൾ കെട്ടിട നിർമാണ പ്രവർത്തനത്തിനാണ് താൽപര്യം കാണിക്കുന്നത്.

നെയ്ത്ത്, ബീഡി ഒഴികെയുള്ള തൊഴിൽ മേഖലകളിൽ പുരുഷന്മാരേക്കാൾ കൂലി കുറവ് സ്ത്രീകൾക്കാണ്.

| | കൂലിനിരക്ക് | |
|---|---|---|
| ഇനം | ആൺ (രൂപ) | പെൺ (രൂപ) |
| കൃഷി | 100 | 35 |
| കെട്ടിട നിർമ്മാണം | 120 | 50 |

| | | |
|---|---|---|
| തിരൈപ്പ്രി | 50 | [illegible] |

11728 സ്ത്രീകളിൽ സ്ഥിരം ശമ്പള ജോലിക്കാർ 454
താൽക്കാലിക ജോലിക്കാർ 1109

ഇതിൽ നിന്ന് തൊഴിലില്ലായ്മ രൂക്ഷമാണെന്ന് മനസിലാക്കാം. ഈ സാമ്പത്തിക ഭദ്രതയില്ലായ്മ സ്ത്രീകൾ പൊതുരംഗത്തേക്ക് വരാതിരിക്കാൻ ഒരു കാരണമാണ്. വനിതകൾക്ക് മാത്രമായി പ്രവർത്തിക്കുന്ന ഒരു നൂൽനൂൽപ്പ് കേന്ദ്രവും മൂന്ന് പ്രതിമാ നിർമാണകേന്ദ്രവും രണ്ട് സഹകരണ വ്യവസായ യൂനിറ്റും പഞ്ചായത്തിലുണ്ട്. ഡിഡബ്ള്യുസിആർഎ പദ്ധതിയുടെ സഹായധനമുപയോഗിച്ച്. ഡിബ്ള്യു സി ആർ എ പദ്ധതിയുടെ ധനസഹായമുപയോഗിച്ച് മുതുവാനിയിൽ 10 പേർ പരിശീലനം നേടി ഒരു ഗാർമെൻറ് യൂനിറ്റ് തുടങ്ങിയിരുന്നു. ഇപ്പോൾ അതിൽ മൂന്നുപേർ മാത്രം പ്രവർത്തിക്കുന്നു. ഈ സംരംഭത്തിന് പൊതുവെ സ്ത്രീകൾ മുന്നോട്ടു വരുന്നില്ല. സ്ത്രീകൾക്ക് ഉത്തരവാദിത്തമേറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറവും ഉത്പന്നങ്ങൾക്ക് മാർക്കറ്റില്ലാത്തതും ഇതിന് കാരണമാണ്. ശരിയായ പരിശീലനവും പുരുഷന്മാരുടെ ഭാഗത്തുനിന്ന് തുടർച്ചയായ സഹായവും പ്രോത്സാഹനവും വേണം. കൂടാതെ പരമ്പരാഗത തൊഴിലിനെ വൈവിധ്യവത്കരിച്ച് ആകർഷകമാക്കുകയും വേണം. സ്ത്രീകൾക്കായി നിലവിലുള്ള വനിതാ വ്യവസായ സംരംഭങ്ങളൊന്നും പഞ്ചായത്തിലില്ല.

തൊഴിലെടുക്കുന്നു കുടുംബത്തിലെ സ്ത്രീകളുടെ സാമ്പത്തികനില മെച്ചപ്പെട്ടതു തന്നെ. പലപ്പോഴും പുരുഷന് ലഭിക്കുന്ന വരുമാനത്തിൻെറ പകുതിപോലും വീട്ടുചെലവിന് ലഭിക്കാറില്ല. എന്നാൽ സ്ത്രീയുടെ വരുമാനം കുട്ടികളുടെ വിദ്യാഭ്യാസം, ഭക്ഷണം തുടങ്ങിയ കാര്യങ്ങൾക്കു വേണ്ടി ചെലവാക്കപ്പെടുന്നു.

സ്ത്രീകളുടെ ആരോഗ്യനില പുരുഷന്മാരുടേതിനേക്കാൾ പിന്നിലാണ്. പോഷണക്കുറവും ദാരിദ്ര്യവും കൊണ്ടുള്ള രോഗങ്ങളും സ്ത്രീകളിലാണ് കൂടുതൽ. സ്ത്രീകളുടെ ആരോഗ്യമെന്നാൽ കുടുംബാസൂത്രണം നടത്തുകയാണെന്ന ധാരണയുള്ളവരും കുറവല്ല. പഞ്ചായത്ത് ഹെൽത്ത് സെൻററിൽ നിന്ന് കിട്ടിയ വിവരം താഴെ ചേർക്കുന്നു.

| വർഷം | ചികിത്സക്കായെത്തുന്ന പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| 1994-95 | 1540 | 2083 |
| 1995-96 | 2218 | 2954 |
| ആകെ | 3758 | 5037 |

ചികിൽസക്കായെത്തുന്ന സ്ത്രീകളുടെ എണ്ണമാണ് കൂടുതൽ. കുടുംബത്തിലെ ഉത്തരവാദിത്തം കൊണ്ടുള്ള സമയക്കുറവ്, സാമ്പത്തികം, പിഎച്ച്സി പഞ്ചായത്തിൻെറ ഒരു കോണിലായതുകൊണ്ട് തുടങ്ങിയ കാരണങ്ങളാൽ ഒരുവിധം രോഗങ്ങൾക്കൊന്നും സ്ത്രീകൾ ചികിൽസക്കായെത്തുന്നില്ല.

മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി ബാലവാടിയിലൂടെ നൽകിവന്നിരുന്ന സി എസ് എം (കോൺസോയാ മിൽക്ക്) ഇപ്പോൾ നിർത്തിയിരിക്കുന്നു. ഭർത്താക്കന്മാരുടെ മദ്യപാനം മൂലം വിഷമങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. ഇത് സാമ്പത്തിക തകർച്ചക്കും അനാരോഗ്യത്തിനും കാരണമാകുന്നു. വിദ്യാലയങ്ങളിൽ 60 പെൺകുട്ടികൾക്ക് ഒരു മൂത്രപ്പുരയും 100 പെൺകുട്ടികൾക്ക് ഒരു കക്കൂസും വേണമെന്ന് നിയമമുണ്ടെങ്കിലും പഞ്ചാത്തിലെ ഒരു വിദ്യാലയത്തിലും ആവശ്യമായ സൗകര്യങ്ങളില്ല. ഇത് പെൺകുട്ടികളിൽ പല രോഗങ്ങൾക്കും കാരണമാകുന്നു.

വീട്ടുജോലിയുടെ കാര്യത്തിലും മറ്റും പുരുഷമേധാവിത്വാശയങ്ങൾ ഇന്നും തുടരുന്നതിൻെറ ഫലമായി പുറത്തുപോയി ജോലിയെടുക്കുന്ന സ്ത്രീകൾ അടക്കം വീട്ടിലെ എല്ലാ ജോലികളും സ്ത്രീകൾ തന്നെ ചെയ്യേണ്ടിവരുന്നു. മാത്രമല്ല, പുല്ലരിയൽ, വിറക് ശേഖരണം, പാചകം, അലക്ക്, കന്നുകാലി വളർത്തൽ, പച്ചക്കറി കൃഷി തുടങ്ങിയ ജോലികളൊന്നും വരുമാനമുള്ള തൊഴിലായി കാണുന്നുമില്ല. ഇതെല്ലാം ഇന്നും കാണാപ്പണികളായിത്തന്നെ നിലനിൽക്കുന്നു. മിക്കവാറും കുടുംബങ്ങളിലും സ്ത്രീയുടെ സാമൂഹ്യപദവി ഇന്നും താഴ്ന്നതു തന്നെ. കുടുംബത്തിൻെറ പൊതുപ്രശ്നങ്ങളിലുള്ള നിർണായക തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീപങ്കാളിത്തം കുറവാണ്. സ്ത്രീകൾ തന്നെ കുടുംബത്തിലെ എല്ലാ ചെലവുകളും വഹിക്കുന്ന കുടുംബങ്ങളിലും ഇത് നിലനിൽക്കുന്നു. സ്ത്രീകൾ കുടുംബനാഥകളായ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ദാരിദ്ര്യം കൊണ്ട് വിഷമമനുഭവിക്കുന്ന സ്ത്രീകൾ ഇവിടെയുണ്ട്. സ്ത്രീധന സമ്പ്രദായം മുസ്ലിം -ക്രിസ്ത്യൻ സമുദായങ്ങളിൽ നിലവിലുണ്ട്. എന്നാൽ അടുത്തകാലത്തായി മറ്റു സമുദായങ്ങളിലേക്കും ഈ സമ്പ്രദായം വ്യാപിച്ചതായി കാണുന്നുണ്ട്. ഇതു മുഖേനയുള്ള സ്ത്രീപീഡനവും കാണുന്നുണ്ട്. നിലവിലുള്ള നിയമം കർശനമായി നടപ്പാക്കാൻ പ്രാദേശിക ഭരണകൂടത്തിൻെറയും ജനങ്ങളുടെയും ഇടപെടൽ ആവശ്യമാണ്.

വിവിധതരത്തിലുള്ള സഹായപദ്ധതികളും പെൻഷൻ ആനുകൂല്യങ്ങളും പഞ്ചായത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്നനുണ്ട്. 2262 തൊഴിൽരഹിതകളായ സ്ത്രീകൾ പഞ്ചായത്തിലുണ്ടെങ്കിലും 162 പേർക്ക് മാത്രമേ തൊഴിൽരഹിത വേതനം ലഭിക്കുന്നുള്ളൂ. വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായധനം പഞ്ചായത്തിൽ നൽകിവരുന്നുണ്ടെങ്കിലും ഇത്ലഭിക്കുന്നതിനുള്ള നിരവധി സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. ദേശീയ പ്രസവാനുകൂല്യ പദ്ധതി പ്രകാരം എട്ട് സ്ത്രീകൾക്ക് 300 രൂപ പ്രകാരം 2400 രൂപ ഈ വർഷം പഞ്ചായത്തിൽ നിന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളിലെത്തിക്കാൻ കൂടുതൽ നടപടികൾ ആവശ്യമാണ്.

വിവിധ ആനുകൂല്യങ്ങൾ ലഭിച്ചവർ -1996

| | |
|---|---|
| തൊഴിലില്ലായ്മ വേതനം | 162 |
| ദേശീയ പ്രസവാനുകൂല്യം | 8 |
| വാർധക്യകാല പെൻഷൻ | 11 |
| വിധവാ പെൻഷൻ | 134 |
| വികലാംഗ പെൻഷൻ | 27 |
| കർഷകത്തൊഴിലാളി പെൻഷൻ | 218 |

അഗതി പെൻഷൻ

പഞ്ചായത്തിൽ 10 അംഗൻവാടികളുണ്ട്. കൂടാതെ നാല് ശിശുസംരക്ഷണ കേന്ദ്രങ്ങളുമുണ്ട്. ഈ കേന്ദ്രങ്ങളിലൊന്നും കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചക്കും വികസനത്തിനും ആവശ്യമായ കളിക്കോപ്പുകളും കളിസ്ഥലങ്ങളും മറ്റടിസ്ഥാന സൗകര്യങ്ങളുമില്ല. 10 മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും എല്ലാം ഒരുപോലെ പ്രവർത്തന ക്ഷമമല്ല. പഞ്ചായത്തിൽ നടത്തുന്ന മറ്റു സന്നദ്ധ പ്രവർത്തനങ്ങളെ പോലെ തന്നെ മഹിളാ സമാജം പ്രവർത്തനങ്ങളിലും സഹായനിർദേശങ്ങൾ പഞ്ചായത്തിൽ നിന്നുണ്ടാകേണ്ടതുണ്ട്. തൊഴിൽ പരിശീലനങ്ങളും കലാകായിക പരിശീലനങ്ങളും കലാപരിപാടികളും സംഘടിപ്പിച്ച് മഹിളാ സമാജങ്ങളെ പ്രവർത്തനക്ഷമമാക്കണം.

## പ്രശ്നങ്ങൾ

1. കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിലായതുകൊണ്ട് പൊതുപ്രവർത്തനങ്ങൾക്ക് സമയക്കുറവുണ്ട്.
2. സാമൂഹ്യപ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീകളെ മോശമായ രീതിയിൽ നോക്കിക്കാണുന്ന പ്രവണതയുണ്ട്.
3. ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ആത്മധൈര്യം സ്ത്രീകൾ കാണിക്കുന്നില്ല.
4. സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമായത് കാരണം സാമ്പത്തിക ഭദ്രതയില്ല.
5. പല തൊഴിൽ മേഖലകളിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി കുറവാണ്.
6. വനിതകൾ സ്വയംതൊഴിൽ സംരംഭങ്ങളിൽ തീരെ താൽപര്യം കാണിക്കുന്നില്ല.
7. തൊഴിൽപരിശീലന കേന്ദ്രങ്ങളില്ല
8. സ്ത്രീകൾക്കായുള്ള സർക്കാർ പദ്ധതികൾ അവർ അറിയുന്നില്ല.
9. മദ്യപാനം മൂലം സ്ത്രീകൾ കഷ്ടപ്പെടുന്നുണ്ട്.
10. സ്ത്രീധന സമ്പ്രദായവും ഇതിൽ നിന്നുടലെടുക്കുന്ന സ്ത്രീപീഡനവും പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.
11. അംഗൻവാടികളിൽ ആവശ്യമായ സൗകര്യങ്ങളില്ല.
12. മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും കുട്ടികൾക്കും നൽകിവരുന്ന സിഎസ്എം നിർത്തലാക്കിയിരിക്കുന്നു
13. സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസവും അനാചാരവും നിലവിലുണ്ട്. ശാസ്ത്രബോധം കുറവാണ്.
14. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കായി സൗകര്യപ്രദമായ മൂത്രപ്പുരകളും കക്കൂസുകളുമില്ല.
15. വളരെ കുറച്ച് സ്ത്രീകൾ മാത്രമേ വായനശാലകളും ഗ്രന്ഥാലയങ്ങളും ഉപയോഗിക്കുന്നുള്ളു
16. ടിവിയുംആനുകാലികങ്ങളുംമറ്റുമാധ്യമങ്ങളുംചെലുത്തുന്നഅമിതമായസ്വാധീനംസ്ത്രീകളുടെസമയക്കുറവിനിടയാക്കുന്നുണ്ട്

## സാധ്യതകൾ

1. തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം പ്രാവർത്തികമാക്കണം.
2. കാർഷികരംഗത്ത് വിളപര്യയനത്തിലൂടെയും മറ്റും തൊഴിലവസരങ്ങൾ വർധിപ്പിക്കണം.
3. കൂലിനിരക്ക് ആകർഷകമാക്കണം.
4. അതാത് പ്രദേശത്ത് സാധ്യതയുള്ള തൊഴിലിനെ മുൻനിർത്തി തൊഴിൽ പരിശീലനങ്ങൾ ആരംഭിക്കണം
5. പ്രാദേശിക സാധ്യതയുള്ളതും വിപണനസാധ്യതയുള്ളതുമായ തൊഴിൽ സംരംഭങ്ങൾ വനിതകൾക്ക് മാത്രമായി ആരംഭിക്കണം. ഇത് വളരുന്നത് വരെ നടത്തിപ്പിൽ പഞ്ചായത്ത് പിൻബലം നൽകണം.
6. ഐആർഡിപി, ഡിബ്ള്യുസിആർഎ, ഡബ്ള്യു ഐ പി എന്നിവയിൽ നിന്നുള്ള സഹായം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഉപയോഗിക്കണം. നിർദേശ -പരിശീലനങ്ങളും നൽകണം.
7. ബോധവത്കരണത്തിലൂടെ സ്ത്രീകളിൽ ശാസ്ത്രീയ വീക്ഷണം വളർത്തിയെടുക്കണം
8. വിദ്യാലയങ്ങളിലുംപൊതുസ്ഥലങ്ങളിലുംസ്ത്രീകൾക്ക്പ്രാഥമികാവശ്യംനിർവഹിക്കാനുള്ളസൗകര്യങ്ങളുണ്ടാക്കണം
9. സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുകയില്ലാത്ത, ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം.
10. പിഎച്ച്സിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം.
11. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പ്രസവം തുടങ്ങിയവക്ക് പി എച്ച് സിയെ തന്നെ ഉപയോഗിക്കണമെന്ന ബോധം സ്ത്രീകളിൽ ആരോഗ്യപ്രവർത്തകരും സന്നദ്ധ പ്രവർത്തകരും ഉണ്ടാക്കിയെടുക്കണം.
12. സ്ത്രീകൾക്ക് കലാകായിക രംഗങ്ങളിൽ പരിശീലനം നൽകണം.
13. പൊതു പ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറക്ക് കൈമാറി അവരിൽ ആത്മവിശ്വാസം വളർത്തണം.
14. പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഒരു സമിതി രൂപീകരിക്കണം.
15. തൊഴിലവസരങ്ങളെയും നിയമങ്ങളെയും കുറിച്ച് സ്ത്രീകൾക്ക് അറിവ് നൽകുക
16. അർഹതയുള്ള മുഴുവൻ സ്ത്രീകൾക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
17. വയസായ സ്ത്രീകൾക്ക് ഒത്തുചേരാനുള്ള സദനങ്ങൾ പഞ്ചായത്തിലുണ്ടാക്കണം.
18. വായനശാലകൾ ഉപയോഗിക്കുന്ന ശീലം സ്ത്രീകളിൽ വളർത്തണം. അയൽക്കൂട്ടം പ്രവർത്തകരുടെ സഹായത്തോടെ ഗ്രന്ഥശാലകളിൽ നിന്ന് വീടുകളിൽ പുസ്തകമെത്തിച്ചുകൊടുക്കണം.
19. സഞ്ചരിക്കുന്ന ലൈബ്രറികളുടെ പ്രവർത്തനം പഞ്ചായത്തിൽ വ്യാപകമാക്കണം.
20. അംഗൻവാടിയിൽ സൗകര്യങ്ങൾ വർധിപ്പിക്കണം.
21. ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ടി സാമ്പത്തിക സമാഹരണത്തിലൂടെ പോഷകാഹാര വിതരണം നടത്തണം.
22. പെൺകുട്ടികൾക്കായി പ്രത്യേക കളിസ്ഥലം വേണം.
23. ആരോഗ്യം, വിദ്യാഭ്യാസം, അടുക്കളശാസ്ത്രം, വ്യക്തിത്വ വികാസം, സൈക്കിൾ പരിശീലനം, ഗൃഹനിർമിതി വസ്തുക്കൾ, പരിസരം, കുടിവെള്ളം തുടങ്ങിയ വിവിധ മേഖലകളിൽ അറിവും പരിശീലനവും നൽകി സ്ത്രീകളിൽ കഴിവും ആത്മവിശ്വാസവും വർധിപ്പിക്കണം



# സഹകരണം

രണ്ടാംലോക മഹായുദ്ധത്തെ തുടർന്നുള്ള ക്ഷാമവും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും വിതച്ച ദുരിതങ്ങളുടെ പശ്ചാത്തലത്തിലാണ് നമ്മുടെ പഞ്ചായത്ത് സഹകരണ പ്രസ്ഥാനങ്ങൾ ജനങ്ങളുടെ മുൻകയ്യോടെ വളർന്നുവരുന്നത്. ഒരു ഭാഗത്ത് കർഷകരും സാധാരണ ജനവിഭാഗവും പൂഴ്ത്തിവെപ്പിനെതിരെ ചെറുത്തു നിൽപ് സമരങ്ങളുമായി മുന്നോട്ടു വന്നപ്പോൾ മറുഭാഗത്ത് പി സി സി (പ്രൊക്യൂർമെൻറ് ആൻറ് കൺസ്യൂമേർസ് കോ-ഓപ്പ്. സൊസൈറ്റി) സൊസൈറ്റികളുണ്ടാക്കി ക്ഷാമത്തിന് പരിഹാരം കാണാൻ ശ്രമിച്ചു. ഇന്നത്തെ ആന്തൂർ പഞ്ചായത്തുൾപ്പെടെയുള്ള പ്രദേശങ്ങൾ ചേർത്തുകൊണ്ട് രൂപീകരിച്ച ആദ്യത്തെ പി സി സി സൊസൈറ്റി പാപ്പിനിശ്ശേരിയിലായിരുന്നു. ആ സ്ഥാപനമാണ് ഇന്ന് പാപ്പിനിശ്ശേരി കോ-ഓപ്പ്. റൂറൽ ബേങ്ക് ആയി മാറിയത്. അതിനുശേഷം അഞ്ചാംപീടിക ആസ്ഥാനമായി സ്ഥാപിച്ച ഐക്യനാണയ സംഘം ഇന്നത്തെ മോറാഴ -കല്യാശ്ശേരി കോ-ഓപ്പ് ബാങ്കായി മാറി.

മറ്റൊരു ആദ്യകാല സംരംഭം ആന്തൂരിലും മോറാഴയിലും ആരംഭിച്ച കൂട്ടുകൃഷി സഹകരണ സംഘം ആയിരുന്നു. 1957ൽ കൂടുതൽ ഭക്ഷ്യോൽപാദനം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹാർവേഴ്സ് കോ-ഓപ്പ്. സൊസൈറ്റി അന്നത്തെ മുഖ്യമന്ത്രി ഇ എം എസ് നമ്പൂതിരിപ്പാട് തന്നെ ആയിരുന്നു ഉദ്ഘാടനം ചെയ്തിരുന്നത്. മോറാഴയിൽ ആരംഭിച്ച തെങ്ങ് ചക്കര ഉൽപാദക സഹകരണ സംഘമാണ് മോറാഴ വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി ആയത്.

1970 കളോടുകൂടിയാണ് കൂടുതൽ സഹകരണ സംഘങ്ങൾ വ്യത്യസ്ഥ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കുന്നത്. 1980കളിൽ ഈ വളർച്ച ത്വരിതപ്പെട്ടതായി കാണാം. നമ്മുടെ പഞ്ചായത്തിൽ 3 ക്രഡിറ്റ് സംഘങ്ങളും 10 വ്യവസായ സംഘങ്ങളും രണ്ട് ക്ഷീര സംഘങ്ങളും 5 ഉപഭോക്തൃ സഹകരണ സംഘങ്ങളും 4 സ്കൂൾ സഹകരണസംഘങ്ങൾ അടക്കം 24 സഹകരണ സ്ഥാപനങ്ങളാണ് ഉള്ളത്.

### ക്രഡിറ്റ് സംഘങ്ങൾ

ക്രഡിറ്റ് സംഘങ്ങളിൽ പാപ്പിനിശ്ശേരി കോ-ഓപ്പ്. റൂറൽ ബേങ്കിൻെറ രണ്ട് ബ്രാഞ്ചുകളും ജില്ലാ ബേങ്കിൻെറ ഒരു ബ്രാഞ്ചുമാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂവെങ്കിലും മോറാഴ - കല്യാശ്ശേരി -കോ-ഓപ്പ് ബേങ്കും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തന മേഖലയായിക്കൊണ്ടുള്ള പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. മുഖ്യമായി കാർഷിക വായ്പയാണ് നൽകുന്നതെങ്കിലും ദുർബല ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള വായ്പ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള വായ്പ തുടങ്ങിയവയോടൊപ്പം 18% പലിശനിരക്കിൽ കൺസ്യൂമർ വായ്പകളും വ്യക്തിഗത വായ്പകളും ബേങ്കുകൾ നൽകിവരുന്നുണ്ട്. പ്രത്യേക നിക്ഷേപ സമാഹരണങ്ങളിലൂടെയും അല്ലാതെയും നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബേങ്കുകൾക്ക് സാധിക്കുന്നുണ്ട്. ഫണ്ടുകളുടെ അഭാവം ബേങ്കിനെ അലട്ടാറില്ല.

## ക്രെഡിറ്റ് സംഘങ്ങൾ

ക്രഡിറ്റ് മേഖലയിലെ ഈ സംഘങ്ങളെല്ലാം ലാഭകരമായി നടക്കുന്നവയാണെന്നത് നിസ്തർക്കമായ വസ്തുതയാണ്. കുടുതൽ വായ്പാ പദ്ധതികളും മറ്റും ആവിഷ്കരിച്ചാൽ കുറേക്കൂടി വിശാലമായ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഈ സംഘങ്ങൾക്ക് സാധിക്കും. (പട്ടിക -1 കാണുക).

**വ്യവസായ സഹകരണ സംഘങ്ങൾ:**

പഞ്ചായത്തിൽ 10 വ്യവസായ സഹകരണസംഘങ്ങളുള്ളതിൽ കൈത്തറി (2), കല്ല് കൊത്ത് (1) എഞ്ചിനിയർ (1) പരമ്പരാഗത വ്യവസായം (2) തീപ്പെട്ടി വ്യവസായം (1) ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് (1) ഗാർമെൻറ്സ് നിർമാണം (1) എന്നിങ്ങനെയാണ് പ്രവർത്തിക്കുന്ന സംഘങ്ങൾ. പഞ്ചായത്ത്തലത്തിൽ പട്ടുനൂൽ ഉൽപാദനം ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഇപ്പോൾ സജീവമല്ല.

കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന മോറാഴ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ -ഓപ്പ്. സൊസൈറ്റി ഈ രംഗത്ത് ഏറ്റവും പ്രശസ്തമായ സ്ഥാപനമാണ്. 4 ഫാക്ടറികളിലായി പ്രവർത്തനം നടത്തുന്ന ഈ സഹകരണസംഘം കയറ്റുമതി തുണിത്തരങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. വിദേശ മാർക്കറ്റിലെ അഭിരുചിക്കനുസരിച്ച് നവീനമായ ഡിസൈനുകൾ ഉപയോഗിക്കുവാനും പരിശീലിപ്പിക്കുവാനുമുള്ള കഴിവ്, കുറ്റമറ്റ മാനേജ്മെൻറ് തുടങ്ങിയവ ഈ സ്ഥാപനത്തിൻെറ വളർച്ചയിലെ മുഖ്യഘടകങ്ങളാണ്. 50 ശതമാനം ബോണസ് തൊഴിലാളികൾക്ക് നൽകുവാൻ കഴിഞ്ഞ സ്ഥാപനമെന്ന നിലയിൽ ഈ സ്ഥാപനത്തിൻെറ മാതൃക ശ്രദ്ധേയവും പഠനാർഹവുമാണ്.

വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് മാങ്ങാട് സ്മിത്തി വർക്കേഴ്സ് സൊസൈറ്റി 1959 ൽ മാങ്ങാട് കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച പ്രസ്തുത സ്ഥാപനം കേരളത്തിലെ ഏക ഗവർമെണ്ട് അംഗീകൃത ഓട്ടോമൊബൈൽ റിപ്പയർ സ്ഥാപനമാണ്. 1988 ൽ ധർമശാലക്കുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. സർക്കാർ വാഹനങ്ങൾ റിപ്പയർ ചെയ്താൽ റിപ്പയർ ചാർജ് ലഭിക്കുവാൻ വർഷങ്ങൾ കാത്തിരിക്കേണ്ട അവസ്ഥയാണ് ഈ സ്ഥാപനത്തിൻെറ ഏറ്റവും വലിയ പ്രശ്നം. ഇതുമൂലം സാമ്പത്തികമായി വളരെ പ്രയാസത്തിലാണ്. മാർക്കറ്റ് റേറ്റുമായി യാതൊരു പൊരുത്തമില്ലാത്ത പി ഡബ്ല്യു ഡി നിരക്കിൽ മാത്രം സർക്കാർ വാഹനങ്ങളുടെ റിപ്പയർ ചാർജ് നിശ്ചയിക്കപ്പെടുന്നത് മറ്റൊരു പ്രശ്നമാണ്. ഇതിൽ മാറ്റം വരുത്തുവാൻ സർക്കാരിൻെറ ഭാഗത്തുനിന്ന് ശ്രമമുണ്ടാകണം. അർഹതപ്പെട്ട ഗവർമെണ്ട് ഷെയർ യഥാസമയം അനുവദിക്കപ്പെടേണ്ടതും അത്യാവശ്യമാണ്. നേരത്തെ അമ്പതോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഇവിടെ ഇപ്പോൾ 32 പേർ മാത്രമാണുള്ളത്. വിദഗ്ധ തൊഴിലാളികൾ വിദേശങ്ങളിലും മറ്റും പോയി ജോലി ചെയ്യുന്നതാണ് ഒരു കാരണം. നല്ലൊരു തൊഴിൽ പരിശീലന കേന്ദ്രം ആരംഭിച്ച് കഴിവുള്ളവരെ തൊഴിലാളികളായി കൊണ്ടുവരുന്നതാണ് ഇതിനൊരു പരിഹാരം.

1978ൽ ആരംഭിച്ച കല്ല് കൊത്ത് തൊഴിലാളി വ്യവസായ സഹകരണസംഘം ജില്ലയിലെ ഏക സഹകരണസംഘമാണ്. നൂറിലേറെ തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ 18 പേർ മാത്രമാണ് ഉള്ളത്. ആവശ്യമുള്ള ചെങ്കല്ലിൻെറ ചെറിയൊരു ശതമാനം പോലും ഈ തൊഴിലാളികളെ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കാൻ കഴിയില്ല. കഠിനാദ്ധ്വാനം ഏറെയുള്ള ഈ തൊഴിലിൽ തൊഴിലാളികൾ കൂടുതലായി കടന്നുവരുന്നില്ല. ചെങ്കല്ലിൻെറ വർധിച്ച ആവശ്യവും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കലും കണക്കിലെടുത്ത് ഈ രംഗത്ത് യന്ത്രവൽക്കരണത്തിൻെറ സാധ്യതകൾ പരിശോധിക്കണം. അതുപോലെ സിമൻറ്, ജില്ലി മുതലായ കെട്ടിട നിർമാണ സാധനങ്ങളുടെ വിൽപനയും ഏറ്റെടുക്കാവുന്നതാണ്.

ബക്കളത്ത് പ്രവർത്തിക്കുന്ന മോറാഴ വില്ലേജ് ഇൻഡസ്ട്രിയൽ കോ -ഓപ്പ്. സൊസൈറ്റിക്ക് വൈവിധ്യവൽക്കരണത്തിലൂടെ ഇന്നത്തെ പ്രവർത്തന മുരടിപ്പ് മാറ്റിയെടുക്കുവാൻ കഴിയും. നിലവിലുള്ള ഗ്രിൽസ് നിർമാണത്തിന് പുറമെ ആധുനിക ഡിസൈനിലുള്ള ജനലുകൾ ട്രസ്സ് അലുമിനിയം ഫാബ്രിക്കേഷൻ മുതലായവ സംഘത്തിന് ഏറ്റെടുക്കാവുന്ന പ്രവൃത്തികളാണ്.

ആന്തൂർ വനിതാ വ്യവസായ സഹകരണസംഘം, മോറാഴ വില്ലേജ് പട്ടികജാതി സഹകരണസംഘം തുടങ്ങിയവയുടെ നടത്തിപ്പ് കാര്യക്ഷമമല്ല. മാനേജ്മെൻറിലെ കാര്യക്ഷമത ഇല്ലായ്മയോടൊപ്പം വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമിക്കാനും ഉൽപ്പന്നങ്ങളെ ആധുനിക ആവശ്യങ്ങൾക്കനുസരിച്ച് ഡിസൈൻ ചെയ്യാനുമുള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ രംഗം കാര്യക്ഷമമാക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിൻെറ വ്യാവസായികരംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് സാധ്യതയുണ്ട്. (പട്ടിക 2 കാണുക)

രണ്ട് ക്ഷീര സഹകരണസംഘങ്ങൾ ഉള്ളതിൽരണ്ടും നല്ലനിലയിൽപ്രവർത്തിക്കുന്നവയാണ്. ദിനംപ്രതി 1150 ലിറ്റർ പാൽ ശരാശരി ശേഖരിക്കുന്ന ഈ സംഘങ്ങളുടെ പ്രവർത്തനം വിപുലമാക്കുവാനുള്ള സാധ്യതകൾ ഇനിയുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ പാൽ ഉപഭോഗം ഇതിലുമെത്രയോ കൂടുതലാണ്. രണ്ട് സംഘങ്ങളുടെ ഭാഗമായും പാൽ ഉൽപ്പന്ന നിർമാണ യൂനിറ്റ് പ്രവർത്തിക്കുന്നു. ഈ യൂനിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പാലിൻെറ ലഭ്യതക്കുറവ്, വിപണന സാധ്യതയില്ലായ്മ, പരസ്യങ്ങളെ അടിസ്ഥാനമാക്കി മാർക്കറ്റ് പിടിച്ചെടുക്കുന്ന ചോക്ലേറ്റ് കമ്പനികളോട് മത്സരിക്കുവാനുള്ള കഴിവില്ലായ്മ ഇതെല്ലാം ഈ രംഗത്തുള്ള പ്രശ്നങ്ങളാണ്.

**ഉപഭോക്തൃ സഹകരണസംഘങ്ങൾ:**

ഉപഭോക്തൃ സഹകരണസംഘങ്ങൾക്ക് ഈ പഞ്ചായത്തിൽ വിപുലമായ സാധ്യതകൾ ഉണ്ടെങ്കിലും അത് വിനിയോഗിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. രണ്ട് കാൻറിനുകൾ രജിസ്ട്രർ ചെയ്തിട്ടുള്ളതിൽ ഒന്നു മാത്രമേ പ്രവർത്തിക്കുന്നുള്ളു. മൂന്ന് കൺസ്യൂമർ സ്റ്റോറുകളിൽ ഒന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മാനേജ്മെൻറ് കാര്യക്ഷമമല്ലെന്നുള്ളതാണ് ഇതിൻെറ പരാജയ കാരണമായി ചൂണ്ടിക്കാട്ടാനുള്ളത്. പേരിന് മാത്രം രജിസ്ട്രർ ചെയ്തിട്ടുള്ള എട്ട് സഹകരണസംഘങ്ങൾ ഇവിടെയുണ്ട്. മാനേജ്മെൻറിൻെറ കാര്യക്ഷമമില്ലായ്മ, സാമൂഹ്യ പിന്തുണയുടെ അഭാവം, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, വിപണന സാധ്യതകൾ ഇല്ലായ്മ, മൂലധനത്തിൻെറ ലഭ്യതക്കുറവ് തുടങ്ങിയവ പ്രവർത്തിക്കാത്ത സംഘങ്ങളുടെ പൊതുപ്രശ്നമായി കണക്കാക്കാം.

**സ്കൂൾ സഹകരണസംഘങ്ങൾ:**

പഞ്ചായത്തിൽ നാല് സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. പുസ്തക വിതരണത്തിൽ മാത്രമാണ് സ്കൂൾ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. (പട്ടിക 3 കാണുക).

പ്രവർത്തിക്കാത്ത സംഘങ്ങൾ (പട്ടിക 4 കാണുക)

**പ്രശ്നങ്ങൾ**

**ക്രഡിറ്റ് മേഖല:**

1. പ്രാഥമിക ബേങ്കുകളുടെ പ്രവർത്തന പരിധിയിൽ ജില്ലാ ബേങ്കുകളുടെ ശാഖകൾ തുടങ്ങുന്നത് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ ധർമശാലയിൽ ആരംഭിച്ച ജില്ലാബേങ്ക് ശാഖയിൽ നിന്ന് പഞ്ചായത്തിലെ ജനങ്ങൾക്ക് കടം അനുവദിക്കുന്ന സ്ഥിതിയില്ല.

2. കർഷക വായ്പയെ (ഹ്രസ്വകാലവും ദീർഘകാലവും) സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൃഷിക്കാർ അറിയുന്നില്ല. സീസണൽ വിളകൾക്ക് യഥാസമയം വായ്പ ലഭിക്കുന്നില്ല.

3. വിവിധ വായ്പകളുടെ അമിതമായ പലിശ തിരിച്ചടവിന് സാധാരണക്കാർക്ക് വിഷമം സൃഷ്ടിക്കുന്നു. നിബന്ധനകൾ ഉദാരമല്ലാത്തതിനാൽ സാധാരണ ജനങ്ങൾക്ക് വായ്പ ലഭിക്കുന്നതിന് വളരെ പ്രയാസമുണ്ടാക്കുന്നു.

**പട്ടിക ഒന്ന്**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാർ | | മറ്റുള്ളവർ | | നിക്ഷേപം | പ്രവർത്തന മൂലധനം | വായ്പകൾ | | ലാഭം / നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | പു. | സ്ത്രീ | പു. | സ്ത്രീ | | | കാർഷികം | കാർഷികേതരം | | |
| 1. | [illegible] | 1973 | | 6 | 1 | 5 | 2 | 31013023 | | 155570 | 12603745 | ലാഭം | |
| 2. | [illegible] | 1989 | | 5 | 1 | 4 | 2 | 43433613 | | 321730 | 15744466 | ലാഭം | |
| 3. | [illegible] | 1996 | | | | വിവരം ലഭ്യമല്ല | | | | | | | |

(പട്ടിക 2)

**തൊഴിൽ ക്രഡിറ്റ്/ വ്യവസായ സഹകരണ സംഘങ്ങൾ**

| | പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | പിരിഞ്ഞുകിട്ടിയ മൂലധനം | ഓഫീസ് ജീവനക്കാർ | | തൊഴിലാളികൾ | | ലാഭം/നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | സ്ത്രീ | പു. | സ്ത്രീ | പു | | |
| 1 | ആന്തൂർ കോട്ടേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈററി | 1979 | 91 | 28750 | - | 1 | | - | | |
| 2 | മാങ്ങാട് ഹരിജൻ തീപ്പെട്ടി നിർമ്മാണ വ്യവസായ സഹകരണ സംഘം | 1980 | 102 | 32500 | | 1 | 19 | - | | |
| 3. | മോറാഴ വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി | 1978 | 573 | 13915 | - | 1 | - | 6 | | |
| 4. | മാങ്ങാട് സ്മിത്തി വർക്കേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി | 1959 | 105 | 184663 | - | 4 | 28 | - | ലാഭം | |
| 5. | കണ്ണൂർ കല്ല്കൊത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം | 1979 | 220 | 53575 | | 3 | 3 | 18 | | |
| 6. | മോറാഴ വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി | 1967 | 431 | 1818684 | 1 | 11 | 234 | 148 | | |

## സ്കൂൾ സഹകരണസംഘങ്ങൾ

പട്ടിക 3

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | പിരിഞ്ഞുകിട്ടിയ മൂലധനം | ജീവനക്കാർ സ്ത്രീ | പു. | മറ്റുള്ളവർ സ്ത്രീ | പു | ലാഭം/നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ. യു. പി. സ്കൂൾ കടമ്പേരി ഗ്രൂപ്പ് കോ-ഓപ്പ്. സൊസൈറ്റി | 1976 | 61 എ<br>1132 ബി | 670 | | | | | | |
| 2. | പറശ്ശിനിക്കടവ് സെക്കൻററി സ്കൂൾ | 1976 | 67 എ<br>4584 ബി | 4919 | | | | | | |
| 3. | പറശ്ശിനിക്കടവ് യു പി സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ്. സൊസൈറ്റി | 1976 | 69 എ.<br>2301 ബി | 2646 | | | | | | |
| 4. | മോറാഴ സെൻട്രൽ യു പി സ്കൂൾ കോ-ഓപ്പ്. സൊസൈറ്റി | | | | | | | | | |

## ക്ഷീര സംഘങ്ങൾ

പട്ടിക -4

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | പിരിഞ്ഞുകിട്ടിയ മൂലധനം | സ്ത്രീ | പു. | സ്ത്രീ | പു. | ലാഭം |
|---|---|---|---|---|---|---|---|---|---|
| 1. | ആന്തൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1979 | 201 | 2770 | 2 | 1 | 3 | 2 | ലാഭം |
| 2. | ബക്കളം ക്ഷീരോല്പാദക സഹകരണ സംഘം | 1981 | 259 | 3590 | | | | | |
| | **സഹകരണ സംഘങ്ങൾ** | | | | | | | | |
| 1. | ആന്തൂർ പഞ്ചായത്ത് ഉപഭോക്തൃ സഹകരണ കാന്റീൻ | 1994 | 57 | 26000 | 2 | - | 6 | 1 | ലാഭം |

## നിലവിൽ പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങൾ:- പട്ടിക -4

| | | രജിസ്റ്റർ ചെയ്ത തിയ്യതി | പ്രവർത്തനം ആരംഭിച്ചത് |
|---|---|---|---|
| 1. | പറശ്ശിനിക്കടവ് വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി | | |
| 2. | ആന്തൂർ വനിതാ വ്യവസായ സഹകരണ സംഘം | | |
| 3. | ആന്തൂർ കല്യാശ്ശേരി കൺസ്യൂമർ കോ-ഓപ്പ്. സൊസൈറ്റി | 13.5.75 | 1.6.75 |
| 4. | ആന്തൂർ കൺസ്യൂമർ കോ-ഓപ്പ് സൊസൈറ്റി | 4.9.92 | |
| 5. | മോറാഴ കൺസ്യൂമർ കോ-ഓപ്പ് സൊസൈറ്റി | 3.9.92 | |
| 6. | ആന്തൂർ പഞ്ചായത്ത് സെറികൾച്ചർ സഹ. സംഘം | | |
| 7. | മോറാഴ ഉപഭോക്തൃ സഹകരണ കാന്റീൻ സൊസൈറ്റി | 15.9.92 | |
| 8. | മോറാഴ വില്ലേജ് പട്ടികജാതി സഹ. സംഘം | | |

### സാധ്യതകളും നിർദേശങ്ങളും

1. പ്രാഥമിക സഹകരണ ബേങ്കുകളുടെ പ്രവർത്തന മേഖലയിൽ ജില്ലാ സഹകരണബേങ്കുകളുടെ മത്സരം ഒഴിവാക്കപ്പെടണം.

2. അതാത് കാലഘട്ടത്തിൽ ബേങ്കുകൾ നൽകുന്ന കാർഷിക വായ്പയെ സംബന്ധിച്ച് കൃഷിക്കാരെ അറിയിക്കുന്നതിനുള്ള സംവിധാനം ബേങ്കുകൾ ഏർപ്പെടുത്തണം.

3. കാർഷികമേഖലയുടെ വളർച്ചക്ക് ഉതകുന്ന തരത്തിൽ പ്രസ്തുത വായ്പക്ക് നീക്കിവെക്കുന്ന തുക വർധിപ്പിക്കുകയും പലിശയിൽ ഇളവ് വരുത്തിക്കൊണ്ടും കൃത്യമായി തിരിച്ചടുക്കുന്നവർക്ക് പ്രോത്സാഹനം കൊടുക്കുന്ന സ്ഥിതിയും ഉണ്ടാവണം. വായ്പ നിശ്ചിത ആവശ്യത്തിന് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

4. വായ്പാ നിബന്ധനകൾ സാധാരണക്കാർക്ക് ഉതകുന്ന രീതിയിൽ ഉദാരമാക്കണം.

5. സ്വയംതൊഴിൽ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലകൾക്ക് കൂടുതൽ വായ്പ ഉദാരവ്യവസ്ഥയിൽ അനുവദിക്കുന്ന സ്ഥിതിയുണ്ടാവണം.

6. ലാഭത്തിൽ നിന്ന് കൂടുതൽ തുക പൊതുജനോപകാരപ്രദമായ നിർമാണ പ്രവർത്തനങ്ങൾക്കസകും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നീക്കിവെക്കേണ്ടതുണ്ട്.

7. കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നതിന് പ്രൈമറി സഹകരണ സംഘങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ രൂപീകരിക്കണം.

**പ്രശ്നങ്ങൾ -വ്യവസായ മേഖല**

1. പ്രവർത്തന മൂലധനത്തിന്റെ കുറവ്.
2. കാര്യക്ഷമമായ മാനേജ്മെന്റിന്റെ അഭാവം.
3. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതകുറവ്.
4. ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമല്ലാത്ത അവസ്ഥ.
5. ആധുനികവൽക്കരണത്തിന്റെ അഭാവം.

**സാധ്യതകളും നിർദേശങ്ങളും**

1. പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ പ്രയാസമനുഭവിക്കുന്ന സ്ഥാപനങ്ങളെ സർക്കാർ ഷെയർ യഥാസമയം നൽകി സഹായിക്കുക. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കാനുള്ള ഇടപെടലുകൾ ഡിപ്പാർട്ട്മെന്റ്തലത്തിൽ നടത്തുക.

2. സഹകരണ വ്യവസായ സ്ഥാപനങ്ങളിലെ ഭരണസമിതിക്കും ജീവനക്കാർക്കും ബന്ധപ്പെട്ട മേഖലകളിലെ സാധ്യതകളെയും നടത്തിപ്പും സംബന്ധിച്ച് പരിശീലനം നൽകുക.

3. ഓരോ വ്യവസായസ്ഥാപനത്തിലെയും തൊഴിലാളികൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകുക.

4. ഉൽപാദന ചെലവ് കുറക്കുകയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, പ്രചരണം സംഘടിപ്പിക്കുക.

5. സാമ്പത്തിക സമാഹരണം നടത്തി ആധുനിക യന്ത്രവൽക്കരണ സംവിധാനം തൊഴിൽസ്ഥിരത ഉറപ്പുവരുത്തിക്കൊണ്ട് ഏർപ്പെടുത്തുക.

6. മാങ്ങാട് സ്മിത്തി സൊസൈറ്റിയോടനുബന്ധിച്ച് തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കണം. ഓട്ടോമൊബൈൽ പാട്സ് വിൽപനകേന്ദ്രം ആരംഭിക്കാവുന്നതാണ്.

7. ബക്കളത്ത് പ്രവർത്തിക്കുന്ന മോറാഴ വില്ലേജ് ഇൻഡസ്ട്രിയൽ കോ -ഓപ്പ്. സൊസൈറ്റിയിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന വിധത്തിൽ ട്രസ്സ്, അലുമിനിയം ഫേബ്രിക്കേഷൻ തുടങ്ങിയ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സംഘം നേരിട്ട് നടത്തേണ്ടതാണ്.

**മറ്റ് സഹകരണസംഘങ്ങൾ -പ്രശ്നങ്ങൾ**

1. ഉപഭോക്തൃ കാൻറീൻ സൊസൈറ്റി, (ധർമശാല) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതികൂലമായി ബാധിക്കുന്നു.

2. പ്രവർത്തന മൂലധനത്തിന്റെ അഭാവം സംഘത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു.

**സാധ്യതകളും നിർദ്ദേശങ്ങളും:**

1. സംഘം ഹോട്ടൽ ആൻറ് ടൂറിസം വ്യവസായ സഹകരണസംഘമാക്കി പരിവർത്തനപ്പെടുത്തി ആ മേഖലയിൽ സർക്കാരിൽ നിന്ന് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

2. ഹോട്ടലിലേക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ റേഷനായി അനുവദിച്ചുകിട്ടിയാൽ കുറഞ്ഞ നിരക്കിൽ ഭക്ഷണ സാധനങ്ങൾ വിൽപന നടത്താൻ സാധിക്കും'ആയതിന് ബന്ധപ്പെട്ടവർ ശ്രമിക്കണം.

3. സാധ്യതയുള്ള കേന്ദ്രങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കാവുന്നതാണ്.

4. ഓഹരി മൂലധനം വർധിപ്പിച്ച് സാമ്പത്തിക സമാഹരണം നടത്തേണ്ടതാണ്.

**ക്ഷീര സഹകരണസംഘങ്ങൾ -പ്രശ്നങ്ങൾ**

1. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധത്തിൽ പാൽ ലഭിക്കാത്തത് പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

2. മറ്റ് മേഖലകളെ അപേക്ഷിച്ച് അധ്വാനത്തിനനുസരിച്ച് വേതനം കൊടുക്കുവാൻ പറ്റാത്ത സ്ഥിതി നിലനിൽക്കുന്നത് കൊണ്ട് പാൽ വിതരണത്തിന് ജീവനക്കാരെ കിട്ടുവാൻ വിഷമിക്കുന്നു.

**സാധ്യതകൾ**

1. കുറഞ്ഞ പലിശനിരക്കിൽ പശുവിനെ വാങ്ങുന്നതിനുള്ള വായ്പാ സൊസൈറ്റി മുഖാന്തിരവും മറ്റു ധനകാര്യ സ്ഥാപനങ്ങൾ വഴിയും വിതരണം നടത്തുവാൻ കഴിയണം.

2. ക്ഷീരോൽപ്പന്ന നിർമാണ യൂനിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽ വരുമാനമുണ്ടാക്കാവുന്നതാണ്.

3. കൂടുതൽ പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

**സ്കൂൾ സൊസൈറ്റികൾ**

1. പുസ്തക വിതരണത്തിൽ മാത്രമാണ് സ്കൂൾ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

**സാധ്യതകൾ**

1. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ യൂനിഫോറവും സ്റ്റേഷനറി ഉൾപ്പെടെയുള്ള മുഴുവൻ സാധനങ്ങളും സ്കൂൾ സൊസൈറ്റികൾ മുഖേന വിതരണം നടത്തേണ്ടതാണ്.

2. സ്കൂൾ സംഘങ്ങളുടെ സുഗമമായ നടത്തിപ്പിന് ജീവനക്കാരെ നിയമിക്കേണ്ടതാണ്.

3. ഷെയർ സംഖ്യ വർധിപ്പിച്ചും ഗവർമെണ്ട് ഗ്രാൻറ് നൽകിയും സാമ്പത്തിക സമാഹരണം നടത്തി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

**മറ്റ് നിർദേശങ്ങൾ**

1. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും പ്രവർത്തിക്കാത്തതുമായ സംഘങ്ങളുടെ സാധ്യതകൾ പരിശോധിച്ച് പ്രവർത്തനം ആരംഭിച്ചാൽ കുറേയധികം ആളുകൾക്ക് അതുവഴി തൊഴിൽ നേടുന്നതിന് സാധിക്കും

2. മുട്ട ഉൽപാദനം, കോഴി, ആട്, പന്നിഇറച്ചി ഉൽപാദന വിതരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള സഹകരണസംഘം രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ ഹോട്ടലുകളിൽ നിന്നുമുള്ള അവശിഷ്ടങ്ങളും മറ്റും പന്നി വളർത്തലിന് ഉപയോഗിക്കാവുന്നതാണ്.

3. കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗം തൊഴിലാളികളെയും വിദഗ്ധരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്.

4. വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിവിധോദ്ദേശ്യ സഹകരണസംഘങ്ങൾ രൂപകീകരിക്കാവുന്നതാണ്.

5. പഞ്ചായത്തിൽ ലഭ്യമാകുന്ന ചകിരി ഉപയോഗിച്ച് യന്ത്രവൽകൃത ചകിരി ഉൽപ്പന്ന വ്യവസായം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതാണ്.

6. പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റി രൂപീകരിക്കേണ്ടതാണ്.

# പട്ടിക ജാതി- പട്ടിക വർഗ്ഗ ക്ഷേമം

ആന്തൂർ പഞ്ചായത്തിൽ 1742 പട്ടികജാതി ജനങ്ങൾ ഉണ്ട്. അതിൽ പുരുഷൻമാരും സ്ത്രീകളും ആണ്. ദാരിദ്ര്യരേഖക്ക് താഴെ 174 കുടുംബങ്ങൾ ഉണ്ട്. പഞ്ചായത്തിൽ വാണിയങ്കര, ഈലിപ്പുറം, മുതുവാനി, മുല്ലായി, കടമ്പേരി, തലുവിൽ എന്നിവിടങ്ങളിൽ ഹരിജൻ കോളനികൾ ഉണ്ട്. കോളനികളിൽ താമസിക്കുന്നവർക്ക് പുറമേ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മറ്റു കുടുംബങ്ങൾ താമസിച്ചുവരുന്നു. പഞ്ചായത്തിലെ ജനസംഖ്യ 5.5 ശതമാനം ഈ ജനവിഭാഗമാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും പട്ടികജാതിയിൽ പെടുന്നവരാണ്.

ഇതര ജനവിഭാഗത്തെ അപേക്ഷിച്ച് നോക്കുമ്പോൾ പട്ടികജാതി ജനവിഭാഗങ്ങൾ വിദ്യാഭ്യാസ രംഗത്ത് പിറകിൽ തന്നെയാണെന്ന് കാണാം. ഈ വിഭാഗത്തിന് വിദ്യാഭ്യാസം നൽകുന്നതിൽ സ്വാമി ആനന്ദ തീർത്ഥന്റെ സേവനം എടുത്തുപറയത്തക്കതാണ്. വിദ്യാഭ്യാസം സിദ്ധിച്ച കഴിഞ്ഞ തലമുറയിൽ പെട്ട ബഹുഭൂരിപക്ഷം പേരും പയ്യന്നൂർ ആശ്രമത്തിലെ അന്തേവാസികളായിരുന്നു. പട്ടിജാതിയിൽ പെട്ടവരാണ് ഭൂരിഭാഗവും കൊഴിഞ്ഞുപോകുന്നത് എന്നാണ് വിദ്യാഭ്യാസ രംഗത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. എസ്എസ്എൽസി പരാജയപ്പെട്ടാൽ ബഹുഭൂരിപക്ഷവും തുടർന്ന് പഠിക്കുന്നില്ല. എസ്എസ്എൽസിക്ക് ശേഷം കുടുംബാധ്യത ഏറ്റെടുക്കേണ്ടിവരുന്നതിനാൽ പഠനം നിർത്തി തൊഴിൽ തേടി പോകുന്ന സ്ഥിതിയുമുണ്ട്. ഉപരിവിദ്യാഭ്യാസം സിദ്ധിച്ച പട്ടികജാതി വിഭാഗത്തിന്റെ എണ്ണം വളരേ കുറവാണ്. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരിമിതമാണ്. നിലവിലുള്ള ഗാർഹികാന്തരീക്ഷം പഠനപ്രക്രിയക്ക് സഹായകരമല്ല. അഭ്യസ്ത വിദ്യരായവർക്ക് തന്നെ തൊഴിൽ ലഭിക്കാത്ത സ്ഥിതിയുമുണ്ട്.

ബഹുഭൂരിപക്ഷം ജനങ്ങളും കാർഷിക തൊഴിലാളികളാണ്. ചുരുക്കം പേർ മറ്റു പലയിനം കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗത തൊഴിലിൽ നിന്ന് ഇവർ അകന്നുപോകുന്ന സ്ഥിതിയാണുള്ളത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, മാർക്കറ്റ് ഇല്ലായ്മ, ന്യായമായ വില ലഭിക്കായ്ക, യന്ത്രവൽക്കരണത്തിന്റെ അഭാവം, വൈവിധ്യവൽക്കരണത്തിന്റെ അഭാവം എന്നിവ ഈ രംഗത്തുണ്ട്. അടുത്തകാലത്തായി ഇവർ ധാരാളമായി കെട്ടിട നിർമ്മാണ രംഗത്തേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. വളരെ കുറച്ചുപേർ മാത്രമെ സർക്കാർ അർധസർക്കാർ മേഖലകളിൽ ജോലി ചെയ്യുന്നുള്ളു. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ ഈ വിഭാഗത്തിൽ വളരെ കുറവാണ്. സ്വയംതൊഴിൽ കണ്ടെത്തൽ സംരംഭങ്ങൾ ഇവർക്ക് വിജയപ്രദമായിട്ടില്ല.

സാമൂഹ്യപദവിയിൽ ഈ ജനവിഭാഗങ്ങൾ ഇതര ജനവിഭാഗങ്ങളുടെ ഒപ്പം എത്തി എന്ന് പറയാവുന്നതല്ല. സാമ്പത്തിക തുല്യത കൈവരിച്ചവർക്ക് പോലും സാമൂഹ്യ തുല്യത കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ആരാധനാലയങ്ങൾ, പൊതുസേവന തുറകൾ, വിവാഹം മറ്റു സാമൂഹ്യചടങ്ങുകൾ എന്നിവയിൽ പ്രകടമായ വിവേചനം നിലനിൽക്കുന്നില്ല എന്ന് പറയാം. സാമൂഹ്യ സാമ്പത്തികരംഗത്ത് തുല്യ പദവി സാമാന്യമായി നേടിക്കഴിഞ്ഞവർ പോലും ആദ ജാതി വിഭാഗത്തിന്റെ ചട്ടക്കൂടുകൾക്കകത്ത് തന്നെ കഴിഞ്ഞുകൂടുന്നതിനാണ് ശ്രമിക്കുന്നത്. സവർണ്ണ വിഭാഗങ്ങളിൽ പെട്ടവരുമായുള്ള മിശ്രവിവാഹങ്ങൾ ഇവരിൽ കുറവാണ്. രാഷ്ട്രീയ സാംസ്കാരിക സാമൂഹ്യ സംഘടനകളിൽ നേതൃത്വത്തിൽ ഇവർ കുറവാണ്. ഭൂമിയുടെയും സ്വത്തുക്കളുടെയും കൈവശാവകാശവും ഇവരിൽ കുറവാണ്.

മേൽ സൂചിപ്പിച്ച കോളനികളിൽ നിരവധി പ്രശ്നങ്ങൾ ഉണ്ട്. കോളനികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർണമായി ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള ലഭ്യത പോലും ഉറപ്പാക്കിയിട്ടില്ല. വൈദ്യുതി ലഭിക്കായ്കയും ലഭിച്ചേടത്ത് വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നു. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമല്ല. സാംസ്കാരിക കേന്ദ്രങ്ങൾ ഇല്ല. ജലജന്യ രോഗങ്ങൾ കാണുന്നത് പലപ്പോഴും ഇത്തരം പ്രദേശങ്ങളിലാണ്. ആരോഗ്യപ്രവർത്തകരുടെ സവിശേഷ ശ്രദ്ധ ഇവിടങ്ങളിൽ പതിയേണ്ടതുണ്ട്. റജിസ്റ്റർ ചെയ്യാത്ത കോളനികളിലെ ജനങ്ങൾക്ക് കോളനി അടിസ്ഥാനത്തിലുള്ള സഹായങ്ങൾ ലഭിക്കുന്നില്ല. ലക്ഷം വീട് കോളനികളിൽ പൊതുകക്കൂസ് സംവിധാനങ്ങളും പൊതു അഴുക്ക് ചാൽ സംവിധാനങ്ങളും ഇല്ലാത്തതുകൊണ്ട് പ്രശ്നങ്ങൾ ഉണ്ട്. കോളനികളിൽ വീട് നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം അപര്യാപ്തമായതിനാൽ പൂർത്തിയാക്കുവാൻ കഴിയുന്നില്ല. നാലു സെൻറ് ഭൂമിയിൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല.

## പ്രശ്നങ്ങൾ:

1. തൊഴിൽ ഇല്ലായ്മ രൂക്ഷമാണ്.
2. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
3. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോക്ക് തുടരുന്നു
4. കാർഷിക മേഖലയിൽ തൊഴിൽ സാധ്യത കുറയുന്നു.
5. എല്ലാകുടുംബങ്ങൾക്കും സ്വന്തമായി വീടില്ല.
6. വീട് വെക്കുവാൻ സ്ഥലമില്ല.
7. വീട് നിർമ്മിക്കുവാൻ അനുവദിക്കുന്ന ധനസഹായം പര്യാപ്തമല്ല.
8. അനുവദിച്ച് കിട്ടുന്ന സൗകര്യങ്ങൾ ദുരുപയോഗം ചെയ്യുന്നു.
9. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല
10. കോളനികളിൽ കുടിവെള്ളം വൈദ്യുതി എന്നിവ ആവശ്യത്തിനില്ല
11. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
12. റോഡുകൾ വേണ്ടത്ര ഇല്ല. ഉള്ളത് ഗതാഗതയോഗ്യമല്ല
13. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
14. ക്ഷേമ പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.
15. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

## സാധ്യതകൾ:

- ആധുനിക സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കി ചകരി സംസ്കരണ സംരംഭങ്ങൾ ആരംഭിക്കുക
- കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ സ്ഥിരം സംവിധാനം
- പെൺകുട്ടികൾക്ക് ആധുനിക ഡിസൈനുകൾ മറ്റു സാങ്കേതിക വിദ്യകൾ എന്നിവക്കുള്ള പ്രത്യേക പരിശീലനം
- 

സഹകരണ മേഖലയിൽ ഹോളോബ്രിക്സ് നിർമ്മാണം
- പട്ടികജാതി സർവീസ് സഹകരണ സംഘം
- നേഴ്സറി ഗാർഡൻ വനിതകൾക്കായി പ്രത്യേകം.
- പാരമ്പര്യ തൊഴിൽ മേഖലകളിൽ യന്ത്രവൽക്കരണം, വൈവിധ്യവൽക്കരണം
- പട്ടികജാതി കുട്ടികൾക്ക് അംഗീകൃത റസിഡൻഷ്യൽ സ്കൂളുകളിലുള്ള പഠനം.
- പഠനം അവസാനിപ്പിച്ചവരുടെ തുടർ വിദ്യാഭ്യാസം.
- കോളനികളിൽ ബോധവൽക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- റോഡുകളുടെ നിർമ്മാണവും സംരക്ഷണവും
- പട്ടികജാതി കലാകാരൻമാർക്കുള്ള പ്രോത്സാഹനവും സംരക്ഷണവും
- കോളനികളിലെ ജല സ്രോതസ്സുകളെ സംരക്ഷിക്കുക
- കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുക

പട്ടിക - 1.

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര്. | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | I | വാണിയങ്കര | 24 | 120 |
| 2. | I | ഈലിപ്പുറം | 37 | 167 |
| 3. | I | മുതുവാനി | 22 | 94 |
| 4. | IV | മൂലായി | | |
| 5. | V | കടമ്പേരി | 12 | |
| 6. | VIII | തലുവിൽ | 28 | 159 |

പട്ടിക 2.

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം കോൺക്രീറ്റ് | | ഓല | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1. | വാണിയങ്കര | 23 | ` | - | | | |
| 2. | ഈലിപ്പുറം | 37 | - | - | | | |
| 3. | മുതുവാനി | 22 | - | - | | | |
| 4. | മൂലായി | | - | | | | |
| 5. | കടമ്പേരി | 12 | - | - | | | |
| 6 | തലുവിൽ | 28 | | - | | | |

# വിഭവ സമാഹരണം

ഏതൊരു സമൂഹത്തിൻെറയും നിലനില്പിനടിസ്ഥാനം അതതു് പ്രദേശത്തെ വിഭവങ്ങളാണ്. വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗമാണ് സാമൂഹ്യപുരോഗതിക്ക് നിദാനം.

പഞ്ചായത്തുകൾ ഒരു പ്രദേശിക ഗവർമെണ്ടായി പ്രവർത്തിക്കുവാൻ തുടങ്ങുന്ന സാഹചര്യത്തിൽ പഞ്ചായത്തിൻെറ നിലവിലുള്ള വരുമാനം വലിയതോതിൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ശക്തമായ സാമ്പത്തിക അടിത്തറയിൽ നിന്നു കൊണ്ടുമാത്രമേ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കാൻ നമുക്ക് കഴിയൂ. നിലവിലുള്ള കാർഷിക വ്യാവസായിക രംഗങ്ങൾ മെച്ചപ്പെടുത്തുന്നതോടപ്പം വിത്യസ്തമായ മറ്റുസ്രോതസുകൾകൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന ആവശ്യങ്ങളേയും പ്രശ്നങ്ങളെയും നേരിടാൻ അങ്ങിനെ നാം സ്വയം സജ്ജരാവേണ്ടിയിരിക്കുന്നു.

പട്ടിക-1

| പഞ്ചായത്തിൻെറ വരുമാനങ്ങൾ | | |
|---|---|---|
| | 85/86 | 95/96 |
| കെട്ടിട നികുതി | 81,920.00 | 2,80,945.00 |
| വിനോദനികുതി | 2,017.00 | 28,905.00 |
| തൊഴിൽ നികുതി | 61,309.00 | 3,44,650.00 |
| പുഴിയിൽ നിന്നുള്ള വരുമാനം | 15,666.00 | 14,35,00.00 |
| പഞ്ചായത്ത് ഭൂമിയിൽ നിന്നുള്ള വരുമാനം | | 14,692.00 |
| ബസ്സ്റ്റാൻറ് | | 30.000.00 |
| ഷോപ്പിംഗ് കോംപ്ലക്സ് (കെട്ടിടം) | | 114386.00 |
| ഷോപ്പിങ്ങ് കോംപ്ലക്സ് | 1,52,916.00 | |
| ഉപാധിരഹിത ഫണ്ട് | 3,20,520.00 | |
| ജെ. ആർ. വൈ. | | 2,81,800.00 |
| ഗവർമെൻറ് ഗ്രാൻറ് | 20000.00 | 6,87,570.00 |

മേൽകൊടുത്ത പട്ടികയിൽ നിന്നും പഞ്ചായത്തിൻെറ വരുമാനത്തിൽ വർദ്ധനവ് കാണാൻ സാധിക്കുമെങ്കിലും നമ്മുടെ സാധ്യതക്കനുസരിച്ച് എല്ലാ മേഖലയിലും വർദ്ധനവ് ഉണ്ടായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ.

## കെട്ടിടനികുതി

കെട്ടിടനികുതി ഇപ്പോൾ നിർണ്ണയിക്കുന്നത് ശാസ്ത്രീയമല്ല. നികുതി ചുമത്തുമ്പോൾ ആഡംബരവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കിയാൽ ഇന്നുള്ള വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിക്കും. നികുതി ചുമത്തിയതെങ്ങനെയെന്ന് ഉദ്യോഗസ്ഥന്മാർ വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്താൻ ശ്രമിക്കണം.

## തൊഴിൽനികുതി

ഇപ്പോൾ മാസശമ്പളക്കാരിൽ നിന്നു കച്ചവടസ്ഥാപന ഉടമസ്ഥരിൽ നിന്നുമാണ് തൊഴിൽനികുതി പിരിക്കുന്നത്. മറ്റുമേഖലകളിലെ തൊഴിലാളികളിൽ നിന്നു വാഹന ഉടമകളിൽ നിന്നു കൂടി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. കുടിശിക ചെയ്യുന്നവരുടെ പട്ടിക ചുവടെ.

പട്ടിക-2

| വാഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| നമ്പർ | 370 | 460 | 351 | 270 | 501 | 455 | 392 | 292 | 231 | 345 |

## പൂഴിശേഖരിക്കൽ

പഞ്ചായത്തിൻെറ അധിനതയിലുള്ള പുഴപുറമ്പോക്കിൽ നിന്ന് പൂഴി വാരുന്ന വകയിൽ നല്ലൊരു സംഖ്യ വരുമാനമായി ഉണ്ടാവുന്നുണ്ട്. പൂഴി വാരി സ്റ്റോക്കു ചെയ്യുന്നതിനുളള സൗകര്യം ഉണ്ടാക്കിയാൽ ഇതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

## വിനോദനികുതി

പഞ്ചായത്തിൽ ഒരു സിനിമശാലയാണ് നിലവിൽ ഉള്ളത്. കഴിഞ്ഞ 95-96 വർഷത്തിൽ വിനോദനികുതി ഇനത്തിൽ 28,965 രൂപ മാത്രമാണ് ലഭിച്ചത്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പറശ്ശിനിക്കടവ് പാമ്പുവളർത്തു കേന്ദ്രത്തിന് പ്രദർശന നികുതി ചുമത്തിയാൽ പഞ്ചായത്തിൻെറ ഈ ഇനത്തിലുള്ള വരുമാനം വർദ്ധിക്കും.

## മറ്റുവരുമാന മാർഗ്ഗങ്ങൾ- (എ.കെ.ജി ഐലൻറ്)

6 ാം വാർഡിലെ എ.കെ.ജി. ഐലൻറിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1,19,950 രൂപ വരുമാനമുണ്ടായിട്ടുണ്ട്. ശാസ്ത്രീയമായ പരിപാലനം നൽകിയാൽ ഇന്നുള്ള നില മെച്ചപ്പെടുത്തുവാൻ സാധിക്കും

## പുറമ്പോക്കു ഭൂമി

പഞ്ചായത്തിൻെറ അധീനതയിലുള്ള പുറമ്പോക്കു ഭൂമിയെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൻെറ കൈവശമില്ല. ഇപ്പോൾ ഏതാനും പുറമ്പോക്കുകൾ മാത്രമാണ് ലീസിനു കൊടുക്കുന്നത്. ഇത് തന്നെ തുച്ഛമായ സംഖ്യക്കും. പുറമ്പോക്കുകൾ അളന്നു തിട്ടപ്പെടത്തുവാനുള്ള പ്രവൃത്തി ഏറ്റെടുക്കുന്നതോടൊപ്പം ഇപ്പോൾ ഈടാക്കുന്ന ലീസ് വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് കൂടി ആലോചിക്കണം. സ്വകാര്യ വ്യക്തികളുടെ കൈയിലുള്ള ഏക്കറു കണക്കിനു തരിശുഭൂമിക്ക് ഒരു നിശ്ചിത തുക ഫൈൻ ഈടാക്കിയാൽ ഭൂമി തരിശിടുന്ന സ്ഥിതി ഒഴിവാകുന്നതോടൊപ്പം പഞ്ചായത്തിൻെറ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും സാധിക്കും.

## പുതിയ സാധ്യതകൾ (ടൂറിസം)

വടക്കെ മലബാറിലെ ഒരു പ്രമുഖ തീർത്ഥാടന കേന്ദ്രമാണ് പറശ്ശിനിക്കടവ് 'ശ്രീ മുത്തപ്പൻ ക്ഷേത്രം' ഇവിടെ അന്യസംസ്ഥാനങ്ങളിൽ നിന്നടക്കം അനേകം തിർത്ഥാടകർ വന്നു ചേരുന്നുണ്ട്. ഇവിടെ പുഴയോരത്ത് പഞ്ചായത്തിൻെറ മേൽ നോട്ടത്തിൽ ഉല്ലാസയാത്രക്ക് ബോട്ടുകൾ ഏർപ്പെടുത്തുക, പാർക്കുകൾ ഉണ്ടാക്കുക, ആകാശയത്രി(Ropeway) നിർമ്മിക്കുക. ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം എർപ്പെടുത്തുകയും എന്നിവ ചെയ്താൽ ടൂറിസം മേഖലയിൽ പഞ്ചായത്തിന് വരുമാനം കൂട്ടാക്കാവുന്നതാണ്.

വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക-3

| വാഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| നമ്പർ | 32 | 34 | 31 | 14 | 50 | 35 | 23 | 27 | 15 | 17 |

നമ്മുടെ പഞ്ചായത്തിൽ നിന്നും വിദേശങ്ങളിൽ ജോലിചെയ്യുന്ന ആളുകളുടെ വരുമാനത്തിൻെറ ഭൂരിഭാഗവും പ്രത്യുല്പാദനപരമായ മേഖലയിലല്ല ചെലവഴിക്കുന്നത്. ഇവരിൽ ഭൂരിഭാഗവും വലിയ സാമ്പത്തിക ശേഷി ഉള്ളവരല്ലെങ്കിലും ഉള്ള സമ്പത്ത് ഒറ്റയ്ക്കോ കൂട്ടായ്മയിലൂടെയോ ഉല്പാദന പരമായ മേഖലകളിലേക്ക് വഴിതിരിച്ചുവിട്ടാൽ നാടിൻെറ അഭിവൃദ്ധിക്കും ഇവരുടെ തന്നെ ക്ഷേമത്തിനും പ്രയോജനപ്പെടുത്താം.

## ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം.

ഇപ്പോൾ തളിപ്പറമ്പ് ബ്ലോക്കിൻെറ കീഴിലുള്ള ധർമ്മശാല ജംഗക്ഷനിലുള്ള സ്ഥലം പഞ്ചായത്തിനും വിട്ടു കിട്ടുകയും ഇതിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ-

ഷോപ്പിങ്ങ് കോംപ്ലക്സ്

കമ്മ്യൂണിറ്റി ഹാൾ

പൊതുമാർക്കറ്റ് എന്നിവ നിർമ്മിച്ചാൽ പഞ്ചായത്തിൻെറ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിക്കും. വികസിച്ചു വരുന്ന ഒരു വ്യവസായ മേഖല എന്ന നിലയിൽ ധർമ്മശാലയിൽ ഇതിനെല്ലാതുള്ള സാധ്യതയും ആവശ്യകതയും ഉണ്ട്. ഇതിനാവശ്യമായ ധനം ഗ്രാമീണ വികസന ബോഡുകൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന ലഭ്യമാക്കാവുന്നതാണ്. ഇതിനോടൊപ്പം ധർമ്മശാലയിൽ തന്നെ ഒരു ടാക്സിസ്റ്റാൻറ് കൂടി നിർമ്മിച്ചാൽ റോഡിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഒഴിവാകുകയും അതോടൊപ്പം അപകടങ്ങൾ കുറക്കുന്നതിനും സഹായിക്കും.

## ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പാപ്പിനിശ്ശേരി കോ- ഓപ്പറേറ്റീവ് ബേങ്കിൻെറ രണ്ട് ശാഖകൾ, സിൻഡിക്കേറ്റ് ബേങ്കിൻെറ ഒരു ശാഖ, ജില്ലാ ബേങ്കിൻെറ ഒരു ശാഖ എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ മോറാഴ കല്ല്യാശ്ശേരി ബാങ്കിൻെറ പ്രവർത്തനവും നമ്മുടെ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നു.

### നിക്ഷേപ വായ്പ കണക്ക് ചുവടെ

| പട്ടിക 4 | നിക്ഷേപം | വായ്പ |
|---|---|---|
| പറശ്ശിനിക്കടവ് ബ്രാഞ്ച് | 3,28,12,023 | 1,27,10,365 |
| ബക്കളം ബ്രാഞ്ച് | 4,343,613 | 1,99,58,256 |

പട്ടിക പരിശോധിച്ചാൽ നിക്ഷേപ വായ്പ തോതിൽ വലിയ അന്തരം കാണാമെങ്കിലും ഹെഡ് ആപ്പീസ് വഴിയാണ് കൂടുതൽ ലോണുകൾ വിതരണം ചെയ്യുന്നത് എന്നതിനാൽ ഈ അന്തരം ശരിയാകണമെന്നില്ല. കാർഷിക മേഖലയിൽ കൂടുതൽ വായ്പകൾ അനുവദിക്കുന്നതോടൊപ്പം ചെറുകിട വ്യവസായരംഗത്തുകൂടി വായ്പകൾ അനുവദിക്കുന്ന സ്ഥിതി ഉണ്ടായാൽ വിഭവ സമാഹരണം വർധിപ്പിക്കാൻ കഴിയും.

## ചെലവുകൾ

നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിൽ 56% വും ഉപയോഗിക്കുന്നത് പൊതുമരാമത്ത് ജോലികൾക്കാണ്. റോഡുകൾ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമാണ് ഇത് ഉപയോഗിക്കുന്നത്. ഇതിൽ പല ജോലികളും കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. അതുകൊണ്ട് തന്നെ പദ്ധതി ചെലവിന്റെ നല്ലൊരു ശതമാനം ഇടത്തട്ടുകാരുടെ കൈകളിലേക്ക് പോകുന്നു. ഇത്തരം പ്രവർത്തികൾ ജനകീയ കമ്മിറ്റികളെ ഏൽപ്പിച്ചാൽ ഒരു പരിധിവരെ ഈ വിഭവചോർച്ച തടയാൻ സാധിക്കും.

റോഡ് വികസന സമിതിയും അയൽക്കൂട്ടങ്ങളും മറ്റ് സന്നദ്ധസംഘടനകളും അതാത് പ്രദേശത്തെ റോഡുകളുടെ സംരക്ഷണം ഏറ്റെടുക്കാൻ തയ്യാറാവണം. മഴക്കാലം തുടങ്ങുന്നതിന് മുമ്പ് തന്നെ റോഡിന്റെ വശങ്ങളിൽ ഓവുചാൽ കീറുന്നത് സന്നദ്ധപ്രവർത്തനം വഴി സാധിക്കണം. ഇത് മൂലം റോഡുകൾ തേടാവുന്ന സ്ഥിതി ഒഴിവാക്കാം. ഒരു റോഡിന് തന്നെ പലഘട്ടങ്ങളിലായി അറ്റകുറ്റപ്പണി ഏറ്റെടുക്കേണ്ട അവസ്ഥ മാറ്റാനും ഇതുവഴി സാധിക്കും.

പൊതു ഭരണ ചെലവുകൾ വരുമാനത്തിന്റെ 10% (പത്ത് ശതമാനം) വരും. ഇത് കുറക്കാൻ കഴിയില്ല.

## മനുഷ്യാധ്വാനം

വിഭവങ്ങളിൽ ഏറ്റവും പ്രധാനം കായികശേഷിയുള്ള മനുഷ്യനാണ്. ഈ വിഭവത്തെ സന്നദ്ധ പ്രവർത്തനത്തിലൂടെ നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. മുൻ കാലങ്ങളിൽ മികച്ച ആസൂത്രണത്തിലൂടെ ഈ വിഭവത്തെ നമ്മുടെ പഞ്ചായത്തിൽ ഏറെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉദാ- ആയിരം മനുഷ്യാധ്വാനം കൊണ്ട് മോറാഴ ഗവ. ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണം

സാക്ഷരതാ പ്രവർത്തനങ്ങൾ, വിഭവഭൂപട നിർമ്മാണം.

മികച്ച ആസൂത്രണവും ബോധവൽക്കരണവും നടത്തിയാൽ നമ്മുടെ നാടിന്റെ വികസനത്തിന് സന്നദ്ധ പ്രവർത്തനം നല്ല മുതൽക്കൂട്ടാക്കി മാറ്റാവുന്നതാണ്. ഇത്തരം നിർദ്ദേശങ്ങൾ കഴിഞ്ഞ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

നിലവിലുള്ള റോഡുകളുടെ സംരക്ഷണം, പുതിയ റോഡുകളുടെ നിർമ്മാണം, ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കൽ, ബണ്ട് നിർമ്മാണം, ശുചീകരണ പ്രവർത്തനം, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ, കളിസ്ഥലം നിർമ്മിക്കൽ തുടങ്ങിയ മേഖലകളിൽ സന്നദ്ധപ്രവർത്തനത്തിലൂടെ പാഴായിപ്പോകുന്ന മനുഷ്യാധ്വാനം ഉപയോഗപ്പെടുത്താം.

## പ്രശ്നങ്ങൾ

1. തൊഴിൽ നികുതിയിൽ എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.
2. എകെജി ഐലൻറിലെ തെങ്ങുകൾക്ക് വേണ്ട പരിചരണം നൽകുന്നില്ല.
3. പാമ്പുവളർത്ത് കേന്ദ്രത്തിൽ നിന്ന് പ്രദർശന നികുതി ഈടാക്കുന്നില്ല.
4. പുറമ്പോക്ക് ഭൂമിയുടെ കൃത്യമായ സ്ഥിതി വിവരക്കണക്കുകളില്ല.
5. ടൂറിസം പോലുള്ള മേഖലകളെ വിനിയോഗിക്കാൻ കഴിഞ്ഞില്ല.
6. കോൺട്രാക്ടർമാരും ഇടത്തട്ടുകാരും അമിതലാഭം തട്ടിയെടുക്കുന്നു.
7. സന്നദ്ധപ്രവർത്തന സാധ്യതകളെ വേണ്ടരീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞില്ല.

## സാധ്യതകൾ

1. ആഡംബരമുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.
2. തൊഴിൽ നികുതി ഈടാക്കാത്ത തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കുക.
3. പറശ്ശിനിക്കടവ് പാമ്പ് വളർത്ത് കേന്ദ്രത്തിൽ പ്രദർശന നികുതി ഏർപ്പെടുത്തുക.
4. പുറമ്പോക്ക് ഭൂമി കൈവശക്കാരുടെ ലീസ് വർധിപ്പിക്കുക.
5. പറശ്ശിനിക്കടവ് ശ്രീമുത്തപ്പൻ ക്ഷേത്രവുമായി ബന്ധപ്പെട്ട് ടൂറിസത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുക.
6. ധർമ്മശാലയിൽ ഷോപ്പിംഗ് കോംപ്ലക്സ്, കമ്യൂണിറ്റി ഹാൾ, പൊതുമാർക്കറ്റ് എന്നിവയും ടാക്സിസ്റ്റാൻറും നിർമ്മിക്കുക.
7. ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

# കണ്ണൂർ ജില്ല






1996 നവമ്പർ 2ന് ചേർന്ന ആന്തൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ
199/96 തീരുമാന പ്രകാരം പ്രസിദ്ധീകരിക്കുന്നത്

കോ-ഓപ്. പ്രസ്സ് (ഓഫ്സെറ്റ്) കണ്ണൂർ - 2 ഫോൺ 504648 507208